R

Gk
VI
22 cb

N12<511952317 021
UB Tübingen

H Gunderl
Jan 1857

# കൎണ്ണാടകത്തും മലയാളത്തും

# ദെശങ്ങളിലും ഗൎമ്മാന്യബൊധകരാൽ

# ഉണ്ടായ സുവിശെഷസഭകളിൽ

# വായിച്ചുനടക്കുന്ന

# പ്രാൎത്ഥനാസംഗ്രഹം

Prārtthanāsamgraha

Tellicherry

തലശ്ശെരിയിലെ ഛാപിതം

൧൮൫൭

1857.

1.

UNIV BIBL. TÜBINGEN

R
Gk VI 22 cb

# മുഖവുര

പരിശുദ്ധ പ്രാൎത്ഥനെക്കും സ്നാനം തിരുവത്താഴം മുതലായ സഭാക്രിയകൾക്കും മാതൃകയായുള്ള പ്രാൎത്ഥനപുസ്തകം വെണം എന്നു നമ്മുടെ സംഘത്തിൽ ചെൎന്ന ബൊധകന്മാർ പലരും ആഗ്രഹിച്ചിരിക്കുന്നു- സഭകളുടെ ഗ്രന്ഥീകരണ കാലത്തിൽ ഉണ്ടാക്കീട്ട അന്നു മുതൽക്കു ഞ്ജെ ഉപയൊഗിച്ചുവരുന്ന പ്രാൎത്ഥനകൾ പലതും നാം എല്ലാവരും ഗ്രഹിച്ചും വരുന്നു- ഇരിക്കുന്ന സഭകളിൽ നടക്കുന്നതു കൂടാതെ ഗ്രാമികളിൽ നിന്നും പുതുതായി ചെൎന്നുവരുന്ന സഭകൾക്കു പ്രാൎത്ഥനകളുടെ ഉപദെശവും നല്ല ദൃഷ്ടാന്തങ്ങളുടെ സംക്ഷെപവും ആവശ്യം എന്നു നമ്മുക്കു തൊന്നിയിരിക്കുന്നു- ഹൃദയത്തിൽ തൊന്നുമ്പൊലെ തന്നെ വാക്കുകളെ കൊണ്ടു പ്രാൎത്ഥിക്കുന്നതു സംശയം കൂടാതെ നല്ലതും പ്രയൊജനവും ആകുന്നു എങ്കിലും- എഴുതിവെച്ച ക്രമത്തെ അനുസരിച്ചു പ്രാൎത്ഥിക്കുന്നതും ദൈവസ്തുതികളും നല്ല ശിക്ഷയൊടും പലരൊടും നടക്കുന്നു എന്നു പണ്ടും എല്ലാ സമയത്തും ദൈവപുരുഷന്മാരിൽ പലരും ഉറെ ഉള്ളവർ കണ്ടിരിക്കുന്നു-

അതുകൊണ്ടു കൎത്താവിൽ നമ്മെ നടത്തുന്ന സംഘക്കാർ നമ്മിൽ പലരെ നിയൊഗിച്ചു നമ്മുടെ സഭകളുടെ ഉപകാരത്തിന്നായി ഒരു പ്രാൎത്ഥനാസംഗ്രഹം ചമെക്കെണം എന്നു കല്പിച്ചിരിക്കുന്നു- നമ്മെ നടത്തുന്നവരും അവർ അയച്ചവരും ഒരൊരൊ സഭകളിൽ ഉപദെശിച്ചുവരുന്നവരും പുറജാതികളിൽ സുവിശെഷ വ്യാപനത്തിന്നായി ഒരുമിച്ചു കൂടി അദ്ധ്വാനിക്കുന്നവരും ആകയാൽ- ഒരൊ സഭകളിൽ നടക്കുന്ന അതതു വിശ്വാസപ്രമാണങ്ങളെയും നാനാസ്ഥിതങ്ങളെയും ഈ രാജ്യങ്ങളിൽ മാതൃകയാക്കി നടത്തുവാൻ മനസ്സു തൊന്നിയില്ല- എങ്കിലും ഈ രാജ്യത്തിൽ നമ്മുടെ ശുശ്രൂഷയാൽ ചെൎന്നുവന്ന സഭകൾ പ്രാൎത്ഥനകളിലും ആരാധനകളിലും ഒന്നിച്ചു കൂടിക്ക

ഴിക്കുന്നെടത്തൊളം ഒരു കാഴ്ചാരത്തൊടെ ക്രിയ കഴിച്ചു നടന്നശെഷം ഹത്തി
ൽ ഒരു മനസ്സൊട്ടികൊണ്ടിരിക്കുന്നു സഭക്കാരായ പലസഭക്ക
ങ്ങളുടെ പ്രാർത്ഥനകളിൽ നിന്നും സാരമുള്ളവ ചെയ്വാൻ നിശ്ചയി
ച്ചിരിക്കുന്നു — സകല വ്യാഖ്യാനങ്ങളിലും ഉപദെശങ്ങളിലും ഐകമത്യം
വരുത്തെണ്ടതാകയാലും ദൈവാരാധനയിൽ നല്ലൊരു മയ്യത്ത
വെണ്ടിക്കുന്നു ക്രിസ്തുവിന്റെ ശ്ലീവാക്കളുടെ അവകാശങ്ങൾക്കു കഴിയാത്ത
തല്ലല്ലൊ — അത്രയല്ല പ്രാർത്ഥനാസംഗ്രഹം എഴുതിക്കൊടുത്താലും ഹൃ
ദയപ്രാർത്ഥന ഒട്ടും നിൽക്കേണ്ടതല്ല എന്നുമാത്രം ഉപാസനകളിലും അവ
രവരുടെ സ്വാതന്ത്ര്യത്തിനു മുടക്കം വരരുത് എന്നും ഉണ്ടു ക്രി
സ്തുവിന്നു ചൊല്ലുന്നു — ഇതിൽ വായിക്കുന്നതിനെ കൈവശമാക്കി
ലും ഭാഷയിലും മാത്രമല്ല അർത്ഥത്തിലും സാരം എറെ ഉള്ളതുകളെ
തിരിയാലും ക്രൂരരുടെ ജ്ഞാനപുസ്തകം പ്രയോഗിക്കാതെ അവരവ
കുറവുകൾ പ്രാർത്ഥിപ്പാൻ മനസ്സു മുട്ടിയാലും ഇഷ്ടം പോലെ ചെയ്തു
കൊൾക — സ്നാനം അത്താഴം ഇവ രണ്ടിൽ നടക്കുന്നതും മൂലവാക്യങ്ങ
ളെമാത്രം എല്ലാടവും ഒരു പൊലെ ചൊല്ലെണ്ടതു — എങ്ങിനെ എന്നുവരികയാ
ലും ഇതു തെറ്റില്ലാത്തതും എല്ലാഴും മാറാതെ പ്രയോഗിക്കേണ്ട
ന്നതുമായ സ്ഥിരപ്രമാണം എന്നല്ല ഇപ്പൊൾ വരികൂടെ ചെല്ലുവാ
നുഗ്രഹം ഉണ്ടായാൽ മെല്ലമെൽ എഴുതിത്ത സമാപ്തി വരുത്തെണ്ടുന്ന
തത്രെ എന്നു വെച്ചു സഭകൾക്കു ഏല്പിച്ചു കൊടുക്കുന്നതു —

ഇന്ന്യങ്ങളെ അനുസരിച്ചു സംഗ്രഹത്തെ ചമെപ്പാൻ
നിശ്ചയിച്ചവർ സ്വഭാഷയായി കിടക്കും കിഴക്കെ ഗർമ്മാന്യ ദെശസഭ
കളിൽ നടപ്പുള്ള പ്രാർത്ഥനകളിൽ നിന്നു തെരിഞ്ഞവ തെരിഞ്ഞെടു
ത്തും ചെർത്തും ഇരിക്കുന്നു — ഇന്നു പ്രാർത്ഥനെക്കു ഉപയൊഗിക്കുന്ന പള്ളിപുസ്തകത്തി
ൽ നിന്നും എടുത്തിരിക്കുന്നു എന്നു അതിൽ അവസാനത്തിൽ അക്ഷരങ്ങളാൽ
കുറിച്ചു കാണുന്നു — പ്രാർത്ഥനകളും സഭാക്രിയകളും അല്ലാതെ നിത്യം വാ
യിക്കേണ്ടും സുവിശെഷലെഖന ഖണ്ഡങ്ങളും കർത്താവിന്റെ കഷ്ടാ

നടവടിക്രവും വെദപാഠങ്ങളുടെ ക്രമവും ചെൎത്തിരിക്കുന്നു— നമ്മി
ശികരണത്തിനുള്ള ഉപദെശം പിന്നെ സമ്പ്രദായ സഭകളിൽ നടക്കുന്നതി
ൽനിന്ന് അല്പം സംക്ഷെപിച്ചിട്ടുള്ളതു— മാനസമാക്ഷാന്തത്തിന്ന
ഒന്ന വായിച്ചു കെൾക്കുന്നതിനാൽ തന്നെ കാംഹൃദയങ്ങൾക്ക് ഒത്തനുഗ്ര
ഹം ഉണ്ടാകെണം എന്നാം സഭയുടെ കൎത്താവൊട് പ്രാൎത്ഥിച്ചു കൊ
ണ്ടു ഇതിനെ കൂട്ടുവെലക്കാരൻ സഭകളിൽ ശെഖരിച്ചു കൊടുക്കുന്നു—

പ്രാൎത്ഥനാസംഗ്രഹത്തെ
രചിച്ചവൻ നിയുക്താരായവർ

# മൂലഗ്രന്ഥങ്ങളെ കുറിക്കുന്ന

## അക്ഷരങ്ങളാവിതു.

| | | |
|---|---|---|
| 1. | ae | Agende f. evang. kirchen |
| 2. | aw | Alt würtemberg. k. buch |
| 3. | bn | Bern. k. Gebete |
| 4. | br | Braunschweig. k. Ordnung |
| 5. | bs | Basler k. Gebete |
| 6. | cp | Commonprayer |
| 7. | hs | Hess. k. Ag |
| 8. | lu | Luther |
| 9. | oest | Oestreich. k. Ag. |
| 10. | sfh | Schaffhausen k G |
| 11. | sl | Schleswig k. |
| 12. | stb | Strasburg k B. |
| 13. | std | Stadische k. O. |
| 14. | u | Ulmer k. O. |
| 15. | ub | United Brethren's Liturgy |
| 16. | w | Würtemb. k. Buch |

# അടക്കം

ഭാഗം

ഒന്നാം അംശം

സഭാ പ്രാൎത്ഥനകൾ

I. കൎത്താവിൻ ആഴ്ചയിൽ ഉച്ചക്കു മുമ്പെയുള്ള പ്രാൎത്ഥന. - - - - - - - - - - - - ൧

II. കൎത്താവിൻ ആഴ്ചയിലെ ഉച്ചയിൽ പിന്നെയുള്ള പ്രാൎത്ഥന - - - - - - - - - - - - ൧൭

III. ബാലൊപദെശം - - - - - - - - - - - - - - ൨൦

A a. ഒരൊ ഞായറാഴ്ച പ്രാൎത്ഥനകൾ - - - - - - - - ൨൪

b, ഉത്സവ പ്രാൎത്ഥനകൾ - - - - - - - - - - - - ൨൭

B. വിശെഷ പ്രാൎത്ഥനകൾ - - - - - - - - - - - ൩൨

C. പ്രാൎത്ഥനെക്കു കൂടിവരുമ്പൊൾ - - - - - - - - - ൪൪

D. വെദപാഠങ്ങൾ

I. അതതു ദിവസത്തിന്നുള്ള സുവിശെഷലെഖനാംശങ്ങൾ. - - - - - - - - - - - - - - - - ൬൪

II. ഞെറുവത്രവഞ്ചിനാളുകളുള്ള വെദപാഠങ്ങൾ നാലുവൎഷങ്ങൾക്കുള്ളിൽ വായിച്ചുതീൎപ്പാൻ വെച്ചിരിക്കുന്നതു - - - - ൭൪

III. കഷ്ടാനുഭവചരിത്രം - - - - - - - - - - - - - ൮൩

രണ്ടാം അംശം

സഭാക്രിയകൾ

I. സ്നാനം

൧., സഭയിലുള്ള ശിശുസ്നാനം - - - - - - - - ൧൧൭

൨., പ്രായമുള്ളവരുടെ സ്നാനം - - - - - - - - - ൧൨൪

II. സ്ഥിരീകരണം - - - - - - - - - - - - - ൧൩൮

III. തിരുവത്താഴം - - - - - - - - - - - - - ൧൩൯

IV. വിവാഹം - - - - - - - - - - - - - - - - ൧൨൪

V. ശവസംസ്കാരം - - - - - - - - - - - - - ൧൩൧

VI. സഭാശുശ്രൂഷക്കാൎക്കു

൧., ഉപബൊധകന്മാരെ അനുഗ്രഹിക്ക - - - ൧൪൧

൨., ബൊധകന്മാൎക്കഹസ്താൎപ്പണം - - - - - - - - ൧൬൩

സ്ഥിരീകരണത്തിന്നുള്ളുപദെശം - - - ൧൮൪

# ഒന്നാം അംശം

# സഭാപ്രാർത്ഥനകൾ

## I കർത്താവിൻ അത്താഴത്തിൽ

## ഉച്ചക്കു മുമ്പെയുള്ള പ്രാർത്ഥന

---

### സാമാന്യവന്ദനങ്ങൾ

൧. നമ്മുടെ കർത്താവായ യേശുക്രിസ്തുന്റെ കരുണയും ദൈവത്തിന്റെ സ്നേഹവും വിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടും കൂടെ ഇരിക്കുമാറാക—ട്ടെ ആമെൻ. (൨ കൊ. ൧൩)

൨. നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കരുണയും സമാധാനവും ഉണ്ടാവുമാറാക—ട്ടെ ആമെൻ (൨ കൊ. ൧)

൩. പിതാവായ ദൈവത്തിൽനിന്നും പിതാവിൻ പുത്രനായ യേശുക്രിസ്തുവെന്ന കർത്താവിൽനിന്നും സത്യത്തിലും സ്നേഹത്തിലും നിങ്ങളോട്ടു കരുണ കനിവു സമാധാനവും ഉണ്ടാവൂ — ആമെൻ (൨ യൊ)

൪. നമ്മുടെ ആരംഭം പിതാ പുത്രൻ വിശുദ്ധാത്മാവ് എന്നുള്ള ദൈവനാമത്തിൽ ഉണ്ടായിരിക്കേണമെ—ആമെൻ

### ഉത്സവവന്ദനങ്ങൾ

ആഗമനനാൾ—൧) ദാവിദപുത്രനു ഹൊശിയന്ന—കർത്താവിൻ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാക—ട്ടെ ഉന്നതങ്ങളിൽ ഹൊശിയന്ന (മത്ഥ. ൨൧)

൧.) പ്രമാണവും സൎവ്വഗ്രാഹ്യവും ആകുന്നവചനം ആയിതു-
ക്രിസ്തുയെശുപാപികളെ രക്ഷിപ്പാൻ ലൊകത്തിൽ വന്നു
എന്നുള്ളതു (൧ തിമൊ. ൧)

തിരുജ്ജനനനാൾ (൨.) കണ്ടാലും സകലജനത്തിന്നും ഉണ്ടാകും
മഹാസന്തൊഷം ഞാൻ നിങ്ങളൊടു സുവിശെഷിക്കുന്നു-
ഇന്നത്തെ കൎത്താവാകുന്ന ക്രിസ്തൻ എന്നരക്ഷിതാവ്
ദാവിദിൻ നഗരത്തിൽ നിങ്ങൾക്കായിട്ടു ജനിച്ചു (ലൂ. ൨)

൧.) ദൈവത്തിന്ന് അത്യുന്നതങ്ങളിൽ തെജസ്സും ഭൂമിയിൽ സ-
മാധാനവും മനുഷ്യരിൽ പ്രസാദവും ഉണ്ടു (ലൂ. ൨)

ആണ്ടുപിറപ്പു- (൨.) ഇരിക്കുന്നവനും ഇരുന്നവനും വരുന്നവ-
നും ആയവനിൽ നിന്നും അവന്റെ സിംഹാസനത്തിൻ മുമ്പി-
ലുള്ള എഴ് ആത്മാക്കളിൽ നിന്നും വിശ്വസ്തസാക്ഷിയും മരി-
ച്ചവരിൽ ആദ്യജാതനും ഭൂമിരാജാക്കന്മാരെ വാഴുന്നവ-
നും ആയ യെശുക്രിസ്തനിൽ നിന്നും നിങ്ങൾക്ക കരുണയും സമാ-
ധാനവും ഉണ്ടാക (വെളി ൧)

൧.) ദൈവം നമ്മുക്ക ആശ്രയവും ബലവും ആകുന്നു കഷ്ടങ്ങളി-
ൽ ഏറിയവൻ തുണ എന്ന എററം കാണപ്പെടുന്നു- അതുകൊ-
ണ്ടു ഭൂമിയെ മാററുകിലും സമുദ്രമദ്ധ്യെ മലകൾ കുലുങ്ങിയാ-
ലും നാം ഭയപ്പെടുകയില്ല (സങ്കീ ൪൬)

പ്രകാശനദിനം- എഴുനീററു പ്രകാശമാക- നിന്റെ പ്രകാശം വന്നു-
വല്ലൊ യഹൊവയുടെ തെജസ്സും നിന്റെ മെൽ ഉദിക്കുന്നു
(യശ. ൬൦)

തിരുവെള്ളിയാഴ്ച- അറുക്കപ്പെട്ട കുഞ്ഞാടായവൻ ശക്തിയും ധനം
ജ്ഞാനം ഊക്ക ബഹുമാനം തെജസ്സ്സ്തൊത്രങ്ങളും ലഭി-
പ്പാൻ പാത്രമാകുന്നു (വെളി ൫)

പുനരുത്ഥാനനാൾ- (൨.) യെശുക്രിസ്തൻ മരിച്ചവരിൽനിന്ന് എഴു

തിററത്തിനാൽ തന്റെ കരുണയിൻ ഇഷ്ടപ്രകാരം നമ്മെ
പിന്നെയും ജനിപ്പിച്ചവനാകിയ നമ്മുടെ കർത്താവായ യെശുക്രിസ്തു
വിന്റെ പിതാവായ ദൈവത്തിന്ന സ്തൊത്രം (൧ പെ ൧)

൨. ആട്ടുകളുടെ വലിയ ഇടയനാകുന്ന നമ്മുടെ കർത്താവായ യെ
ശുവെ നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ചവരിൽനിന്ന
മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവ
ന്റെ ഇഷ്ടം ചെയ്യുവാൻ തക്കവണ്ണം സകല സല്ക്രിയയിലും യഥാ
സ്ഥാനപ്പെടുത്തി നിങ്ങളിൽ തനിക്ക പ്രസാദമുള്ളതിനെ യെ
ശുക്രിസ്തുമൂലം നടത്തിക്കെണമെ — ഇവന്ന എന്നെന്നെ
ക്കും തെജസ്സ ഉണ്ടാകുമാറാക — ആമെൻ (എബ്രാ ൧൩)

സ്വർഗ്ഗാരൊഹണനാൾ — ദൈവം ജയഘൊഷത്തൊടും യഹൊവ കാഹ
ളനാദത്തൊടും കരെറുന്നു — ദൈവത്തെ കീർത്തിപ്പിൻ നമ്മുടെ രാ
ജാവെ കീർത്തിപ്പിൻ (സങ്കീ ൪൭)

പെന്തെകൊസ്തനാൾ — നിങ്ങൾ പുത്രരാകകൊണ്ട അബ്ബാ പിതാവെ
എന്ന വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം
നമ്മുടെ ഹൃദയങ്ങളിൽ അയച്ചു (ഗല ൪)

ത്രിയെകനാൾ — സർവ്വശക്തനായ യഹൊവയാകുന്ന ദൈവം വിശുദ്ധ
ൻ വിശുദ്ധൻ വിശുദ്ധൻ — ഭൂമി മുഴുവനും അവന്റെ തെ
ജസ്സുകൊണ്ടു നിറഞ്ഞിരിക്കുന്നു (വെളി. ൪. യശ. ൬) W

[പിന്നെ സ്തൊത്രമൊ പ്രാർത്ഥനയൊ ഉള്ളൊരു
ശ്ലൊകം പാടുക]

പിന്നെ പ്രാർത്ഥനാരംഭം

വിളിക്കപ്പെട്ട വിശുദ്ധരായുള്ളൊരെ ദൈവത്തിൽ നിങ്ങ
ളുടെ പ്രാർത്ഥനയൊടും കൂടെ എത്തുവാൻ ഹൃദയങ്ങളെ ഒരുക്കുവി
ൻ — ഇവിടെയും നിശ്ചലമാക്കി ദൈവഭവനവും സ്വർഗ്ഗവാതിലും ഉ
ള്ള ഇവിടെയും കൂടെ ആത്യന്തത്തിന്റെ കരുണ വിളങ്ങുന്നതു-

വാഴനം കൊണ്ടും വിലയെറിയ ചൊല്ലുകളെക്കൊണ്ടും രാജ്യത്തിന്റെ മക്കളിൽ സ്വർഗ്ഗീയ ജ്ഞാനം ആകുന്ന നല്ല വെളിച്ചത്തെയും ബുദ്ധിയെ കടക്കുന്ന സമാധാനസന്തോഷങ്ങൾ ഉള്ള ദിവ്യജീവനെയും ഇവിടെ പരത്തുവാൻ പിതാവിനു പ്രിയപുത്രനോടും പരിശുദ്ധാത്മാവിനൊടും പ്രസാദം തൊന്നുന്നു — അപ്രകാരം തന്നെ സകല മക്കൾക്കും ജീവനുള്ളവരാകുന്ന ത്രിയെക ദൈവത്തൊടു ചെരുവാനും പ്രാർത്ഥനയും ആത്മികസ്തുതിയും നല്ല ആരാധനയും കഴിപ്പാനും നിങ്ങൾക്കും അനുവാദം ഉണ്ടു — ആകയാൽ നാം ഹൃദയത്തൊട്ഒത്തു മക്കൾക്കു പറ്റുന്ന ആശ്രയത്തൊടും കൂടെ കൃപാസനത്തിൻ മുമ്പിൽ നിന്നും കൊണ്ടു ഒന്നാമതു പാപങ്ങളെ മനസ്താപം പൂണ്ടു ഏറ്റുപറകമാറാക *Sfh*

## പാപസ്വീകാരം

[എല്ലാവരും മുട്ടുകുത്തീട്ടു]

അരിഷ്ടപാപികളായ ഞങ്ങൾ സ്വർഗ്ഗസ്ഥപിതാവായ ദൈവത്തിൻ മുമ്പിൽ സങ്കടപ്പെട്ടു അറിയിക്കുന്നിതു — ഞങ്ങൾ നിന്റെ വിശുദ്ധകല്പനകളെ പല വിധത്തിലും നിരന്തരമായി ലംഘിച്ചുപൊയന്നു — ആകാത്ത വിചാരങ്ങളാലും വാക്കുകളാലും ക്രിയകളാലും — നാനാപ്രകാരം അവിശ്വാസം കൃതഘ്നത വ്യാജങ്ങളാലും — എല്ലാ നടപ്പിലും സഹൊദരസ്നെഹമില്ലായ്കയാലും — വളരെ പാപം ചെയ്തിരിക്കുന്നു — അത്രകൊണ്ടു നിന്റെ ശിക്ഷയാകുന്ന നിത്യമരണത്തിന്നു ഞങ്ങൾ യൊഗ്യരാകിന്നു — എങ്കിലും ഈ സകല പാപം നിമിത്തം ഞങ്ങൾക്കു അനുതാപവും മനഃക്ലെശവും ഉണ്ടു — ഞങ്ങളുടെ കടങ്ങളെ കടക്കുന്ന ദൈവകൃപയും കർത്താവായ യെശുവിന്റെ പുണ്യമാഹാത്മ്യവും അല്ലാതെ ഞങ്ങൾക്കു ഒർ ആശ്വാസവും വഴിയും കാണുന്നതും ഇല്ല — ഈ കൃപയെ അപെക്ഷിച്ചു ഞങ്ങൾ പാ

ല്ലത്രെ- പിതാവെ ഞാൻ സ്വർഗ്ഗത്തിങ്കലും നിന്റെ മുമ്പിലും പാപം ചെയ്തുപോയി നിന്റെ മകൻ എന്ന വിളിക്കപ്പെടുവാൻ യൊഗ്യനാമല്ല- എങ്കിലും എല്ലാ പാപത്തിന്നും ക്ഷമയും ദൈവത്തിങ്കലെ പ്രസാദവും ആത്മാവിന്റെ വിശുദ്ധീകരണത്തിന്ന ശക്തിയും ഞാൻ ഇപ്പൊൾ ലഭിക്കെണം എന്ന യെശുക്രിസ്തുന്റെ നാമത്തിൽ വന്ന യാചിക്കുന്നു- ആമെൻ Sl

അല്ലെങ്കിൽ

സർവ്വശക്തിയും ദയയും ഉള്ള നിത്യദൈവമെ ഞങ്ങടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തുന്റെ പിതാവായുള്ളൊവെ- അരിഷ്ട പാപികളായ ഞങ്ങൾ നിന്തിരുമുമ്പിൽ സങ്കടപ്പെട്ട അറിഞ്ഞും അറിയിച്ചും കൊള്ളുന്നിത്രെ- ഞങ്ങൾ പാപത്തിൽ ഉത്ഭവിച്ചു ജനിക്കകൊണ്ട സ്വഭാവത്താൽ കൊപത്തിൻ മക്കൾ ആകുന്നു- ഞങ്ങളുടെ നടപ്പിൽ ഒക്കയും വിചാരത്താലും വാക്കിനാലും ക്രിയയാലും നിന്നെ പലവിധെന കൊപിപ്പിച്ചിരിക്കുന്നു- ഞങ്ങളെ സൃഷ്ടിച്ചും രക്ഷിച്ചും ശുദ്ധീകരിച്ചും പൊറുന്ന നിന്നെ പൂർണ്ണഹൃദയത്തൊടും പൂർണ്ണ മനസ്സൊടും എല്ലാ ശക്തികളൊടും സ്നെഹിച്ചിട്ടില്ല ഞങ്ങളെ പൊലെ തന്നെ കൂട്ടക്കാരെ സ്നെഹിച്ചതും ഇല്ല- ആകയാൽ നിന്റെ ക്രൊധത്തിന്നും ന്യായവിധിക്കും നിത്യ മരണശിക്ഷകൾക്കും ഞങ്ങൾ പാത്രമാകുന്നു സ്പഷ്ടം- എങ്കിലും നിന്റെ അളവില്ലാത്ത കനിവിനെ ശരണമാക്കി ഞങ്ങൾക്കണ തെളിഞ്ഞിരിക്കുന്നു- നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവും രക്ഷിതാവും ആകുന്ന യെശുക്രിസ്തുൻ നിമിത്തവും നിന്റെ വിശുദ്ധ നാമത്തിന്റെ ബഹുമാനം നിമിത്തവും ഞങ്ങളിൽ കനിവുണ്ടാകയും സകല പാപം ക്ഷമിക്കയും ഹൃദയത്തിന്ന നല്ല പുതുക്കം നല്കുകയും വെണ്ടു എന്ന ഞങ്ങൾ ഉള്ളെയാലിണ്ടെ യാചിക്കുന്നു- അല്ലൊ

ായ കൎത്താവെ അരിഷ്ടയാചികളായ ഞങ്ങളൊടു കരുണ ചെയ്യ
കണമെ- ആമെൻ. h.s

## കെട്ടഴിപ്പിന്റെ വാചകം

നമ്മ പാപങ്ങളെ ചൊല്ലി അനുതപിച്ചു ഞങ്ങളുടെ പ്രായശ്ചിത്ത
മാകുന്ന ക്രിസ്തുവിൽ വിശ്വസിച്ചും ഹൃദയത്തിന്നും നടപ്പിന്നും പു
തുക്കം ആഗ്രഹിച്ചും കൊള്ളുന്ന നിങ്ങൾ എല്ലാവരും പാപമോച
നം എന്നുള്ള ആശ്വാസത്തെ വിശുദ്ധ സുവിശെഷത്തിൽ നി
ന്നു കെട്ടുകൊള്ളിൻ- സൎവ്വശക്തനായ ദൈവം നിങ്ങളിൽ കനിഞ്ഞി
ട്ടു നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീകരണ
ത്തിന്നായി ഉണൎത്തപ്പെട്ടും ഇരിക്കുന്ന യെശു ക്രിസ്തൻ എന്ന പ്രി
യപുത്രൻമൂലം നിങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ചുവി
ട്ടു- ക്രിസ്തുസഭയുടെ ശുശ്രൂഷക്കാരൻ എന്ന നിയമിക്കപ്പെട്ട
ഞാനും കൎത്താവായ യെശുവിന്റെ കല്പന പ്രകാരം സകല പാപ
ങ്ങളിന്നും ഉള്ള മൊചനത്തെ നിങ്ങളൊട് അറിയിക്കുന്നതു പിതാവ് പു
ത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ തന്നെ-
(നിങ്ങളിൽ അനുതാപമില്ലാത്തവരും അവിശ്വാസി
കളും ആയുള്ളവൎക്കു പാപങ്ങൾ പിടിപ്പിക്കപ്പെട്ടിരിക്കുന്നു- അ
വർ മനംതിരിയാതെ പൊൎത്താൽ ദൈവകൊപവും ശിക്ഷയും അവരുടെ മെൽ വ
സിക്കും- എന്നുംകൂടെ അറിയിക്കുന്നതു നമ്മുടെ കൎത്താവും രക്ഷിതാവും ആ
കുന്ന യെശു ക്രിസ്തുവിന്റെ നാമത്തിൽ തന്നെ) ആമെൻ W(hs)

[പിന്നെ എല്ലാവരും നില്ക്കെ പ്രബോധിപ്പിക്കുന്നിതു]

കനിവുള്ള ദൈവം കരുണ വിചാരിച്ചു അനുതാപികളായ നിങ്ങളു
ടെ പാപങ്ങളെ മൊചിച്ചതു കൊണ്ടു വിശ്വാസമുള്ള ദൈവജ്ഞാനി
കളെപ്പൊലെ നിങ്ങൾ ത്രിയെക ദൈവത്തെ പുകഴ്ത്തി വന്ദിക്കെ
ണ്ടു എല്ലാകാലത്തും എല്ലാ സ്ഥലത്തും അവങ്കലുള്ള വിശ്വാസത്തെ

വാക്കിനാലും ക്രിയയാലും ഏറ്റവും പാപമെയ്യണം എന്നതിങ്ങളെ പ്രബൊധിപ്പിക്കുന്നു— അതുകൊണ്ട നാം പാപങ്ങളെ ഒഴിഞ്ഞിരിപ്പുവാൻ നുകെൊൾവൂതാക.

## വിശ്വാസപ്രമാണം

സ്വർഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി സർവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു— അവന്റെ ഏക പുത്രനായി നമ്മുടെ കർത്താവായ യെശു ക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു— ഇയ്യവൻ വിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉൽപാദിതനായിട്ടു ജനിച്ചു— പൊന്ത്യപിലാതന്റെ താഴെ കഷ്ടമനുഭവിച്ചു ക്രൂശിക്കപ്പെട്ടു മരിച്ചു— അടക്കപ്പെട്ടു പാതാളങ്ങളിൽ ഇറങ്ങി മൂന്നാം ദിവസം ഉയിർത്തെഴുനീറ്റു— സ്വർഗ്ഗാരൊഹണമായി— സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു— അവിടെനിന്ന ജീവികളൊടും മരിച്ചവരൊടും ന്യായം വിധിപ്പാൻ വരികയും ചെയ്യും—

വിശുദ്ധാത്മാവിലും— വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധ സാധാരണ സഭയിലും— പാപമൊചനത്തിലും— ശരീരത്തൊടെ ജീവിച്ചെഴുനീല്ക്കുന്നതിലും— നിത്യജീവനിലും ഞാൻ വിശ്വസിക്കുന്നു— ആമെൻ.

## നാം പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവവും സകല കരുണകൾക്കും പിതാവുമായുള്ളൊവെ— നീ ഞങ്ങളിലും സകല മനുഷ്യരിലും കാട്ടിയ ദയാവാത്സല്യങ്ങൾക്കായിക്കൊണ്ടു പാത്രമല്ലാത്ത അടിയങ്ങൾ താഴ്മയൊടെ സ്തൊത്രം ചൊല്ലുന്നു— ഞങ്ങളെ നീ സൃഷ്ടിച്ചു പാലിച്ചു ഐഹികത്തിൽ അനുഗ്രഹിച്ചുകൊണ്ടതിന്നു എല്ലാം ഞങ്ങൾ ഒത്തിട്ടൊഴികെ— ഞെ

ങ്ങളുടെ കർത്താവാകുന്ന ഈശൊമിശിഹായെക്കൊണ്ടു ഇലൊകത്തെ
വീണ്ടെടുത്തിട്ടുള്ള അളവില്ലാത്ത സ്നെഹത്തെയും — തിരുവചനവും
ചൊല്ലുകളും ആകുന്നദാനത്തെയും — തെജസ്സിന്റെ പ്രത്യാ
ശയെയും ചൊല്ലിതന്നെ വാഗ്ദത്തങ്ങളെ — ഇതിനിന്റെ കരുണകൾ
വെണ്ടുംവണ്ണം ബൊധിച്ചിട്ടു ഞങ്ങൾ നിത്യം ജ്ജമായ സ്തുതങ്ങളെ
തകാട്ടി തിരുസെവകരാക്കിട്ടു ഞങ്ങളെ മുഴുവൻ സമർപ്പിച്ചും വാ
ഴ്നാൾകളെയും വിശുദ്ധിയിലും നീതിയിലും നിന്റെ മുമ്പാകെ
നടന്നുകൊണ്ടു ഇങ്ങനെ അധരങ്ങളാൽ മാത്രമല്ല നടപ്പിനാ
ൽ തന്നെ നിന്റെ സ്തുതിയെ പരത്തുമാറാകെണമെന്ന — ഞങ്ങൾ
കർത്താവായ ഈശൊമിശിഹാമൂലം നിന്നൊടപെക്ഷിക്കുന്നു — ആയ
വൻ നിന്നൊടും വിശുദ്ധാത്മാവുമായി ഒന്നൊക്കം സകല ബഹുമാനവും
തെജസ്സും അനുഭവിച്ചുവാഴെണമെ — ആമെൻ. *C.P.*

p. 24 [A എന്ന അക്ഷരത്തിലെ പ്രാർത്ഥനകൾ ഒന്നൊരണ്ടൊ
ഇവിടെ ചെർത്തുവായിക്കാം — പിന്നെ

പക്ഷവാദങ്ങൾ ആയിത്]

സർവ്വശക്തിയും ഇത്യകനിവും ഉള്ള ദൈവവും ഞങ്ങളുടെ കർത്താവാ
യ ഈശൊമിശിഹായുടെ പിതാവും ആകുന്നൊവെ — പ്രിയപുത്രൻ നി
മിത്തം കടാക്ഷിച്ചു തിരുവുള്ളം ഇങ്ങൊട്ട് ആക്കെണമെ — ദൈ
വമെ നിന്റെ ദയെക്കു തക്കവണ്ണം ഞങ്ങളൊട് ക്രിയചെയ്യുന്നതിൻ കാ
നിവുകളുടെ പെരുമപ്രകാരം ഞങ്ങളെദ്രൊഹങ്ങളെ മാച്ചുകളക —
ണ്ടിയങ്ങളൊട്ട് ന്യായവിധിയിൽ പ്രവെശിയാതെ മദ്ധ്യസ്ഥ
നായ ഈശൊമിശിഹാ നിമിത്തം ഞങ്ങളുടെ അത്രയും ഒക്കയും
ക്ഷമിക്കണമെ — തിരുസഭയെ കരുണനൊക്കി വചനത്തെ
യും ക്രിയാകര ചൊല്ലുകളെയും കുറ്റില്ലാതെ വെളിപ്പാക്കി കാത്തു
കൊൾക — നിന്റെ കൊട്ടിൽ വിശ്വാസ്ഥരായ വെലക്കാരെ അയച്ചു

തിരുവചനത്തിൻ ഘൊഷണത്തിന്നായി നിന്റെ ആത്മാവെയും ശക്തിയെയും നല്കി അതിനെ സകല രാജ്യങ്ങളിലും പ്രസ്താപിച്ചു പുറജാതികളെ മനം തിരിയുമാറാക്കി ഇസ്രയെലിൽ ചിതറിയ ആടുകളെ ചെൎത്തു കൊള്ളെണമെ— എല്ലാ ഇടച്ചുകളെയും തെറ്റുത്തു ഭ്രമമുള്ളവരെയും പാപത്തിൽ ചതിയിൽ കുടുങ്ങിയവരെയും രക്ഷാവഴിയിൽ നടത്തി ഞങ്ങളെ ശക്തീകരിച്ചു ലൊകത്തൊടും താന്താന്റെ ജഡത്തൊടും പൊരാടി ജയിപ്പാറാക്കെണമെ—ഞങ്ങളുടെ അധികാരസ്ഥന്മാരെയും തിരുമുമ്പിൽ ഒൎക്കുന്നു (**B.** 2.,*) p 48

അവൎക്കു ജ്ഞാനത്തിൻ ആത്മാവെ കൊടുത്തു ശുദ്ധവിചാരങ്ങളെ ഉണൎത്തിച്ചും കൊണ്ടു ഈ ദെശത്തിൽ തെജസ്സ് വസിപ്പാനും കരുണാസത്യങ്ങളും നീതിസമാധാനങ്ങളും തങ്ങളിൽ വാഴ്വാനും സംഗതിവരുത്തെണമെ—എല്ലാവൎക്കും ദിവസവൃത്തി കൊടുത്തു ഞങ്ങളുടെ തൊഴിലും ഉത്സാഹവും അനുഗ്രഹിച്ചു വാനത്തിൽ നിന്നു മഴകളും ഫലപുഷ്ടിയുള്ള സമയങ്ങളും ഇറക്കെണമെ— (**B.** 3.,) നിലത്തെ വിളവെ രക്ഷിക്ക— ഞങ്ങളുടെ നാട്ടിന്റെ ഫലങ്ങളെ കാക്കുമാറാക— വിവാഹകുഡുംബങ്ങളിലും സമാധാനവും ഐകമത്യവും പള്ളികളിലും വീട്ടിലും മക്കളെ വളൎത്തുന്നതിന്നു സാമൎത്ഥ്യവും ജനിപ്പിച്ചു ഇളയവരുടെ ഹൃദയങ്ങളെ വിശുദ്ധാത്മാവെ കൊണ്ടു എല്ലാ നല്ല വഴികളിലും നടത്തുക— നാടും നഗരവും പിതാവാക്കിട്ടു വൈരി യുദ്ധകലഹങ്ങൾ ക്ഷാമം രൊഗം മുതലായ ദുസ്സമയങ്ങളും ദുഷ്ടമൃഗഭയവും അഗ്നിഭയവും എല്ലാം അകറ്റി വല്ലാത്ത അപമൃത്യുവിൽ നിന്നും ഞ

---

*, ഇവിടെക്കും മറ്റുള്ള സ്ഥലങ്ങളിലും **B.** എന്നക്ഷരത്തിൽ നിന്നു ആവശ്യം പൊലെ ഒരൊന്നു ചെൎത്തു വായിക്ക.—

ങ്ങളെ കാത്ത വിശുദ്ധദൂതന്മാർ വഴിയിൽ ഞങ്ങളെ സൂക്ഷി
ച്ചു ചുറ്റും പാർക്കയും ഉറങ്ങുമാറാക്കുക — ദരിദ്രരെയും അഗതി
കളെയും പൊറുക്ക വിധവമാർക്കും അനാഥർക്കും തുണനില്ക്ക ബ
p. 52 ലഹീനരെയും രോഗികളെയും താങ്ങുക — (ß. 7) ആത്മികസ
ങ്കടവും ഭയവും ഒക്കയും നീക്കുക — ഞങ്ങളുടെ രക്ഷയെ തൊട്ട് എതി
രിടുന്നത് ഒക്കയും ഞങ്ങൾ വിശ്വാസത്തിൽ ഉറന്നിൽക്കാതിരിച്ചും
പ്രാർത്ഥിച്ചും കൊണ്ടു പൊരുതു നില്ക്കുമാറാക — സ്നേഹസമാധാ
നങ്ങളിലും വിനയ സൌമ്യതകളിലും ഇന്ദ്രിയ ജയ സുബോ
ധങ്ങളിലും നടന്നുകൊണ്ടു ഞങ്ങൾ അവസാനത്തോളം യേ
ശുവിൽ അത്രെ നിലനില്പാറാക — ഒടുക്കം ഈ ലോകത്തെ
പിരിയുമ്പൊൾ മരണസങ്കടത്തിലും സർവ്വശക്തിയുള്ള കരുണ
യാലെ തുണനില്ക്ക — ഞങ്ങൾ വിശ്വാസത്തിൽ ഇരുന്നുകൊണ്ടു സ
മാധാനത്തോടെ പ്രാണങ്ങളെ നിന്നിൽ ഭരമെല്പിക്കുമാറാക —
തെജസ്സിന്റെ രാജ്യത്തിൽ ഞങ്ങളെ പ്രവെശിപ്പിച്ചു തിരു
മുഖത്തെ ആനന്ദത്തോടെ കാണ്മാനും സകല ദൂതരൊടും തെ
രിഞ്ഞെടുത്ത കൂട്ടത്തോടും ഒന്നിച്ചു നിന്നെ എന്നെന്നേക്കും വാ
ഴ്ത്തിസ്തുതിപ്പാനും സംഗതി വരുത്തി രക്ഷിക്കേണമെ — ആ
മെൻ - W -

## അല്ലായ്കിൽ

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തന്റെ പിതാവായി കനി
വുനിറഞ്ഞ ദൈവമെ — നീ ഞങ്ങളിൽ ചെയ്ത എല്ലാ കരുണ
കൾക്കും സർവ്വ വിശ്വസ്തതെക്കും ഞങ്ങൾ എത്രമാത്രം — കർത്താവെ
ഞങ്ങളിൽ കനിഞ്ഞു പ്രിയപുത്രനായ യേശുവെ ഏല്പി
ച്ചു ഞങ്ങളുടെ സകല പാപങ്ങളെയും പൊറുത്തു വിടേണമെ
— വിചാരവും ശങ്കയും ഇല്ലാത്ത സകല പാപികളെയും ഉണർ

മാനസാന്തരപ്പെട്ട ഹൃദയങ്ങൾ നിങ്കലെക്ക തിരിയുമാറാക്കുക-
-പുത്രരായി ജനിച്ചവർ അകമെ മനുഷ്യനിൽ ബലപ്പെട്ടു വളരു
വാനും യെശുക്രിസ്തന്റെ സുവിശെഷം വിശ്വസിക്കുന്നവന് ഒ
ക്കയും രക്ഷക്കു ദെവശക്തിയാകുന്നു എന്നത് അനുഭവത്താൽ
ബൊധിച്ചുറെപ്പാനും സംഗതിവരുത്തുക- ജീവനിലും മരണത്തി
ലും ഈ സുവിശെഷം ഞങ്ങൾക്കു ഉത്തമജ്ഞാനവും ആശ്വാ
സവും ആക്കിതെളിക്കുക- അതിനെ ഞങ്ങൾക്കും സന്തതികൾക്കും
ക്കുറവില്ലാതെ ശുദ്ധമായി കാത്തുകൊൾക-ദിവ്യസത്യത്തെ വെറുക്കു
ന്ന അവിശ്വാസത്തെയും യെശു എന്ന ഏകമായ അടിസ്ഥാന
ത്തിൽ നിന്നു തെറ്റിക്കുന്ന ഏതു ദുർവിശ്വാസത്തെയും അകറ്റി
ഞങ്ങളെ വിശ്വാസത്തിൽ രക്ഷിച്ചുകൊള്ളെണമെ

തിരുസഭെക്ക എപ്പൊഴും പ്രകാശിതരും ഉത്സാഹികളും
ആയ ഉപദെഷ്ടാക്കളെ നല്കി അവർക്കു വെലെക്കു വെണ്ടിയ
ധൈര്യവും അറിവും പ്രാഗത്ഭ്യവും ശക്തിയും ഇറക്കുക- ഞങ്ങ
ൾ എല്ലാവരും വിശ്വാസത്തിലും ദെവപുത്രന്റെ പരിജ്ഞാന
ത്തിലും ഐക്യത്തൊളം തികഞ്ഞ പുരുഷത്വത്തൊളം ക്രിസ്തന്റെ
നിറവുള്ള പ്രായത്തിൻ അളവൊളം എത്തുവൊളം വിശുദ്ധ
രുടെ യഥാസ്ഥാനത്തിന്നും ഈ ശുശ്രൂഷയുടെ വെലെക്കും
ക്രിസ്തശരീരത്തിന്റെ വീട്ടുവർദ്ധനെക്കും വരുവാനും ആക്കിട്ടരു

വിശെഷിച്ചു മഹാ ദെവവും കർത്താവി കർത്താവുമാകു
ള്ളൊവെ ഞങ്ങളുടെ രാജ്ഞിയായവളെ അനുഗ്രഹിച്ചുകൊ
ൾക- അവളും മന്ത്രികളും വിശെഷാൽ ഈ രാജ്യത്തിൽ മുൽപ്പെ
ട്ടവർക്കും വാഴുന്നവർക്കും ക്രിസ്തീയ ജ്ഞാനത്തെയും പക്ഷപാത
മില്ലാത്ത ന്യായം വിധിക്കുന്ന സൽബുദ്ധിയെയും ഈ നാട്ടുക
ളിൽ ദൊഷത്തെ നിറുത്തി നന്മയെ വർദ്ധിപ്പിച്ചു ഭരിപ്പാൻ പ്രാ
പ്തിയെയും നല്കെണമെ-- നിന്റെ കൃപയുടെ ബാഹുല്യപ്രകാ

രം ഞങ്ങൾക്ക എല്ലാവൎക്കും ദിവസവൃത്തിക്കു തന്നും അവര
വരുടെ തൊഴിലും വ്യാപാരവും അനുഗ്രഹിച്ചും നിലങ്ങളിൽ വി
ത്തയെ വിളയിച്ചും തത്സമയത്ത വെയിലും മഴയും അയച്ചും പുല
ൎത്തണമെ— ഈ ദെശംകൂടെ നിന്റെ തെജസ്സുകൊണ്ടു നിറ
ഞ്ഞു ചമക്കുക— നീ ചെയ്ത നന്മകളെ ഞങ്ങൾ മറക്കാതെ ദരി
ദ്രരിലും സങ്കടപ്പെടുന്നവരിലും മനസ്സലിഞ്ഞു നീ കാണിച്ച ദയ
പൊലെ ഞങ്ങൾ കാണിച്ചും പ്രിയ പിതാവെ നീ കനിവുള്ള
വൻ ആകും പ്രകാരം കനിവുള്ളവരായും വരുമാറാക—
വിലയെറിയ സമാധാനത്തെ ഞങ്ങളിൽ കാത്തുകൊ
ള്ളു— വിവാഹസ്ഥന്മാൎക്കു ഒക്കയും ഐക്യവും അലംഭാവവും—
അമ്മയപ്പന്മാൎക്കു പ്രവൃത്തിയിൽ ഫലസിദ്ധിയും മക്കളെ വള
ൎത്തുന്നതിൽ ജ്ഞാനവും ഭാഗ്യവും ഏകെണമെ— കുട്ടികൾ മന
സ്സൊടെ അനുസരിച്ചും പിതാക്കളെ ഭയപ്പെട്ടും സ്നെഹിച്ചും വളരു
വാൻ വരം കൊടുക്ക— പണിക്കാരെ ശുദ്ധമനസ്സാക്ഷിയിൽ നി
ന്നു സെവിപ്പാറാക്കുക— യജമാനന്മാരെ തങ്ങൾക്കും സ്വൎഗ്ഗത്തി
ൽ യജമാനൻ ഉണ്ടെന്നു വിചാരിപ്പിക്ക— എല്ലാമനുഷ്യരിലും
കടാക്ഷിച്ചും കൊള്ളണമെ— വഴി തെറ്റി ഉഴലുന്നവരെ നെ
രെയുള്ള മാൎഗ്ഗത്തിലാക്കുക— ശത്രുക്കളെ തമ്മിൽ ഇണക്കുവരുത്തുക— ദുഃ
ഖിതന്മാരെ ആശ്വസിപ്പിക്ക— എളിയവരെ പൊറ്റുക— വിധവ
മാരെയും അനാഥരെയും പുലൎത്തുക— നിരാധാരന്മാരെ താങ്ങുക-
രൊഗികൾക്കു ചികിത്സകനും ചാകുന്നവൎക്കു ശരണവും ആയ്ക്ക-
-ഒടുക്കം ഞങ്ങളെ നിത്യസന്തൊഷത്തിന്റെ ഭാഗ്യത്തിൽ ഏറ്റു
കൊള്ളെണ്ടതു അവിടെ നിന്റെ മക്കളുടെ സകലകാൎയ്യങ്ങളു
ടെക്കായും ഹൃദയങ്ങളിലെ ആഗ്രഹം ഒക്കയും നിവൃത്തിക്കയും ചെയ്യു
മല്ലൊ— ഞങ്ങൾ യാചിക്കുന്നത് എല്ലാറ്റെയും യാചിക്കുന്നതിന്നു മി
തെയും പ്രിയപുത്രനായ യെശുക്രീസ്തുൻ നിമിത്തം കനിഞ്ഞന

രക്ഷിക്കെണമെ—ആമെൻ. W

[പിന്നെ കൎത്തൃപ്രാൎത്ഥന ചൊല്ലുമ്പൊൾ സഭക്കാർ ഒരൊരൊ
അപെക്ഷയെ കൊണ്ടു ആവൎത്തിച്ചു പറക—

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ—നിന്റെ നാമം വിശുദ്ധീ
കരിക്കപ്പെടെണമെ—നിന്റെ രാജ്യം വരെണമെ—നിന്റെ ഇ
ഷ്ടം സ്വൎഗ്ഗത്തിലെ പൊലെ ഭൂമിയിലും നടക്കെണമെ—ഞങ്ങൾക്കു
വെണ്ടുന്ന അപ്പം ഇന്നു തരെണമെ—ഞങ്ങളുടെ കടക്കാൎക്കു
ഞങ്ങളും വിടുന്നതു പൊലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരെണ
മെ—ഞങ്ങളെ പരീക്ഷയിൽ കടത്താതെ—ദൊഷത്തിൽ നിന്നു
ഞങ്ങളെ ഉദ്ധരിക്കെണമെ—രാജ്യവും ശക്തിയും തെജസ്സും
യുഗാദികളിലും നിനക്കല്ലൊ ആകുന്നു ആമെൻ—

ഒരു ശ്ലൊകം പാടിയശെഷം അതതു ദിവസത്തി
നുള്ള വെദപാഠങ്ങളെ വായിക്കാവു (ഇ.)
പിന്നെ ഒരു പാട്ടു പാടുക—ശെഷം പ്രസംഗിക്ക—അതി
ന്റെ ആരംഭത്തിലും അവസാനത്തിലും മനസ്സുമുട്ടുമ്പൊ
ലെ പ്രാൎത്ഥിക്ക— അനന്തരം ഒരു ശ്ലൊകം പാടിച്ചു
തീൎന്നാൽ തിരുവത്താഴം വിവാഹം മുതലായതിനെ സം
ബന്ധിച്ചുള്ള പരസ്യങ്ങളെ അറിയിക്ക—ഒടുക്കം ആ p. 137 / 154
ശീൎവ്വചനം ചൊല്ലുക]

## ആശീൎവ്വചനങ്ങൾ

൧. യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക—യഹൊവ തിരുമു
ഖത്തെ നിങ്ങളിലെക്കു പ്രകാശിപ്പിച്ചു കരുണചെയ്ക—യഹൊ
വ തിരുമുഖത്തെ നിങ്ങളുടെ മെൽ ആക്കി നിങ്ങൾക്കു സമാ
ധാനം ഉണ്ടാമാറാക—(൪ മൊ. ൬) ആമെൻ—

൨. എല്ലാബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളു

ടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയെശുവിങ്ക
ൽ കാക്കുക (ഫിലി. ൪) ആമെൻ-

൩ . സമാധാനത്തിന്റെ ദൈവമായവൻ തന്നെ നിങ്ങ
ളെ അശെഷം വിശുദ്ധീകരിക്ക നിങ്ങളുടെ ആത്മാവും ദെ
ഹിയും ദെഹവും നമ്മുടെ കൎത്താവായ യെശു ക്രിസ്തുന്റെ
പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുക-
(൧ തെസ്സ. ൫) ആമെൻ

൪ . എന്നാൽ നമ്മെ കുറയ കാലം കഷ്ടപ്പെട്ടശെഷം യെശു
ക്രിസ്തുവിൽ തന്റെ നിത്യ തെജസ്സിലെക്ക വിളിച്ചവ
നായി സൎവ്വകൃപാവരമുടയ ദൈവം താൻ നിങ്ങളെ
യഥാസ്ഥാനത്തിലാക്കി ഉറപ്പിച്ചു ശക്തീകരിച്ചു അടി
സ്ഥാനപ്പെടുത്തുകയും ആം— അവനു തെജസ്സും ബല
വും യുഗാദിയുഗങ്ങളിൽ ഉണ്ടാവൂതാക— ആമെൻ (൧
പെ. ൫)

൫ - എന്നാൽ ചൊദിക്കുന്നതിലും നിനെക്കുന്നതിലും അത്യ
ന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തി
പ്രകാരം കഴിയുന്നവനു- സഭയകത്തു യുഗാദികാലത്തി
ലെ സകല തലമുറകളൊളവും ക്രിസ്തുയെശുവിങ്കൽ തെ
ജസ്സുണ്ടാവൂതാക- ആമെൻ (എഫെ. ൩)

## II കൎത്താവിൻ ഞായറ്റെക്ക്

### ഉച്ചയിൽ പിന്നെയുള്ള പ്രാൎത്ഥന

[ഒരു വന്ദനം ചൊല്ലിയശേഷം ഒരു ശ്ലോകത്തെ പാടു
ക- പിന്നെ A. അക്കത്തിലെ പ്രാൎത്ഥനകളാൽ ഒന്ന് p. 24
എങ്കിലും ഇവിടെ കാണുന്നത് എങ്കിലും പ്രാൎത്ഥിക്ക]

സ്വൎഗ്ഗസ്ഥനായ പിതാവെ- നീ സ്വൎഗ്ഗീയ വിളികൊണ്ടു ഞങ്ങളെ വിളിച്ചതിനാലും രാജ്യപുത്രരാക്കി തിരുമുമ്പിൽ പിന്നെയും വരുവാൻ അനുവദിക്കുന്നതിനാലും ഞങ്ങൾ സ്തോത്രം ചൊല്ലുന്നു- കൎത്താവെ നീ വിശുദ്ധനും കരുണാസമ്പന്നനും അത്രെ- ഞങ്ങളൊ ഈ വിളിയുടെ വലിപ്പത്തെയും ധന്യതയെയും കൃതഘ്നരാകി വിചാരിക്കായ്കയാൽ ലജ്ജിതന്മാരാകുന്നു- അതുകൊണ്ട ഞങ്ങൾ വിശുദ്ധാത്മാവിന്റെ ക്രിയാവ്യാപാരങ്ങളൊട് ചെറുത്തു മറുത്തു- തിരുവചനത്തിന്റെ വിത്ത് ചെറുത്തു പ്രപഞ്ചമോഹം ലോഭവിചാ അവിശ്വാസം ഈ മുള്ളുകളിൽ അകപ്പെട്ടു ഞെരുങ്ങി മുടിഞ്ഞു പൊകി- പ്രിയരക്ഷിതാവെ ഞങ്ങളുടെ കൃതഘ്നതെക്കു ശൌൎയ്യമായ ശിക്ഷയെ വിധിക്കല്ലെ- നിന്റെ സത്യത്തിൻ വെളിച്ചത്തെ ഇവിടെനിന്നു നീക്കരുതെ- നിന്റെ കരുണാരാജ്യത്തിന്നു ഇങ്ങു മാറ്റം വരുത്തരുതെ- ദയയുള്ള ദൈവമെ പ്രിയപുത്രന്റെ രക്തം കൊണ്ടു ഞങ്ങളുടെ സകല അധൎമ്മങ്ങളെയും പാപങ്ങളെയും മാച്ചുകളകെണമെ- ഞങ്ങളിൽ കനിഞ്ഞു വിശുദ്ധവചനത്തെയും ചെ: ക്കുടികളെയും ഈ നിയമക്കുറിപ്പില്ലാതെ നിൎമ്മലമായി ഈ സഭയിൽ കാത്തു നടത്തുക- പുതിയ ഹൃദയത്തെ ഞങ്ങളിൽ സൃഷ്ടിക്ക- നിന്നെ സ്തുതിച്ചും കനിവിൻ സമൃദ്ധിയെ അനുഭവിച്ചും കൊണ്ടു തിരുവചനത്തിൻ ശക്തിയാൽ പ്രകാശവും വിശുദ്ധിയും ക്രിസ്തീയന്റെ തി

ശ്വാസവും നിറഞ്ഞു വഴിയുന്നതിൽ ആഗ്രഹം ജനിപ്പിക്ക——ഇ
ങ്ങനെ സംഭവിക്കെണ്ടതിന്നു നിന്റെ ഹൃദയപ്രകാരമുള്ള ബോ
ധകരെയും ഇടയന്മാരെയും തിരുസഭെക്ക കൊടുത്തരുളുക—ഒ
രൊരൊ ജാതികളിൽ നിന്റെ ആത്മമുഖെന വാഴുക—പള്ളികളി
ൽ കെള്പിക്കുന്നവരെയും പഠിക്കുന്നവരെയും അനുഗ്രഹിക്ക—എല്ലാ
ക്രിസ്തീയ അധികാരങ്ങൾക്കും ജ്ഞാനവും പ്രാപ്തിയും നല്കി അവർ
കല്പിക്കുന്നതും നടത്തുന്നതും ഒക്കയും നിന്റെ ബഹുമാനത്തിന്നും
തിരുസഭയുടെ പരിപാലനത്തിന്നും വൎദ്ധനെക്കും സത്യവിശ്വാ
സവും ശുദ്ധ നടപ്പും എങ്ങും വ്യാപിക്കുന്നതിന്നും അനുകൂലമാകിതീരു
മാറാകേണമെ—— ഈ രാജ്യത്തെ മുഴുവൻ കടാക്ഷിക്കയു
മു- നിന്റെ ജനത്തെ ആദരിച്ചു കൊള്ളു തിരുവവകാശത്തിന്റെ
ശെഷിപ്പു നശിച്ചു പൊകാത വണ്ണം രക്ഷിക്കേണമെ- തിരു
സഭയൊടു കലഹിച്ചു വരുന്ന സകല ഉപായത്തെയും സാഹസ
ത്തെയും ഇല്ലാതാക്കുക— തിരുനാമത്തെ ഏറ്റുപറഞ്ഞിട്ട് ഉപ
ദ്രവപ്പെട്ടും ക്ലെശിച്ചും പൊകുന്നവരെ ബലപ്പെടുത്തി ഉദ്ധരിക്ക- ഭൂ
മിയിൽ മനുഷ്യർ വസിപ്പെടത്തൊളം നിന്റെ സുവിശെഷവെ
ളിച്ചത്തെ സകലഹൃദയങ്ങളിലും പ്രകാശിപ്പിച്ചു ദുഃഖിതർ അനാ
ഥർ രൊഗികൾ ദരിദ്രർ മുതലായവരുടെ സങ്കടത്തെ അശ്വനാ
ഷിട്ടു കനിഞ്ഞു വിചാരിക്ക- ഭൂമിയുടെ ഫലങ്ങളെയും കാത്തു
കാക്ക— ഇഹജീവനത്തിന്റെ ആവശ്യവും ആശ്വാസവും സംബ
ന്ധിച്ചുള്ളത് ഒക്കയും ദിവ്യവരങ്ങളുടെ നിറവിൽ നിന്ന് ഇറക്കി
പൊരുകയല്ലാതെ— ഒടുക്കം ഈ ജനങ്ങളെ ഒട്ടാതയുടെ താഴ്ചയിൽ
നിന്നു നിന്റെ നിത്യ സ്ഥാ സ്ഥാനത്തിൽ പ്രവെശിപ്പിച്ചു ഞങ്ങ
ളുടെ കൎത്താവായ യെശുക്രിസ്തൻ മൂലം എന്നെക്കും രക്ഷിക്കെ
ക്കേണമെ— ആമെൻ— W.Sfh

അപ്പൊഷിതിൽ

സൎവ്വശക്തിയുള്ള ദൈവവും ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവി
ന്റെ പിതാവും സ്വൎഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുഡുംബത്തിന്
ഒക്കെയും പെർ വരുവാൻ ഹെതുവുമായുള്ളൊവെ — അടിയങ്ങൾ
തിരുമുഖത്തിൻ മുമ്പിൽ ഞങ്ങൾ ഹൃദയങ്ങളുടെ സ്തൊത്ര ബലിക
ളെ കഴിക്കുന്നു —

നിന്റെ സാദൃശ്യത്തിൽ ഞങ്ങളെ സൃഷ്ടിച്ചു ചെറുപ്പം മുത
ൽ ഇന്നെവരെ യാതൊരു പുണ്യവും യൊഗ്യതയും ഇല്ലാത്തവരായ
ഞങ്ങളെ ആത്മാവിലും ശരീരത്തിലും ഉള്ള നന്മകളെ കൊണ്ടു
അനുഗ്രഹിച്ചതിനാൽ പിതാവെ ഞങ്ങൾ സ്തുതിക്കുന്നു — വി
ശെഷാൽ തിരുമനമഴിഞ്ഞു അരിഷ്ട പാപികളെ കനിഞ്ഞു കൊണ്ടു
പ്രിയ പുത്രനായ യെശുക്രിസ്തുനെ ഞങ്ങൾക്കു സമ്മാനിച്ചയക്കയാലും.
— ഇന്നും വിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്റെ വിശുദ്ധാത്മാ
വിനെ അയച്ചു പൊന്ന ദയയിൽ ആശ്വാസ സമാധാനങ്ങളെ
യും നിത്യജീവന്റെ പ്രത്യാശയെയും നിറെക്കുന്നതിനാലും ഞങ്ങ
ൾ നിന്നെ വാഴ്ത്തുന്നു — ഞങ്ങളുടെ ദൈവമായ കൎത്താവെ ഈ സകല
കൃപകൾ നിമിത്തവും ഇങ്ങെ സ്തൊത്ര ബലികളെ പ്രസാദിച്ചു പ
രിഗ്രഹിക്കെണമെ —

ഇനി ഞങ്ങൾ അപെക്ഷിക്കുന്നിതു — നിന്നെ അറിയാത്ത
വിദെശരായ പാപികളെ തിരു വചനത്തിന്റെ ഒച്ചയെ കെൾപ്പിച്ചു
ണൎത്തി സൎവ്വ സഭയിലും നിന്റെ ജീവിപ്പിക്കുന്ന ആത്മാവെ പകരെ
ണമെ — മരണത്തിന്റെ നിഴലിൽ ഇരിക്കുന്ന സകല ജാതിക
ളിലും മനസ്സലിഞ്ഞു തിരു വെളിച്ചത്തെയും സത്യത്തെയും അയ
ക്കെണമെ — എല്ലാ രാജ്യങ്ങളിലും സുവിശെഷ ഭൃത്യന്മാരെ പാലിച്ചു നട
ത്തി വെലെക്കു വെണ്ടുന്ന ജ്ഞാനവും ശക്തിയും ക്ഷാന്തിയും കൊ
ടുക്കെണമെ —

യെശുക്രിസ്തുവിന്റെ പിതാവെ സാധാരണ സഭയുടെ ഐക്യ

ഹങ്ങളെ ഒക്കെയും. ഞങ്ങൾക്ക നിങ്കൽ സമൎപ്പിച്ചുവിടുന്നു — എല്ലാ ക്രിസ്തീ
യ അധികാരങ്ങളെയും ഞങ്ങൾ ഓൎമ്മപ്പെടുത്തുന്നിതു — അവർ
തിരുമനസ്സിൻ പ്രകാരം നാട്ടുകളെ ഭരിപ്പാനായി അവരെ നി
ന്റെ ആത്മാവിനാൽ നടത്തുക — തിരുവചനത്തിന്റെ വിശ്വസ്ത ശു
ശ്രൂഷക്കാരെ ഉദ്ധരിച്ചു അവരെ നിന്റെ വചനത്തിന്റെ മാ
നത്തെയും ആട്ടിൻകൂട്ടത്തിന്റെ രക്ഷയെയും അന്വേഷിപ്പാറാ
ക്കുക — വിവാഹസ്ഥന്മാൎക്ക ജീവനോടും ദൈവഭക്തിയോടും
ചേരുന്നവകളെയും സമ്മാനിച്ചു പിതാക്കൾക്ക കുട്ടികളെ നിന്റെ ഭ
യത്തിൽ വളൎത്തുവാനും മക്കൾക്ക [illegible] അനുസരിച്ചു നട
ക്കുവാനും അനുഗ്രഹിച്ചുകൊള്ളേണമെ — ഐശ്വൎയ്യവും സമൃദ്ധി
യും വരുന്ന വെയിലും മഴയും നല്ല നിലത്തിൻ ഫലങ്ങളെ വിളയി
ച്ചു മഹാവ്യാധി യുദ്ധം മുതലായ ബാധകളെ ദയയോടെ നീക്കേ
ണമെ — രോഗികൾക്ക പീഡിതർ അനാഥകൾ ദരിദ്രർ വിധവമാർ
ആദിയായവർ ഇത്യാദികൾക്കു എല്ലാം നിന്റെ സഹായവും ഉറപ്പുള്ള ആ
ധാരവും മതിയായുള്ള ആശ്വാസവും ആപത്തിലുള്ളോർ സകലദുഃഖ
ങ്ങളെയും ധൈൎയ്യമുള്ള അരുളി വരുത്തുക — നിന്റെ പ്രജകളെ
ഉപദ്രവിച്ചു പീഡിപ്പിക്കുന്ന സാഹസങ്ങളെ [illegible] സ
കല ശത്രുക്കളും നിഴലും ആയെപ്പോഴുള്ളതും — ഞങ്ങൾക്കും സന്തതി
കൾക്കും വരിയ വാൎദ്ധക്യ സമയത്തിലും നിന്റെ സുവിശേഷ സത്യ
ത്തെയും ദിവ്യസമാധാനത്തെയും രക്ഷിച്ചു [illegible] സമാധാനപ്ര
ഭുവായ യേശുക്രിസ്തുവിൻ മൂലം നിന്റെ ശ്രീയാം പുത്രനാം ഞങ്ങളു
ടെ കൎത്താവും ആയവനെകൊണ്ടു ഞങ്ങളെ കേൾക്കേണമെ —
— ആമെൻ. W. bs.

[അതിന്റെ ശേഷം വേദപാഠം വായിച്ചു പാട്ടുപാ
ടിട്ടു അനന്തരം മനസ്സു മുട്ടും പോലെ പ്രാൎത്ഥിച്ചു പ്ര
സംഗിക്ക — ഒടുക്കം ഹൃദയത്തിൽ നിന്നു പ്രാൎത്ഥിച്ചു ക

ന്നു [പ്രാർത്ഥന ചൊല്ലി ചൊല്ലിച്ചു ഒരു ശ്ലോകം പാടിച്ചു .
ത്തിച്ചിട്ട് ഉപദേശിച്ചശേഷം ഒന്നിനെ ചൊല്ലിക്കുക] p.13

# III ബാലൊപദെശം

നായറാഴ്ച തൊറും ബാലൊപദെശം എന്ന ആരാധന കൊണ്ടാട്ടുക — ഒരു വന്ദനം ചൊല്ലി പാട്ടു പാടിച്ചശെഷം ഈ പ്രാൎത്ഥനയെ പ്രാൎത്ഥിക്ക.

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുവെ വലിയപ്രവാചകനും അല്പമതികളുടെ ഉപദെഷ്ടാവും ആകുന്നുള്ളൊവെ — നീയും ബാല്യത്തിങ്കൽ പന്ത്രണ്ടു വയസ്സായപ്പൊൾ ഗുരുക്കന്മാരുടെ നടുവിൽ ഇരുന്നു അവൎക്കു ചെവികൊടുക്കയും അവരൊടു ചൊദിക്കയും ചെയ്തുവല്ലൊ — ഞങ്ങൾ ഇവിടെ കൂടിവന്നിരിക്കുന്നതു ദൈവഭക്തിയുടെ ഉപദെശങ്ങളും രക്ഷാകരമായ ക്രിസ്തുമതത്തിന്റെ സാരാംശങ്ങളെയും കെൾപ്പാൻ മാത്രമല്ല — ചൊദ്യങ്ങൾക്ക ഉത്തരം പറവാനും നിന്റെ ജ്ഞാനത്തിൽ വൎദ്ധിച്ചിട്ടു വളൎന്നു വൎദ്ധിപ്പാനും ആകുന്നു — ഇതിന്നായിട്ടു നിന്റെ വിശുദ്ധാത്മാവിന്റെ കരുണ നല്കെണമെ — നിന്റെ ധൎമ്മൊപദെശത്തിലെ അതിശയങ്ങളെ കാണെണ്ടതിന്നു ഞങ്ങളുടെ കണ്ണുകളെയും ഹൃദയങ്ങളെയും തുറക്കെണമെ — നിന്റെ വിശുദ്ധവചനത്തെ മെല്ക്കുമെൽ അധികം ഗ്രഹിക്കെണ്ടതിന്നു ഞങ്ങളുടെ ബുദ്ധികളെ തുറക്കെണമെ — ഇപ്രകാരം ഞങ്ങൾ കൎത്താവായ യെശുവെ നിങ്കലല്ലാതെ ലൊകത്തിൽ അനെകമുള്ള പ്രവാചകന്മാരുടെ അഭിസ്ഥാനത്തിന്മെൽ കെട്ടപ്പെട്ടു വരുന്ന പിശാചിന്റെയും ലൊകത്തിന്റെയും സകല പരീക്ഷകളും തെറ്റിച്ചു കൊണ്ടു ഞങ്ങൾ ആത്മാക്കളുടെ രക്ഷയാകുന്ന വിശ്വാസത്തിന്റെ ലാക്കിൽ എത്തെണ്ടതിന്നു കരുണചെയ്തു പരിപാലിക്കെണമെ — ആമെൻ. W

അല്ലെങ്കിൽ

കനിവെറിയവനും സൎവജ്ഞാനിയുമായ പിതാവും ദൈവവും ആ
യുള്ളൊവെ— ഞങ്ങൾ പാപത്തിലും അറിയായ്കയിലും ജനിക്കയാൽ
ഏകദൈവമായ നിന്നെയും നീ ലൊകത്തിൽ അയച്ച യെശുക്രിസ്തു
നെയും അറിയുന്നതിൽ നിത്യജീവൻ ഉണ്ടാകിരിക്കുന്നു എങ്കി
ലും- രണ്ടും ബൊധിപ്പാൻ ഞങ്ങളാൽ കഴിയാതിരിക്ക— ഒരു ബാ
ലൻ ഈ കാറയിനെ തിരുത്ത എങ്ങിനെ— ചെറുപ്പം മുതൽ നിന്നൊ
ടു ചെരുവാൻ തന്റെ ഒട്ടത്തെ ദൊഷമകറ്റി ശ്രമത്തിലാക്ക
ത്രപ്പങ്ങിനെ— നിന്റെ വചനത്തെ സൂക്ഷിക്കുന്നതിനാലല്ലൊ- പു. മാദ്ഗ്ഗ് സങ്കീൎത്ത ൧൧൯. ൯൫
ആയതത്രെ ഞങ്ങളുടെ കാലുകൾക്കു ദീപം ~~[illegible]~~ ഞങ്ങ നട- ആരു കൊണ്ടു
ൾ ഈ ഭൂമിമെൽ പരദെശികളും അതിഥികളും ആകിയിടത്തൊ
ളം വൊളം തിരുവചനം ഞങ്ങളിൽനിന്നു മറെക്കരുതെ— ജ്ഞാ
നത്തിന്റെ ആത്മാവെ തന്നു ഞങ്ങൾ നിന്റെ പരമാൎത്ഥത്തെ
ആമാകി ഗ്രഹിക്കെണ്ടതിന്നു ഉള്ളങ്ങളെ പ്രകാശിപ്പിക്കെണമെ-
സത്യത്തെ ഗ്രഹിച്ച പ്രകാരം ഞങ്ങൾ ചെയ്യുത്തക്കും നിന്റെ സന്നി
ധിയിൽ പ്രസാദം വരുത്തിടെണ്ടും കൊള്ളെണ്ടതിന്നു ഹൃദയങ്ങ
ളെ പുതുക്കയും ചെയ്ക— ഇതൊക്കെയും ഞങ്ങൾ യാചിക്കുന്നതു പിതാവെ
വാട്ടെത്തുവാൻ ഏകവഴിയും സത്യവും ജീവനും ആകിയിരിക്കുന്നയെ
ശുക്രിസ്തൻ എന്ന കൎത്താവിന്മൂലമത്രെ- ആയവന്റെ നാമത്തിൽ ഞാ
ങ്ങൾ ഇതിനെയും ചിറ്റിച്ചുവെക്കുന്നു— സ്വൎഗ്ഗസ്ഥനായ &c S.f.h.
p. 13

[പിന്നെ ചൊദ്യോത്തരത്താലെ ഉപദെശവും അനന്ത
രം ഹൃദയ പ്രാൎത്ഥനയും ചെയ്ക— പാടിയശെഷം ആശീൎവ്വച
നവും ചൊല്ലേണം- പെൺകുട്ടികൾ ഉള്ള സ്ഥലത്തിൽ
ഹൃദയ പ്രാൎത്ഥനെക്കു പകരം ഇതിനെയും

വാക്കിക്കാം.

ഞങ്ങളുടെ കൎത്താവായ യഹൊവെ നിന്റെ പ്രസാദത്താ

നങ്ങളിന്മെൽ ഇട്ടവനെ-നിൻ നാമം ഭൂമിയിൽ ഒക്കയും എത്രയൊ
തിരിയുന്നു-ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽ
നിന്നു നീ നിനക്ക് ബലത്തെയും സ്തൊത്രത്തെയും നിശ്ചയിച്ചു ഞങ്ങളെ
ഉകിം എത്ര വാത്സല്യത്തൊടെ വിളിച്ചു ക്ഷണിച്ചിരിക്കുന്നു-എമ്മകാ
ന എന്റെ വെദധൎമ്മത്തെ മറക്കാതെ എന്റെ ഹൃദയം എന്റെ കല്പനക
ളെ സൂക്ഷിക്കാവു-അവ ദീൎഘനാളുകളും ജീവന്റെ ആണ്ടുകളും സമാ
ധാനവും നിനക്കു കൂട്ടിവെക്കും-അവറ്റെ കഴുത്തിൽ കെട്ടികൊ
ൾക ഹൃദയപലകമെലും എഴുതുക-എന്നാൽ ദൈവത്തിന്റെയും
മനുഷ്യരുടെയും കണ്ണുകളിൽ കരുണയും ബുദ്ധിയും കണ്ടെ
ത്തും-എന്നതല്ലാതെ നിന്റെ എകജാതനായ യെശുക്രിസ്തുൻ
പൈതങ്ങളെ തനിക്കു കൊണ്ടുവരുവാൻ എത്ര താല്പൎയ്യത്തൊടെ
ചൊദിച്ചും ഇപ്രകാരമുള്ളവൎക്ക ദെവരാജ്യം ഉണ്ടെന്നു ചൊല്ലി
അനുഗ്രഹിച്ചും ഇരിക്കുന്നു-നീ ചെറുപ്പത്തിൽ ഞങ്ങളെയും അഭി
ഷെകിച്ചു ശിശുസ്നാനത്താൽ ദെവപുത്രത്വത്തിൻ വാഗ്ദത്തം തന്ന
ത് ഒഴികെ-നീ വെളിപ്പെടുത്തിയ ദിവ്യവചനങ്ങളാകുന്ന കൂട്ടില്ലാത
പാലുകൊണ്ടു ഇന്നും പുലൎത്തി ശിശുസഞ്ചാരത്തിൽ നടത്തിവരുന്ന
തുകൊണ്ടു ഞങ്ങൾ ഹൃദയത്തിൽ നിന്നു സ്തുതിക്കുന്നു--ഇനി
ഞങ്ങൾ എറ്റവും വെണ്ടിക്കൊള്ളുന്നിതു-ഞങ്ങൾ വളരുന്തൊറും
ആത്മാവിൽ ശക്തിപ്പെട്ടു വൎദ്ധിക്കയാവു-[illegible] ദൈവമായ
പിതാവെ നിന്നൊടും നിന്നെ സെവിക്കുന്ന സകല മനുഷ്യരൊടും
ഞങ്ങൾ പ്രസാദം വൎദ്ധിച്ചു കരുണയിൽ വളരുമാറാക-ഇപ്രകാരം
നിന്നെ അറിഞ്ഞും സെവിച്ചും നിന്നാൽ ജീവിച്ചും പൊരുന്ന ശൊഭി
ച്ചുവിളിച്ചു വൎദ്ധിക്കയും ഞങ്ങളുടെ നാഥാവും രക്ഷിതാവും ആയ യെശു
ക്രിസ്തു മൂലം അവന്റെ വഴിയായി വരെ നില്ക്കയും ചെയ്യുമാറാക-
ആമെൻ. S.f.h.

അല്ലെങ്കിൽ

കരുണയുള്ള ദൈവമായ പിതാവെ നീ ഞങ്ങൾക്കു ഇങ്ങും രക്ഷാമാ
ൎഗ്ഗത്തെ പ്രകാശിപ്പിച്ചു തന്നതുകൊണ്ടു ഞങ്ങൾ സ്തോത്രം ചൊല്ലുന്നു- ഒ
ട്ടു വചനത്തിന്മെൽ നിന്റെ അനുഗ്രഹം വെക്കുക- വായിക്കുന്നവരും
ചെവിക്കൊള്ളുന്നവരും എല്ലാരും അതിനെ നല്ല ഹൃദയത്തൊടെ സൂക്ഷിപ്പാ
ൻ സംഗതി വരുത്തെണമെ- നിന്റെ വചനവും സത്യവും ഞങ്ങ
ളിൽ നിന്നും മക്കളിൽ നിന്നും മാറിപൊകയില്ല എന്നുള്ള വാഗ്ദത്ത
ത്തിന്നു നിവൃത്തി വരുത്തുക- നിൻ വചനത്തെ കാത്തുകൊണ്ടാലല്ലാ
തെ നടപ്പു നിൎമ്മലമാക്കുകയില്ല എന്നു ഞങ്ങളുടെ കുട്ടികൾക്കു
ചെറുപ്പത്തിൽ തന്നെ ഉപദെശിക്ക- അവർ ബാല്യത്തിലും തങ്ങളു
ടെ സ്രഷ്ടാവെ ഓൎക്കെണ്ടതിന്നും- അതിവിശുദ്ധ ബാലനായ യെശു
വിന്റെ മാതൃകപ്രകാരം പ്രായത്തിൽ വളരുന്നതൊളം ജ്ഞാനത്തി
ലും നിന്നൊടും മനുഷ്യരൊടും കൃപയിലും വൎദ്ധിക്കെണ്ടതിന്നും- ഇവരു
ള്ളും ഇഹത്തിലും പരത്തിലും വിടാതെ സൌഖ്യം സാധിക്കെണ്ടതിന്നും
കരുണ ചെയ്യെണമെ- പ്രിയപുത്രനായ യെശുക്രിസ്തുവെ വിചാ
രിച്ചു ഞങ്ങളെ കെൾക്കയാവൂ- ആമെൻ. W

## A. a.)

## ഒരൊ ഞായറാഴ്ച പ്രാൎത്ഥനകൾ

### ൧.)

ഞങ്ങളുടെ ദൈവമായ യഹൊവയെ നീ വെളിച്ചമാകുന്നു ഇരിട്ടു
നിന്നിൽ ഒട്ടും ഇല്ല— നീ ഏകജാതനായ പുത്രനെ ഈ ലൊകത്തി
ൽ അയച്ചത് അവനെ പിഞ്ചെല്ലുന്നവൻ ആരും ഇരിട്ടിൽ നട
ക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകിയിരിക്കെണ്ടതിന്നത്രെ—
ഇന്നും കൂടെ നിന്റെ വെളിച്ചവും സത്യവും ഞങ്ങളെ നടത്തെ
ണ്ടതിന്ന അയക്ക— ഇന്നും ഞങ്ങളിൽ അറിയിക്കുന്ന നിന്റെ
വചനം ഞങ്ങളുടെ കാല്ക്കു ദീപവും വഴിക്കിൽ വെളിച്ചവും ആക്കു
ക— താന്താന്റെ ഹൃദയത്തിന്റെ അവസ്ഥ ഇന്നത് എന്ന ഞ
ങ്ങൾക്ക വെളിപ്പെടുത്തി തരിക— തന്നെത്താൻ ചതിക്കുന്ന മായയെ
അകറ്റുക— അഹംഭാവത്തെ ഇടിക്കുക ഞങ്ങളെ ഉയൎത്തുവാ
ൻ കഴിയെണ്ടതിന്ന താഴ്ത്തിവെക്കുക— നല്ലദാനങ്ങളും തിക
ഞ്ഞവരങ്ങളും ഞങ്ങളിൽ നിറെച്ചും താനും ഞങ്ങളിൽ വ
സിച്ചും കൊള്ളുവാൻ വെണ്ടി ജഡത്തിലെയും ആത്മാവിലെയും
സകല കന്മഷത്തിൽ നിന്നും ഞങ്ങളെ വെടിപ്പാക്കെണമെ— ഞ
ങ്ങളെ നിന്റെ ദിവ്യപ്രതിമയാക്കി രൂപാന്തരപ്പെടുത്തി നിന്റെ
അത്യന്തജ്ഞാനത്തെ ഞങ്ങൾക്ക ഇപ്പൊൾ തന്നെ ദിവ്യജീവ
ന്റെ ഉറവാക്കി ചമെക്കെണമെ— നിണക്ക വെൎത്തിരിച്ചുള്ള
ഈ ആഴ്ചയെ സമൃദ്ധിയാക്കി അനുഗ്രഹിക്ക— ഇന്ന നിന്റെ വ
വ ചനത്തെ വായിച്ചും കെട്ടും പ്രസംഗിച്ചും കൊള്ളുന്ന എല്ലാവരിലും
നിന്റെ ആത്മാവ് കൊണ്ടെ ശക്തിയൊടെ പ്രവൃത്തിക്ക— നിന്റെ വി
ലയെറിയ സുവിശെഷത്തെ നിരസിക്കുന്നവരൊട്ടും നീ ഒൎക്കുന്നു

സ്തുതിച്ചും കൊണ്ടു — ഞങ്ങളെ നിന്റെ നാമം വിശുദ്ധീകരിക്കപ്പെടുകയും തിരുരാജ്യം പരന്നു വർദ്ധിക്കയും പലജാതിക്കാരും നിത്യരക്ഷ സാധിക്കയും ചെയ്യേണമെ — സ്വർഗ്ഗസ്ഥനായ പിതാവെ നിന്റെ പുത്രനും ഞങ്ങളുടെ കർത്താവും ആയ യെശുക്രിസ്തുനെ വിചാരിച്ചു ഞങ്ങളുടെ യാചനകളെ കെട്ടരുളെണമെ — ആമെൻ. W

൩൰

സ്വർഗ്ഗസ്ഥ പിതാവായ ദൈവമെ — ഇന്നു നിന്റെ സ്വസ്ഥനാളാകകൊണ്ടു ഞങ്ങൾ മുഴുമനസ്സോടും നിന്റെ വചനം കെട്ടും പരിഗ്രഹിച്ചും കൊണ്ടു ഈ ദിവസത്തെ വെണ്ടും വണ്ണം വിശുദ്ധീകരിപ്പാനും നിന്റെ വചനത്താൽ ഞങ്ങൾ വിശുദ്ധീകരിക്കപ്പെടുവാനും നിന്റെ നല്ല ആത്മാവെ അയച്ചു ഞങ്ങളെ പ്രകാശിപ്പിച്ചു നടത്തെണമെ — നിന്റെ വചനത്തിന്നു ശുശ്രൂഷക്കാരായവർക്കും യെശുക്രിസ്തുന്റെ സുവിശെഷത്തെ കൂട്ടില്ലാതെ വെടിപ്പായി അറിയിപ്പാനും തങ്ങളും അതിനാൽ ജീവിപ്പാനും ഇതിന്നെങ്ങിന്ന വിശുദ്ധാത്മാവിന്റെ വെളിച്ചത്തെയും ശക്തിയെയും അവൎക്കു നല്കേണമെ — ഈ ദിവസത്തിന്റെ അനുഗ്രഹങ്ങൾ എല്ലാവൎക്കും വിശെഷാൽ സങ്കടക്കാൎക്കും ഭാരം ചുമക്കുന്നവൎക്കും രൊഗികൾക്കും മരിക്കുന്നവൎക്കും വെണ്ടുവൊളം അനുഭവമാക്കെണമെ — ഞങ്ങൾ നിന്റെ പ്രിയ പുത്രനായ യെശുക്രിസ്തുവിൽ മുറ്റും ആശ്രയിച്ചും ആശ വെച്ചും കൊണ്ടു തിരുവചന പ്രകാരം നടപ്പാനും എല്ലാ ഞെരുക്കങ്ങളെയും ക്ഷമയൊടെ സഹിച്ചു ഞങ്ങളുടെ രക്ഷിതാവെ വെടിയാതെ പിഞ്ചെല്ലുവാനും പ്രയാണത്തിന്റെ ഒടുവിൽ നിന്റെ സ്വൎഗ്ഗീയ രാജ്യത്തിൽ പുക്കുവാനും നിന്റെ കരുണ ഇറക്കിതരെണമെ — ആമെൻ. W

൩൧

വിശ്വസിക്കുന്ന ഹൃദയങ്ങളെല്ലാം ശ്രെഷ്ഠ വിശ്രാമവും ദൈവ

സ്ഥാനവും ആകുന്ന ഈശൊയെ - അതുകൊണ്ടാകുന്നു ഭൊരം ഭൂമ
നം നടക്കുന്നൊരെ ഒക്കെയും എന്റെ ശാസ്ത്രകൾ വരുമ്പിൽ എ
ന്നാൽ നിങ്ങളുടെ ദൈവികതൃ വിശ്വാസം കാണ്കെത്രം എന്നുള്ള
ത് നിന്റെ വാക്കാകുന്നവല്ലൊ - അതുകൊണ്ട് ഹൃദയത്തിന്
ഈ ലൊകത്തിൽ ഒരു തൃപ്തിയും കാണാതെ ഞങ്ങൾ നിന്റെ
അടുക്കൽ ചെല്ലുന്നു - കർത്താവായ ഈശൊയെ നിന്റെ ജീവ
നാലും കഷ്ട മരണങ്ങളാലും നീ ലൊകത്തെ രക്ഷിച്ചുവല്ലൊ -
ഞങ്ങളുടെ ദൈവികൾ നിന്റെ സ്നെഹത്തിലും ആശ്വാസത്തി
ലും സമാധാനത്തിലും സ്ഥാപിതതൊട്ടുമാറാതെ ഞാനം എന്ന
ത് ഞങ്ങളുടെ യാചനതന്നെ - ഞങ്ങൾ നിന്നെ ഉള്ളവണ്ണം
അറിഞ്ഞു നിന്നെ മാത്രം വായിച്ചും നിന്നിൽ ആശ്രയിച്ചും
സ്നെഹിച്ചും കൊണ്ടിരിപ്പാൻ സംഗതി വരുത്തുക - ഒടുക്കം നിത്യ
ഭ ഞങ്ങളൊട്ട സന്തൊഷങ്ങളുടെ തൃപ്തിയും നിൻ വലതു കൈയാൽ എ
ന്നും ഭൊഗങ്ങളും ഉള്ള നിത്യസ്ഥാനത്തിലെക്ക് പ്രവെശി
പ്പിക്കയും വെണം - ആമെൻ - W

൫൦)

നിത്യതെയും ഞങ്ങൾക്കു രക്ഷയും ആശ്വാസവും ആകുന്ന
ദൈവവും പിതാവും ആയുള്ളൊവെ - വിശുദ്ധ ഭയത്തൊടെ
നിന്മുമ്പിൽ ആരാധിച്ചു കൊള്ളുവാൻ ഞങ്ങൾ നിന്റെ കരുണ
യാലെ കൂടി വന്നിരിക്കുന്നു - ഞങ്ങൾ പൊടിയും ഭസ്മവും എ
ന്നിട്ടും നിന്നൊടു പറവാൻ തുനിഞ്ഞിരിക്കുന്നു - എന്റെ മുഖ
ത്ത അന്വെഷിപ്പിൻ എന്നു നീ കല്പിക്കയാൽ ഞങ്ങൾ നി
ന്റെ മുഖത്തെ അന്വെഷിച്ചും നിന്റെ സത്യവചനത്തെ ശ്ര
ദ്ധിച്ചും ഇരിക്കുന്നു - യഹൊവയെ നിന്നെ വാഴ്ത്തുന്ന ശബ്ദം കെ
ൾപ്പിച്ചും നിന്റെ അതിശയങ്ങളെ ഒക്കെയും വർണ്ണിച്ചും പൊരുന്ന
നിന്റെ ഭവനത്തിലെ പാർപ്പു - നിന്റെ തെജസ്സിൻ വാസസ്ഥല

വും ഞങ്ങൾക്കു ഒസ്യപിക്കണം — ദൈവവും ഞങ്ങളുടെ കർത്താവും
ആയ യെശുക്രിസ്തുവിന്റെ പിതാവുമായുള്ളൊവെ നീ യാഗ്ഗുള്ളപ്പെ
ട്ടവനാക — സ്വർല്ലൊകങ്ങളിലെ സകല ആത്മിക അനുഗ്രഹങ്ങ
ളും നീ ഞങ്ങളെ ക്രിസ്തുവിൽ പങ്ങെ അനുഗ്രഹിച്ചുവന്നുവല്ലൊ —
അവറ്റിലും അവസ്ഥലവും ഇന്നും എന്നും അനുഗ്രഹിച്ചു പൊരെ
ണമെ — ഞങ്ങൾക്കു മിത്രവും ക്ഷമായകളുടെ അനുഗ്രഹമുള്ളവരാ
ക്കിയതു — ഞങ്ങളെ സകല സത്യത്തിലും നടത്തെണ്ടതിന്നു നി
ന്റെ പരിശുദ്ധാത്മാവിനെ അയക്കുക — ഞങ്ങളെ വിശ്വാസത്തി
ൽ വെരൂന്നിപ്പാൻ കരുണയായും — നിന്റെ ശ്രേഷ്ഠതയെ ഉറ
പ്പിപ്പാൻ പ്രാർത്ഥനയായും നല്ല പെരാട്ടത്തിന്നായി ബല
പ്പെടുത്തുവാൻ ശക്തിയായും — ഞങ്ങളുടെ ഹൃദയങ്ങളെയും
നിനവുകളെയും ഒത്ര ജീവകാലെക്ക് ക്രിസ്തുയെശുവിങ്കൽ കാപ്പാ
ൻ പ്രത്യാശയുടെയും സമാധാനത്തിന്റെയും ആത്മാവായും
ഇറങ്ങിവരെണമെ — ആമെൻ — W

൭(·)

സർവ്വത്തിന്നും മീതെ സ്തുതിക്കപ്പെടുന്ന കർത്താവെ നീ വിശുദ്ധലെഖ
നങ്ങൾ ഒക്കെയും എഴുതിച്ചതു ഞങ്ങളുടെ ഉപദെശത്തിന്നാകുന്നു
വല്ലൊ — അതിനെ ഞങ്ങൾ വായിച്ചും കെട്ടും ധ്യാനിച്ചും പഠിച്ചും ഹൃ
ദയങ്ങളിൽ സംഗ്രഹിച്ചും കൊള്ളുമാറാക്കെണമെ — ആയവകളെക്കൊണ്ടു
നാം തിരുവചനത്തിന്റെ ആശ്വാസത്താലും ക്ഷാന്തിയാലും നിത്യ
ജീവന്റെ ഭാഗ്യമുള്ള ആശയെ കൈക്കൊണ്ടു വിടാതെ പിടി
ച്ചുകൊൾവാൻ കൃപ ചെയ്യെണമെ — അതിനെ ഞങ്ങളുടെ ക
ർത്താവായ യെശുക്രിസ്തുമൂലം നീ സമ്മാനിച്ചുതന്നുവല്ലൊ — ആ
മെൻ — CP

൮(·)

ദിവ്യ ദൈവമെ — പിശാചിന്റെ ക്രിയകളെ അഴിപ്പാനും ഞങ്ങ

ളെ നിന്റെ മക്കളും നിത്യജീവന് അവകാശികളും ആക്കുവാനും
തന്നെ സ്തുത്യനായ നിന്റെ പുത്രൻ പ്രത്യക്ഷനായ്വന്നുവല്ലൊ-
ഈ പ്രത്യാശ ഉണ്ടായിട്ടുള്ള ഞങ്ങൾക്ക് ആയവൻ നിൎമ്മലൻ ആകുന്ന
പോലെ ഉള്ളൊ ഞങ്ങളെ നിൎമ്മലീകരിപ്പാൻ കരുണ ചെയ്യെണമെ-
-എന്നാൽ അവൻ ശക്തിയൊടും മഹാതെജസ്സൊടും തിരികെ
വന്നു വിളങ്ങുമ്പൊൾ ഞങ്ങൾ അവനൊടു സദൃശരായി അവ
ന്റെ നിത്യമുള്ള തെജൊരാജ്യത്തിൽ കൂടെ ചെൎന്നു സംഗ
തിവരികയാവു- ആയതിൽ അവൻ പിതാവെ നിന്നൊടും
വിശുദ്ധാത്മാവെ നിന്നൊടും കൂടെ ഏകദൈവമായി എന്നെക്കും
ജീവിച്ചും വാണും കൊണ്ടിരിക്കുന്നു- ആമെൻ CP

## ൬., ഉത്സവപ്രാൎത്ഥനകൾ

### ആഗമനനാൾ

൧.,

നിത്യവും സൎവ്വശക്തിയും ഉള്ള ദൈവമെ- കാല സമ്പൂൎണ്ണത വന്നെ
ടത്തു നിന്റെ ഏകജാതനായ യെശുക്രിസ്തുനെ ഞങ്ങളുടെ ഇട
യിലെക്ക് ഇറങ്ങിവരുവാൻ നീ അയച്ചതു കൊണ്ടു ഞങ്ങൾ മ
നഃപൂൎവ്വമായി സ്തുതിക്കുന്നു- ഇങ്ങനെ അവന് ജഡത്തിൽ വ
ന്നതു ഞങ്ങൾക്ക് നിത്യാശ്വാസമായിചമവാനും അവൻ ലൊക
ത്തിൽ കിഴിഞ്ഞതു അരിഷ്ടപാപികളായ ഞങ്ങളെ രക്ഷിക്കെ
ണ്ടതിന്നത്രെ എന്നു വിശ്വസിച്ചുറപ്പിപ്പാനും കരുണ ചെയ്യെ
ണമെ- വിശ്വസ്തനായ ദൈവമെ ഇന്നും കൂടെ അവൻ തിരു
വചനത്താലും വിശുദ്ധചൊല്ലുകളാലും ഞങ്ങളുടെ ഇടയിൽ വ
രുമാറാകെ- ഞങ്ങൾ നിന്റെ ശക്തിമൂലം ഈ ഹൃദയങ്ങളെ ഒ
രുക്കി അവനു നിത്യവാസസ്ഥലമാക്കെണ്ടതിന്നു സംഗതിവരുത്തു

കൊണ്ടവ്വ — അവൻ പിന്നെയും ഒട്ടുക്കത്തെ സന്ദൎശനത്തിന്നായി വരു
വാനുള്ളതിനെ ഞങ്ങൾ വാഞ്ഛിക്കയും അവൻ ന്യായവിധിക്കാ
യി ഇറങ്ങുമ്പൊൾ സന്തൊഷത്തൊടെ എതിരെല്ക്കയും നിത്യതെ
ജസ്സിന്റെ രാജ്യത്തിൽ അവനൊടുകൂടെ പ്രവെശിക്കയും ചെ
യ്യെണ്ടതിന്നു ഞങ്ങളുടെ നിനവുകളെയും ചിന്തകളെയും ഉണ
ൎത്തി ഉത്സാഹിപ്പിക്കെണമെ — നിത്യരാജ്യാവകാശമുള്ള നിണക്കും നി
ന്നൊട്ടു ഒന്നിച്ചു ജീവിച്ചും വാണുംകൊണ്ടിരിക്കുന്ന പുത്രനും ആത്മാവി
ന്നും ഇന്നുമുതൽ യുഗാദികാലത്തിലെ സകല തലമുറകളൊളവും
സഭയകത്തു തെജസ്സുണ്ടാവുതാക — ആമെൻ. W

൨൪

കനിവും വിശ്വസ്തതയും നിറഞ്ഞ ദൈവമെ — എകജാതനായ പു
ത്രനെ പഴയ നിയമത്തിലെ പിതാക്കൾക്കു വാഗ്ദത്തം ചെയ്തും വിശുദ്ധ
പ്രവാചകരെ കൊണ്ടു മുന്നറിയിച്ചും കാലസമ്പൂൎണ്ണത വന്നെടത്തു
ലൊകത്തിൽ അയച്ചും കൊണ്ടു നിന്റെ ഇഷ്ടത്തെയും ആലൊ
ചനയെയും വെളിപ്പെടുത്തി ഭൂമിയിലെ സകല ജാതികളിലും
നിന്റെ അനുഗ്രഹത്തെ വരുത്തിയതു നിമിത്തം ഞ
ങ്ങൾ സ്തൊത്രവും പുകഴ്ചയും ചൊല്ലുന്നു — അവനായി ഞങ്ങളും ഹൃ
ദയങ്ങളെ മനസ്സൊടെ തുറന്നിട്ടു അവൻ ഇങ്ങു പ്രവെശിച്ചും താ
ൻ സ്വൎഗ്ഗത്തിൽ നിന്നു കൊണ്ടുവന്ന രക്ഷാകരദാനങ്ങളൊടുംകൂടെ
ഞങ്ങളിൽ നിത്യം വസിച്ചും നിലനിന്നും കൊള്ളെണ്ടതിന്നു നിന്റെ
കൃപയെ സമൃദ്ധിയായി തരെണമെ — അവൻ തിരുവചനത്താ
ലും ആത്മാവിനാലും ഇടവിടാതെ ഞങ്ങളുടെ ഉള്ളങ്ങളൊടു പറക
യും പാപങ്ങളുടെ അധികാരത്തെ ഞങ്ങളിൽ സംഹരിക്കയും നി
റവു വന്നുള്ള തിരുമാൎഗ്ഗക്കാരുടെ കൂട്ടത്തിൽ ഞങ്ങളെ ചെൎക്കയും ചെ
യ്യെണമെ — നിന്റെ വിശ്വാസ്യതെക്കു തക്കവണ്ണം ഞങ്ങളെ അ
വസാനം വരെയും ഉറപ്പിച്ചു കാത്തു ഞങ്ങളുടെ കൎത്താവായ യെ

ക്രിസ്തുവിന്റെ നാമത്തിൽ കുറ്റം ക്ഷമിക്കപ്പെട്ടവരായിത്തീരണമെ-
ആമ്മെൻ- W

## തിരുജനനനാൾ

സ്വർഗ്ഗസ്ഥപിതാവും കർത്താവുമായ ദൈവമെ- നീ അനാദിയായിട്ടു
നിന്റെ ഏകജാതനെ ഞങ്ങളുടെ രക്ഷക്കായി നിശ്ചയിച്ചു കാ
ലസമ്പൂർണ്ണതയിൽ മനുഷ്യനായി പിറപ്പിച്ചതുകൊണ്ടു ഞ
ങ്ങൾ ഹൃദയത്തിൽ നിന്നു സ്തുതിയും പുകഴ്ചയും ചൊല്ലുന്നു- നി
ന്റെ കരുണാധനം ഹേതുവായി നീ അവനെ ഇന്നദിവസത്തി
ൽ സമ്പാദിച്ചതു ഉപദിഷ്ടമായ പിറപ്പിലെ കെടുതൽ ഒഴിവാ
ക്കി ഞങ്ങൾ ധർമ്മത്തിന്റെ ശാപത്തിൽ നിന്നും പാപമരണങ്ങളു
ടെ അധികാരത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടു നിന്റെ മക്കളും
സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളും ആയ്തീരേണ്ടതിന്നത്രെ-
കനിവുള്ള പിതാവെ നിന്റെ പ്രിയപുത്രന്റെ വിശുദ്ധമുള്ള അ
വതാരത്താൽ ഞങ്ങൾ എല്ലാവരും ആശ്വസിച്ചും ആനന്ദിച്ചും
കൊള്ളുവാൻ ദയ ചെയ്തു ഞങ്ങളെ ആരക്ഷിതാവിന്റെ അടിയിൽ
വെച്ചു നിത്യം ഉറപ്പിക്കയും ചെയ്യേണമെന്നു അപേക്ഷിക്കുന്നു-
ആത്മാവിൽ നിന്നു ഞങ്ങൾ പിന്നെയും ജനിച്ചിട്ടു അനുസരണമുള്ള
മക്കളായി നിന്നെ എന്നേക്കും ജീവിച്ചും സേവിച്ചും കൊണ്ടു ഒടുക്കം എ
ല്ലാസ്തുതന്മാരോടും തിരഞ്ഞെടുത്ത കൂട്ടത്തോടും ഒന്നിച്ചു നിന്നെ
എന്നും സ്തുതിച്ചും പുകഴ്ത്തും പോരേണ്ടതിന്നു കൃപ ചെയ്യേണമെ-
ആമ്മെൻ- W

൨൧

ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായി സർവ്വശക്തി
യുള്ള ദൈവമെ- നിന്തിരുനാമത്തിന്നു എന്നും സ്തോത്രം ഭവിക്കു
മാറാക- നീ ഞങ്ങളെ ഉളട്ടു ഉപദേശം ചെയ്യേണ്ടുവാൻ ഞങ്ങൾ ...

ഞങ്ങൾക്കല്ലൊ കൎത്താവാകുന്ന ക്രിസ്തൻ എന്ന രക്ഷിതാവ് ഇന്നുജനിച്ചി
രിക്കുന്നു — ഇപ്രകാരം നീ ഞങ്ങളെ സ്നെഹിച്ചു പ്രിയപുത്രനെ ഞങ്ങൾ
അവന്മൂലം ജീവിക്കെണ്ടതിന്നു ഇഹലൊകത്തിൽ അയച്ചിരിക്കയാ
ൽ ഞങ്ങൾ പൂൎണ്ണമനസ്സൊടെ സ്തുതിക്കുന്നു — കൎത്താവായ യെശുവെ നി
ന്നക്കു സ്തൊത്രവും നമസ്കാരവും ഉണ്ടാവുമാറാക — ഞങ്ങൾ ദൈവപുത്രർ
ആകെണ്ടതിന്നു നീ മനുഷ്യപുത്രനാകുന്നു — നിന്റെ ദാരിദ്ര്യത്താ
ൽ ഞങ്ങൾ സമ്പന്നർ ആകെണ്ടതിന്നു നീ ദരിദ്രനാകുന്നു — നിന്നാ
ൽ ഞങ്ങൾ ദൈവസാദൃശ്യമാകി പുതുക്കപ്പെടെണ്ടതിന്നു നീ ദാസരൂ
പം എടുത്തു കിഴിഞ്ഞുവന്നു — ഞങ്ങൾ എല്ലാവരും അന്ധകാരത്തിലും
മരണനിഴലിലും ഇരുന്നു നീയൊ ദൈവത്തിന്റെ കരൾ അലിയുന്ന
കനിവിനെ ഞങ്ങളിൽ ആക്കി സമാധാന സന്തൊഷങ്ങളെ ഉ
റക്കി ഞങ്ങളും നിന്റെ നിറവിൽ നിന്നു കൃപെക്കു വെണ്ടി കൃപയെ
കൈക്കൊള്ളുന്നു — അതുകൊണ്ടു ഞങ്ങളുടെ ദെഹി ഉല്ലസിച്ചു ദൈവ
ത്തിൻ അത്യുന്നതങ്ങളിൽ തെജസ്സും ഭൂമിയിൽ സമാധാനവും മനു
ഷ്യരിൽ പ്രസാദവും ഉണ്ടെന്നു സ്തുതിക്കുന്നു —

ഹാ ഞങ്ങളുടെ കൎത്താവും രക്ഷിതാവും ആയ യെശുവെ — നി
ന്നെ കാംക്ഷിക്കുന്ന ഈ ഹൃദയങ്ങളിൽ അരുളുക നിന്റെ സ്വൎഗ്ഗീ
യവരങ്ങളെല്ലാം ഞങ്ങളിൽ നിറെക്കെണമെ — നിന്റെ ആത്മാ
വിനെകൊണ്ടു ഞങ്ങളെ നടത്തുക — നിന്റെ കൃപകൊണ്ടു പാപവ്യാധി
കളെ ശമിപ്പിച്ചു ഭെദം വരുത്തുക — വിശ്വസ്തനായ പ്രാണകൎത്താവെ
സകല ദുഃഖത്തിലും ആശ്വാസവും — എല്ലാ ഞെരുക്കത്തിലും സഹായ
വും — ഈ ദുഷ്ടലൊകത്തിലെ പരീക്ഷകളിൽ ശക്തിയും — ഒടുക്കത്തെ
പൊരാട്ടത്തിൽ ധന്യമായ പ്രത്യാശയും നല്കെണമെ — യെശുവെ
ഞങ്ങളെ കനിഞ്ഞുകൊണ്ടു നിന്റെ സമാധാനം തരികെ ആവൂ —
ആമെൻ. W

ആണ്ടുപിറപ്പു

സ്വൎഗ്ഗസ്ഥപിതാവായ ദൈവമെ നിന്റെ പ്രിയപുത്രനെ ഈ ലോക
ത്തിൽ അയച്ചു അവനെ പരിശുദ്ധനകൊണ്ട സ്വവംശത്തി
ന്റെ സഭയോട ചെൎക്കുന്ന ദിവസം ആദിയില കയറിയ യെശുനാമം
വിളിപ്പിച്ചതുകൊണ്ട ഞങ്ങൾ സ്തൊത്രം ചൊല്ലുന്നു- നീ വിശ്വാ
സിക്കുമത്തൊ ഒത്ത അബ്രഹാം വംശത്തിൽ ഭൂജാതികൾക്കെല്ലാം
അനുഗ്രഹം വരെണം എന്നുള്ള വാഗ്ദത്തത്തിന്ന നിവൃത്തിവരു
ത്തിയിരിക്കുന്നു- അതുകൊണ്ട നിന്റെ ശെഷം വാഗ്ദത്തങ്ങ
ളും എല്ലാം ക്രിസ്തുയെശുവിൽ ഉവ്വ എന്നും ആമെൻ എന്നും വ
രെണ്ടതാകുന്നു- അവന്റെ രക്തത്തിൽ വിളങ്ങിയതിനാലും യെ
ശു എന്ന നാമത്തിന്റെ ശക്തിയാലും ഞങ്ങൾക്കു സ്ഥിരവിശ്വാസം
മൂലമായി നിത്യമുള്ള ആശ്വാസവും പഴയമനുഷ്യനെ വിഴുങ്ങു
ന്നതിനാൽ പുതിയ വൎഷത്തിന്ന നല്ലൊരാരംഭവും നിന്റെ ദയ
യുള്ള പരിപാലനത്തിനാൽ സമാധാനമുള്ള അവസാനവും വ
രെണ്ടതിന്ന വിശുദ്ധാത്മാവ കൊണ്ട ഞങ്ങളിൽ വ്യാപരിക്കെ
ണം എന്ന വളരെ യാചിക്കുന്നു- യഹൊവെ ഞങ്ങളുടെ വര
വും പൊക്കും ഇന്നു മുതൽ എന്നെക്കും കാത്തരുളെണമെ-
ആമെൻ- W

൯൦

കൎത്താവെ- നീ തലമുറ തലമുറയായിട്ട ഞങ്ങൾക്കു ശരണമായി
രിക്കുന്നു- മലകൾ ജനിച്ചതിന്നും നീ ഭൂമിയെയും ഉലകിനെയും
നിൎമ്മിച്ചതിന്നും മുമ്പെ യുഗം മുതൽ യുഗത്തൊളവും ദെവനെ നീ
ഉണ്ടു- ഞങ്ങൾ ഇന്നലെ തുടങ്ങി പൊയിക്കും ഭസ്മവും ആകുന്നു-
ഞങ്ങളുടെ ആയുസ്സ നിന്റെ മുമ്പാകെ ഇല്ലാത്തതു പൊലെ
തന്നെ- നീയൊ അനന്യനത്രെ നിന്റെ ആണ്ടുകൾക്ക ഒടുക്കവും
ഇല്ല- ഞങ്ങൾ പാപികൾ ആകുന്ന ഞങ്ങളുടെ ദ്രൊഹം നിന്റെ മു
മ്പിൽ വെളിപ്പെട്ടിരിക്കുന്നു- നീയൊ യഹൊവെ ഞങ്ങളുടെ

പിതാവെ- ഞങ്ങളുടെ ജീവനെട്ടുള്ളുകാരൻ എന്നതു ആരംഭത്തിൽ നിന്റെ
പെർതന്നെ- നിന്റെ മഹാക്രിയകളെ പറവാനും നിന്റെ സ്തുതി
പത്തികളെ ഒക്കെയും വർണ്ണിപ്പാനും ആർ പോരും- ഞങ്ങളിൽ ചെ
ചെയ്യുന്ന ഉപകാരങ്ങൾക്കു എല്ലാം ആർ പകരം ചെയ്യും- നിൻദയ എ
ത്ര വിലയെറിയതു ദൈവമെ മനുഷ്യപുത്രർ നിന്റെ ചിറകുക
ളുടെ നിഴലിൽ ആശ്രയിച്ചും കൊള്ളുന്നു- ഞങ്ങൾക്കു എന്നും
തുണയും തണലും ആകകൊണ്ടു കരുണയാലെ ഞങ്ങളിൽ ഉദി
ച്ച വർഷത്തിന്റെ ആരംഭത്തിൽ ഞങ്ങളുടെ ആത്മാവ നി
ന്നെ അന്വെഷിക്കുന്നു- ഞങ്ങൾക്ക ഇനി ഉണ്ടാകുന്ന ദിവ
സങ്ങൾ നിന്റെ പുസ്തകത്തിൽ എഴുതി കിടക്കുന്നു- അവ ഒക്കെ
കളിൽ ഞങ്ങൾ ജീവനും ജഡവും ദെഹിയും ആത്മാവും എല്ലാം
ഭരമെല്പിക്കുന്നു- നിന്റെ ഏകജാതനായ യെശുക്രിസ്തനെ ഇന്നും
ഞങ്ങളുടെ ഹൃദയങ്ങളിൽ പുത്തനായി ഉദിപ്പിക്കെണമെ- അവ
നല്ലൊ വെളിച്ചവും ജീവനും വരുത്തുന്ന നീതിസൂര്യനായി ഉദി
ച്ചു- ഞങ്ങൾ കാലിടറാതെ നെരുള്ള ചാലിൽ ക്രമമായി നടക്കെ
ണ്ടതിന്ന പരിശുദ്ധാത്മാവിനെ ഞങ്ങളുടെ പ്രയാണത്തിൽ വഴി
കാട്ടിയാക്കിത്തരെണമെ- ഉറക്കവും ക്ഷീണവും വരാത്ത ഇസ്ര
യെലിൻ കാവലാളനെ നിന്റെ സർവ്വശക്തിയുള്ള പരിപാല
നത്തിൽ ഞങ്ങളെയും ചെർത്തുകൊണ്ടു എല്ലാ വഴികളിലും ഞങ്ങ
ളുടെ ജീവനും വെളിച്ചവും ഉറക്കമായിരിക്കെണമെ- ഇത്ര ദൈ
വമെ ഞങ്ങളെ കൈവിടൊല്ലാ നിന്റെ രക്ഷയെ ഞങ്ങൾ കാ
ത്തിരിക്കുന്നു- അല്ലയൊ യഹോവെ രക്ഷിക്കെണമെ- അല്ലയൊ
യഹോവെ സാധിപ്പിക്കെണമെ (സങ്കീ. ൧൧൮) ആ
മെൻ. W.

## പ്രകാശനദിനം

വെളിച്ചങ്ങളുടെ പിതാവായുള്ളൊവെ ഇരുളിലും മരണനിഴലി-
ലും ഇരിക്കുന്നവൎക്ക വിളങ്ങി ഞങ്ങളുടെ കാലുകളെ സമാധാനവ-
ഴിയിൽ നടത്തെണ്ടതിന്നു ഉയരത്തിൽ നിന്ന അരുണൊദയം ഞ-
ങ്ങളെ ദൎശിച്ചു വന്ന നിന്റെ കരുണയിൻ കനിവിനെ ഞങ്ങൾ വാ-
ഴ്ത്തി സ്തുതിക്കുന്നു — ഞങ്ങളുടെ സമാധാനമായ ക്രിസ്തുവിൽ നിന്റെ
കരുണയാൽ ലഭിച്ചിരിക്കുന്നു — നിന്റെ ബഹു പ്രിയമായ ജ്ഞാ-
നവും ദയയും ആകുന്ന നിക്ഷെപം അറിയാക്കുറെണ്ടുന്നൊരു
സഭയെ അവൻ ഭൂമിയിലെ വംശങ്ങളിൽ നിന്നു തനിക്ക ചെ-
ൎത്തിരിക്കുന്നു — കനിവുള്ള പിതാവെ ഞങ്ങൾ നിന്റെ ജന-
വും നിന്റെ മക്കളും എന്ന നാമം പ്രാപിച്ചുള്ള അവാച്യമായ
ഉപകാരത്തിന്ന സ്തൊത്രം തന്നെ ചൊല്ലുന്നു — നിന്റെ വാത്സല്യം
ഉദിച്ചു വന്നിട്ടുള്ള നിന്റെ ഏകജാതനു സ്തുതിയും ആരാധന-
യും ആകുന്ന സത്യ ബലികളെ കഴിപ്പാൻ ഞങ്ങളെ സമൎത്ഥ-
രാക്കെണമെ — ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും
ആത്മാവിനെ നല്കി നിന്നെ അറിയുമാറാക്കി ഞങ്ങളുടെ ഹൃ-
ദയക്കണ്ണുകളെ പ്രകാശിപ്പിച്ചിട്ടു വിശുദ്ധരിൽ നിന്റെ വി-
ളിയാലുള്ള ആശ ഇന്നത് എന്നും നിന്റെ കരുണയുടെ അ-
ത്യന്ത ധനം ഇന്നതെന്നും ഗ്രഹിപ്പിക്കെണമെ — നിന്റെ രാ-
ജ്യം എത്രയും വരുത്തിയൊന്നു ഭൂമിയുടെ അററങ്ങളിലെ ജാ-
തികൾ നിന്റെ വെളിച്ചം കണ്ടു അവൎക്ക മെൽ ഉദിക്കുന്നവൊ-
ദയാൽ ആനന്ദിപ്പാൻ ദയ ചെയ്യെണമെ — നിന്റെ കൃപയു-
ടെ ആധിക്യവും ലഭിച്ചുള്ള ഞങ്ങളെ വിശുദ്ധാത്മാവിനാൽ നട-
ത്തി വെളിച്ചമക്കളാക്കി നിന്റെ പ്രകാശത്തിൽ സഞ്ചരിക്കുമാ-
റാക്കി ഇരുട്ടിന്റെ നിഷ്ഫലക്രിയകളെ വെറുപ്പിക്കെണമെ — ഒ-
ടുക്കം ഞങ്ങളെ നിന്റെ സിംഹാസനത്തെ ചുഴുന്ന വെളിച്ചത്തി-
ൽ കടത്തി യെശുക്രിസ്തുവിന്റെ മുഖത്തിൽ നിൻ തെജസ്സെ കാ-

൰൫—

ങ്ങക്കും എന്നെന്നെക്കും നിന്നെ സ്തുതിക്കയും ചെയ്യുമാറാകെ
ണമെ— ആമെൻ W

൰൬—

സത്യ ദൈവമെ നല്ല ദാനവും തികഞ്ഞവരവും എല്ലാം ഇറങ്ങി
വരുന്ന വെളിച്ചങ്ങളുടെ പിതാവായുള്ളൊവെ— നിന്റെ ഏക
ജാതനായ യെശു ക്രീസ്തുൻ എന്ന കർത്താവിനെ മനുഷ്യരുടെ സ
ത്യവെളിച്ചമാക്കി ഇലൊകത്തിൽ അയച്ചു അവന്മൂലം എല്ലാവം
ശങ്ങൾക്കും നിന്നെ വെളിപ്പെടുത്തി വിശുദ്ധസുവിശെഷത്താൽ
ഞങ്ങളെക്കും ഇരിട്ടിൽനിന്ന നിന്റെ അത്ഭുതപ്രകാശത്തി
ലെക്ക വിളിച്ചകാരണത്താൽ ഞങ്ങൾ സ്തുതിക്കുന്നു— ഇതിമെ
ലാൽ ദയചെയ്തു ആദിത്യ വെളിച്ചത്തെ ഞങ്ങളിൽ വിളങ്ങി
ക്കയല്ലാതെ ഇഹലൊകത്തിന്റെ ഇരിട്ടിനെ സത്യത്തിന്റെ വിശ്വ
സ്സ സാക്ഷികളെകൊണ്ടു പ്രകാശിപ്പിക്കയും എല്ലാകണ്ണുകൾക്കും
നിന്നെയും നീ അയച്ച പുത്രനായ യെശുവിനെയും തെളിയി
ക്കയും ചെയ്യെണമെ— സകല ജാതിക്കളിലും നിൻ ആത്മാ
വിനെ പകർന്ന് തിരുവചനത്തിന്ന വഴിയും വാതിലും തുറന്ന അ
തിനാൽ എല്ലാടത്തും ഹൃദയങ്ങളെ പുതുക്കി ശുദ്ധികരിച്ചു തന്നെഷ്ടി
ഷ്ഠരാക്കിച്ചു പൊരെണമെ—

മനസ്സലിവിൻ പിതാവെ നിന്റെ വലിയ കൊയ്ത്തിന്നായി
പ്രവൃത്തിക്കാരെ വിളിച്ചുദിപ്പിച്ചു ദൂതരെ അയച്ചു ജാതികളെ
ഇരിട്ടിൽ നിന്ന നിന്റെ വെളിച്ചത്തിലെക്ക തിരിപ്പിക്കെണ
മെ— നിന്റെ ദാസന്മാർക്ക എല്ലാപൊരാട്ടത്തിലും ധൈര്യം ക്രൂശി
സകലഭയത്തിലും താങ്ങി അവരുടെ വചനത്തിന്മെൽ നിന്റെ
ശക്തിയെ ഇറക്കി പാർപ്പിച്ചു ഇങ്ങനെ അവരുടെ കൃത്യത്തിൽ നി
യെ ക്രൂശെ പുറപ്പെട്ടു ബിംബാരാധനകളെ മുടിച്ചുകളയെണമെ—
എന്നാൽ ജാതികൾ നിനക്കു തെജസ്സ് കൊടുക്കയും കൃപയിൽ പുക

ത്തും രാജ്യങ്ങളും നിന്റെ കീൎത്തിയെ വരുത്തുകയും കാത്തോലിക്കാ
വെ നിന്റെ രാജ്യം വരികയും നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെ പൊ
ലെ ഭൂമിയിലും നടക്കയും ചെയ്യുമാറാകെണമെ—ആമെൻ. W

## തിരുവെള്ളിയാഴ്ച

ദൈവത്തിൻ കുഞ്ഞാടായുള്ള യെശുക്രിസ്തുവെ—നീ ലോകത്തി
ന്റെ പാപം ചുമന്നെടുത്ത തിരുകഷ്ടമരണങ്ങളാൽ ഞങ്ങൾക്കു
വെണ്ടി പ്രായശ്ചിത്ത ബലിയായി ചമകകൊണ്ടു ഞങ്ങൾ മനൊവ്യസ
ടെ സ്തുതിക്കുന്നു—നീ പാപികളുടെ കൈകളിൽ നിന്നെ തന്നെ ഏല്പി
ച്ചു ഞങ്ങൾക്കുവെണ്ടി പരിഹാസവും തല്ലും തുപ്പും മുൾമുടിയും കുരിശിലെ
ദണ്ഡവും അത്യാസന്ന യാതനയും അനുഭവിച്ചുവല്ലൊ—ആയതി
ന്റെ കഷ്ടതയും മരണവും ഞങ്ങൾ ധ്യാനിച്ചു പാൎത്തുകൊണ്ടു ഉ
ള്ളിൽ താഴ്മപ്പെട്ടും എല്ലാ പരീക്ഷകളിലും ഉറന്നിതിന്നും പാപ
ത്തെയും ലൊകത്തെയും ജയിക്കുന്നതിൽ ഉറെച്ചും ജീവനിലും
മരണത്തിലും ആശ്വസിച്ചും കൊണ്ടിരിപ്പാൻ കരുണ ചെയ്യെണ
മെ—പ്രിയ രക്ഷിതാവെ നിന്റെ കാൽ വടുക്കളിൽ പിൻ ചെല്ലു
വാനായിട്ടു ഞങ്ങൾക്കു ഒരു പ്രമാണം വെച്ചുവിട്ടിരിക്കുന്നു—വി
ശ്വാസത്തിന്റെ നായകനും തികവുവരുത്തുന്നവനും ആയവ
നെ ഞങ്ങൾ നൊക്കികൊണ്ടു ഞങ്ങൾക്കു മുൻകിടക്കുന്ന പൊർ
പൊരാട്ടലെ ക്ഷാന്തിയൊടെ കഴിച്ചൊട്ടുവാനും ദെഹികളുടെ രക്ഷ
യാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പാനും നിന്റെ
ചാഞ്ഞുമുടിയാത്ത സ്നെഹത്തിന്നായി എന്നും സ്തുതിച്ചു വാഴ്ത്തുവാ
നും കരുണ ചെയ്തു രക്ഷിക്കെണമെ—ആമെൻ. W

൮.

സൎവ്വവാൻ യെശുവെ നീ ഞങ്ങളുടെ ജഡരക്തങ്ങൾക്കു ഒട്ടുത്ത മരണത്തി
ൻ നിന്നെ ബലിയായി ഏല്പിച്ചു തിരുമരണത്താൽ നീ മരണ

ഭീതിയാൽ ജീവപൎയ്യന്തം ദാസ്യത്തിൽ ഉൾപ്പെട്ട ഞങ്ങളെ ഉദ്ധരിച്ച
തുകൊണ്ട ഞങ്ങൾ പൂൎണ്ണമനസ്സോടെ വന്ദനയും സ്തോത്രവും ചൊ
ല്ലുന്നു— ഞങ്ങൾ ഈ നിന്റെ മരണത്തിന്റെ കൂട്ടായ്മയാൽ ഞ
ങ്ങൾക്കും പാപത്തിന്നും മരിച്ചു മേലാൽ നിന്നോട് ഒന്നിച്ചു ജീവ
ന്റെ പുതുമത്തിൽ നടക്കേണ്ടതിന്നു കരുണ ചെയ്യുമാറാകേണമെ-
-മരണനേരത്തിലും ഞങ്ങൾ നിന്റെ വിലയേറിയ പുണ്യത്തിൽ
ആശ്രയിച്ചു സന്തോഷിപ്പാനും താഴ്മയോടെ അപേക്ഷിക്കു
ന്നു— അന്നു ഞങ്ങളുടെ ദേഹികളെ തിരുക്കൈകളിൽ ചേൎത്തു
കൊള്ളേണമെ-- വിശ്വസ്തരക്ഷിതാവായ യേശുവെ നീ ഞങ്ങ
ളെ വീണ്ടെടുത്തിരിക്കുന്നുവല്ലൊ— ആമെൻ W

൩൨

ഞങ്ങളുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പിതാവായുള്ളോ
വെ— ഞങ്ങൾക്ക് വേണ്ടി തിരുകുമാരനെ മരണത്തിൽ ഏല്പി
ച്ചുകൊടുത്തു അവനിൽ വിശ്വസിക്കുന്നവർ എല്ലാം നശിക്കാ
തെ നിത്യജീവനുള്ളവനാവാൻ സംഗതിവരുത്തുകയാൽ ഞങ്ങ
ൾ സ്തുതി ചൊല്ലുന്നു— ഞങ്ങൾക്കു സമാധാനം വരുന്നതിന്നായി ശിക്ഷ
അവന്മേൽ ആക്കി അവന്റെ അടിപ്പിണരാൽ ഞങ്ങൾ സൌ
ഖ്യപ്പെട്ടിരിക്കുന്നു— മനസ്സലിവിൻ പിതാവെ പാപത്തിൻ കറപ
റ്റിട്ടുള്ള ഞങ്ങളുടെ സ്വഭാവരൂപത്തിലല്ല നിന്റെ പ്രേമമുള്ള
പുത്രരൂപത്തിൽ അത്രെ ഞങ്ങളെ നോക്കി അവൻ ഗത്സെ
മനിലും ഗോല്ഗഥായിലും വെച്ചു ഞങ്ങൾക്കു വേണ്ടി കഴിച്ചിട്ടുള്ള നിര
പ്പിൻ ബലിയെ വിചാരിച്ചു എണ്ണിത്തീരാത്ത വങ്കടത്തെ ക്ഷമി
ച്ചു ഞങ്ങളെ കൈക്കൊള്ളേണമെ-

നീയോ പ്രിയ യേശുവെ നിന്റെ അഗാധസ്നേഹത്തെ
[illegible] ഉണൎന്ന ഹൃദയങ്ങളിൽ
നിന്റെ പ്രേമമാകുന്ന ജ്വാലയെ കത്തിച്ചു മരണപൎയ്യന്തം സ്നേ

ഷിച്ചുള്ള തിരുസന്നിധിയിതെ ഉററുനൊക്കിപ്പാറാകെണമെ-
നിന്റെ കഷ്ടങ്ങളെ അനുതാപമുള്ള ഹൃദയത്തൊടും ജീവനുള്ള
വിശ്വാസത്തൊടും നൊക്കി കണ്ടുകൊള്ളുവാൻ കരുണചെയ്യെണ
മെ- ഞങ്ങളുടെ നെരെ വരായങ്ങൾ ഏഴുന്നീററു നിന്റെ കല്പനകളും
സ്വന്ത മനസ്സാക്ഷിയും കുററം ചുമത്തി ശപിക്കുമ്പൊഴും നിന്റെ
ക്രൂശിന്റെ ചുവട്ടിൽ ഞങ്ങൾക്കു ശരണം നല്കെണമെ- സ്വർഗ്ഗങ്ങ
ളിൽ കടന്ന മഹാ പുരൊഹിതനെ പണ്ട പ്രാർത്ഥിച്ചതുപൊലെ
പിതാവെ ഇവർക്കു ക്ഷമിച്ചു വിടെണമെ എന്നു ഞങ്ങൾക്കു വെ
ണ്ടി വിടാതെ പ്രാർത്ഥിച്ചുകൊണ്ടു മദ്ധ്യസ്ഥം ചെയ്തു വരെണ
മെ-

വിശ്വസ്ത രക്ഷിതാവെ നിന്റെ മരണത്തിന്റെ ശക്തി
യെ ഞങ്ങളിൽ നടത്തി ഞങ്ങൾ പാപത്തെ പകെച്ചു വെറുത്തു
ജഡത്തെ അതിന്റെ രാഗമൊഹങ്ങളൊടും ക്രൂശിച്ചു ഇഹലൊക
ത്തിൽ നിനക്കായി മാത്രം ജീവിച്ചിരിക്കുമാറാകെണമെ- നി
ന്റെ കഷ്ടങ്ങളുടെ കൂട്ടായ്മയിൽ ഞങ്ങളെ നടത്തുവാൻ തൊ
ന്നിയാൽ ഞങ്ങൾ നിന്നൊട ഒന്നിച്ചു സ്ഥിരപ്പെട്ടു സഹിപ്പാനും
ഒടുക്കം നിന്റെ തെജസ്സിൽ കൂടി വാഴുവാനും വരം നല്കി രക്ഷി
ക്കെണമെ- ആമെൻ **b s. w.**

## പുനരുത്ഥാനനാൾ

മഹാരക്ഷിതാവായ യെശുക്രിസ്തനെ തിരുനാമത്തിന്റെ തെജ
സ്സിന്നായും എല്ലാ വിശ്വാസികളുടെ ആശ്വാസത്തിന്നായും നീ ജ
യം കൊണ്ടു ശവക്കുഴിയെ വിട്ടുവരികയാൽ നിനക്കു സ്തൊത്രം-
നിന്റെ ബഹുമാനത്തിന്നായുള്ള ഈ പെരുനാളിൽ നിന്നെ
ശ്ലാഘ്യമാം വണ്ണം പുകഴുന്നത് എങ്ങനെ- ഞങ്ങൾ വിശ്വസിച്ചവ
ൻ ഇന്നവൻ എന്നു നിന്റെ ജയം തെളിവാക്കിട്ടു അറിഞ്ഞു

വന്നു— ഞങ്ങളെയും അന്നൊൾ വരെയും കാത്തുകൊൾവാൻ നീ ശക്തൻ എന്നതും സ്പഷ്ടം തന്നെ— നീ ന്യായവിധിയിൽ നിന്നു എടുക്കപ്പെട്ടിനാൽ ഞങ്ങളുടെ മെൽ ഇരുന്ന ശിക്ഷാശാപം എല്ലാം നീങ്ങിപൊയല്ലൊ— നിന്നൊടുകൂടെ ജീവന്റെ പുത്രത്വത്തിന്നായി ഞങ്ങൾ എഴുനീറ്റാൽ തന്നെ— ഹാ യെശു കൎത്താവെ നീ പുനരുത്ഥാനവും ജീവനും ആകുന്നു എന്നിട്ടു നിന്നെ വിശ്വസിച്ചാശ്രയിക്കുന്ന ഞങ്ങളിലും ജീവിപ്പിക്കെണമെ— നിന്റെ വിശുദ്ധാത്മാവിൻ ശക്തികൊണ്ടു ഞങ്ങളെ പാപനിദ്രയിൽ നിന്നു ഉണൎത്തി ഈ മരണശരീരത്തിൽ നിറയുന്ന ദുൎമ്മൊഹത്തെ തീരെ കൊന്നു സത്യമാനസാന്തരത്താലും നിൎവ്യാജമായ വിശ്വാസത്താലും ജീവന്റെ പുത്രത്വത്തിൽ നിന്തിരുമുമ്പിൽ നടപ്പാറാക്കെണമെ— ഊറ്റമുള്ള വീര ഞങ്ങളിലുള്ള ലൊകത്തെ ജയിച്ചടക്കി വാഗ്ദത്തപ്രകാരം ചെറിയ ആട്ടിൻകൂട്ടത്തിന്റെ നടുവിൽ പാൎത്തുകൊണ്ടു സമാധാനം ബലം ജയം ആശ്വാസം ആനന്ദം തുടങ്ങിയുള്ള സ്വൎഗ്ഗീയ നന്മകൾ എല്ലാം മറഞ്ഞുകിടക്കുന്ന നിന്റെ അത്ഭുതമായ ജീവനെ ഞങ്ങളിൽ നിറെച്ചു തരെണമെ—

ഞങ്ങളുടെ ശിരസ്സായ യെശുവെ നീ വിളങ്ങിവരുമ്പൊഴെക്കു ഞങ്ങളും നിന്നൊടുകൂടെ തെജസ്സിൽ വിളങ്ങും— ഈ ക്ഷയമുള്ളതു അക്ഷയത്തെയും ഈ ചാകുന്നതു ചാകായ്മയെയും ധരിക്കുമല്ലൊ— ഇപ്പൊൾ പൊരുതു ഞെരുങ്ങി വലഞ്ഞവർ എങ്കിലും നിന്റെ പുനരുത്ഥാനത്തിൽ ആശ്രയിച്ചുറങ്ങുന്നവർ എല്ലാം അന്നു ഒരുമിച്ചു സ്തുതിപ്പിതു— ഹെ മരണമെ നിൻ വിഷമുൾ എവിടെ പാതാളമെ നിൻ ജയം എവിടെ— നമ്മുടെ കൎത്താവായ യെശുക്രിസ്തുനെകൊണ്ടു നമുക്കു ജയത്തെ നല്കുന്ന ദൈവത്തിന്നു സ്തൊത്രം— ആമെൻ. W

൮.

യെശുക്രിസ്തന്നും ഞങ്ങൾക്കും പിതാവും ദൈവവുമായുള്ളൊവെ
നീ പ്രിയപുത്രനെ മരിച്ചവരിൽ നിന്നു ഉണർത്തി തെജസ്സും
മാനവും അണിയിച്ചു സ്വർല്ലൊകങ്ങളിൽ നിന്റെ വലഭാഗത്തു
ഇരുത്തി സഭെക്ക എന്നും ശിരസ്സും ഭർത്താവുമാക്കി വെച്ചതുകൊ
ണ്ടു ഞങ്ങൾ വാഴ്ത്തി സ്തുതിക്കുന്നു — ക്രിസ്തുയെശുവിൽ നീ ഞങ്ങളെ
കുറ്റപ്പിഴ പാപങ്ങളിൽ മരിച്ചവരായപ്പൊൾ അവനൊടു കൂ
ടെ ഉയിർപ്പിച്ചുണർത്തി സ്വർല്ലൊകങ്ങളിൽ കൂടെ ഇരുത്തുകയും ചെ
യ്തു നിന്റെ മഹാവാത്സല്യത്തിന്നു സ്തൊത്രം — കർത്താവായ യെ
ശുവെ നീ മരിച്ചവനായി ഇനി യുഗാദിയുഗങ്ങളൊളവും ജീവി
ച്ചിരിക്കുന്നവനാകയാൽ നിണക്കു സ്തൊത്രവും വന്ദനവും ഉണ്ടാ
ക — ഞാൻ ജീവിച്ചിരിക്കുന്നു നിങ്ങളും ജീവിച്ചിരിക്കും എന്നു ഞ
ങ്ങളൊടു അരുളിച്ചെയ്കയാൽ നിന്നൊടു കൂടെ ഞങ്ങളെ സത്യജീ
വനും മഹാഭാഗ്യത്തിന്നും നിന്റെ മരണത്തിന്റെ വില ഏറിയ
ഫലങ്ങൾക്കും പങ്കാളികളാക്കി തീർക്കുന്നു — ഇനി ഞങ്ങൾക്കായിത്ത
ന്നെ അല്ല ഞങ്ങൾക്കു വെണ്ടി മരിച്ചു ഉയിർത്ത് എഴുനീറ്റവനാ
യിട്ടത്രെ ജീവിക്കെണ്ടതിന്നു ഞങ്ങളിൽ വ്യാപരിക്കെണ
മെ — ഉറങ്ങുന്നവനെ ഉണർന്നു മരിച്ചവരിൽ നിന്നു എഴുനീല്ക്ക എ
ന്നാൽ ക്രിസ്തൻ നിണക്കു ഉദിക്കും എന്നുള്ള കരുണാശ
ബ്ദത്തെ എല്ലാ മനുഷ്യരൊടും എത്തിച്ചരുളെണമെ — പ്രിയപി
താവെ — ആടുകളുടെ വലിയ ഇടയനായ ഞങ്ങളുടെ കർത്താ
വായ യെശുവെ നിത്യനിയമത്തിന്റെ രക്തത്താൽ മരിച്ച
വരിൽ നിന്നു മടക്കി വരുത്തിയ സമാധാനത്തിന്റെ ദൈവമാ
യുള്ളൊവെ — നിന്റെ ഇഷ്ടം ചെയ്വാന്തക്കവണ്ണം ഞങ്ങളെ സ
കല സല്ക്രിയയിലും യഥാസ്ഥാനപ്പെടുത്തി നിണക്കു പ്രസാദമുള്ള
തിനെ പ്രിയപുത്രനായ യെശുക്രിസ്തുമൂലം ഞങ്ങളിൽ നടത്തെ

൫൭

നാമെ — ആയവന് യുഗാദി യുഗങ്ങളൊളം സ്തൊത്രവും ബഹുമാനവും ഭവിക്കുമാറാക — ആമെൻ Is. W

## സ്വൎഗ്ഗാരോഹണനാൾ

സകല മനുഷ്യൎക്കും രക്ഷിതാവും കൎത്താവുമായ യെശുക്രീസ്തുത
ന്നെ ഞങ്ങളുടെ വീണ്ടെടുപ്പിന്റെ പ്രവൃത്തിയെ തീൎത്തു സ്വൎഗ്ഗ
ത്തെക്കെഴുന്നെള്ളി പിതാവിൻ വലഭാഗത്തിരിക്കുന്ന
വല്ലൊ — നിന്റെ വഴിയായി ഞങ്ങൾ വിശ്വാസത്തൊടെ നൊക്കി നി
ന്റെ അനുഗ്രഹത്താൽ സന്തൊഷിക്കുന്നു — ഇനി ഞങ്ങളുടെ ഹൃദയ
ങ്ങളെ ഈ താഴ്വുള്ള ലൊകത്തൊട് അകറ്റി മീതെയിലെക്ക
യും ഉയൎത്തി മെലുള്ള നിത്യധനത്തെ അന്വെഷിച്ചു വാങ്ങി
പ്പാനായിട്ടും ഞങ്ങളെ കടാക്ഷിക്കെണമെ — ഞങ്ങളുടെ മ
നസ്സ സ്വൎഗ്ഗത്തിൽ വസിച്ചു ഭൂമിയിലുള്ളവ അല്ല മെലെയതിനെ
അന്വെഷിപ്പാൻ ഞങ്ങൾക്കു ഉപദെശിക്കെണമെ — ഈ നി
ഷ്ടമുള്ള ആശ്വാസബലം നിന്റെ ശാന്തം ഞങ്ങളുടെ ദൈവിക
ത്തിനൊട് ചെൎത്തു നിവസിച്ചു വാഴ്വാനും ഞങ്ങളുടെ ലക്ഷ്യം രാ
ജ്യവുമാകുന്ന നിന്റെ തെജസ്സു കണ്ടു പ്രാപിച്ചു വന്നെത്തുവാനും
ദയചെയ്തു രക്ഷിക്കെണമെ — ആമെൻ W

൧൭

സൎവ്വശക്തിയുള്ള ദൈവമെ നിന്റെ ഏകജാതനായ പുത്ര
നും ഞങ്ങളുടെ രക്ഷിതാവും ആയവൻ ഇന്നു സ്വൎഗ്ഗത്തെക്കെ
ഴുന്നെള്ളിയല്ലൊ — അവനൊടു കൂടെ ഞങ്ങളും സ്വൎഗ്ഗാരൊഹണം
നല്കെണമെ — ഇപ്പൊൾ നെരുള്ള പ്രാൎത്ഥനയാലും ജീവനുള്ള
വിശ്വാസത്താലും ഭക്തിയെറുന്ന നടപ്പിനാലും നിത്യഭവനത്തെ
വാഞ്ഛിക്കുന്ന ആശയാലും ഒടുവിൽ നല്ല മരണത്താലും ധന്യമാ
യ പുനരുത്ഥാനത്താലും ഞങ്ങൾക്കും യെശുക്രീസ്തുവിൽ നി

അം സ്വൎഗ്ഗത്തെക്ക് കരെററികൊള്ളെണമെ - ആമെൻ - W

ന. ൭

കൎത്താവായ ഈശൊവെ നീ ഉയരത്തിൽ കരെറി സ്വൎഗ്ഗസ്ഥപിതാവി
ന്റെ വലത്തുഭാഗത്തു ഇരുന്നവനല്ലൊ - പാപമരണങ്ങളുടെ കൈ
കളിൽ നിന്നു ഞങ്ങളെ വിട്ടുവിച്ചു ഞങ്ങളുടെ ഭാഗ്യത്തിന്റെ ശത്രു
ക്കളെ ഒക്കയും ജയിച്ചു കൊള്ളുമാറാക്കിയതിനാൽ ഞങ്ങൾ സന്തൊ
ഷിച്ചു വാഴുന്നു - സ്വൎഗ്ഗത്തിലും ഭൂമിയിലും സകലാധികാരവും നി
നക്കു നല്കപ്പെട്ടിരിക്കകൊണ്ടു തിരുസഭയെ പരിപാലിച്ചു ലൊക
ത്തിൻ അററങ്ങൾ വരെയും പരത്തികൊള്ളുക ആമു - നിന്റെ വി
ശ്വസ്തരെ ആശ്വസിപ്പിച്ചു വിശുദ്ധീകരണം നിറെച്ചുതരികയും
വാഗ്ദത്ത പ്രകാരം നിന്റെ വചനത്താലും ആത്മാവിനാലും ഞങ്ങ
ളൊടുകൂടെ പാൎക്കയും തെജസ്സൊടെ പ്രത്യക്ഷനാകുന്ന നാളി
ൽ ഞങ്ങളെയും ചെൎത്തുകൊണ്ടു പിതാവിൻ ഭവനത്തിൽ ആ
ക്കി വാഴിക്കയും ചെയ്യെണമെ - ആമെൻ W

## പെന്തകൊസ്തനാൾ

വിശ്വസ്തരുടെ ഹൃദയങ്ങളെ വിശുദ്ധാത്മാവെകൊണ്ടു പ്രകാശിപ്പി
ച്ചു ഉപദെശിച്ചു തിരുസഭയെ ചെൎത്തുകൊണ്ട സത്യദൈവമെ - ഞ
ങ്ങളും ആ ആത്മാവിൽ തന്നെ ചെൎന്നു നടക്കെണ്ടതിന്നും അ
വന്റെ കൃപാശക്തിയാലും ദിവ്യത്രാണയാലും ഹൃദയങ്ങൾക്കു
ശുദ്ധിവന്നു വിഷയങ്ങളിൽ നിന്നു തെററെണ്ടതിന്നും കരുണ
ചെയ്യെണമെ - ശത്രുക്കൾ എത്രതന്നെ വിരൊധിച്ചാലും തിരു
സഭ ഒന്നിലും വഴി പിട്ടു പൊകാതെയും സകല സത്യത്തിലും
വഴി നടത്തിച്ചുകൊണ്ടു പ്രിയപുത്രനായ യെശുക്രിസ്തുവിന്റെ ശു
ഭമായ വാഗ്ദത്തം നിവൃത്തിച്ചു തരെണമെ - ആയവൻ നിന്നൊ
ടുകൂടെ ആ പരിശുദ്ധാത്മാവിന്റെ ഒരുമയിൽ തന്നെ സത്യദൈ

വരാമിഷെന്നും ജീവിച്ചും വാണും കൊണ്ടിരിക്കുന്നു - ആമെൻ W

൧൭

ഞങ്ങളുടെ കർത്താവായ യെശുവിന്റെ പിതാവായ ദൈവമെ നീ വാഗ്ദത്തം ചെയ്തു കാത്തുവന്നെ ഈ ലൊകത്തിൽ അയച്ചു സ്വസ്ഥിയ അവകാശത്തിന്റെ പണയവും അച്ചാരവും ആകുവാ ഞങ്ങൾക്കു തരികയാൽ നിനക്കു സ്തൊത്രം ഭവിപ്പുതാക - ക്രിസ്തു യെശുവിലുള്ള സഭയുടെ മെൽ നിന്റെ ആത്മാവിനെ ധാരാളമായി പകർന്നു ഹൃദയങ്ങളുടെ അകത്തു നിന്റെ രാജ്യം സ്ഥാപിച്ചു ഞങ്ങളെ ഇരിട്ടിൽ നിന്നു വെളിച്ചത്തെക്കും പാപദാസ്യത്തിൽ നിന്നു നിന്റെ മക്കളുടെ ശ്രെഷ്ഠമാകുന്ന സ്വാതന്ത്ര്യത്തിലെക്കും നടത്തിവൊരെണമെ-

വിശുദ്ധാത്മാവായുള്ളൊവെ നീയെ വന്നു ഞങ്ങളിൽ എപ്പൊഴും നിന്നെതന്നെ സാക്ഷിക്കുടാതെ വിടൊല്ലാ— എല്ലാ വിശ്വാസികളിലും നിന്റെ വരങ്ങളെ നിറെക്കയും ഉരുമനസ്സുള്ളവരെ നിന്നെ മാത്രം അനുസരിപ്പിക്കയും പാപങ്ങളിൽ ഉറങ്ങി ചാത്തവരെ പൃതിക്കൊഴിവകലെക്ക് ഉണർത്തുകയും ചെയ്ക— ഞങ്ങളുടെ ബലഹീനതെക്കു തുണനിന്നു ഞങ്ങൾ പരിക്ഷകളിൽ അകപ്പെടാതിരിപ്പാൻ ഉണർന്നും പ്രാർത്ഥിച്ചും കൊള്ളുവാൻ പഠിപ്പിച്ചു വിശ്വാസം സ്നെഹം അനുസരണം ക്ഷാന്തി ഇവറ്റിൽ ഞങ്ങളെ സ്ഥിരികരിക്കെണമെ— യെശുവിനെ ഞങ്ങളിൽ തെജസ്കരിക്കയും അവന്റെ ശരീരത്തിൽ ഞങ്ങൾ അവയവങ്ങളും ദെവമക്കളും ആകുന്നു എന്നു ഞങ്ങളുടെ ആത്മാവിനൊടു കൂടെ സാക്ഷ്യം പറകയും ചെയ്യുവെണ്ടു-

അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരുടെ മെലും നിന്റെ മഹാപ്രകാശം ഉദിപ്പൂതാക— തിരുസുവിശെഷത്തെ നീളെ അറിയിച്ചു നിന്റെ വാക്യങ്ങളെ സകല ഭാഷകളിലും പ്ര

ന്താവിപ്പാൻ തക്കവണ്ണം വരം തരെണമെ — ഈശൊമിശിഹായി
ന്റെ നാമത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തൊടു നിത്യപ്രതിഞ
ങ്ങളെ ചെർത്തരുളു — സർവ്വസഭകളിലും താൻ ഒരുമയുടെ ഐ
ക്യമാക്കിക്ക — ഏക ശരീരത്തിൽ ആവാൻ ഞങ്ങളെ വിളിച്ച
പ്രകാരം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രന്റെ പരിജ്ഞാ
നത്തിലും ഐക്യത്തൊടും തികഞ്ഞ പുരുഷത്വത്തൊടും മിശിഹാ
ന്റെ നിറവുള്ള പ്രായത്തിന്നളവൊടും എത്തുമാറാക്കി ഒർ
ഇടയനും ഒർകൂട്ടവും എന്ന വാഗ്ദത്തം നിവൃത്തിച്ചരുളെണ
മെ — ദൈവം സകലത്തിലും സകലവും ആകെണ്ടെതിന്നു തന്നെ-
ആമെൻ- *bs. w.*

## ത്രിത്വത്തിനാല്

എന്നും സ്തുത്യയായ വിശുദ്ധ ദൈവമെ നിന്റെ സ്വഭാവത്തിന്റെ
വലിയ രഹസ്യം നീ ഞങ്ങൾക്കു വെളിപ്പെടുത്തി നീ പിതാവും
പുത്രനും ആത്മാവുമായി ഏക സത്യ ദൈവമാകുന്നു എന്നുള്ള
വിശ്വാസ പ്രമാണത്തെ അറിയിച്ചു ഇപ്രകാരം സ്വീകരിപ്പാനും
ആരാധിപ്പാനും വഴിപ്പിച്ചതുകൊണ്ടു നിനക്കു സ്തൊത്രം — ഈ
ദിവ്യമായ അറിവിനെ ഞങ്ങളിൽ പാലിച്ചു രക്ഷിച്ചു സകല ദുർമ്മത
ങ്ങളിൽ നിന്നും ഞങ്ങളെ തെറ്റിച്ചു രക്ഷിക്കെണമെ — നിത്യ ദൈ
ദവമെ നിന്റെ വാത്സല്യത്താൽ ഞങ്ങളെ സൃഷ്ടിച്ചും വീണ്ടെടുത്തും
വിശുദ്ധീകരിച്ചും ഇപ്രകാരം തന്നെ നിന്റെ സ്നേഹവും
ദയവും കൂട്ടായ്മയും ഇടവിടാതെ അനുഭവിപ്പിച്ചുവരെണമെ —
ഒടുവിൽ നിന്റെ തെജൊരാജ്യത്തിൽ ഞങ്ങളെ ചെർത്തുകൊ
ള്ളുമാറു — ഇവിടെ വിശ്വസിച്ചതിനെ ഞങ്ങൾ അവിടെ കണ്ണാ
ലെ കണ്ടു സകല ദൂതരൊടും തിരഞ്ഞെടുക്കപ്പെട്ടവരൊടും ഒന്നിച്ചു
നിത്യ ത്രിയെക ദൈവമായ നിന്നെ എന്നെന്നെക്കും വാഴ്ത്തി സ്തുതിപ്പാനായ്

ചെനെ - ന്തൊമെൻ. W

ഒരു സഭയെ സ്ഥാപിച്ച ദിവസത്തിന്റെ ഓൎമ്മക്കായി
ചെയ്യെട്ടത്താ നൊയമ്പാഷാകിൽ പ്രാൎത്ഥിക്കെണ്ടുന്നു

സൎവ്വസ്ഥാപിതാവായുള്ളൊവെ - തിരുവചനത്താലും നിന്റെവി
ശുദ്ധാത്മാവിനാലും നീ. .വൎഷം മുമ്പെ ഇവിടെ ഒരു സഭയെ സ്ഥാ
പിച്ചു ഇന്നെവരെയും പാലിച്ചു ധന്യമായ സുവിശെഷത്തിന്റെ ഘൊ
ഷണത്തെയും ഒരുമിച്ചു പ്രാൎത്ഥിക്കുന്ന സ്ഥലത്തെയും കാത്തു
ഇരിക്കകൊണ്ടു നിനക്കു സ്തൊത്രം - ഇത്രകാലം എല്ലാം നീ നട്ടുന
നെഷ്ടം വരുത്തിട്ടും വന്നിരിക്കുന്നു എങ്കിലും ഫലങ്ങൾ ചുരുക്കം ത
നെയത്രെ - അതുകൊണ്ടു ഞങ്ങൾ തിരുമുമ്പിൽ താണിച്ചു വി
ണ എല്ലാ മടിവിനും അവിശ്വസ്തതെക്കും നീ ക്ഷമ കല്പിച്ചു ഞങ്ങ
ളുടെ വിശ്വാസവും സ്നെഹവും പ്രിയപുത്രനായ യെശുക്രിസ്തന്റെ
രക്തത്താലെ ശുദ്ധിക്കപ്പെടെണം എന്നു യാചിക്കുന്നു - സത്യവി
ശ്വാസത്തിന്റെ സ്ഥിരമായ അടിസ്ഥാനത്തിന്മെലും സകലവിശു
ദ്ധരുടെ കൂട്ടായ്മയിലും ഞങ്ങളെയും സന്തതികളെയും സ്ഥാപി
ച്ചു രക്ഷിക്കെണമെ - നല്ല ഉപദെഷ്ടാക്കന്മാർ നിന്റെ ദാനമത്രെ-
ആട്ടിങ്കൂട്ടത്തെ രക്ഷിച്ചു മെച്ചും സത്യവചനത്തെ നെരെ വിഭാ
ഗിച്ചും ദെവാലൊചനയൊട്ടും മറെച്ചുവെക്കാതെ സമയത്തി
ലും അസമയത്തിലും ഘൊഷിച്ചും തെളിഞ്ഞൊരുത്തവൎക്കെ
ണ്ടി സകലവും സഹിച്ചും കൊള്ളുന്ന വിശ്വസ്ത വിചാരക
രന്നിത്യം ആക്കിവെക്കെണമെ — കെൾക്കുന്നവരുടെ ഹൃദയ
ങ്ങളെ നിന്റെ കൃപയാലെ നടത്തി വചനത്തെ സന്തൊഷ
ത്തൊടും കൂടെ കെട്ടുകൊള്ളുകയല്ലാതെ ചെയ്യാനും ഉത്സാഹിപ്പിക്കെ
ണമെ - എല്ലാടത്തും നിന്റെ രാജ്യത്തെ വ്യാപിപ്പിക്ക - ഈ സ്ഥ
ലത്തിലും വെദഘൊഷണത്തെ അനുഗ്രഹിക്ക - ഞങ്ങളുടെ ഭവ
നങ്ങളിലും നിന്റെ വചനം ഐശ്വൎയ്യമായി വസിപ്പാറാക്ക -

ശെഷം ഞങ്ങൾ എല്ലാരും നിന്റെ സ്വർഗ്ഗീയ ആലയം പ്രവെശി
ച്ചു വിശുദ്ധശൊഭാകാരത്തിൽ നിന്നെ സെവിച്ചും നിന്റെ തെജസ്സു
കണ്ടും കൊണ്ടിരിപ്പാൻ ഞങ്ങളുടെ കർത്താവായ യെശുക്രീസ്തു
നെ കൊണ്ടു കരുണ ചെയ്തു രക്ഷിക്കെണമെ — ആമെൻ. W

# B. വിശേഷപ്രാൎത്ഥനകൾ

൧.

## ദൈവരാജ്യം വ്യാപിപ്പാൻ വേണ്ടി

കനിവുള്ള ദൈവമെ നീ സകല മനുഷ്യരെയും സൃഷ്ടിച്ചവനും സൃഷ്ടികളിൽ ഒന്നിനെ എങ്കിലും ദ്വെഷിക്കാത്തവനും ആകുന്നതല്ലാതെ പാപിയുടെ മരണത്തിൽ അല്ല അവൻ മനന്തിരിഞ്ഞു ജീവിക്കയിൽ അത്രെ പ്രസാദിക്കുന്നവനല്ലൊ ആകുന്നു — എല്ലാ യഹൂദന്മാരെയും മുസല്മാനരെയും അവിശ്വാസികളെയും ദുൎമ്മതക്കാരെയും കൃപ ചെയ്തു സകല അറിയായ്മ ഹൃദയകാഠിന്യം തിരുവചനത്തിൻ ഉപെക്ഷ മുതലായ പിശാചിൻ കെട്ടുകളെ അഴിച്ചു വിടുവിക്കെണമെ — കരുണയുള്ള ദൈവമെ അവരെ നിന്റെ തൊഴുത്തിലെക്കു കൂട്ടി നടത്തി സത്യമായുള്ള ഇസ്രയെലിൽ ശെഷിച്ചവരൊടും ചെൎത്തു ഒരിടയന കീഴിൽ ഒരു കൂട്ടമാക്കി രക്ഷിക്കെണമെ — ആ ഇടയനൊ നിന്നൊടും വിശുദ്ധാത്മാവിനൊടും ഒന്നിച്ചു ഏക ദൈവമായി യുഗങ്ങളൊളവും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തനത്രെ — ആയവന്ന എന്നും സ്തൊത്രവും ബഹുമാനവും ഭവിക്കുമാറാക ആമെൻ — *CP.*

## അല്ലെങ്കിൽ

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തന്റെ പിതാവായുള്ളൊവെ — നിന്റെ പുത്രനിൽ തന്നെ നിന്റെ മക്കൾ ആകുവാനും അവനിൽ ജീവനും വഴിയും ഉണ്ടാവാനും ഞങ്ങൾക്ക അധികാരം തന്നതുകൊണ്ടു നിനക്കു സ്തൊത്രം — എല്ലാ ബുദ്ധിയെയും കടക്കുന്ന നിന്റെ സമാധാനം നിന്റെ ക്രിയാപുത്രന്റെ സഭയിൽ നിന്നു സൎവ്വലൊക

ത്തിലും പുറപ്പെട്ടു പരക്കുന്നു — അനെകനാളൊളം ഇന്നെവരെക്കും
നിന്റെ തൃപാദപ്രകാശം ഉദിച്ചിട്ടില്ല — അതുകൊണ്ട നീ ആളുകളെ
ക്രിസ്തുവചനത്തെ ഒക്കെയും അറിയിപ്പാൻ ആളുകളെ കൂട്ടു വെലക്കാരെയും
ആ വെലെക്കായി ഉത്സാഹിപ്പിച്ചു ഇത്ര വലിയ വാദത്താലും ഒരു
ദാസ്യത്തൊടെ പരന്നു കൊണ്ട ഇരിക്കുന്നതിനാലും അതിൽ ക്രിസ്താ
നികൾ ആക്കിത്തീർത്തു ഇവരൊടു കൂടെ ചെർക്കുകളെ കഴിപ്പിക്കെണ
മെ — നിന്റെ രക്ഷകനുടെ ഭൃത്യന്മാർക്ക് ഇതുനിമിത്തം അവരുടെ ശു
ശ്രൂഷയാൽ തിരുരാജ്യത്തിന്റെ അതിരുകളെ വിസ്താരമാക്കി തി
രുനാമത്തിന്റെ അറിവിനെയും ആരാധനയെയും വൎദ്ധനമാ
ക്കുക — നിന്റെ ഭൃത്യന്മാരെ എല്ലാം ഒക്കെയും വിശുദ്ധീകരിച്ചു
നിന്റെ ഹൃദയത്തിന്റെ തക്ക പാത്രങ്ങളായി തീരുമാറാകു — അ
ജ്ഞാനത്തിൽ മുങ്ങികിടക്കുന്ന അവരെ സന്തോഷത്തോടും
കൂടെ കൊണ്ടു ചെർത്തു കൊള്ളെണ്ടതിനു മുമ്പിൽ ക്രിസ്തുവഴിയെ
ആക്കേണമെ — തിരുവചനത്തിനു വലെടത്തും വാതിൽ തുറന്നു തി
രുത്തിനെ അയച്ചു വിട്ടതായ്ക്കൊണ്ടു സഫലമാക്കേണമെ — എ
ല്ലാ സഭകളിലും വിശ്വാസം സ്നേഹം ജ്ഞാനം ശക്തി മുതലായവ
രങ്ങളെ വർദ്ധിപ്പിച്ചു തിരുനാമത്തിനു ഉദയം മുതൽ അസ്തമയം
വരെ മഹത്വം ഉണ്ടാവാനും എല്ലാനാവും യെശുക്രിസ്തൻ താൻ
വ് എന്നതിന്റെ തെളിവിനായി ഏറ്റവും പറവാനും കൊണ്ടു ക്രി
സ്തിയെന്നും രക്ഷിക്കേണമെ — ആമെൻ. W

൫൨ —

## രാജ്യാധികാരികൾക്കു വെണ്ടി

സൎവ്വശക്തിയുള്ള ദൈവമെ രാജാക്കൾ അധികാരികൾ മു
തലായ മഹാന്മാരുടെ ഹൃദയങ്ങൾ തിരുകൈയിൽ തന്നെ ഉണ്ടെ
ന്നും നീ അവരെ നീർതോടുകളെ പോലെ തിരിച്ചു നടത്തുന്നു എ

ന്നും നിന്റെ വചനത്താൽ അറിഞ്ഞിരിക്കകൊണ്ടു ഞങ്ങൾ ഒട്ടു
ക്കൊടെ യാചിക്കുന്നിതു — നിന്റെ ദാസിയായ ഞങ്ങളുടെ രാജ്ഞി
യുടെ ഹൃദയത്തെയും എല്ലാ നാട്ടുവാഴികൾ അധികാരസ്ഥരുടെ ഹൃ
ദയങ്ങളെയും നീ ഭരിക്കകൊണ്ടു അവരുടെ സകല വിചാരങ്ങളെ
യും വാക്കു ക്രിയകളെയും നടത്തി സർവ്വത്തിലും നിന്റെ ബഹുമാനവും
യശസ്സും അന്വെഷിപ്പാറാക്കി അവരുടെ വിചാരണത്തിൽ ഭരമെ
ല്പിച്ച നിന്റെ ജനം സർവ്വ ഭക്തിയൊടും സാവധാനവും സമാധാ
നവും ഉള്ള ജീവനം കഴിപ്പാൻ സംഗതി വരുത്തെണമെ — അവ
ർക്കും സ്വർഗ്ഗത്തിൽ യജമാനൻ ഉണ്ടെന്നും കണക്കു ബൊധിപ്പിക്കെ
ണ്ടുന്ന മഹാദിവസം ഉണ്ടെന്നും ബൊധം വരുത്തി തങ്ങളുടെ
ആത്മാക്കളെ നീ നിയമിച്ച വഴിയിൽ രക്ഷിക്കെണ്ടതിന്നു ശ്രദ്ധയാ
ക്കെണമെ — കനിവുള്ള പിതാവെ നമ്മുടെ കർത്താവായ യെശു
ക്രിസ്തുനെ നൊക്കി ഞങ്ങളെ കെൾക്കെണമെ — ആമെൻ cp

൩൭

## ഫലധാന്യാദികൾക്ക വെണ്ടി

സർവ്വശക്തിയുള്ള ദൈവമെ കനിവുള്ള പിതാവെ നിന്റെ ദി
വ്യശക്തിയാലെ സകലവും സൃഷ്ടിച്ചു ജീവനുള്ളവെക്കും പ്രസാ
ദത്താൽ തൃപ്തിയാക്കുന്നവനാകയാൽ ഞങ്ങടെ നിലം പറമ്പുക
ളിലും നിന്റെ അനുഗ്രഹത്തെ കല്പിച്ചു പ്രിതെക്കു — കൊള്ളുന്ന
നല്ല സമയവും (വെണ്ടുന്ന മഴയും) ഫലവൃഷ്ടിയും തന്നു മനുഷ്യ
ന്റെ സംരക്ഷണത്തിന്നായുള്ള നിന്റെ സകല ദാനങ്ങളെയും
കരുണയാലെ നല്കിയാത്തു സഫലമാക്കി തീർക്കെണമെ — എ
ങ്ങനെ എങ്കിലും നിന്റെ വചനത്തെ ഞങ്ങളുടെ ഹൃദയങ്ങ
ളിൽ നട്ടു ഞങ്ങളെ നിത്യജീവനായി നീതിയുടെ ഫലങ്ങളെ
ഉളവെങ്ങൊളം വിളയിപ്പിക്കെണമെ — നിന്റെ സമൃദ്ധങ്ങളെ

ൾക്കായും ഞങ്ങൾ ദുഃഖങ്ങളെ മനസ്സോടെ കൈക്കൊണ്ട അനുഭവിക്കെണ്ടതിന്ന ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുമൂലം ഞങ്ങളുടെ ഹൃദയങ്ങളെ നിങ്കൽ തന്നെ ഒരുക്കി രക്ഷിക്കെണമെ — ആമെൻ. W

൪൧

## സങ്കടത്തിങ്കൽ ഉദ്ധാരണത്തിനുവെണ്ടി

ഞങ്ങളുടെ ദൈവവും പിതാവുമാകുന്ന കൎത്താവെ അനൎത്ഥങ്ങളിൽ നിന്ന ഞങ്ങൾ നിന്നൊട്ട വിളിക്കുന്നു — ഞങ്ങളുടെ ശബ്ദം കെട്ട ഞങ്ങളുടെ യാചനാവിളികൾക്കായി ചെവിചായ്ച്ചു ഈ അകപ്പെട്ടുന്ന ക്ലെശങ്ങളിൽ കനിഞ്ഞുകൊള്ളെണമെ — കൎത്താവെ നീ അകൃത്യങ്ങളെ സൂക്ഷിച്ചു നൊക്കി കണക്കിട്ടാൽ തിരുമുമ്പിൽ നില നില്ക്കുന്നവൻ ആർ — എങ്കിലും നിങ്കൽ ഞങ്ങൾക്ക ആശ്രയിക്കുന്ന ദയവും മൊചനവും നിന്നൊട്ട സമൃദ്ധിയായിട്ടുണ്ട — എന്നിട്ട കരുണ ചെയ്തുകൊണ്ടു ഇപ്പൊൾ ഞങ്ങളെ സന്ദൎശിച്ച ഞങ്ങൾക്ക പെട്ടിരിയ സങ്കടത്തെ ശമിപ്പിച്ചു ആധിക്യമുള്ള ക്ലെശങ്ങൾ വരവെ തവണ്ണം പരിപാലിക്കെണമെ — ഞെരുക്കത്തിലുള്ളവരെ താങ്ങി ആദരിച്ചു പിടിപ്പിക്കെണമെ — ഈ സകല കഷ്ടങ്ങളും ഉങ്ങളാലും ഞങ്ങളുടെ ഹൃദയങ്ങളെ വലിച്ചു നിന്നൊട്ട തന്നെ അടുപ്പിക്കെണമെ — ഇപ്പൊൾ കണ്ണീരൊടെ വിതെക്കുന്നവർ കൊയ്ക്കൽ ഇത്ര സന്തൊഷത്തൊടെ കൊയ്യുമാറാകെവെണ്ടു — യെശുക്രിസ്തുനിമിത്തം ഞങ്ങളെ രക്ഷിക്കൊണ്ടു ഉത്തരം അരുളിച്ചെയ്യെണമെ — ആമെൻ — W

൫൧

## പടക്കാലത്തിൽ

സൎവ്വശക്തിയുള്ള ദൈവമെ സകല രാജ്യങ്ങളെയും ഭരിക്കുന്നാ
ളാവും എല്ലാ കാൎയ്യങ്ങളെയും നടത്തുന്ന ആദികാരണനുമായുള്ളൊ
വെ — നിന്റെ ശക്തിയോട എതിൎക്കുന്ന സൃഷ്ടി ഒന്നും ഇല്ല — പാപി
കളെ ശിക്ഷിപ്പാനും അനുതാപികളെ കനിഞ്ഞു രക്ഷിപ്പാനും ഏ
ക സമൎത്ഥനായവൻ നീ തന്നെ — ഞങ്ങളെ ശത്രുക്കളുടെ കൈ
യിൽ നിന്നു രക്ഷിപ്പാൻ കടാക്ഷിക്കേണമെ — അവരുടെ പകി
ട്ടത്തെ താഴ്ത്തി ദ്വെഷത്തെ ശമിപ്പിച്ചു ഉപായങ്ങളെ പഴുതിലാ
ക്കേണമെ — നിന്റെ തുണയാൽ സകല ആപത്തും അകററി ഞങ്ങ
ളെ പരിപാലിച്ചു സുഖം നല്കുന്ന നിന്നെ എന്നും സ്തുതിപ്പാറാക്കേണ
മെ — നിന്റെ ഏകപുത്രനും ഞങ്ങളുടെ കൎത്താവുമാകുന്ന യെശു
ക്രിസ്തുന്റെ പുണ്യം നിമിത്തമെ ഞങ്ങളെ കെട്ടരുളേണമെ — ആ
മെൻ. *CP.*

൩൧

## മഹാവ്യാധിയിൽ

സൎവ്വശക്തിയുള്ള ദൈവമെ പണ്ടു നിന്റെ ജനം മൊശ അഹറൊന്മാ
രുടെ നെരെ മത്സരിച്ച സമയം നിരൊഗം അയച്ചു ശിക്ഷിച്ചതല്ലാ
തെ ദാവിദ്രാജാവിന്റെ കാലത്തിൽ വലുതായ വ്യാധികൊണ്ടു ദ
ണ്ഡിപ്പിച്ചു എഴുപതിനായിരം ആളുകളെ സംഹരിച്ചു നീക്കി ശെ
ഷമുള്ളവരെ ദയകാണിച്ചു രക്ഷിച്ച പ്രകാരം എല്ലാം ഞങ്ങൾ
കെട്ടിരിക്കുന്നു — അതിഷ്ട പാപികളായ ഞങ്ങളിൽ ഇപ്പൊൾ
വന്ന മഹാവ്യാധിയുടെ കാഠിന്യം ഒക്കെ വിചാരിച്ചു ഞങ്ങ
ളുടെ പാപങ്ങളെയും അതിക്രമങ്ങളെയുമല്ല നിന്റെ ബഹുക
രുണയും ദയയും ഓൎത്തു ഞങ്ങളിൽ കനിഞ്ഞിരിക്കേണമെ — പണ്ടു
നീ പരിഹാരബലിയെ അംഗീകരിച്ചു സംഹാരം നടത്തുന്ന ദൂതനെ
വിലക്കി ദണ്ഡത്തെ നിറുത്തിയ പ്രകാരം തന്നെ ഞങ്ങളുടെ കൎത്താ

വാക്യമെശുക്രിസ്തുനെ നൊക്കി ൟ രൊഗവെദനയെയും മഹാരൊഗങ്ങളെയും നീക്കി പ്രസാദിച്ചരുളെണമെ — ആമെൻ CP

൯.

## രൊഗിക്കുവെണ്ടി

കനിവെറിയ ദൈവമെ അനുഗ്രഹം പകരുന്ന പ്രാൎത്ഥിപ്പിൻ എന്നു തിരുവചനത്തിൽ കല്പിച്ചിരിക്കകൊണ്ടു ഞങ്ങളുടെ സഭയിലുള്ള ൟ വ്യാധിക്കാരന് (ക്കാരത്തിക്കു) വെണ്ടി നിന്നൊട യാചിക്കുന്നതു കെട്ടരുളുന്ന — നീ ദയയൊടെ ഇച്ഛിക്കുന്ന അളവിൽ എന്നും യെശുക്രിസ്തുകൽ ആരെങ്കിലും കൈക്കൊണ്ടു രക്ഷിക്കുന്നവൻ എന്നും കാണിച്ചു അവനെ(ളെ) അനുഗ്രഹിച്ചു താങ്ങി ക്ഷമയൊടും ശാന്തതയൊടും സങ്കടങ്ങളെ സഹിപ്പാൻ ബലപ്പെടുത്തെണമെ — തിരുവാക്കു ഞങ്ങളുടെ ആശ്വാസം എന്നാണ്ട് ആവലാതിയൊടു ദെഹിയെ തണുപ്പിച്ചു പൊറി സങ്കടത്തിൽ ഉള്ള മക്കളൊട്ടു തിരിയാതശല്യമുള്ള ആളുകൾ എന്നും തള്ളലുള്ള സഹായിച്ചു രക്ഷിക്കുന്നവൻ എന്നും സ്വപുത്രനിൽ ഒട്ടാഴിയാതെ സകലവും നന്നാക്കുന്നവൻ എന്നും കാണിച്ചു നിന്റെ സമാധാനം നിറച്ചുകൊടുക്കെണമെ — ആമെൻ W

൰.

## ഉപകരിച്ചതിനു സ്തൊത്രം

ഞങ്ങളുടെ ദൈവമായ യഹൊവെ മനുഷ്യപുത്രർ നിന്റെ ചിറകുകളുടെ നിഴലിൽ ആശ്രയിച്ചുകൊള്ളുന്നതാൽ നിൻ ദയ എത്ര വിലയെറിയതു — നീ വലുതായ ഭയത്തെ ഞങ്ങളിൽ വരുത്തി ശിക്ഷിച്ചു ഞങ്ങൾക്കു പിന്നെത്ത മഹാകഷ്ടങ്ങളിൽ നിന്ന് തന്നെ ഞങ്ങളെ ഉണർത്തിയില്ലെങ്കിൽ ഞങ്ങൾക്കിന്നു ബൊധിച്ച

നായിരിക്കും — യഹോവെ ബഹുമാനവും സ്തോത്രവും ഞങ്ങൾ
പറയുന്നു — നിന്റെ പൈതങ്ങളെ കൂടി നിന്റെ കൈക്കൊണ്ടു
താങ്ങി രക്ഷിച്ചിരിക്കുന്നു — സ്വർഗ്ഗഭൂമികളെല്ലാം ഉണ്ടാക്കിയ
യഹോവാ നാമത്തിൽ അത്രെ ഞങ്ങളുടെ ശരണം — ഏക
നായി അതിശയങ്ങളെ ചെയ്യുന്ന ദൈവമായ യഹോവ വാഴ്ത്ത
പ്പെട്ടവനാക — നിന്റെ വിശുദ്ധ നാമത്തിന്നു എന്നും സ്തോ
ത്രം ഭവിക്കുമാക — ആമെൻ W. U

## C. പ്രാൎത്ഥനെക്കു കൂടിവരുമ്പോൾ

### 1. സാധാരണപ്രാൎത്ഥന

കൎത്താവെ കനിഞ്ഞു കൊള്ളെണമെ
ക്രിസ്തു കനിഞ്ഞു കൊള്ളെണമെ
കൎത്താവെ കനിഞ്ഞു കൊള്ളെണമെ
സ്വൎഗ്ഗസ്ഥപിതാവായ യഹോവാ ദൈവമെ
ലോകരക്ഷിതാവെന്ന പുത്രനായ യഹോവാ ദൈവമെ
വിശുദ്ധാത്മാവായ യഹോവാ ദൈവമെ -
ഞങ്ങളെ കനിഞ്ഞു കൊള്ളെണമെ
കരുണ ഉണ്ടായി രക്ഷിക്കെണമെ
പ്രിയ ദൈവമായ കൎത്താവെ കരുണ ഉണ്ടായി ഞങ്ങൾക്കു തുണെക്കെണമെ.
സകല പാപത്തിൽനിന്നും
എല്ലാ ദുൎമ്മാൎഗ്ഗത്തിൽനിന്നും
എല്ലാ തിന്മയിൽനിന്നും
പ്രിയ ദൈവമായ യഹോവെ ഞങ്ങളെ കാക്കെണമെ
പിശാചിന്റെ ചതികൌശലത്തിൽനിന്നും
ക്ഷണത്തിൽ തട്ടുന്ന ദുൎമ്മരണത്തിൽനിന്നും
മഹാരോഗത്തിന്നും ക്ഷാമത്തിന്നും
കുലഹിംസകളിൽനിന്നും
കലഹമത്സരങ്ങളിൽനിന്നും
ചാഴി പുഴു ഇടികളിൽനിന്നും.
കിടുപിടി പെരുവെള്ളത്തിൽനിന്നും
പ്രിയ ദൈവമായ യഹോവെ ഞങ്ങളെ കാക്കെണമെ
നിന്റെ ന്യായത്തിൻ ഉഗ്രകോപത്തിൽനിന്നും

സകലസൃഷ്ടികളിൽനിന്നും
പാപത്തിൻ വഞ്ചനയിൽനിന്നും
നിത്യമരണത്തിൽനിന്നും
പ്രിയ ദൈവമായ യഹോവെ ഞങ്ങളെ രക്ഷിക്കേണമെ

നിന്റെ ദാസസ്വരൂപധാരിത്വങ്ങളാലും
നിൻ ബലഹീനതാ വേദനകളാലും
നിന്റെ സകല പരീക്ഷകളാലും
നിന്നത്യാസന്നത്തിലെ രക്തസ്വേദത്താലും
നിന്റെ ചങ്ങലപരിഹാസതല്ലുകളാലും
നിന്റെ ക്രൂശുകഷ്ടങ്ങളാലും
നിൻ വിലയേറിയ മരണത്താലും
തെജസ്സുള്ള ഉത്ഥാനാരോഹണങ്ങളാലും
വിശുദ്ധാത്മാവിന്റെ വരവിനാലും
ഞങ്ങളുടെ മരണനേരത്തിലും
അവസാനന്യായവിധിയിലും
പ്രിയ ദൈവമായ യഹോവെ ഞങ്ങളുത്തരം കേൾക്കേണമെ

ഞങ്ങളെ ചെവിക്കൊൾകവേണ്ടു എന്ന്
അരിഷ്ടപാപികളായ ഞങ്ങൾ യാചിക്കുന്നു
പ്രിയ കർത്താവും ദൈവവുമായുള്ളോവെ
നിന്തിരുസഭയെ നടത്തി ഭരിക്കയും
നിൻ നാമം എടുത്തവർക്കു എവർക്കും
തിരുക്രിസ്തിന്റെ രഹസ്യം വെളിപ്പെടുത്തുകയും
എല്ലാ ദൈവമക്കളെയും ഒരാത്മാവിൽ ചൊല്ലിപ്പിക്കയും
തിരുസഭയുടെ ശുശ്രൂഷക്കാർ ഇടയന്മാരെ ഒക്കയും
സൌഖ്യവചനത്തിലും വിശുദ്ധ നടപ്പിലും കാത്തുരക്ഷിക്കയും
എല്ലാ മതഭേദങ്ങളെയും ഇടർച്ചകളെയും നീക്കയും

തെററി ഉഴന്നവരെ തിരിച്ചു വരുത്തുകയും
സാത്താനെ ഞങ്ങളുടെ കാല്ക്കീഴെ ചതെക്കയും
വിശ്വസ്ഥവെലക്കാരെ നിന്റെ കൊയ്ത്തിൽ അയക്കയും
വചനത്തൊടു നിന്റെ ആത്മാവും ശക്തിയും കൂട്ടുകയും
ഇടഞ്ഞു ചതഞ്ഞവരെ എല്ലാം താങ്ങി തണുപ്പിക്കയും
ഞങ്ങളെ ചെവിക്കൊള്ളുകയും ചെയ്ക
ശ്രീയെ കൎത്താവും ദൈവവും ആയുള്ളൊവെ
സകല ജാതികൾക്കും പ്രകാശവും ആശ്വാസവും ആയുള്ളൊവെ
കരമെലും സമുദ്രത്തിലും ഉള്ള നിന്റെ ഭൃത്യന്മാരെ രക്ഷിക്ക
അവരുടെ സാക്ഷ്യവാക്കിന്മെൽ ആത്മാവും ശരിയും ഉറക്ക
ജാതികളിൽ നിന്ന് നിണക്കായി ചെൎത്തവരെ പാലിക്ക
ജാതികളിൽ ശെഷിച്ചവരെയും സന്ദൎശിക്ക
നിൻജനമായ ഇസ്രയെലെ അന്ധതയിൽ നിന്ന് വിടുവിക്ക
ഇഷ്ടയെല്ലും നിന്റെ മുഖകാന്തി ഉദിച്ചിരിക്കുമാക
ശ്രീയെ കൎത്താവും ദൈവവും ആയുള്ളൊവെ
ഞങ്ങളെ ചെവിക്കൊള്ളെണമെ
സകല രാജാക്കന്മാൎക്കും സന്ധിയും ഐക്യതയും നല്ക
ഞങ്ങളുടെ രാജ്ഞിയെയും രാജകുഡുംബത്തെയും മന്ത്രി ഭൃത്യ
രെയും നടത്തി പരിപാലിക്ക.

ഞങ്ങളുടെ ദെശം ഊരും നാട്ടും
സഭകളും പാഠശാലകളും എല്ലാം
വിവാഹവും പുത്രസമ്പത്തും
ഒക്കെ അനുഗ്രഹിച്ചു കൊള്ളെണമെ
ശ്രീയെ കൎത്താവും ദൈവവും ആയുള്ളൊവെ
ഞങ്ങളെ ചെവിക്കൊള്ളെണമെ
സങ്കടഞെരുക്കങ്ങളിൽ ഉള്ളവൎക്കെല്ലാം

നിന്റെ സഹായത്തൊടെയിരിക്കുന്ന
ഗൎഭിണികൾക്കും മുലകുടിപ്പിക്കുന്നവൎക്കും
ശുഭപാലനവും തരെണ്ടുന്നും ഫലങ്ങ
ശിശുക്കളെയും രോഗികളെയും പൊറുക്ക
ബലഹീനരെയും വയസ്സന്മാരെയും താങ്ങുക
കുറവില്ലാതെ തടവിലായവരെ വിടുവിക്ക
സകല വിധവമാരെയും അനാഥരെയും
എളിയവരെയും അഗതികളെയും
പാലിച്ചു സംരക്ഷണം ചെയ്ക
യാത്രക്കാൎക്കും അപകടം ഒഴിപ്പിച്ചു
എല്ലാ മനുഷ്യരിലും കനിഞ്ഞുകൊള്ളു
ശ്രീയ കൎത്താവും ദൈവവും ആയുള്ളൊവെ
ഞങ്ങളെ ചെവിക്കൊള്ളെണമെ
ഞങ്ങളെ ദ്വെഷിച്ചു നാണം കെടുത്തി ഹിംസിക്കുന്നവൎക്ക
പാപം ക്ഷമിച്ചും മനം തിരിച്ചും കൊടുത്തു
നിലത്തിൻ അനുഭവം കല്പിച്ചു രക്ഷിച്ചു
ഞങ്ങളുടെ കൈത്തൊഴിൽ എല്ലാം സഫലമാക്കി
കരുണയാലെ ഞങ്ങളെ ചെവിക്കൊള്ളെണമെ
ശ്രീയ കൎത്താവും ദൈവവും ആയുള്ളൊവെ
ദെവപുത്രനായ യെശുക്രിസ്തുവെ
ഞങ്ങളൊടു കരുണ ചെയ്യെണമെ
ലൊകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടെ
ഞങ്ങളൊടു കരുണ ചെയ്യെണമെ
ലൊകത്തിൻ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടെ
നിത്യസമാധാനം ഞങ്ങൾക്ക് നല്കെണമെ
ക്രിസ്തു ഞങ്ങളെ കെട്ടരുളെണമെ.

കൎത്താവെ കരുണ ഉണ്ടാകെണമെ
ക്രിസ്തുവെ ഞങ്ങളെ കെട്ടരുളെണമെ
കൎത്താവെ ഞങ്ങളൊട്ട കരുണ ചെയ്യെണമെ
(കൎത്തൃപ്രാൎത്ഥനയുടെ ശെഷം
ഇതവസാനം ചൊല്ലുക)

p 13

സൎവ്വശക്തിയുള്ള ദൈവമെ ഒരെ സമയത്ത ഞങ്ങൾക്കൊരുമന സ്സൊടെ നിന്നൊട അപെക്ഷിപ്പാൻ കൃപ തന്നിരിക്കുന്നു—രണ്ടു മൂന്നുപെർ നിന്റെ നാമത്തിലെക്ക ഒരുമിച്ചുകൂടുന്നെടത്തവ ൎക്കും യാചിച്ചപ്രകാരം തരുവാൻ വാഗ്ദത്തം ചെയ്തിരിക്കുന്ന വല്ലൊ—ഇന്നും കൎത്താവെ അടിയങ്ങളുടെ ആഗ്രഹങ്ങളെയും അപെക്ഷകളെയും ഞങ്ങൾക്ക നന്നാകുംവണ്ണം നിവൃത്തിവ രുത്തി ഇഹലൊകത്തിൽ നിന്റെ സത്യജ്ഞാനവും പരലൊ കത്തിൽ നിത്യജീവനും തരെണമെ—ആമെൻ.

നമ്മുടെ കൎത്താവായ യെശുക്രിസ്തുവിന്റെ കരുണയും ദൈവത്തിന്റെ സ്നെഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നാം എല്ലാവരൊടും കൂടെ ഇരിക്കുമാറാക—ആമെൻ. **W. ub.**

## 2. അല്ലെങ്കിൽ

കൎത്താവും ദൈവവുമായുള്ള യഹൊവയെ നീ കനിഞ്ഞും മനസ്സലിഞ്ഞും ഇരിക്കുന്നവനെ ദീൎഘക്ഷമാവാൻ കരുണാസമ്പന്നൻ ഭക്തന്മാരിൽ ആയിരങ്ങൾക്കും കരുണ സൂക്ഷിച്ചും അകൃത്യ ദ്രൊഹപാപങ്ങളെ പൊറുത്തും കൊള്ളുന്നവനെ—കുറ്റക്കാരെയും കുറ്റമില്ലാതാക്കി വെക്കുന്നവനല്ല അഭക്തിയെ സഹിക്കാത്ത ഉഗ്രദൈവമത്രെ—ഭയത്തൊടും ആശ്രയത്തൊടും ഞങ്ങൾ നിന്റെ പരിശുദ്ധ സമ്മുഖത്തിലെക്ക വരുന്നു—ശരീരാത്മാക്കൾക്കും സമൃദ്ധിയായി തന്ന സകല അനുഗ്രഹങ്ങൾക്കും ഒരെ സന്തൊഷത്തിൽ ഉണ്ടാ

ഷിക്കുശ്വാസങ്ങൾക്കും നിന്ദാഫലങ്ങൾക്കും ഞങ്ങൾ സ്തോത്രവും ഉപചാരവും ചെയ്യുന്നു — അതെല്ലാ കൂടാതെ നീ ചെയ്തുവന്ന എല്ലാ കാരുണങ്ങൾക്കും ദിവസംപ്രതി കാട്ടുന്ന വിശ്വസ്തതെക്കും ഞങ്ങൾ എത്രയും അപാത്രം — ഞങ്ങൾ നിൎവ്വാകാതിരിക്കുന്നതു നിന്റെ കരുണകൾ കൊണ്ടാകുന്നു — എന്നും നിന്റെ കനിവു മുട്ടിയാതെ രാവിലെ രാവിലെ പുതുതായും വിശ്വാസ്യത വലുതായും ഇരിക്കുന്നു — ഞങ്ങൾ പലപ്രകാരത്തിൽ മറന്നിരിയാതെയും തെറ്റുകളെ മാറാതെയും നിനക്ക് അറിയും പ്രകാരം പാപങ്ങളെ അധികമാക്കി നിന്റെ കോപത്തിന്നു സാധാരൽ പൊത്രവരുത്തുന്നു എങ്കിലും നീ ഒരപ്പനെക്കാളും അധികം പൊറുത്തും കനിഞ്ഞും കൊണ്ടിരിക്കുന്നു — ഫലം തരാത്ത വൃക്ഷത്തിന്റെ ചുവട്ടിൽ നിന്റെ കൊടാലി ഇരിക്കുന്നു എങ്കിലും — ക്രിസ്തുവിന്റെ പക്ഷവാദം നീ കേട്ടിട്ടു കൊണ്ടു ഞങ്ങളെ ഇതുവരെയും ചെരിക്കാതെ നിൎത്തിക്കുന്നു — പക്ഷെ നിന്റെ ദയയും ദീൎഘക്ഷമയും ഞങ്ങളെ മാനസാന്തരത്തിലേക്കു നടത്തുമൊ മാറ്റം വന്ന ഹൃദയത്തിന്റെ ഫലങ്ങളെ ഞങ്ങളുടെ നടപ്പിൽ കാണുമൊ എന്നു വെച്ചത്രെ —

അതുകൊണ്ടു സൎവ്വശക്തനായുള്ള പിതാവെ ഞങ്ങളെ ഈ വലിയ ഉപകാരം വെണ്ടും വണ്ണം അറിയുമാറാക്ക — നിന്റെ കരുണാസമൃദ്ധിയെ ഞങ്ങൾ ചവിട്ടിക്കളയാതെയും നിന്റെ അനുഗ്രഹങ്ങൾക്കു അപാത്രമായ്പോകാതെയും നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ടു സത്യവിശ്വാസത്താൽ ശുദ്ധമനസ്സാക്ഷിയൊടും ശുദ്ധീകരണത്തിങ്കൽ നിത്യഉത്സാഹത്തൊടും അവസാനം വരെ നില്ക്കുമാറാകെണമെ — അതിന്നായി ഞങ്ങൾ എല്ലായ്പൊഴും സത്യമാനസാന്തരം ഉണ്ടായി ഹൃദയത്തെയും ഭാവവിചാരങ്ങളെയും മാറി ഞങ്ങൾ ആരും മനഃപൂൎവ്വമായി പാപം ചെയ്യാതെയും നിന്നെ ദുഃഖിപ്പിക്കാതെയും ഇരിക്കുന്ന വിശുദ്ധ ദൈവമെ നിനക്കു

ഹിതമല്ലാത്തതെല്ലാം തീൎത്തുകളഞ്ഞു നിന്നോടു നിരപ്പും സമാധാനവും ഉണ്ടു എന്നുള്ള സാക്ഷ്യത്തെ ഞങ്ങളുടെ ഉള്ളങ്ങളിൽ പ്രവേശിച്ചുകൊള്ളുമാറാവാൻ വിടാതെ പ്രവൃത്തിച്ചു വരെണമെ — അതുകൊണ്ടു സൎവ്വശക്തിയുള്ള ദൈവമെ നിന്റെ കൃപയും അതിനാൽ വൎഷിക്കുന്ന അനുഗ്രഹങ്ങളും മങ്ങിമറഞ്ഞു പോവാനുള്ള ഇടൎച്ചകളെ ഒക്കയും തടുത്തു നിറുത്തെണമെ —

വിശേഷിച്ചു സകല നാട്ടുവാഴികെക്കും അനുഗ്രഹിക്കണം ഇവിടെ ധൎമ്മരാജ്ഞിക്കു വെണ്ടി പ്രാൎത്ഥനാസഭകളിൽ എങ്ങും സത്യവചനത്തെ നന്നായി ഗ്രഹിപ്പിക്കുന്നവരെ ഉദിപ്പിച്ചു പാൎപ്പിക്ക - അവരെ നിന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാരാക്കി തീൎക്ക - നിന്റെ സമാധാനത്തിൻ സുവിശേഷത്തെ അവരെകൊണ്ടു ദിവ്യാത്മാവിലും ശക്തിയിലും അറിയിപ്പിക്ക - എല്ലാ പള്ളികളിലും വീടുകൾ തൊറും ബാലന്മാരെ വളൎത്തി പഠിപ്പിക്കുന്നതിനെ അനുഗ്രഹിക്ക - ആ ധ്യാനമുള്ള വെലയിൽ അദ്ധ്വാനിക്കുന്നവൎക്കു ജ്ഞാനവും വിശ്വാസ്യതയും ക്ഷാന്തിയും നല്കുക — ലോകത്തിൽ നിറയുന്ന ഇടൎച്ചകളാലും ദുൎമ്മാൎഗ്ഗങ്ങളാലും വയസ്സുകുറഞ്ഞവർ കെട്ടുപൊകായ്വാൻ നീ തന്നെ അവരെ രക്ഷിച്ചു പാലിക്ക - രാജ്യത്തിലും കുടികൾ തൊറും എല്ലാടത്തും എല്ലാവിധത്തിലും ഞങ്ങൾക്കു സമാധാനം നല്കുക — സഭയിൽ സകല ഛിദ്രങ്ങളെയും വിലക്കുക — തിരുസഭെക്കു ഷിട്ടു വളൎപ്പും ഐക്യസമാപ്തിയെയും വ്യാപിച്ചു പോരുന്ന വളൎച്ചയും ഏകുക — അതിൻ ശത്രുക്കൾ വിചാരിക്കുന്ന ഉപായവിരോധങ്ങളെയും ചെറുക്കുക — വിലയെറിയ സുവിശേഷപരമാൎത്ഥമാകുന്ന ഉപനിധിയെ ഞങ്ങളിൽ നിന്നു നീക്കിക്കളയാൻ ഞങ്ങളുടെ കൃതഘ്നതയാലും ഉദാസീനതയാലും വല്ല കാരണം ഉണ്ടെങ്കിലും ദയയാലെ അതിനെ ഞങ്ങളൊടു പാൎപ്പിച്ചു തിരുവചനത്തെ ധാരാളമായി വസിപ്പിച്ചു സന്തതി

കല്പനകൾക്കൂടെ നിന്റെ നിയമത്തിൽ കൂട്ടവകാശവും നിന്റെ ഭവനത്തി
ൽ അറിവും സ്തുതിയും കിട്ടികൊൾക—

ഞങ്ങളൊട സമമാനമുള്ള വിശ്വാസം കിട്ടിയവർ ആകയാ
ൽ ഹിംസയിലും ഉപദ്രവങ്ങൾക്കങ്ങളിലും അകപ്പെട്ടുപൊകുന്ന
വരെ കനിഞ്ഞുകൊള്ളെ അവൎക്ക മനസ്ഥൈൎയ്യവും ശരണവും ഉണൎവു
മാക്കിക്ക— ഒരു ശരീരത്തിലെ അവയവങ്ങൾപൊലെ എല്ലാ ഞങ്ങ
ൾ എപ്പൊഴും പ്രാൎത്ഥനയിൽ അവരെ ഓൎത്തുകൊള്ളുവാനും ഇവിടെ
യും പരീക്ഷാസമയത്തിനായി ഒരുങ്ങിനില്ക്കുവാനും കൃപ
യാലെ ഞങ്ങളെ ഉണൎത്തുക— നിന്നൊട്ട സ്ഥാനത്തൊളമുള്ള സമാ
ധാന നിയമത്തെ ഞങ്ങൾക്ക തന്ന കൎത്താവെ കൊണ്ട പ്രസാദങ്ങ
ൾ ആകുന്നതിരുവചനവും വിശുദ്ധ ചൊല്ലുകളും ഭക്തികളെക്കൊ
ഷം യതിക്കുന്ന വ്യാജക്കാരെ പൊലെ അനുഭവിക്കാതെ സകലഉ
പെക്ഷാവായത്തിൽ നിന്നും ഒഴിഞ്ഞുകൊൾവാൻ കരുണ ചെയ്യേണ
മെ—

ഞങ്ങളുടെ മുട്ടുകളെ തീൎപ്പാൻ ശക്തിക അനുഗ്രഹത്തെ താ
ഴ്ചയിൽ എങ്ങും പകരുക— ഭൂമിയെയും നിലത്തിലെ ഉഭയങ്ങ
ളെയും രക്ഷിക്ക— ജീവാത്മികളുടെ വൃത്തികളെ അനുഗ്രഹിച്ചിട്ടു
അവനവൻ താന്താന്റെ വിളികളിൽ ശ്രദ്ധയായി വെലചെയ്തു മു
ട്ടുള്ളവനെ വിഭാഗിച്ചുകൊടുപ്പാൻ ഉണ്ടാകെണ്ടതിന്ന സംഗതിവരു
ത്തേണമെ— ഇതുവരെയും നിന്റെ കരുണയിൻ വെളിപ്പു പ്രകാരം
നീ ചെയ്തതു പൊലെ ഇനിയും വസൂരി ക്ഷാമം പടകലഹം തീഭയം
ജലാധിക്യം മഹാവ്യാധി മൃഗബാധ മുതലായ ദണ്ഡങ്ങളെ വിലക്കു
ക— നിന്റെ രക്ഷകന്റെ ന്യായവിധിക്കും ഘൊരവാകുന്നതാ
ങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും പെരുക്കം നിന്റെ കൃപാഭാഗ്യ
യെസ്സ തീൎപ്പാൻ നിമിത്തം കാണിക്കെണ്ടാ— ഞങ്ങളെ സന്ദ
ൎശിക്കുന്ന ഓരോ രക്ഷകളും അഴുക്കങ്ങളും ഞങ്ങളെ മാനസാ

നേരത്തിലൊക്കും സല്ലുണത്തിലൊക്കും ഉണൎത്തി നടത്തുകൊണ്ടു വ-
ഞങ്ങളുടെ സകല ശത്രുക്കളൊടും പകയരൊടും രക്ഷ
ഷിക്ക- മരിച്ചിയ ആത്മാക്കൾ പലടത്തും കൂട്ടങ്ങളിരിക്കുന്ന ഇരു
ട്ടിന്റെ കോട്ടകളെ നശിപ്പിക്ക — ദുഷ്ടന്മാരുടെ വെണ്ടാതനത്തി
ന്ന് ഒടുക്കം കല്പിക്ക നിൎമ്മലന്മാൎക്കു ശക്തിയരുളുക — ഭക്തിയുള്ള ഹൃ
ദയത്തിന് എല്ലാം നിന്റെ ദയ കാട്ടുക — വളഞ്ഞ വഴികളിൽ തെ
റ്റി പോകുന്നവൎക്കു മനസ്സതിരിപ്പിച്ചു അവൎക്കും ഞങ്ങൾക്കും എല്ലാവ
ൎക്കും നിന്റെ സമാധാനം നല്കുക-

വീട്ടിലുള്ളവൎക്കു നിന്നിഷ്ടവും യാത്രക്കാൎക്കു ചങ്ങാതവും അനാ-
ഗതിക്കൽ അനാഥ വിധവമാരെയും രാജ്യഭ്രഷ്ടർ പിടിച്ചവരെ
യും രോഗികൾ ചാവടുത്തവരെയും ഒക്കെയും കനിഞ്ഞു കൊണ്ടു അവ
രെയും ഞങ്ങളെയും അനുതാപത്തിന്നു ഒരുപെട്ടത്തി വിശ്വാസ
ത്തിൽ ഉറപ്പിച്ചു സ്നേഹത്തിൽ വൎദ്ധിപ്പിച്ചു പ്രത്യാശയിൽ കുലുങ്ങാ
താക്കിത്തീൎക്ക — അവൎക്കു പ്രാൎത്ഥനയിൽ ഉത്സാഹവും പ്രവൃത്തി
ൽ കഷ്ടത്തിൽ ആശ്വാസവും പരീക്ഷയിൽ സ്ഥിരതയും പാപ
ത്തോടുള്ള പൊരാട്ടത്തിൽ മിടുക്കും സ്വൎഗ്ഗീയ വിരുത്തിന്റെ തേടിക്കു
ന്നതിൽ മനൊവിശ്വായവും ദൈവഭക്തിയെ അഭ്യസിക്കുന്നതി
ൽ വിശ്വസ്തതയും ഉറപ്പും കൊടുത്ത സകല മനുഷ്യരിലും കാ
രുണ്യം കാണുമെ-

വിശെഷിച്ചു ദൈവജനത്തിന്നു ഒരു ശബ്ദത്താനദേവം
ശെഷിപ്പിച്ചിരിക്കകൊണ്ടു നിന്റെ സ്വസ്ഥതയിൽ പ്രവെശിപ്പാ
ൻ ഞങ്ങൾ ശ്രമിച്ചു കൊള്ളുണ്ടതിന്നും ആകും കാലം വെടി
യൊകാതിരിക്കേണ്ടതിന്നും ഞങ്ങളെ ഉത്സാഹിപ്പിക്കുന്ന നി
ന്റെ വിശുദ്ധാത്മാവെ തരെണമെ — അത്രകൊണ്ടു ഞങ്ങൾ ശ
രീരത്തിൽ ജീവിക്കിലും മരിക്കിലും ഉണൎന്നിരുന്നാലും ഉ
റങ്ങിയാലും ജീവിച്ചാലും മരിച്ചാലും നിന്നക്കുള്ളവരായി ഇരി

ക്കാറു — എന്നാറെ ഞങ്ങളുടെ ഏക മദ്ധ്യസ്ഥനും പിണ്ണെട്ടുകാ
രനും പക്ഷവാദിയും സമാധാന പ്രഭുവുമാകുന്ന യേശുക്രിസ്തു
ൻ മൂലം തന്നെ യാചിക്കുന്നു - ആമെൻ W

# D. വെദപാഠങ്ങൾ

## I. അതതുദിവസത്തിന്നുള്ളസുവി

### ശെഷലെഖനാംശങ്ങൾ

൧. ആഗമനനാൾ ഒന്നാമത്

സു. മത്താ. 21, ൧ — ൯

ലെ. രൊ. 13, ൧൧ — ൧൪

൨. ആഗമനനാൾ രണ്ടാമത്

സു. ലൂക്ക. 21, ൨൫ — ൩൬

ലെ. രൊ. 15, ൧ — ൧൩

൩. ആഗമനനാൾ മൂന്നാമത്

സു. മത്താ. 11, ൨ — ൧൦

ലെ. കൊ. 4, ൧ — ൫

൪. ആഗമനനാൾ നാലാമത്

സു. യൊ. 1, ൧൯ — ൨൮

ലെ. ഫിലി. 4, ൪ — ൭

൫. ജനനനാൾ

സു. ലൂക്ക. 2, ൧ — ൧൪

ലെ. തീത. 2, ൧൧ — ൧൪

൬. ജനനനാൾ രണ്ടാമത്

സു. യൊ. 1, ൧ — ൧൪

ലെ. ൧യൊ. 1, ൧ — ൧൦

൭. ജനനനാൾക്കുപിന്നത്തെഞായറാഴ്ച

൩൬ ,

സു. ലൂ. 2, ൩൩ — ൪൦

ലെ. ഗല. 4, ൧ — ൭

൮. ആണ്ടുപിറപ്പു

ലൂ. 2, ൧൫ — ൨൧

യശ. 9, ൬. ൭

അല്ലെങ്കിൽ

പുതിയനിയമത്തിൽ. എബ്രാ. 13, ൮

എബ്രാ. 13, ൧൪

എബ്രാ. 10, ൩൭

വെളി. 2, ൧൦

പഴയനിയമത്തിൽ. സ. 39, ൫. ൬

" . 90, ൧ — ൬

" . 102, ൨൬ — ൨൮

൯. ആണ്ടുപിറപ്പിന്നു പിന്നത്തെ ഞായറാഴ്ച

സു. മത്താ. 3, ൧൩ — ൧൭

ലെ. തീത. 3, ൪ — ൭

൧൦. പ്രകാശനദിനം

മത്താ. 2, ൧ — ൧൨

യശ. 60, ൧ — ൬

൧൧. പ്രകാശനത്തിന്നു പിമ്പ് ഒന്നാമത്

ലൂ. 2, ൪൧ — ൫൨

രോമ. 12, ൧ — ൫

൧൨. പ്രകാശനത്തിന്നു പിമ്പ് രണ്ടാമത്

യോഹ. 2, ൧ — ൧൧

രോമ. 12, ൬ — ൧൬

൧൩. പ്രകാശനത്തിനു പിമ്പ് മൂന്നാമത്

മത്താ. . 8, ൧ — ൧൩

രൊ . . 12, ൧൬ — ൨൧

൧൪. പ്രകാശനത്തിനു പിമ്പ് നാലാമത്

മത്താ . . 8, ൨൩ — ൩൪

രൊ . . 13, ൧ — ൧൦

൧൫. പ്രകാശനത്തിനു പിമ്പ് അഞ്ചാമത്

മത്താ . . 13, ൨൪ — ൩൦. ൩൬—൪൩

കൊല. . 3, ൧൨ — ൧൭

൧൬. പ്രകാശനത്തിനു പിമ്പ് ആറാമത്

മത്താ . . 17, ൧ — ൯

൧യൊ . . 1, ൧൬ — ൨൧

൧൭. സപ്തതിദിനം

20 മത്താ . . 19, ൨൭ — ൩൦, ൧൬

൧കൊ. . 9, ൨൪ — ൨൭

൧൮. ഷഷ്ടിദിനം

ലൂക്ക. . 8, ൪ — ൧൫

12 ൨കൊ. . 11, ൧൯ — ൩൧

൧൯. നോമ്പിന്റെ മുമ്പിലത്തെ ഞായറാഴ്ച

ലൂക്ക. . 18, ൩൧ — ൪൩

൧കൊ. . 13, ൧ — ൧൩

൨൦. നോമ്പിൽ ഒന്നാമത്

മത്താ . . 4, ൧ — ൧൧

൨കൊ . 6, ൧ — ൧൦

൨൧. നോമ്പിൽ രണ്ടാമത്

മത്താ . . 15, ൨൧ — ൨൮

൨തെ. . 4, ൧ — ൧൨

൧൩. നൊമ്പിൽ മൂന്നാം ഞായറ

ലൂക്ക. . 11, ൧൪ — ൨൮

എഫെ. . 5, ൧ — ൧൪

൧൪. നൊമ്പിൽ നാലാം ഞായറ

യൊ. . 6, ൧ — ൧൫

ഗല. . 4, ൨൨ — ൩൧

൧൫. നൊമ്പിൽ അഞ്ചാം ഞായറ

യൊ. . 8, ൪൬ — ൫൯

എബ്ര. . 9, ൧൧ — ൧൫

൧൬. നഗരപ്രവെശനാൾ

മത്താ. . 21, ൧ — ൯

ഫിലി. . 2, ൫ — ൧൧

൧൭.൧൮. തിരുവ്യാഴാഴ്ചയും തിരുവെള്ളിയാഴ്ചയും കഷ്ടാനു

ഭവചരിത്രം

൧൯. പുനരുത്ഥാനനാൾ

മത്താ. . 28, ൧ — ൭

കൊലൊ. . 3, ൧ — ൪

൨൦. പുനരുത്ഥാനതിങ്ങളാഴ്ച

ലൂക്ക. . 24, ൧൩ — ൩൫

അപ്പൊ. . 10, ൩൭ — ൪൩

൨൧. പെസഹായിൽ ഒന്നാം ഞായറ

യൊ. . 20, ൧൯ — ൩൧

൧യൊ. . 5, ൪ — ൧൦

൨൨. പെസഹായിൽ രണ്ടാം ഞായറ

യൊ. . 10, ൧൧ — ൧൬

൧ പെ. 2, ൧൯ — ൨൫

൪൨. പെസഹായിൽ മൂന്നാമത്

യൊ. 16, ൧൬ — ൨൨

൧ പെ. 2, ൧൧ — ൧൭

൪൩. പെസഹായിൽ നാലാമത്

യൊ. 16, ൫ — ൧൫ (പ്രാതി)

യാക്കൊ. 1, ൧൭ — ൨൧

൪൪. പെസഹായിൽ അഞ്ചാമത്

യൊ. 16, ൨൩ (പ്രാതി) - ൩൩

യാക്കൊ. 1, ൨൨ — ൨൭

൪൫. സ്വർഗ്ഗാരോഹണനാൾ

മാ. 16, ൧൪ — ൨൦

അപ. 1, ൧ — ൧൧

൪൬. സ്വർഗ്ഗാരോഹണത്തിൻ പിന്നത്തെ ഞായറാഴ്ച

യൊ. 15, ൨൬ — ൨൭, ൪

൧ പെ. 4, ൭ — ൧൧

൪൭. പെന്തക്കൊസ്തനാൾ

യൊ. 14, ൧൫ — ൩൧

അപ്പൊ. 1, ൧ — ൧൧

൪൮. പെന്തക്കൊസ്തിൻ തിങ്കളാഴ്ച

യൊ. 7, ൩൭ — ൫൨

അപൊ. 10, ൫൨ — ൫൯

൪൯. ത്രിത്വനാൾ

യൊ. 3, ൧ — ൧൫

എഫെ. 11, ൩൧ — ൩൩

൫൦. ത്രിത്വത്തിൽ പിന്നെ ഒന്നാമത്

ജ്യാ. · 16, ൨൬ – ൩൫

൨ജ്യാ. · 4, ൧ – ൧൫

൯൧. ത്രിജ്യ-യിൻ രണ്ടാമത്

ജ്യാകം. · 14, ൨൩ – ൧൪

൨ജ്യാ. · 3, ൨൦ – ൧൪

൯൨. ത്രിജ്യ-യിൻ മൂന്നാമത്

മന്ദ. · 5, ൨ – ൨൩

൨ശീ. · 5, ൧ – ൨൨

൯൩. ത്രിജ്യ-യിൻ നാലാമത്

മന്ദ · 5, ൨൧ – ൪൯

ശീ · 8, ൨൯ – ൧൯

൯൪. ത്രിജ്യ-യിൻ അഞ്ചാമത്

മന്ദ · 6, ൨ – ൨൯

൨ശീ. · 3, ൯ – ൨൫

൯൫. ത്രിജ്യ-യിൻ ആറാമത്

മന്ദ · 6, ൨൬ – ൩൪

ശീ · 6, ൨ – ൨൨

൯൬. ത്രിജ്യ-യിൻ ഏഴാമത്

മന്ദ · 7, ൨ – ൨൦

ശീ · 6, ൨൬ – ൧൮

൯൭. ത്രിജ്യ-യിൻ എട്ടാമത്

മന്ദ · 7, ൨൦ – ൧൮

ശീ · 8, ൨൦ – ൨൧

൯൮. ത്രിജ്യ-യിൻ ഒമ്പതാമത്

ജ്യാകം · 16, ൨ – ൨൦

൨ജ്യാ. · 10, ൨ – ൨൪

൫൯. ത്രിത്വ-ഷിൻ പത്താമത

ലൂ . . 19, ൪൧ – ൪൭

൧കൊരി . 12, ൧ – ൧൧

൬൦. ത്രിത്വ-ഷിൻ പതിനൊന്നാമത

ലൂ . . 18, ൯ – ൧൪

൧കൊ . 5, ൧ – ൧൦

൬൧. ത്രിത്വ-ഷിൻ പന്ത്രണ്ടാമത

ലൂ . . 15, ൧൧ – ൩൨

൨കൊ . 3, ൪ – ൧൮

൬൨. ത്രിത്വ-ഷിൻ പതിമൂന്നാമത

ലൂ . . 10, ൨൫ – ൩൭

ഗല . . 3, ൧൬ – ൨൨

൬൩. ത്രിത്വ-ഷിൻ പതിനാലാമത

ലൂ . . 17, ൧൧ – ൧൯

ഗല . . 5, ൧൬ – ൨൪

൬൪. ത്രിത്വ-ഷിൻ പതിനഞ്ചാമത

മത്ഥ . . 18, ൧ – ൧൧

ഗല . . 5, ൨൫ – ൬, ൧൦

൬൫. ത്രിത്വ-ഷിൻ പതിനാറാമത

ലൂ . . 7, ൧൧ – ൧൭

എഫെ . . 3, ൧൩ – ൨൧

൬൬. ത്രിത്വ-ഷിൻ പതിനെഴാമത

ലൂ . . 14, ൧ – ൧൧

എഫെ . . 4, ൧ – ൬

൬൭. ത്രിത്വ-ഷിൻ പതിനെട്ടാമത

മത്ഥ . . 22, ൩൪ – ൪൬

൧കൊ. 1, ൪- ൮

൧൯. ത്രിത്വ-ഷിൻ പത്തൊമ്പതാമത്ത

മത്താ. 9, ൧- ൮

എഫെ. 4, ൧൭- ൩൨

൨൦. ത്രിത്വ-ഷിൻ ഇരുപതാമത്ത

മത്താ. 22, ൧ - ൧൪

എഫെ. 5, ൧൫- ൨൧

൨൧. ത്രിത്വ-ഷിൻ ഇരുപത്തൊന്നാമത്ത

യൊ. 4, ൪൬- ൫൪

എഫെ. 6, ൧൦- ൨൦

൨൨. ത്രിത്വ-ഷിൻ ഇരുപത്തിരണ്ടാമത്ത

മത്താ. 18, ൨൧- ൩൫

ഫിലി. 1, ൩- ൧൧

൨൩. ത്രിത്വ-ഷിൻ ഇരുപത്തിമൂന്നാമത്ത

മത്താ. 22, ൧൫- ൨൨

ഫിലി. 3, ൧൭- ൨൧

൨൪. ത്രിത്വ-ഷിൻ ഇരുപത്തിനാലാമത്ത

മത്താ. 9, ൧൮- ൨൬

കൊലൊ. 1, ൩ - ൧൨

൨൫. ത്രിത്വ-ഷിൻ ഇരുപത്തഞ്ചാമത്ത

ലൂ. 13, ൧- ൯

൧തെസ്സ. 4, ൧൩- ൧൮

൨൬. ത്രിത്വ-ഷിൻ ഇരുപത്താറാമത്ത

മത്താ. 25, ൩൧- ൪൬

റൊമ. 3, ൯- ൧൯

൨൭. ത്രിത്വ-ഷിൻ ഇരുപത്തേഴാമത്ത

൨—

മത്താ. 25, ൧–൧൩

൧തെസ്സ. 5, ൧൪–൨൪

# II. അപ്പൊസ്തലപത്രികളിൽനിന്നുള്ളവെട

# പാഠങ്ങൾ നാലുവൎഷങ്ങളിൽ

# വായിപ്പാൻ വെൎതിരിച്ചതു

# പഴയനിയമം

| | ഒന്നാം ആണ്ടെ | രണ്ടാം ആണ്ടെ |
|---|---|---|
| 1. | ൧മൊ. 1–2, ൩ | ൧.ശമു. 1–2, ൧൧ |
| 2. | " 2, ൪-൨൫ | " 3–4, ൧൦ |
| 3. | " 3. | " 7–8 |
| 4. | " 4 | " 9–10, ൧൧ |
| 5. | " 6–7, ൫ | " 12 |
| 6. | " 7, ൧൧-8, ൨൨ | " 15 |
| 7. | " 9 | " 16 |
| 8. | " 12, ൧-൯. 13, ൧൮ | " 18, ൧-൧൬. 19, ൧-൧൮ |
| 9. | " 15-17, ൧-൧൩ | " 20 |
| 10. | " 18 | " 23, ൧൩-൧൯. 24. |
| 11. | " 19, ൧-൨൯ | " 25, ൧-൪൨ |
| 12. | " 21, ൧-൧൩. 22, ൧-൧൯ | " 26. (൧നാൾ. 12, ൧൩-൧൯) |
| 13. | " 28 | " 28, ൩-൨൫. 31 |
| 14. | " 32 | ൨ശമു. 1–2, ൭ |
| 15. | " 44, ൧൪-45, ൧൫. | " 5, ൧-൧൦. 6. |
| 16. | " 48, ൯-൧൩. 49, ൧-൨൮ | " 7 |
| 17. | ൨മൊ. 2 – 3, ൨൨ | " 11, ൨൩-12, ൨൫ |
| 18. | " 4 | " 15. 16, ൫-൧൪ |
| 19. | " 5-6, ൭ | " 17 |
| 20. | " 12, ൧-൩൬. ൪൦-൪൨. | " 18 |
| 21. | " 14, ൧൦-15, ൨൧ | " 22 |
| 22. | " 16 | " 24-23, ൧-൭ |

# പുതിയനിയമം

| | ഒന്നാം | ആണ്ട് | രണ്ടാം |
|---|---|---|---|
| 1. | മത്താ. 1 | | ലൂ. 16 |
| 2. | " . 2 | | . " 17 |
| 3. | " . 3 | | . " . 18 |
| 4. | " . 4 | | . " . 19 |
| 5. | " . 5 | | . " . 20 |
| 6. | " . 6 | | . " . 21 |
| 7. | " . 7 | | . " . 22 |
| 8. | " . 8 | | . " . 23 |
| 9. | " . 9 | | . " . 24 |
| 10. | " 10 | | യൊ. 1 |
| 11. | " 11 | | . " . 2 |
| 12. | " 12 | | . " . 3 |
| 13. | " 13 | | . " . 4 |
| 14. | " 14 | | . " . 5 |
| 15. | " 15 | | . " . 6 |
| 16. | " 16 | | . " . 7 |
| 17. | " 17 | | . " . 8 |
| 18. | " 18 | | . " . 9 |
| 19. | " 19 | | . " . 10 |
| 20. | " 20 | | . " . 11 |
| 21. | " 21 | | . " . 12 |
| 22. | " 22 | | . " . 13 |

# പഴയനിയമം

## ഒന്നാം ആണ്ട് രണ്ടാം

| | | |
|---|---|---|
| 23. | ൨മൊ. 17 | ൧ദിന. 28, [illegible] 29, [illegible] |
| 24. | " . 19-20, [illegible] | ൧രാജ. 3-4, [illegible] |
| 25. | " . 23, [illegible] 24, [illegible] | " . 8 |
| 26. | " 32-33, [illegible] | " . 9, [illegible] 10, [illegible] |
| 27. | " . 33, [illegible] 34, [illegible] | സങ്കീ. 72 |
| 28. | ൩മൊ . 19, [illegible] 20, [illegible] | സുഭ. 2-3, [illegible] |
| 29. | ൪മൊ . 6, [illegible] 9, [illegible] 10, [illegible] | " . 8-9, [illegible] |
| 30. | " . 11. | " . 16 |
| 31. | " . 12 | " . 21 |
| 32. | " . 13, [illegible] 14 | " . 28 |
| 33. | " . 16, [illegible] | ൧രാജ. 11 |
| 34. | " . 16, [illegible] 17 | " . 12 |
| 35. | " . 20-21, [illegible] | " . 13 |
| 36. | " . 22. 23, [illegible] | ൨ദിന. 14-15 |
| 37. | " . 23, [illegible] 24, [illegible] | ൧രാജ. 17-18, [illegible] |
| 38. | ൫മൊ . 4, [illegible] | " . 18, [illegible] 19 |
| 39. | " . 6 | " . 21 |
| 40. | " . 7, [illegible] 8. | " . 22, [illegible] |
| 41. | " . 9, [illegible] 10, [illegible] 11, [illegible] | ൨ദിന. 20 |
| 42. | " . 11, [illegible] 12, [illegible] | ൨രാജ. 1-2, [illegible] |
| 43. | " . 13, [illegible] 18, [illegible] | " . 4 |
| 44. | " 28 | " . 5 |

# പുതിയനിയമം

## ഒന്നാം ആണ്ട് രണ്ടാം

| | | | | |
|---|---|---|---|---|
| 23 | മഖ | 23 | യൊ | 14 |
| 24 | „ | 24 | „ | 15 |
| 25 | „ | 25 | „ | 16 |
| 26 | „ | 26 | „ | 17 |
| 27 | „ | 27 | „ | 18 |
| 28 | „ | 28 | „ | 19 |
| 29 | മാൎച്ച | 1 | „ | 20 |
| 30 | „ | 2 | „ | 21 |
| 31 | „ | 3 | അപൊ | 1 |
| 32 | „ | 4 | „ | 2 |
| 33 | „ | 5 | „ | 3 |
| 34 | „ | 6 | „ | 4 |
| 35 | „ | 7 | „ | 5 |
| 36 | „ | 8 | „ | 6 |
| 37 | „ | 9 | „ | 7 |
| 38 | „ | 10 | „ | 8 |
| 39 | „ | 11 | „ | 9, ൧-൩൨ |
| 40 | „ | 12 | „ | 9, ൩൨-10, ൧൮ |
| 41 | „ | 13 | „ | 10) ൧൯-൪൮ |
| 42 | „ | 14 | „ | 11 |
| 43 | „ | 15 | „ | 12 |
| 44 | „ | 16 | „ | 13 |

# പഴയനിയമം

| | ഒന്നാം ആണ്ടു | രണ്ടാം |
|---|---|---|
| 45 | ഉല്പ. 29 | ൨ രാജാ. 6–7, ൧. –൩൯ |
| 46 | " 30 | " 9. 10, ൧൬–൨൭ |
| 47 | " 32 | " 11 (൨ നാള്. 24, ൧൯–൨൭) |
| 48 | " 33. 34 | " 17 |
| 49 | യൊശു. 1, ൧–ന. 2. | " 18–19, ൧ |
| 50 | " 3, ൧൪–5, ൧. | " 19, ൬–20, ൧൧ |
| 51 | " 6 | " 20, ൧൨–൨൧ (൨ നാള്. 33) |
| 52 | " 24 | ൨ രാജ. 22–23, ൩. ൨൫–൩൦ |
| 53 | ന്യായ. 2 | യിറ. 52 |
| 54 | " 6 | എസ്ര. 1. 2, ൩൪ട3 |
| 55 | " 7 | " 5. 6 |
| 56 | " 9 | " 7. 8, ൨൧–൩൬ |
| 57 | " 13 | നെഹ. 1. 2 |
| 58 | " 16 | " 4–5, ൧൩ |
| 59 | രൂത. 1. 2 | " 6. 8, ൧–൧൨ |
| 60 | " 4 | " 9 |

# ഏത്തിയ്യത്തിയമം

## ഒന്നാം ആണ്ടു് രണ്ടാം

| | | | |
|---|---|---|---|
| 45 . | ജൂ | . 1, ഞാ–നഷ്യ. | ജമാ . 14 |
| 46 . | 〃 | . 1, ന്ത്ര–ഗം | . 〃 . 15 |
| 47 . | 〃 | . 2 | . 〃 . 16 |
| 48 . | 〃 | . 3 | . 〃 . 17 |
| 49 . | 〃 | . 4 | . 〃 . 18 |
| 50 . | 〃 | . 5 | 〃 . 19 |
| 51 . | 〃 | . 6 | . 〃 . 20 |
| 52 . | 〃 | . 7 | . 〃 . 21 |
| 53 . | 〃 | . 8 | . 〃 . 22 |
| 54 . | 〃 | . 9 | . 〃 . 23 |
| 55 . | 〃 | . 10 | . 〃 . 24 |
| 56 . | 〃 | . 11 | . 〃 . 25 |
| 57 . | 〃 | . 12 | . 〃 . 26 |
| 58 . | 〃 | . 13 | . 〃 . 27 |
| 59 . | 〃 | 14 | . 〃 . 28 |
| 60 . | 〃 | 15 | രെജ . 1 |

# പഴയനിയമം

| | മൂന്നാം ആണ്ട് | നാലാം ആണ്ട് |
|---|---|---|
| 1. | യൊബ. 1. 2 | യശ . 1 |
| 2. | " . 7. 14, ൧-൧൫ | . " . 2. 4, ൨-൬ |
| 3. | " . 19 | . " . 3, ൩-൧൫. 5, ൧-൨൪ |
| 4. | " . 33 | . " . 7, ൧-൧൬. 9, ൧-൭ |
| 5. | സങ്കീ . 1. 2. | . " . 10, ൫-൨൫. 11. 12 |
| 6. | " . 3. 4 | . " . 13, ൧൩-14, ൨൭ |
| 7. | " . 8. 9 | . " . 25. 26 |
| 8. | " . 14. 16 | . " . 29. 30, ൧൫-൨൬ |
| 9. | " . 15. 17 | . " . 31. 32 |
| 10. | " . 19. 23 | . " . 33, ൧൩-34, ൮. 35 |
| 11. | " . 22 | . " . 40 |
| 12. | " . 24. 25 | " . 42 |
| 13. | " . 27. 28 | . " . 43. 44, ൧-൮ |
| 14. | " . 29. 30 | . " . 45. 46 |
| 15. | " . 31 | . " . 49-50, ൩ |
| 16. | " . 32. 36 | . " . 50, ൪-51, ൧൬. 52, ൧-൧൨ |
| 17. | " . 34 | . " . 52, ൧൩-54 |
| 18. | " . 37 | . " . 55-56, ൮ |
| 19. | " . 39. 41 | . " . 59. 60 |
| 20. | " . 40 | . " . 61-63, ൬ |
| 21. | " . 42. 43 | . " . 63, ൭-64, ൧൨ |
| 22. | " . 45. 47 | . " . 65. 66 |

# പുതിയനിയമം

| | മൂന്നാം ആണ്ട് | നാലാം ആണ്ട് |
|---|---|---|
| 1. | രൊ. 2 | ൧തെസ്സ. 1.2 |
| 2. | " . 3 | . " . 3.4 |
| 3. | " . 4 | . " . 5 |
| 4. | " . 5 | ൨തെസ്സ. 1.2 |
| 5. | " . 6 | . " . 3 |
| 6. | " . 7 | ൧തിമ. 1 |
| 7. | " . 8 | . " . 2.3 |
| 8. | " . 9 | . " . 4 |
| 9. | " . 10 | . " . 5 |
| 10. | " . 11 | . " . 6 |
| 11. | " . 12 | ൨തിമ. 1 |
| 12. | " . 13 | . " . 2 |
| 13. | " . 14 | . " . 3.4 |
| 14. | " . 15 | തീത. 1.2 |
| 15. | " . 16 | . " 3 |
| 16. | ൧കൊ. 1 | ഫിലെ. |
| 17. | " . 2.3 | എബ്രാ. 1.2 |
| 18. | " . 4 | . " . 3.4 |
| 19. | " . 5.6 | . " . 5.6 |
| 20. | " 7 | . " . 7 |
| 21. | " 8.9 | . " . 8.9 |
| 22. | " 10 | . " . 10 |

# പഴയനിയമം

| | മൂന്നാം ആണ്ട് | നാലാം ആണ്ട് |
|---|---|---|
| 23. | സങ്കീ. 46. 48 | യിര. 1-2, ൧൩-൨൭-൩൭ |
| 24. | " . 49. 52 | . " . 3-4, ൧൦ |
| 25. | " . 50 | . " . 5, ൧൯-൩൭. 6, ൧൯-൩൦ |
| 26. | " . 51 | . " . 8, ൨൦-9, ൨൯ |
| 27. | " . 57. 59 | . " . 10 |
| 28. | " . 60. 62 | . " . 11, ൧൭-12 |
| 29. | " . 65. 66 | . " . 14, ൧-15 |
| 30. | " . 68 | . " . 16, ൧൪-17, ൧൭. |
| 31. | " . 69 | . " . 18, ൧-൧൦. 19, ൧൪-20, ൧൩ |
| 32. | " . 71 | . " . 23. ൧-൩൨ |
| 33. | " . 73 | . " . 26 |
| 34. | " . 74. 75 | . " . 30-31, ൧൪ |
| 35. | " . 76-77 | . " . 31, ൧൫-൪൦. 32, ൩൯-൪൪ |
| 36. | " . 78 | . " . 33 |
| 37. | " . 79. 80 | . " . 36. 45 |
| 38. | " . 81. 82 | ഹെസ. 1-3, ൧൪ |
| 39. | " . 84. 86 | . " . 8-9. 10, ൧൭-൨൦. 11, ൨൩ |
| 40. | " . 85, 87 | . " . 18 |
| 41. | " . 90 | . " . 34 |
| 42. | " . 91 | . " . 36, ൧൯-37, ൧൪. ൨൭-൨൭ |
| 43. | " . 92. 95 | . " . 43, ൧-൧൨. 44, ൧-൩൦. 47, ൧-൧൨ |
| 44. | " . 93. 94 | ദാനി. 2, ൨൯-൪൯. 3 |

# പുതിയനിയമം

| | മൂന്നാം ആണ്ട് | നാലാം ആണ്ട് |
|---|---|---|
| 23 | ൧കൊ. 11 | എബ്രാ. 11 |
| 24 | " 12 | " 12 |
| 25 | " 13 | " 13 |
| 26 | " 14 | യാക്കോ. 1 |
| 27 | " 15 | " 2 |
| 28 | " 16 | " 3. 4 |
| 29 | ൨കൊ. 1 | " 5 |
| 30 | " 2 | ൧പെ. 1 |
| 31 | " 3 | " 2 |
| 32 | " 4 | " 3 |
| 33 | " 5 | " 4. 5 |
| 34 | " 6 | ൨പെ. 1 |
| 35 | " 7 | " 2. 3 |
| 36 | " 8. 9 | ൧യൊ. 1. 2 |
| 37 | " 10 | " 3 |
| 38 | " 11 | " 4 |
| 39 | " 12 | " 5 |
| 40 | " 13 | ൨. ൩യൊ. |
| 41 | ഗല. 1 | യൂദ. |
| 42 | " 2 | വെളി. 1 |
| 43 | " 3 | " 2 |
| 44 | 4 | " 3 |

# പഴയനിയമം

| | മൂന്നാം ഖണ്ഡ് | നാലാം ഖണ്ഡ് |
|---|---|---|
| 45 | സങ്കീ · 96. 97 | ദാനി · 6 |
| 46 | " · 98. 100. 101 | " · 7. 12, ൧൪ |
| 47 | " · 103 | " · 9 |
| 48 | " · 104 | ഹോശേ · 4, ൧-൧൧. 2, ൩-൨൩. 5, ൧൨-6, ൧ |
| 49 | " · 107 | " · 10, ൯-11, ൧൧ |
| 50 | " · 109. 110 | " · 13, ൪-14 |
| 51 | " · 111-113 | യൊവേ · 2, ൧. ൧൭-൩൨. 3, ൧൭. ൧൮-൨൧ |
| 52 | " · 114. 115. 117 | ആമൊ · 3, ൧-൬. 5, ൧൬-൨൭. 9, ൧-൧൫ |
| 53 | " · 116. 118 | യോനാ · 2-4 |
| 54 | " · 119, אבגהטלשת | മീഖാ · 4-5, ൬. 6, ൧-൬. 7, ൭-൨൦ |
| 55 | " · 121-124 | ഹബ · 1, ൧൨-2, ൧൪. ൨൦-3, ൨-൩. ൧൭ ൧൯ |
| 56 | " · 125-128 | ഹഗ്ഗ · 1. 2. |
| 57 | " · 131. 133. 138 | സെഖ · 3. 4 |
| 58 | " · 139 | " · 9, ൯-10, ൩. 11, ൪-൧൭. 13, ൭-൯ |
| 59 | " · 143. 145 | " · 12, ൧. ൮. ൯-൧൪. 13, ൧. 14, ൧-൧൧. ൧൩. ൨൦. ൨൧ |
| 60 | " · 147. 148 | മല · 1, ൩-2, ൧൦. ൧൭-3, ൩. ൧൬-4, ൩ |

# പൃഷ്ഠനിയമം

| | മൂന്നാം ഖണ്ഡ് | നാലാം ഖണ്ഡ് |
|---|---|---|
| 45 | . ഗലാ .5 | വെളി. 4 .5 |
| 46 | . " .6 | . " .6.7 |
| 47 | . എഫെ .1 | . " .8.9 |
| 48 | . " .2 | . " .10 |
| 49 | . " .3 | . " .11 |
| 50 | . " .4 | . " .12 |
| 51 | . " .5 | . " .13 |
| 52 | . " .6 | . " .14 |
| 53 | . ഫിലി .1 | . " .15 |
| 54 | . " .2 | . " .16 |
| 55 | . " .3 | . " .17 |
| 56 | . " .4 | . " .18 |
| 57 | . കൊലൊ .1 | . " .19 |
| 58 | . " .2 | . " 20 |
| 59 | . " .3 | . " 21 |
| 60 | : " .4 | . " 22 |

# III. കഷ്ടാനുഭവചരിത്രം

൧., ആരംഭം (ശനിയാഴ്ച — ബെത്ഥന്യയിൽ ക്രിസ്ത്വാഭ്യംഗം)

യേശു മരിച്ചവരിൽനിന്ന് ഉണർത്തിയ ലാജർ ഉള്ള ബെഥന്യയിൽ പെസഹെക്ക് ആറു നാൾ മുമ്പെ വന്നാറെ — അവിടെ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ അവന്ന അത്താഴം ഉണ്ടാക്കി മൎത്ഥ ശുശ്രൂഷ ചെയ്തു — അവനോട് കൂടെ ചാരിക്കൊണ്ടവരിൽ ലാജരും ചെൎന്നിരുന്നു — അപ്പോൾ മറിയ വിലയെറിയ സ്വച്ഛജടാമാംസി തൈലം ഒരു റാത്തൽ ഉള്ള ഭരണി എടുത്തു വന്നു ഭരണിയെ പൊളിച്ചു തൈലം അവന്റെ തലമേൽ ഒഴിച്ചു കാലുകളിൽ പൂശി കാലുകളെ തന്റെ തലമുടി കൊണ്ടു തുവൎത്തി — തൈലത്തിന്റെ സൌരഭ്യം വീട്ടിൽ നിറകയും ചെയ്തു — അതിന്ന് അവന്റെ ശിഷ്യരിൽ ഒരുത്തനായി അവനെ കാണിച്ചു കൊടുപ്പാനുള്ള യൂദാ ഇഷ്കൎയ്യോത ശിമോന്റെ മകൻ പറയുന്നു — ഈ തൈലം മുന്നൂറു ഉറുപ്പികെക്കു വിറ്റു ദരിദ്രൎക്കു കൊടുക്കാഞ്ഞത് എന്തിന്നു — എന്നു ദരിദ്രരെ വിചാരം ഉണ്ടാകകൊണ്ടല്ല കള്ളനാകയാൽ പണപ്പെട്ടിയെ സൂക്ഷിച്ചും അതിൽ ഇടുന്നത് ചുമന്നും കൊണ്ടിട്ടത്രെ പറഞ്ഞു — മറ്റ ശിഷ്യന്മാരും മുഷിച്ചൽ ഭാവിച്ചു ഈ നഷ്ടിച്ചൽ എന്തിന്നു — ഈ തൈലം ഏറിയ വിലെക്കു വിറ്റു ദരിദ്രൎക്കു കൊടുപ്പാൻ സംഗതിയായല്ലൊ എന്ന് അവളോടു വഴിച്ചു പറഞ്ഞു — യേശുവൊ അറിഞ്ഞു അവരോടു പറഞ്ഞിതു — ഇവളെ വിടുവിൻ സ്ത്രീക്ക് അലമ്പൽ ഉണ്ടാക്കുവാൻ എന്തു — അവൾ എന്നിൽ നല്ല പ്രവൃത്തി ചെയ്തുവല്ലൊ — ദരിദ്രർ നിങ്ങൾക്ക് എല്ലായ്പോഴും അടുക്കെ ഉണ്ടു ഇഛ്ശിക്കുന്നേടത്തും അവൎക്കു

നന്മ ചെയ്യാമല്ലൊ— ഞാൻ എല്ലാപ്പൊഴും അല്ലതാനും— ഇവൾ ആ
വതൊളം ചെയ്തു— ഇന്നെത്തെലം എന്റെ ദെഹത്തിന്മെൽ അ
ടക്കത്തിനായി ഇത്ര കഴിച്ചിട്ടുവാൻ മുമ്പിൽ കൂടി തൈലം തെച്ചി
ട്ടുണ്ടു— ആമെൻ. ഞാൻ നിങ്ങളൊടു പറയുന്നു— ഇന്ന സുവിശെ
ഷം സർവ്വലൊകത്തും എവിടെ എല്ലാം ഘൊഷിക്കപ്പെട്ടാലും അവിടെ
ഇവൾ ചെയ്തതും അവളുടെ ഓർമ്മക്കായി പറയപ്പെടും (യൊ. ൧൨. മ
ത്താ. ൨൬. മാ. ൧൪)

പെരുന്നാൾക്കു വന്നൊരു വലിയ പുരുഷാരം യെശു യരുശലെ
മിൽ വരുന്നതു അറിഞ്ഞു പിറ്റെന്നാൾ ഈന്തപ്പനകളുടെ മട്ടൽ
എടുത്തുംകൊണ്ടു അവനെ എതിരെല്പാൻ പുറപ്പെട്ടു ഘോഷി— ഹൊ
ശന്നാ ഇസ്രയെലിൻ രാജാവായി കർത്താവിൻ നാമത്തിൽ വരുന്നവ
ൻ വാഴ്ത്തപ്പെട്ടവനാമി എന്നു ആർത്തു കൊണ്ടിരുന്നു— യെശു ഒരു
കഴുതയെ കണ്ടിട്ടു അതിന്മെൽ കയറി ഇരുന്നു— സീയൊൻ പുത്രി ഭ
യപ്പെടാക്ക കണ്ടാലും നിന്റെ രാജാവ് കഴുതക്കുട്ടിപ്പുറത്തു കയറി
കൊണ്ടു വരുന്നു എന്ന് എഴുതിയിരിക്കുന്ന പ്രകാരം തന്നെ— അ
വനൊടു കൂടെ വന്ന സമൂഹമൊ അവൻ ലാജരെ കല്ലറയിൽ നിന്നു
വിളിച്ചു മരിച്ചവരിൽ നിന്ന് ഉണർത്തി എന്നു സാക്ഷ്യം ചൊല്ലി
ക്കൊണ്ടിരുന്നു— അതുകൊണ്ടു ഇന്ന അടയാളം ചെയ്തപ്രകാരം പു
രുഷാരം കെട്ടിട്ടു അവനെ എതിരെറ്റു കൂടി— പറീശർ നമ്മു
ക്കു എത്രം ഫലിക്കുന്നില്ല എന്നു കണ്ടുവൊ ഇതാ ലൊകം അവന്റെ
പിന്നാലെ ആയ്പൊയി എന്നു തങ്ങളിൽ പറകയും ചെയ്തു (യൊ)

പിന്നെ പെസഹ എന്ന പെരുള്ള പുളിപ്പില്ലാത്തതിന്റെ
പെരുനാൾ അടുക്കുമ്പൊൾ യെശു തന്റെ ശിഷ്യന്മാരൊടു— രണ്ടു
ദിവസങ്ങളിൽ പിന്നെ പെസഹ ആകുന്നു എന്നു അറിയുന്നുവല്ലൊ
അന്നു മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുവാൻ എല്പിക്കപ്പെടുന്നു
എന്നു പറഞ്ഞു— അപ്പൊൾ തന്നെ മഹാപുരൊഹിതരും ശാസ്ത്രി

കൂട്ടം ജനത്തിന്റെ മൂപ്പരും കയ്യഫാവെന്നുള്ള മഹാപുരോഹി
തന്റെ അരമനയിൽ വന്നുകൂടി ആലോചിച്ചു ജനത്തെ ഭയപ്പെട്ടി
ന്നതുകൊണ്ടു യേശുവെ ഉപായം കൊണ്ടു പിടിച്ചു കൊല്ലുവാൻ
വഴി അന്വേഷിച്ചു കൊണ്ടിട്ടും ഉത്സവത്തിൽ കലഹം ഉണ്ടാകായ്വാ
ൻ പെരുനാളിൽ മാത്രം അരുത എന്നു പറഞ്ഞു (മ. മ. ൨൬. ൫)

അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഇസ്കരിയോത്താ മ
ഹാപുരോഹിതരെ ചെന്നു കണ്ടു അവനെ ഞാനെപ്രകാരം അവർക്കു
കാണിച്ചു തരാം എന്നു സംഭാഷണം ചെയ്തു എനിക്കു എന്തു തരുവാ
ൻ മനസ്സായിരിക്കുന്നു എന്നാൽ അവനെ ഏല്പിച്ചു തരാം എന്നു പ
റഞ്ഞു — ആയത് അവർ കേട്ടു സന്തോഷിച്ചു ദ്രവ്യം കൊടുപ്പാൻ
വാഗ്ദത്തം ചെയ്തു അവനു മുപ്പത്തു ശെക്കൽ തൂക്കി കൊടുത്തു — അവ
നും കൈക്കൊണ്ടു അതിന്റെശേഷം കൂട്ടം കൂടാതെ കണ്ടു അവനെ ഏല്പിച്ചു
കൊടുപ്പാൻ തക്കം അന്വേഷിച്ചു വന്നു (മ. മ. ൧൬)

## ൨. തിരുവത്താഴം (വ്യാഴാഴ്ചാസന്ധ്യയിൽ)

പെസഹായെ അറുക്കേണ്ടുന്ന കാലമായി പുളിപ്പില്ലാത്തതിന്റെ നാ
ൾ ആയപ്പോൾ — ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു — നിന
ക്കു ഞങ്ങൾ പെസഹ ഭക്ഷിപ്പാൻ എവിടെ ഒരുക്കേണ്ടു എന്നു
പറഞ്ഞു — അവൻ പെത്രനെയും യോഹന്നാനെയും നിയോഗിച്ചു നി
ങ്ങൾ പട്ടണത്തിൽ ചെല്ലുമ്പോൾ അതാ ഒരു കുടം വെള്ളം ചുമക്കു
ന്ന മനുഷ്യൻ നിങ്ങളെ എതിരേല്ക്കും — ആയവൻ കടക്കുന്ന വീ
ട്ടിലേക്കു പിഞ്ചെന്നു ആ വീട്ടുടയവനോടു പറവിൻ — എന്റെ സ
മയം അടുത്തിരിക്കുന്നു ഞാൻ ശിഷ്യരുമായി പെസഹ ഭക്ഷി
പ്പാനുള്ള ശാല എവിടെ എന്നു ഗുരു നിന്നോടു പറയുന്നു എന്നു
ചൊല്ലുവിൻ — എന്നാൽ അവൻ ചമച്ചു വിരിച്ച് ഒരുക്കിയ വ
ന്മാളിക നിങ്ങൾക്കു കാണിക്കും — അവിടെ നമുക്കായി ഒരുക്കുവി

ൻ എന്ന പറഞ്ഞു — ശിഷ്യന്മാർ പുറപ്പെട്ടു പട്ടണത്തിൽ വന്ന പറഞ്ഞപ്ര
കാരം കണ്ടു പെസഹ ഒരുക്കുകയും ചെയ്തു (മ. മ. ൠ)

പിന്നെ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള
നാഴിക വന്നു എന്നറിഞ്ഞു ലോകത്തിൽ തനിക്കുള്ളവരെ സ്നേഹി
ച്ച ശേഷം അവസാനത്തോളവും അവരെ സ്നേഹിച്ചു — സന്ധ്യയായ
പ്പോൾ അവൻ പന്തിരുവരോടും കൂട വന്ന ചാരികൊണ്ട ശേഷം അ
വരോടു പറഞ്ഞിതു — കഷ്ടപ്പെടും മുമ്പെ ഈ പെസഹാ നിങ്ങളോടു കൂടെ
ഭക്ഷിപ്പാൻ ഞാൻ വാഞ്ഛയോടെ ആഗ്രഹിച്ചു — എന്തെന്നാ
ൽ ദൈവരാജ്യത്തിൽ പൂർണ്ണമാകുവോളം ഞാൻ ഇനി അതി
ൽനിന്ന ഭക്ഷിക്കയില്ല എന്ന ഞാൻ നിങ്ങളോട് പറയുന്നു — അത്താ
ഴം കഴിഞ്ഞും പിതാവ് തനിക്കു സകലവും കൈക്കൽ തന്നു എന്നും
താൻ ദൈവത്തിൽ നിന്ന പുറപ്പെട്ടു വന്നു എന്നും ദൈവത്തിന്റെ അടുക്കെ
പോകുന്നു എന്നും യെശു അറിഞ്ഞിട്ടു — അത്താഴത്തിൽ നിന്ന എഴുനീറ്റു
വസ്ത്രങ്ങളെ ഊരി വെച്ചു ശീല എടുത്തു തന്റെ അരെക്കു കെട്ടി — പാ
ത്രത്തിൽ വെള്ളം ഒഴിച്ചു ശിഷ്യന്മാരുടെ കാലുകളെ കഴുകുവാനും അരെ
ക്കു കെട്ടിയ ശീല കൊണ്ടു തുവർത്തുവാനും തുടങ്ങി — പിന്നെ ശിമൊ
ൻ പെത്രൊസിന്റെ അടുക്കെ വരുമ്പോൾ കർത്താവെ നീ എന്റെ കാലുകളെ കഴു
കയൊ എന്ന് അവൻ പറഞ്ഞതിന്ന — ഞാൻ ചെയ്യുന്നതിനെ നീ
ഇന്ന് അറിയുന്നില്ല ഇതിൽ പിന്നെ അറിയും താനും എന്ന് ഉത്തരം
ചൊല്ലിയശേഷം — നീ ഒന്നും എന്റെ കാലുകളെ കഴുകയില്ലം എ
ന്ന പെത്രൻ പറയുന്നു — യെശു ഉത്തരം ചൊല്ലിയതു ഞാൻ നിന്നെ
കഴുകാഞ്ഞാൽ നിനക്ക് എന്നിൽ പങ്ക് ഇല്ല — ശിമൊൻ പെ
ത്രൻ കർത്താവെ എൻ കാലുകൾ മാത്രമല്ല കൈകളും തലയും കൂടെ എ
ന്ന പറയുന്നു — യെശു അവനോടു കുളിച്ചിരിക്കുന്നവന്ന് കാലുകൾ
അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല സർവ്വാംഗം ശുദ്ധനാകുന്നു — നി
ങ്ങളും ശുദ്ധരാകുന്നു എല്ലാവരും അല്ലതാനും എന്ന പറയുന്നു —

തന്നെ കാണിച്ചു കൊടുക്കുന്നവനെ അറികകൊണ്ടത്രെ എല്ലാവ
രും ശുദ്ധരല്ല എന്ന പറഞ്ഞത — (യൊ. ൧൩)

അവരുടെ കാലുകളെ കഴുകീട്ട തന്റെ വസ്ത്രങ്ങളെ ധരി
ച്ചശെഷം അവൻ പിന്നെയും ചാരികൊണ്ട അവരൊട പറഞ്ഞി
തു — നിങ്ങളൊട ചെയ്തത ബൊധിക്കുന്നുവൊ നിങ്ങൾ എന്നെ ഗുരു
വെന്നും കർത്താവെന്നും വിളിക്കുന്നു — ഞാൻ അപ്രകാരം ആകയാ
ൽ നന്നായി ചൊല്ലുന്നു — കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ
കാലുകളെ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാലുകളെ
കഴുകെണ്ടത — ഞാൻ നിങ്ങളൊട ചെയ്തപ്രകാരം നിങ്ങളും ചെ
യ്യെണ്ടതിന്നല്ലൊ ഞാൻ നിങ്ങൾക്ക ദൃഷ്ടാന്തം തന്നത — ആമെൻ
ആമെൻ ഞാൻ നിങ്ങളൊട ചൊല്ലുന്നിതു — തന്റെ കർത്താവിനെക്കാ
ൾ ദാസൻ വലിയവനല്ല തന്നെ അയച്ചവനെക്കാൾ ദൂതനും വലിയവ
നല്ല — ഇവ നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ധന്യർ ആകുന്നു — നി
ങ്ങളെ എല്ലാവരെയും ചൊല്ലുന്നില്ല ഞാൻ തെരിഞ്ഞെടുത്തവരെ
അറിയുന്നു എന്നാൽ എന്നൊടു കൂടെ അപ്പം തിന്നുന്നവൻ എ
ന്റെ നെരെ മടമ്പു ഉയർത്തി എന്നുള്ള തിരുവെഴുത്തിന്ന പൂർത്തിവ
രെണ്ടിയിരിക്കുന്നു — അത സംഭവിക്കും മുമ്പെ ഞാൻ ഇന്ന നിങ്ങളൊട
പറയുന്നത സംഭവിച്ചാൽ ഞാൻ തന്നെ ആകുന്നു എന്ന നിങ്ങൾ വി
ശ്വസിപ്പാനായിട്ടത്രെ — ആമെൻ ആമെൻ ഞാൻ നിങ്ങളൊട ചൊ
ല്ലുന്നിതു ഞാൻ വല്ലപ്പൊഴും അയക്കുന്നവനെ കൈക്കൊള്ളുന്നവൻ
എന്നെ കൈക്കൊള്ളുന്നു എന്നെ കൈക്കൊള്ളുന്നവൻ എന്നെ അ
യച്ചവനെ കൈക്കൊള്ളുന്നു (യൊ)

എന്നിട്ട അവൻ ഭക്ഷിക്കുമ്പൊൾ ശെശ്രുയാന പാത്രം എടുത്തു
വാഴ്ത്തി പറഞ്ഞു — ഇത വാങ്ങി നിങ്ങളിൽ തന്നെ പകുത്തുകൊൾവിൻ — എ
ന്തെന്നാൽ ദൈവരാജ്യം വരുവൊളം ഞാൻ മുന്തിരിവള്ളിയുടെ പി
റപ്പിൽ നിന്ന കുടിക്കയില്ല എന്ന ഞാൻ നിങ്ങളൊട പറയുന്നു — —

അവരിൽ ഏററം വലിയവനായി തോന്നുന്നവൻ ആർ എന്നതി
നെ ചൊല്ലി ഒരു തൎക്കവും അവരിൽ ഉണ്ടായി — അവരോടു അവൻ പ
റഞ്ഞിതു — ജാതികളുടെ രാജാക്കന്മാർ അവരിൽ കൎത്തൃത്വം നട
ത്തുന്നു — അവരിൽ അധികാരികളാകുന്നവർ ഉപകാരികൾ എന്നു വി
ളിക്കപ്പെടുന്നു — നിങ്ങളൊ അപ്രകാരം അല്ല — നിങ്ങളിൽ ഏററ
വലുതായവൻ ഇളയവനെ പോലെയും നടത്തുന്നവൻ ശുശ്രൂഷി
ക്കുന്നവനെ പോലെയും ആവൂ — ഏറെ വലുതായത് ആരു പൊൽ —
ഊണിരിക്കുന്നവനൊ ശുശ്രൂഷിക്കുന്നവനൊ — ഊണിരിക്കുന്നവനല്ല
യൊ — ഞാനൊ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെ പോലെ
ആകുന്നു — എങ്കിലും എന്റെ പരീക്ഷകളിൽ എന്നോടു കൂടെ പാൎത്തു
നിന്നവർ നിങ്ങൾ അത്രെ — ഞാനും എൻ പിതാവ് എനിക്കു നിയമി
ച്ചതു പോലെ രാജ്യത്തെ നിങ്ങൾക്കു നിയമിച്ചു തരുന്നു — നിങ്ങ
ൾ എന്റെ രാജ്യത്തിൽ എൻ മേശയിൽ ഭക്ഷിച്ചു കുടിക്കയും ഇസ്ര
യേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിച്ചു സിംഹാസനങ്ങളി
ൽ ഇരിക്കയും ചെയ്വാന്തക്കവണ്ണമെ (ലൂ)

ഇവ പറഞ്ഞിട്ടു യേശു ആത്മാവിൽ കലങ്ങി ആമെൻ ആ
മെൻ ഞാൻ നിങ്ങളോടു ചൊല്ലുന്നിതു നിങ്ങളിൽ ഒരുത്തൻ എ
ന്നെ കാണിച്ചു കൊടുക്കും എന്നു സാക്ഷി പറഞ്ഞു — ആയവർ ദുഃഖി
ച്ചു ആരെ കൊണ്ടു പറഞ്ഞു എന്നു മെതിഞ്ഞു തമ്മിൽ തമ്മിൽ നോക്കി
വക്ഷെ ഞാനൊ ഞാനൊ എന്നു ഒരൊരുത്തർ അവനോടു ചൊല്ലി തുട
ങ്ങി — അവരോടു അവൻ പറഞ്ഞിതു പന്തിരുവരിൽ ഒരുവൻ എ
ന്നോടു കൂടെ താലത്തിൽ കൈ കഴിട്ടു മുക്കുന്നവൻ തന്നെ — ശിഷ്യരി
ൽ വെച്ചു യേശു സ്നേഹിക്കുന്ന ഒരുത്തൻ യേശുവിൻ മടിയൊടു ചാ
രിക്കൊണ്ടിരിക്കെ — ശിമോൻ പേത്രൻ ആംഗികം കാട്ടി ഇന്നചൊ
ല്ലിയത് ആരെ കൊണ്ടു പറക എന്ന് അവനോടു ചോദിക്കുന്നു —
ആയവൻ യേശുവിൻ മാൎവ്വിടത്തിൽ (ചാരി) ചരിച്ചു കൎത്താവെ ആ

ർ ആകുന്നതെന്നു ചൊദിച്ചതിന്നു യെശു ഞാൻ അപ്പഖണ്ഡം മുക്കി കൊടുക്കുന്നവൻ തന്നെ എന്ന് ഉത്തരം പറഞ്ഞു ഖണ്ഡത്തെ മുക്കീട്ടു ശിമൊന്യൻ യൂദാ ഇസ്കരിയൊത്താവിന്നു കൊടുക്കുന്നു — ഖണ്ഡം വാങ്ങിയ ശെഷം സാത്താൻ ഉടനെ അവനിൽ പ്രവെശിച്ചു — യെശു പറഞ്ഞു തന്നെ കുറിച്ചു വിധിച്ചെഴുതി ഇരിക്കുന്ന പ്രകാരം മനുഷ്യപുത്രൻ പൊകുന്നു സത്യം — മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്ന മനുഷ്യനൊ ഹാ കഷ്ടം — ആ മനുഷ്യൻ ജനിച്ചില്ല എങ്കിൽ കൊള്ളാമായിരുന്നു — എന്നാറെ അവനെ കാണിച്ചു കൊടുക്കുന്ന യൂദാ — റബ്ബീ ഞാനല്ലല്ലൊ എന്നുത്തരം ചൊല്ലിയതിന്നു നീ പറഞ്ഞുവല്ലൊ എന്നുരെച്ചു — പിന്നെ നീ ചെയ്യുന്നത് അതിവെഗത്തിൽ ചെയ്ക എന്നു പറകയും ചെയ്തു — ആയത് ഇന്നതിന്നു ചൊല്ലീട്ടുള്ള പ്രകാരം ചാരി ഇരുന്നവരിൽ ആരും അറിഞ്ഞില്ല — പണപ്പെട്ടി യൂദാവൊടുള്ളതാകയാൽ പെരുനാളിന്നു നമുക്കു വെണ്ടുന്നത് മെടിക്ക എന്നൊ ദരിദ്രർക്കു ദാനം കൊടുക്ക എന്നൊ യെശു അവനൊടു കല്പിക്കുന്ന പ്രകാരം ചിലർ തൊന്നി — അവനൊ ഖണ്ഡം വാങ്ങി ക്ഷണത്തിൽ പുറപ്പെട്ടുപൊയി — അപ്പൊൾ രാത്രി ആയിരുന്നു — (യൊ. ൧൩. ൩൦.)

അവൻ പുറപ്പെട്ടു പൊയപ്പൊൾ യെശു പറയുന്നിതു — ഇപ്പൊൾ മനുഷ്യപുത്രൻ തെജസ്കരിക്കപ്പെട്ടു അവനിൽ ദൈവവും തെജസ്കരിക്കപ്പെട്ടു — ദൈവം അവനിൽ തെജസ്കരിക്കപ്പെട്ടു എങ്കിൽ ദൈവം അവനെ തന്നിൽ തന്നെ തെജസ്കരിക്കപ്പെടുന്ന തെജസ്കരിക്കയും ചെയ്യും (യൊ.)

പിന്നെ യെശു അപ്പത്തെ എടുത്തു സ്തൊത്രം ചൊല്ലി നുറുക്കി ശിഷ്യർക്കു കൊടുത്തു പറഞ്ഞിതു വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു എന്റെ ഓൎമ്മെക്കായിട്ടു ഇതിനെ ചെയ്വിൻ — അപ്രകാരം തന്നെ അത്താഴം കഴിഞ്ഞ ശെഷം പാനപാത്രത്തെയും എടുത്തു (വാഴ്ത്തി) പറഞ്ഞിതു — നിങ്ങ

പ്പെല്ലാവരും. ഇതിൽ നിന്നു കുടിപ്പിൻ ഇപ്പാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു— ഇതു പാപമോചനത്തിന്നായി നിങ്ങൾക്കും അനേകർക്കും വേണ്ടി ഒഴിച്ച എന്റെ രക്തം— ഇതിനെ കുടിക്കുന്തോറും എന്റെ ഓൎമ്മെക്കായിട്ടു ചെയ്വിൻ— ഞാനൊ നിങ്ങളോടു പറയുന്നിതു— മുന്തിരിവള്ളിയുടെ അനുഭവത്തെ എന്റെ പിതാവിൻ രാജ്യത്തിൽ നിങ്ങളോടു കൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ ഇതിൽ നിന്നു ഇനി കുടിക്കയില്ല- (മ.മ.ല)

പൈതങ്ങളെ ഇനി അല്പനേരം നിങ്ങളോടു ഇരിക്കുന്നുള്ളു- നിങ്ങൾ എന്നെ അന്വേഷിക്കും— പിന്നെ ഞാൻ പോകുന്നേടത്തു നിങ്ങൾക്കു വന്നുകൂടാ എന്നു യഹൂദരോടു പറഞ്ഞപ്രകാരം ഇന്നു നിങ്ങളോടും ചൊല്ലുന്നു— നിങ്ങൾ തമ്മിൽ സ്നേഹിക്കേണം എന്നു ഒരു പുതിയ കല്പന നിങ്ങൾക്കു തരുന്നു— ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ സ്നേഹിക്ക എന്നത്രെ— നിങ്ങൾക്കു അന്യോന്യം സ്നേഹം ഉണ്ടെങ്കിൽ അതിനാൽ നിങ്ങൾ എന്റെ ശിഷ്യർ എന്നു എല്ലാവരും അറിയും— ശിമോൻ പേത്രൻ അവനോടു കർത്താവെ നീ എവിടെ പോകുന്നു എന്നു പറയുന്നതിനു— ഞാൻ പോകുന്നിടത്തേക്കു നിനക്കു ഇപ്പോൾ അനുഗമിച്ചുകൂടാ പിന്നെതിൽ നീ എന്നെ അനുഗമിക്കും താനും എന്നു യേശു ഉത്തരം പറഞ്ഞു— പേത്രൻ അവനോടു കർത്താവെ ഇന്നു നിന്നെ അനുഗമിച്ചുകൂടാത്തതു എന്തു കൊണ്ടു— നിനക്കു വേണ്ടി എൻ പ്രാണനെ വെച്ചുകളയും എന്നു പറഞ്ഞാറെ യേശു ഉത്തരം ചൊല്ലിയതു നിൻ പ്രാണനെ എനിക്കു വേണ്ടി വെക്കുമൊ— ശിമോനെ ശിമോനെ കണ്ടാലും സാത്താൻ നിങ്ങളെ കോതമ്പ് പോലെ ചേറുവാനായിട്ടു ചോദിച്ചു പോയി— ഞാനൊ നിന്റെ വിശ്വാസം ഒടുങ്ങിപ്പോകാതിരിപ്പാൻ നിനക്കു വേണ്ടി യാചിച്ചു— പിന്നെ നീ ഒരിക്കൽ തിരിഞ്ഞു വന്നാൽ നിന്റെ സഹോദരന്മാരെ ഉറപ്പിച്ചു കൊൾക— എന്നതി

ന്ന് അവൻ കർത്താവെ നിന്നൊടു കൂടെ തടവിലും ചാവിലും ചെല്ലു
വാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞാറെ ചൊല്ലിയതു—
പെത്രു നീ എന്നെ അറിയുന്നില്ല എന്നു മൂന്നു വട്ടം തള്ളിപ്പറയും
മുമ്പെ ഇന്നു കോഴി കൂകയില്ല എന്നു ഞാൻ നിന്നൊടു പറ
യുന്നു (ലൂക്കാ. ൨൨)

പിന്നെ അവരൊടു പറഞ്ഞു നിങ്ങളെ മടിശ്ശീല പൊക്ക
ണം ചെരിപ്പുകൾ ഇവ കൂടാതെ അയച്ചപ്പൊൾ ഒട്ടു കുറവുണ്ടായൊ
യാ — എന്നതിന്നു ഒട്ടും ഇല്ല എന്നു ചൊല്ലിയാറെ അവരൊടു പ
റഞ്ഞിതു — എങ്കിലൊ ഇപ്പൊൾ മടിശ്ശീല ഉള്ളവൻ അതു എ
ടുക്കുക — പൊക്കണവും അപ്രകാരം തന്നെ — ഇല്ലാത്തവൻ തന്റെ
വസ്ത്രം വിറ്റു വാൾ കൊള്ളുക എന്നും ചെയ്ക — ദ്രൊഹികളൊടും എണ്ണ
പ്പെട്ടു എന്ന് എഴുതി കിടക്കുന്നതും കൂടെ എന്നിൽ തികഞ്ഞു വരെ
ണം എന്നു ഞാൻ നിങ്ങളൊടു പറയുന്നു സത്യം — കാരണം എ
ന്ന കുറിച്ചുള്ളവറ്റിന്നു തികവുണ്ടു — അവർ കർത്താവെ ഇവിടെ
രണ്ടു വാൾ ഉണ്ടു എന്നു ചൊല്ലിയാറെ മതി എന്ന് അവരൊടു പറ
ഞ്ഞു (മ. മ. ൨൨)

## ൩. ഗത്ശെമനിലെ പൊരാട്ടവും തൊട്ടത്തിൽ

## പിടിപെട്ടതും

പിന്നെ അവർ സ്തൊത്രം പാടി യെശു എറിയൊന്നു (യൊ. ൧൪-
൧൭) പറഞ്ഞ ശെഷം അവൻ പുറപ്പെട്ടു മൎയ്യാദ പ്രകാരം കി
ദ്രൊൻ തൊടിന്ന് അക്കരെ ഒലിവമലക്കൽ തൊട്ടം ഉള്ളതിൽ താ
ൻ ശിഷ്യരുമായി കടന്നു — അപ്പൊൾ യെശു അവരൊടു പറഞ്ഞു
ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറി പൊകും — ഞാ
ൻ ഇടയനെ വെട്ടും കൂട്ടത്തിലെ ആടുകൾ ചിതറി പൊകയുമാം —

എന്ന് എഴുതി ഇരിക്കുന്നുവല്ലൊ — ഞാൻ ഉണൎന്ന ശെഷമൊ നിങ്ങൾക്കു മുമ്പെ ഗലീലെക്കു ചെല്ലും — എന്നതിന്നു പെത്രൻ ഉത്തരം പറഞ്ഞിതു — എല്ലാവരും നിങ്കൽ ഇടറി പൊയാൽ ഞാൻ ഒരുനാളും ഇടറുകയില്ല — അവനൊടു യെശു സത്യമായി ഞാൻ നിന്നൊടു ചൊല്ലുന്നിതു ഇന്നു രാത്രിയിൽ കൊഴി രണ്ടു കുറി കൂകുമ്മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു പറയുന്നു — അവനൊ നിന്നൊടു ഒന്നിച്ചു മരിക്കെണ്ടി വന്നാലും നിന്നെ തള്ളിപ്പറകയില്ല എന്നു എറ്റം അധികം പറഞ്ഞു — അപ്രകാരം തന്നെ എല്ലാവരും പറഞ്ഞു വന്നു — (മ-മ-൬-൭൫)

അവർ ഗെത്ത്സെമന എന്നുള്ള പറമ്പിൽ വന്നു — അവിടെ യെശു പലപ്പൊഴും തന്റെ ശിഷ്യരൊടു ചെൎന്നിരിക്കയാൽ അവനെ കാണിച്ചു കൊടുക്കുന്ന യൂദാവും സ്ഥലത്തെ അറിഞ്ഞു — അതിൽ എത്തിയപ്പൊൾ യെശു ഞാൻ പൊയി അവിടെ പ്രാൎത്ഥിച്ചു തീരുവൊളം ഇവിടെ ഇരിപ്പിൻ — നിങ്ങൾ പരീക്ഷയിൽ കടക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ എന്ന് അവരൊടു പറഞ്ഞു — പെത്രനെയും യാക്കൊബ് യൊഹന്നാൻ എന്നവരെയും കൂട്ടിക്കൊണ്ടു സങ്കടിച്ചും ദുഃഖിച്ചും വലഞ്ഞും പൊവാൻ തുടങ്ങി — എന്റെ ദെഹി മരണത്തൊളം അതിദുഃഖപ്പെട്ടിരിക്കുന്നു — ഇവിടെ പാൎത്തുണൎന്നുകൊള്ളിൻ എന്ന് അവരൊടു പറഞ്ഞു — താൻ അവരെ വിട്ടു ഒരു കല്ലെറു ദൂരത്തൊളം വാങ്ങി മുട്ടുകുത്തി നിലത്തു വീണു — കഴിയുന്നു എങ്കിൽ ആ നാഴിക നീങ്ങിപ്പൊകെണം എന്നു പ്രാൎത്ഥിച്ചു — അബ്ബാ പിതാവെ നിന്നാൽ എല്ലാം കഴിയും ഈ പാനപാത്രം എന്നിൽനിന്നു നീക്കിക്കൊള്ളെണമെ എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രെ ആവു എന്നു പറഞ്ഞു — പിന്നെ വന്നു അവർ ഉറങ്ങുന്നതു കണ്ടു പെത്രനൊടു പറഞ്ഞു ശിമൊനെ ഉറങ്ങുന്നുവൊ — ഒരു നാഴികയും ഉണൎന്നിരിപ്പാൻ കഴിഞ്ഞില്ലയൊ — പരീക്ഷ

ത്തിൽ അകപ്പെടാതിരിപ്പാൻ ഉണർന്നും പ്രാർത്ഥിച്ചും കൊള്ളിൻ ആത്മാവ് മനഃപൂർവ്വമുള്ളതു സത്യം ജഡം ബലഹീനമത്രെ - പിന്നെയും രണ്ടാമതു പോയി എൻ പിതാവെ ഇതു ഞാൻ കുടിക്കാതെ നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ഭവിക്കയാവു എന്നു പ്രാർത്ഥിച്ചു - സ്വർഗ്ഗത്തിങ്കന്നു ഒരു ദൂതനും ഉറ ക്കൂട്ടുവാൻ അവന്നു കാണാപ്പുന്നു - പിന്നെ അവൻ അത്യാസന്നത്തിലായി അതി ശ്രദ്ധയോടെ പ്രാർത്ഥിച്ചു അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളികൾ കണക്കെ ആയ്ചമഞ്ഞു - പ്രാർത്ഥനയിൽ നിന്നു എഴുനീറ്റു മടങ്ങിവന്നു - അവർ കണ്ണുകൾക്കു ഭാരം ഏറുകയാൽ വിഷാദത്താൽ നിദ്രിതർ എന്നു കണ്ടു - അവർ എന്തുത്തരം ചൊല്ലേണ്ടു എന്നറിഞ്ഞതും ഇല്ല - അവരെ വിട്ടു മൂന്നാമതും പോന്നു ആ വചനത്താൽ തന്നെ പ്രാർത്ഥിച്ചു - മൂന്നാമതും വന്നു അവരോടു പറയുന്നതെന്തെന്നാൽ ഇനി ഉറങ്ങി ആശ്വസിച്ചുകൊള്ളിൻ - മതി നാഴിക വന്നു ഇതാ മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു - എഴുനീല്പിൻ നാം പോക ഇതാ കണ്ടാലും എന്നെ കാണിച്ചുകൊടുക്കുന്നവൻ അണഞ്ഞുവന്നു (മത്ഥാ. ൨. ൬. ൪൬)

എന്നു അവൻ പറയുമ്പോൾ തന്നെ വെട്ടന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ശൌമ്മാ പട്ടക്കാരും മഹാപുരോഹിതർ മൂപ്പർ ഇവർ നിയോഗിച്ച വലിയ ഭൃത്യക്കൂട്ടത്തോടും കൂടി കൊണ്ടു ദീവട്ടി പന്തങ്ങളോടും വാളുവടികളോടും കൂട വന്നു മുന്നടന്നു - തന്റെ മേൽ വരുന്നവ എല്ലാം യേശു അറിഞ്ഞിട്ടു പുറത്തുവന്നു ആരെ തിരയുന്നു എന്നു അവരോടു പറഞ്ഞു - നസറത്തനായ യേശുവെ എന്നു അവർ ഉത്തരം ചൊല്ലിയാറെ ഞാൻ ആകുന്നു എന്നു യേശു പറയുന്നു - അപ്പോൾ അവനെ കാണിച്ചുകൊടുക്കുന്ന യൂദാവും അവരോടു നില്ക്കുന്നുണ്ടു - ഞാൻ ആകുന്നു എന്നു അവരോടു പറഞ്ഞ ഉടനെ അവർ പിൻവാങ്ങി നില

ത്തുവീണു — ആരെ തിരയുന്നു എന്നു പിന്നെയും അവരൊട് ചൊദി
ച്ചതിന്നു — നചറത്തനായ യെശുവെ എന്നു പറഞ്ഞപ്പൊൾ യെശു ഉ
ത്തരം ചൊല്ലിയതു — ഞാൻ ആകുന്നു എന്നു നിങ്ങളൊടു പറഞ്ഞുവ
ല്ലൊ — ആകയാൽ എന്നെ തിരയുന്നു എങ്കിൽ ഇവരെ പൊകയാ
ൻ വിടുവിൻ — എന്നതിനാൽ നീ എനിക്ക തന്നവരിൽ ആരെയും
ഞാൻ നഷ്ടമാക്കീട്ടില്ല എന്നു ചൊല്ലിയ വചനത്തിന്നു നിവൃത്തിയ
രെണ്ടിയിരുന്നു — അവനെ കാണിച്ചു കൊടുക്കുന്നവൻ ഞാൻ ഏ
വനെ ചുംബിച്ചാൽ അവൻ തന്നെ ആകുന്നു ആയവനെ പിടിച്ചു
കൊള്ളിൻ എന്ന് അവൎക്ക ലക്ഷണം കൊടുത്തിരുന്നു — പിന്നെ ക്ഷ
ണത്തിൽ യെശുവിന്നു നെരിട്ടു വന്നു റബ്ബീ വാഴ്ക എന്നു പറഞ്ഞു
അവനെ ചുംബിച്ചു — അവനൊടു യെശു തൊഴ എന്തിനായി വന്നു
യൂദാവെ മനുഷ്യപുത്രനെ ചുംബനം കൊണ്ടൊ കാണിച്ചു കൊടുക്കു
ന്നു എന്നു പറഞ്ഞു —

ഉടനെ അവർ അടുത്തു യെശുവിന്മെൽ കൈകളെ വെച്ച് അ
വനെ പിടിച്ചു അവനൊട് കൂട ഉള്ളവരൊ വരുന്നതു കണ്ടു കൎത്താ
വെ ഞങ്ങൾ വാളാൽ വെട്ടുകയൊ എന്നു ചൊല്ലി — അവരിൽ ഒരു
വനായ ശിമൊൻ പെത്രൻ തനിക്കുള്ള വാളെ ഊരി മഹാപുരൊഹി
തന്റെ ദാസനെ വെട്ടി അവന്റെ വലത്തു കാതെ അറുത്തു കളഞ്ഞു.
ആ ദാസന് മല്കൻ എന്നു പെർ ഉണ്ടു — അതിന്നു യെശു ഇത്രൊളം
വിടുവിൻ എന്നു ചൊല്ലി ആയവന്റെ ചെവിയെ തൊട്ടു സൌഖ്യം
വരുത്തി — പിന്നെ പെത്രനൊട് പറഞ്ഞു വാൾ ഉറയിൽ ഇടു വാൾ എ
ടുക്കുന്നവൻ ഒക്കെയും വാളാൽ നശിച്ചു പൊകും സത്യം പിതാവ് എ
നിക്കു തന്ന പാനപാത്രം ഞാൻ കുടിക്കാതിരിക്കയൊ — അല്ല ഞാ
ൻ അപെക്ഷണം എന്റെ അഛ്ശനൊടു പന്ത്രണ്ടു ലെഗ്യൊൻ ദൂതരി
ലും അധികം എനിക്ക തരുവാണ്ടതിന്ന ഞായം കഴിച്ചുകൂടാ എ
ന്ന തൊന്നുന്നുവൊ — എന്നാൽ ഇതു വെദത്തുകാൎക്ക എങ്ങനെ

വൃന്ദിവരും. അപ്രകാരം സംഭവിക്കേണ്ടുന്നതെങ്ങിനെല്ലൊ — (മത്താ. മ. മ. ലൂ)

അന്നാഴികയിൽ തന്നെ യേശു തന്റെ നേരെ വന്ന മഹാപുരോഹിതരോട്ടും ദേവാലയത്തിലെ പടനായകരോട്ടും മൂപ്പരോട്ടും പറഞ്ഞിതു — ഒരു കള്ളനെക്കൊള്ള എന്നപോലെ നിങ്ങൾ വാളുവടികളുമായി എന്നെ പിടിപ്പാൻ പുറപ്പെട്ടു വന്നു — ഞാൻ ദിവസേന ദേവാലയത്തിൽ നിങ്ങളോടു കൂടി ഇരുന്നിട്ടും എന്റെ നേരെ കൈകളെ നീട്ടീട്ടില്ല — എങ്കിലും ഇതു നിങ്ങളുടെ നാഴികയും ഇരുളിന്റെ അധികാരവും ആകുന്നു — ഇതു ഒക്കയും പ്രവാചകരുടെ എഴുത്തുകൾ നിവൃത്തിയാകേണ്ടതിന്നത്രെ സംഭവിച്ചതു — അപ്പോൾ എല്ലാ ശിഷ്യരും അവനെ വിട്ടു മണ്ടിപ്പോയി — അവനെ ഒരു യുവാവ് വെറും മെയ്മേൽ പുടവ പുതെച്ചും കൊണ്ടു അനുഗമിക്കുന്നു — ആയവനെ ബാല്യക്കാർ പിടിക്കുന്നേരം അവൻ പുടവ വിട്ടും നഗ്നനായി അവർക്കു തെറ്റി മണ്ടിപ്പോയി — (മ. മ. ലൂ)

## ൫. മഹാപുരോഹിതരുടെ ന്യായവിസ്താരവും

## ശിമോന്റെ നിഷേധവും

പിടിച്ചവരും സഹസ്രാധിപനും യഹൂദഭൃത്യരും യേശുവെ പിടിച്ചു കെട്ടി — ആ വർഷത്തെ മഹാപുരോഹിതനായ കയഫാവിന്ന ഹന്നാ ശ്വശുരൻ ആകകൊണ്ടു മുമ്പെ അവനടുക്കെ കൊണ്ടുപോയി — കയഫാ എന്നവനൊ ജനത്തിന്നു വേണ്ടി ഒരു മനുഷ്യൻ മരിച്ചുപോകുന്നതുപകാരം എന്നു യഹൂദരോടു മന്ത്രിച്ചവൻ തന്നെ — ശിമോൻ പേത്രനും മറ്റെ ശിഷ്യനും യേശുവിൻ പിന്നാലെ ചെല്ലുമ്പോൾ ആ ശിഷ്യൻ മഹാപുരോഹിതനോടു പരി

ഷയമുള്ളവനാകയാൽ യെശുവൊടുകൂടെ മഹാപുരൊഹിതന്റെ
നടുമുറ്റത്തു കടന്നു— പെത്രൻ വാതുക്കൽ പുറത്തു നില്ക്കുമ്പൊൾ മ
ഹാപുരൊഹിതനൊടു പരിചയമുള്ള മറെറ ശിഷ്യൻ പുറപ്പെട്ടു വാ
തിൽക്കാവല്ക്കാരത്തിയൊടു പറഞ്ഞു പെത്രനെ അകത്തു വരുത്തി— എന്നാറെ
വാതിൽ കാക്കുന്ന വെല്ല്യക്കാരത്തി പെത്രനൊടു പക്ഷെ നീയും
ഈയാളുടെ ശിഷ്യരിൽ കൂടിയവനൊ എന്നു പറയുന്നു അല്ലെ
ന്ന അവൻ പറയുന്നു— അന്നു കുളിർ ആകകൊണ്ടു ദാസന്മാരും ഭൃത്യ
ന്മാരും കനൽകൂട്ടി തീ കാഞ്ഞുകൊണ്ടു നിന്നിരിക്കുന്നു പെത്രനും അവരൊ (6)
ടു കൂടെ നിന്നു തീ കാഞ്ഞുകൊണ്ടിരുന്നു— എന്നാറെ മഹാപുരൊ
ഹിതൻ യെശുവിനൊടു അവന്റെ ശിഷ്യന്മാരെയും ഉപദെശത്തെ
യും കുറിച്ചു ചൊദിച്ചപ്പൊൾ യെശു ഉത്തരം ചൊല്ലിയതു— ഞാൻ ലൊ
കത്തൊടു പരസ്യത്തിൽ പറഞ്ഞു— പള്ളികളിലും എല്ലാ യഹൂദന്മാരും
കൂടുന്ന ദെവാലയത്തിലും ഞാൻ എപ്പൊഴും ഉപദെശിച്ചു രഹസ്യത്തി
ൽ ഒന്നും ഉരെച്ചതും ഇല്ല— നീ എന്നൊടു ചൊദിക്കുന്നതു എന്തു കെ
ട്ടവരൊടു ഞാൻ അവരെ ചൊല്ലീട്ടത് എന്തു എന്നു ചൊദിക്ക— ഇവരി
ലും ഞാൻ പറഞ്ഞവ അവർ അറിയുന്നു— എന്നു പറഞ്ഞാറെ ഭൃത്യരി
ൽ അരികെ നില്ക്കുന്നവരിൽ ഒരുത്തൻ— മഹാപുരൊഹിതനൊടു ഇങ്ങനെ ഉ
ത്തരം ചൊല്ലുന്നുവൊ എന്നു പറഞ്ഞു യെശുവിന്നു ഒരു കുമക്കൊടുത്തു— അ
പ്പൊൾ യെശു ഞാൻ ദൊഷമായി സംസാരിച്ചു എങ്കിൽ ദൊഷം എ
ന്തെന്നു സാക്ഷ്യപ്പെടുത്തുക നല്ലവണ്ണം എങ്കിൽ എന്നെ തല്ലുന്നത് എന്തു
എന്നു പറഞ്ഞു— ഹന്നാ അവനെ കെട്ടപ്പെട്ടവനായി മഹാപുരൊ
ഹിതനായ കയഫാവിന്റെ അടുക്കൽ അയച്ചു—

മഹാപുരൊഹിതരും (മൂപ്പന്മാരും) ന്യായസഭ ഒക്കെയും
യെശുവെ മരിപ്പിക്കെണ്ടതിന്നു അവന്റെ നെരെ ഉള്ള സാക്ഷ്യം
അന്വെഷിച്ചു ഒന്നും കണ്ടെത്തിയില്ലതാനും— കാരണം അനെകർ അവ
ന്റെ നെരെ കള്ളസാക്ഷ്യം ചൊല്ലീട്ടും സാക്ഷ്യങ്ങൾ ഒക്കില്ല— ഒട്ടു

ക്കം രണ്ടു കള്ളസാക്ഷികൾ വന്നു പറഞ്ഞിതു—ഇതൈ കൈപ്പണിയായ
മന്ദിരത്തെ ഞാൻ അഴിച്ചു മൂന്നു ദിവസം കൊണ്ടു കൈപ്പണിയല്ലാ
ത്ത മറൊന്നിനെ കെട്ടിപ്പിക്കും എന്നു ഇവൻ പറയുന്നതു ഞങ്ങൾ കെ
ട്ടു—എന്നിപ്രകാരവും അവരുടെ സാക്ഷ്യം ഒത്തതും ഇല്ല——എന്നി
ട്ടു മഹാപുരൊഹിതൻ എഴുനീറ്റു അവനൊടു നീ ഉത്തരവും പറയു
ന്നില്ലയൊ ഇവർ നിന്റെ നെരെ സാക്ഷ്യം ചൊല്ലുന്നത് എന്തെന്നെ—
എന്നു പറഞ്ഞാറെ യെശു മിണ്ടാതെ നിന്നു—മഹാപുരൊഹിതർ ശാ
സ്ത്രികൾ മുതലായ ജനമൂപ്പന്മാർ നീ മശിഹാ എങ്കിൽ ഞങ്ങളൊടു പ
റ എന്നു ചൊല്ലിയാറെ—നിങ്ങളൊടു പറഞ്ഞാലും നിങ്ങൾ വിശ്വസി
ക്കയില്ല—ഞാൻ ചൊദിച്ചാലും എന്നൊടു ഉത്തരം ചൊല്ലുകയില്ല വി
ട്ടയക്കയും ഇല്ല—മഹാപുരൊഹിതൻ അവനൊടു ചൊല്ലിയതു—അനു
ഗ്രഹിക്കപ്പെട്ട ദൈവത്തിന്റെ പുത്രനായ മശീഹാ നീ തന്നെയൊ എ
ന്നു ഞങ്ങളൊടു പറയെണ്ടതിന്നു ഞാൻ ജീവനുള്ള ദൈവത്താ
ണയിന്നൊടു ചൊദിക്കുന്നു—അവനൊടു യെശു നീ പറഞ്ഞുവല്ലൊ
ഞാൻ ആകുന്നു—ശെഷം ഞാൻ നിങ്ങളൊടു ചൊല്ലുന്നിതു—ഇതു
മുതൽ മനുഷ്യപുത്രൻ സർവ്വശക്തിയുടെ വലഭാഗത്തിരിക്കുന്നതും
വാനത്തിൻ മെഘങ്ങളിന്മെൽ വരുന്നതും നിങ്ങൾ കാണും എന്നു പ
റഞ്ഞു—ഉടനെ മഹാപുരൊഹിതൻ തന്റെ വസ്ത്രങ്ങളെ കീറി ഇ
വൻ ദെവദൂഷണം പറഞ്ഞു ഇനി സാക്ഷികളെ കൊണ്ടു നമുക്ക്
എന്ത് ആവശ്യം—ഇതാ അവന്റെ ദൂഷണം ഇപ്പൊൾ കെട്ടുവല്ലൊ
നിങ്ങൾക്ക് എന്തു തൊന്നുന്നു—എന്നു പറഞ്ഞപ്പൊൾ എല്ലാ
വരും അവനെ മരണയൊഗ്യൻ എന്നു വിധിച്ചു കളഞ്ഞു (മ.മ.ക്കു)

ശിമൊൻ പെത്രൊ നീങ്ങാഞ്ഞു നില്ക്കുമ്പൊൾ ഒരു ബാ
ല്യക്കാരത്തി വന്നു സമീപത്തു നില്ക്കുന്നവരൊടു ഇവൻ നസ്രെത്തി
ൽ ഉള്ളവനത്രെ എന്നു പറഞ്ഞുതുടങ്ങി—നീയും അവന്റെ ശിഷ്യ
രിൽ ഒരുത്തൻ അല്ലയൊ എന്നു ചിലർ അവനൊടു പറഞ്ഞാറെ—

അല്ലഞാൻ അവനെ അറിയുന്നില്ല എന്ന് ആണയിട്ടും തള്ളിപ്പറഞ്ഞു — കുറയ പിന്നെത്തിൽ അരികെ നില്ക്കുന്നവർ അടുത്തുവന്നു പെത്രൊസിനൊടു നീ അവരുടെ കൂട്ടത്തിൽ ഉള്ളവൻ സത്യം ഗലീലക്കാരൻ തന്നെ നിന്റെ ഉച്ചാരണം കൂടെ നിന്നെ വെളിവാക്കുന്നുവല്ലൊ എന്നു പറഞ്ഞു — അപ്പൊൾ ആ മനുഷ്യനെ അറിയുന്നില്ല എന്നു പ്രാകവാനും സത്യം ചെയ്വാനും തുടങ്ങി — ഉടനെ കൂവൻ കൊഴി രണ്ടാമതും കൂകി കർത്താവ് തിരിഞ്ഞു പെത്രനെ ഒന്നു നൊക്കുകയും ചെയ്തു — പെത്രനും കൊഴി രണ്ടു കുറി കൂകുമ്മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറകയും എന്നു യെശു തന്നൊടു ചൊല്ലിയ മൊഴിയെ ഒൎത്തു പുറപ്പെട്ടു കൈപ്പൊടെ കരഞ്ഞു കൊൾകയും ചെയ്തു — (യൊ. മ. മ. ലൂ.)

യെശുവെ പിടിച്ചു കൊണ്ടുനിന്ന പുരുഷന്മാർ അവനെ പരിഹസിച്ചു മുഖത്തു തുപ്പി കുത്തി അടിച്ചു — ചിലരും അവന്റെ മുഖം മൂടി കെട്ടി ഹെ മശിഹെ ഞങ്ങളൊടു പ്രവചിക്ക — നിന്നെ തല്ലിയത് ആർ എന്നു ചൊല്ലി കുമെക്കയും മറെറ പല ദൂഷണം അവന്റെ നെരെ പറകയും ചെയ്തു —

ഉഷസ്സായപ്പൊൾ മഹാപുരൊഹിതരും ജനത്തിൻ മൂപ്പരും ശാസ്ത്രികളുമായി ന്യായസഭയും ഒക്കയും കൂടി യെശുവെ മരിപ്പിപ്പാൻ നിരൂപിക്കയും ചെയ്തു — (മ. മ. ലൂ.)

## ൫. പിലാതന്റെ ന്യായവിസ്താരവും വിധിയും

(വെള്ളിയാഴ്ച ൧ മണിയിൽ)

പുലൎച്ചെക്കാ അവർ എല്ലാവരും കൂട്ടമെ എഴുനീറ്റു യെശുവിനെ കെട്ടി കയഫാവിൻ വീട്ടിൽ നിന്ന ആസ്ഥാനത്തിലെക്ക കൊണ്ടുപൊയി നാടുവാഴിയായ പൊന്ത്യ പിലാതനിൽ ഏല്പിച്ചു (യൊ. മ. മ. ലൂ.)

അപ്പോൾ ദണ്ഡവിധി ഉണ്ടാകയാൽ അവനെ കാണിച്ചുകൊ
ടുത്ത യൂദാ കണ്ടു അനുതപിച്ചു ആ മുപ്പതു വെള്ളിക്കാശ മഹാപുരൊ
ഹിതന്മാൎക്കും മൂപ്പന്മാൎക്കും മടക്കി ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഏല്പി
ച്ചുകൊടുക്കയാൽ പിഴെച്ചു എന്നു പറഞ്ഞു— അതു ഞങ്ങൾക്ക്
എന്തു നീ തന്നെ നോക്ക എന്ന് അവർ പറഞ്ഞാറെ— അവൻ
ആ വെള്ളിക്കാശുകളെ മന്ദിരത്തിൽ എറിഞ്ഞു കളഞ്ഞു വാങ്ങിപ്പോയി
കെട്ടിഞാന്നു മരിച്ചു— മഹാപുരോഹിതന്മാർ ആ വെള്ളിക്കാശുകളെ എടുത്തു
ഇതു രക്തവിലയാകയാൽ (കൊൎബ്ബാൻ എന്ന) കാഴ്ചഭണ്ഡാരത്തി
ൽ ഇടുന്നതു വിഹിതമല്ല എന്നു പറഞ്ഞു— പിന്നെ ആലോചി
ച്ചു അവ കൊണ്ടു പരദേശികളുടെ ശ്മശാനത്തിന്നായി കുശവ
ന്റെ നിലത്തെ കൊണ്ടു— ആകയാൽ ആ നിലത്തിന്ന് ഇന്നുവ
രെയും രക്തനിലം എന്ന പേർ ഉണ്ടായത്— പ്രവാചകനായ യിറ
മിയാവെക്കൊണ്ടു ചൊല്ലിയതിന്ന് അന്നു നിവൃത്തി വന്നു— കൎത്താ
വ് എന്നോട് അരുളിച്ചെയ്ത പ്രകാരം ഇസ്രയേൽ പുത്രരിൽ ചി
ലർ മതിച്ചപ്രകാരം മാന്യന്റെ വിലയാകിയ മുപ്പതു വെള്ളി
നെ അവർ എടുത്തു— കുശവനിലത്തിന്നായി കൊടുത്തു കളഞ്ഞുവ
ന എത്രെ (മത്ത. ൨൭)

യഹൂദരൊ തീണ്ടിപ്പോകാതെ പെസഹ തിന്മാനാകേ
ണ്ടും ന്യായസ്ഥാനത്തിൽ പ്രവേശിക്കാതെ നിന്നു— അതുകൊണ്ടു പി
ലാതൻ അവരുടെ അടുക്കെ പുറത്തു വന്നു ഈ മനുഷ്യന്റെ മേ
ൽ എന്തു കുറ്റം ബോധിപ്പിക്കുന്നു എന്നു ചോദിച്ചതിന്നു— ഇവൻ
ദുഷ്പ്രവൃത്തിക്കാരൻ അല്ലായെങ്കിൽ അവനെ നിങ്കൽ ഏല്പിക്ക
യില്ലല്ലോ എന്ന് ഉത്തരം പറഞ്ഞു— പിലാതൻ അവരോടു നി
ങ്ങൾ അവനെ കൂട്ടിക്കൊണ്ടു നിങ്ങളുടെ ധൎമ്മപ്രകാരം വിധിപ്പിൻ
എന്നു പറഞ്ഞാറെ യഹൂദർ അവനോട് ആരെയും കൊല്ലുന്നതു
ഞങ്ങൾക്കു വിഹിതമല്ലല്ലോ എന്നു പറഞ്ഞു— ഇവ്വണ്ണം താൻ

ഉന്ന മരണം മരിക്കും എന്നു യേശു സൂചിപ്പിച്ചു വചനത്തിന്നു നിവൃത്തിയാകുവാൻ ആയും ചെയ്തു — (യൊ.)

പിന്നെ മഹാപുരോഹിതന്മാരും മൂപ്പന്മാരും ഇവൻ താൻ ക്രിസ്തു നായകനാകുന്ന ഒരു രാജാവ് എന്നു ചൊല്ലി കൊണ്ടു ജാതിയെ മറിക്കുന്നതായും കൈസർക്കു കരം കൊടുക്കുന്നതു വിരോധിക്കയും ചെയ്യുന്നതു ഞങ്ങൾ കണ്ടു എന്നു കുറ്റം ചുമത്തി തുടങ്ങി — ആകയാൽ പിലാതൻ പിന്നെയും ന്യായാസനത്തിൽ പുക്കു യേശുവെ വിളിച്ചു നീ യഹൂദന്മാരുടെ രാജാവൊ എന്നു ചോദിച്ചപ്പോൾ യേശു ഉത്തരം ചൊല്ലിയതു — ഇതു നീ സ്വയമായി പറയുന്നുവൊ മറ്റുള്ളവർ എന്നെ കുറിച്ചു നിന്നോടു ചൊല്ലിയിട്ടൊ — പിലാതൻ ഞാൻ യഹൂദനൊ നിന്റെ ജനവും മഹാപുരോഹിതന്മാരും നിന്നെ എങ്കൽ ഏല്പിച്ചു — നീ എന്തു ചെയ്തു എന്ന് എതിരെ പറഞ്ഞപ്പോൾ — യേശു ഉത്തരം ചൊല്ലിയതു — എന്റെ രാജ്യം ഇതു ലോകത്തിൽ നിന്നുള്ളതല്ല — എന്റെ രാജ്യം ഇഹലോകത്തിൽ നിന്ന് എന്നു വരികിൽ എന്റെ ഭൃത്യന്മാർ ഞാൻ യഹൂദരിൽ ഏല്പിക്കപ്പെടാതവണ്ണം പോരാടുമായിരുന്നു അല്ലൊ എന്നിട്ട് എന്റെ രാജ്യം ഇവിടുന്നുള്ളതല്ല നിശ്ചയം — പിലാതൻ അവനോടു പിന്നെ നീ രാജാവല്ലൊ എന്നു പറഞ്ഞാറെ യേശു ഉത്തരം ചൊല്ലിയതു നീ പറയുന്നു ഞാൻ രാജാവാകുന്നതു സത്യം — സത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചിരിക്കുന്നു ഇതിന്നായി ലോകത്തിൽ വന്നും ഇരിക്കുന്നു — സത്യത്തിൽ നിന്ന് ഉള്ളവൻ എല്ലാം എന്റെ ശബ്ദം കേൾക്കുന്നു — പിലാതൻ അവനോട് സത്യം എന്ത് എന്നു പറഞ്ഞു വെച്ചു പിന്നെയും യഹൂദരുടെ അടുക്കെ പുറപ്പെട്ടു പോയി അവരോട് പറഞ്ഞിതു — ഈ മനുഷ്യനിൽ ഞാൻ കുറ്റം ഒന്നും കാണുന്നില്ല — (യൊ. ലൂ. മാ. മ.)

മഹാപുരോഹിതർ അവനിൽ ഏറിയൊന്നു ചുമത്തുമ്പോൾ പിലാതൻ പിന്നെയും അവനോടു ചോദിച്ചിതു — നീ ഒരുത്തരവും

പറയുന്നില്ലയൊ നിന്റെ നെരെ എത്രസാക്ഷ്യം ചൊല്ലുന്നു എന്നു
കെൾക്കുന്നില്ലയൊ — അവനൊ ഒരു മൊഴിക്കും ഉത്തരം ചൊല്ലായ്കയാ
ൽ നാടുവാഴി അത്യന്തം ആശ്ചര്യപ്പെട്ടു. (മാ. ൨൭. മത്താ)

അവൻ ഗലീലക്കിൽ തുടങ്ങി യഹൂദക്കിൽ എങ്ങും ഇവി
ടത്തൊളവും പഠിപ്പിച്ചു കൊണ്ടു ജനത്തെ ഇളക്കുന്നു എന്നു നി
ഷ്കർഷിച്ചു ചൊല്ലിയപ്പൊൾ — പിലാത്തൻ ഗലീല എന്നതു കെട്ടിട്ടു
മനുഷ്യൻ ഗലീലക്കാരനൊ എന്നു ചൊദിച്ചു — ഹെരൊദാവി
ൻറ അധികാരത്തിൽ ഉൾപ്പെട്ടവൻ എന്നറിഞ്ഞുടനെ — ആനാ
ളുകളിൽ യറുശലെമിൽ വന്നു വാഴുന്ന ഹെരൊദാവിൻറ അടു
ക്കൽ അവനെ അയച്ചു കളഞ്ഞു — ഹെരൊദാ യെശുവെ കാ
ണ്ടു വളരെ കെൾക്കയാൽ അവനെ കാണ്മാൻ ഇച്ഛിച്ചതല്ലാതെ
അവനാൽ വല്ല അടയാളവും ഉണ്ടാകുന്നതു കാണും എന്നു ആ
ശിച്ചും കൊണ്ടു യെശുവെ കണ്ടിട്ട് അത്യന്തം സന്തൊഷപ്പെട്ടു — പ
ലവാക്കുകളാൽ ചൊദിച്ചാറെയും അവൻ അവനൊട് ഉത്തരം
പറഞ്ഞതും ഇല്ല — അവരിൽ മഹാപുരൊഹിതരും ശാസ്ത്രികളും ക
ടുമയൊടെ കുറ്റം ചുമത്തി നില്ക്കുമ്പൊൾ — ഹെരൊദാ തൻറ പടയാ
ളികളുമായി അവനെ പരിഹസിച്ചു നിസ്സാരനാക്കി ശുഭ്രവസ്ത്രം
ഉടുപ്പിച്ചു പിലാത്തനരികെ അയച്ചുവിട്ടു — പിലാത്തനും ഹെരൊദാ
വും മുമ്പെ അന്യൊന്യം പകഭാവിച്ചു വന്നശെഷം അന്ന് ഇണങ്ങി
സ്നെഹിതരായ്തീർന്നു — (ലൂക്ക)

പിലാത്തനൊ മഹാപുരൊഹിതരെയും ശാസ്ത്രികളെ
യും ജനത്തെയും കൂടെ വരുത്തി — നിങ്ങൾ ഈ മനുഷ്യനെ ജാതി
യെ മത്സരിപ്പിക്കുന്നവൻ എന്നു എങ്കൽ കൊണ്ടുവന്നു — ഞാ
നൊ ഇതാ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തി
യ കുറ്റങ്ങൾ ഒന്നും ഇവനിൽ കണ്ടിട്ടില്ല — ഹെരൊദാവും കണ്ടി
ല്ല — അവന്നടുക്കെ നിങ്ങളെ അയച്ചു എന്നിട്ടും മരണയൊഗ്യമായ

ത് ഒന്നും ഇവൻ പ്രവൃത്തിച്ചു എന്നു കണ്ടില്ലല്ലൊ — അതുകൊണ്ട അവനെ ശിക്ഷിച്ചു വിട്ടയക്കാം എന്നു പറഞ്ഞു — (ലൂക്ക)

ഉത്സവത്തൊറും പുരുഷാരത്തിന്നു ഇഷ്ടമുള്ള ഒരു ചങ്ങലക്കാരനെ വിട്ടുകൊടുക്കുന്നത നാടുവാഴിക്ക മര്യാദയാണ — അന്നു (ക്രമത്തു) ബറബ്ബാ എന്നു പെരുള്ളൊരു ഒരു ചങ്ങലക്കാരൻ അവർക്കുണ്ടായിരുന്നു — അവൻ മറ്റവരുമായി കലഹിച്ചു നഗരത്തിൽ തന്നെ കുല ചെയ്തതിനാൽ തടവിൽ ആക്കപ്പെട്ടവൻ — പിന്നെ പുരുഷാരം കരെറിവന്നു അവൻ തങ്ങളൊട് നിത്യം ചെയ്യുമ്പൊലെ ചെയ്യെണം എന്നു പ്രാർത്ഥിച്ചു തുടങ്ങി — അതുകൊണ്ട ജനങ്ങൾ കൂടിവന്നപ്പൊൾ പിലാത്തൻ അവരൊട് പെസഹായിൽ നിങ്ങൾക്ക ഒരുത്തനെ വിട്ടുകൊടുക്കുന്നത മര്യാദ ആകുന്നുവല്ലൊ ബറബ്ബാ എന്നവനൊ ക്രിസ്തൻ എന്നുള്ള യെശുവൊ ആരെ നിങ്ങൾക്ക വിട്ടുതരെണ്ടത് എന്ന് പറഞ്ഞു — മഹാപുരൊഹിതർ അസൂയകൊണ്ട അവനെ എല്പിച്ചത് തനിക്ക ബൊധിക്കയാൽ അത്രെ — പിന്നെ ന്യായാസനത്തിൽ ഇരുന്നപ്പൊൾ അവന്റെ ഭാര്യ ആളയച്ചു നീയും ആ നീതിമാനുമായി ഇടപെടരുതെ — അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ പാടുപെട്ടുപൊയിരിക്കുന്നു എന്നു പറയിച്ചു — (മ. മ. ലൂ)

എന്നാറെ ബറബ്ബാവെ ചൊദിപ്പാനും യെശുവെ സംഹരിപ്പാനും മഹാപുരൊഹിതരും മൂപ്പരും പുരുഷാരങ്ങളെ ഇളക്കി സമ്മതിപ്പിച്ചു — പിന്നെ നാടുവാഴി അവരൊട് ഈ ഇരുവരിൽ ഏവനെ നിങ്ങൾക്കു വിട്ടുവിടുവാൻ ഇഛ്ശിക്കുന്നു എന്നു പറഞ്ഞു തുടങ്ങിയാറെ — ഇവനെ നീക്കിക്കളക ഞങ്ങൾക്ക ബറബ്ബാവെ വിട്ടുതരെണം എന്നു ഒക്കത്തക്ക ആർത്തു വിളിച്ചു — പിലാത്തൻ യെശുവെ വിടുവിപ്പാൻ മനസ്സാകകൊണ്ടു പിന്നെയും അവരൊട് വിളിച്ചു പറഞ്ഞു — എന്നാൽ ക്രിസ്തൻ എന്നുള്ള യെശുവെ എന്തു ചെയ്യെണ്ടു — എന്നാറെ അവനെ ക്രൂശിക്ക ക്രൂശിക്ക എന്ന് അവർ പിന്നെയും വിളിച്ചു — മൂന്നാമതും അവരൊട് അവൻ

ചെയ്തു ദൈവം എന്നുള്ളവൻ മരണയോഗ്യമായത് ഒന്നും അവനിൽ കണ്ടിട്ടില്ല എന്നതുകൊണ്ട് അവനെ ശിക്ഷിച്ചു വിട്ടയക്കട്ടെ എന്നു പറഞ്ഞാറെ — അവൻ ക്രൂശിക്കപ്പെടേണ്ടതിന്ന അവർ ചോദിച്ചു ഉറക്കെ ശബ്ദിച്ചുപോന്നു — അവരും മഹാപുരോഹിതരും ശബ്ദിക്കുന്നതിന്ന ഉന്നക്കം ഏറെ ഉണ്ടായി — (മ. മ. ലൂ)

അപ്പോൾ പിലാതൻ യേശുവിനെ കൂട്ടിക്കൊണ്ടുവാറ ദണ്ഡിക്കയും ചെയ്തു — നാടുവാഴിയുടെ സേവകർ യേശുവെന്ന ഭവനത്തിലേക്ക കൊണ്ടുപോയി പട്ടാളം എല്ലാം അവന്റെ നേരെ കൂട്ടിവരുത്തി — അവന്റെ വസ്ത്രം നീക്കി ചുവന്ന പുതപ്പ് ഇട്ടു — മുള്ളുകൾകൊണ്ട് കിരീടം മെടഞ്ഞു അവന്റെ തലയിലും വലത്തെ കൈയിൽ ഒരു ചൂരൽകോലും ആക്കി അവന്റെ മുമ്പിൽ മുട്ടുകുത്തി യഹൂദരുടെ രാജാവെ വാഴ്ക എന്നു പരിഹസിച്ചു വന്ദിച്ചു — തുമ്മെ കൊടുത്തു ച്ചി ചൂരൽ എടുത്തു അവന്റെ തലയിൽ അടിക്കയും ചെയ്തു — (യോഹ. മ. മ.)

പിലാതൻ പിന്നെയും പുറത്തുവന്നു ഞാൻ അവനിൽ കുറ്റം കാണുന്നില്ല എന്നു നിങ്ങൾ അറിയേണ്ടതിന്ന അവനെ നിങ്ങൾക്ക ഇതാ പുറത്തു കൊണ്ടുവരുന്നു എന്ന് അവരോട് പറഞ്ഞു — ഉടനെ യേശു മുള്ളിൻ കിരീടവും ചുവന്ന വസ്ത്രപുതപ്പും പൂണ്ടു പുറത്തുവന്നപ്പോൾ ആ മനുഷ്യൻ ഇതാ എന്ന് അവരോട് പറയുന്നു — എന്നാറെ മഹാപുരോഹിതരും ഭൃത്യന്മാരും അവനെ കണ്ടപ്പോൾ ക്രൂശിക്ക അവനെ ക്രൂശിക്ക എന്ന് ആർത്തുപോയി — പിലാതൻ അവരോട് നിങ്ങൾ അവനെ കൊണ്ടുപോയി ക്രൂശിപ്പിൻ ഞാൻ കുറ്റം അവനിൽ കാണുന്നില്ല എന്നു പറയുന്നു — യഹൂദർ അവനോട് ഉത്തരം ചൊല്ലിയത് ഞങ്ങൾക്കു ഒരു ധർമ്മം ഉണ്ടു — അവൻ തന്നെത്താൻ ദൈവപുത്രൻ ആക്കിയതുകൊണ്ടു ഞങ്ങളുടെ ധർമ്മപ്രകാരം അവൻ മരിക്കേണ്ടു — എന്നുള്ള വാക്ക പിലാതൻ കേട്ടു ഏറ്റം ഭ

യപ്പെട്ടു പിന്നെയും ആസ്ഥാനത്തിൽ ചെന്നു നീ എവിടെ നിന്നാകു
ന്നു എന്ന യെശുവിനൊടു പറയുന്നു — യെശു അവന്ന ഉത്തരം കൊടുത്തി
ല്ല — പിലാത്തൻ അവനൊടു പറയുന്നു — നീ എന്നൊടു സംസാരിക്കുന്നില്ല
യൊ നിന്നെ ക്രൂശിപ്പാൻ അധികാരവും നിന്നെ അഴിച്ചുവിടുവാൻ
അധികാരവും എനിക്കുണ്ടു എന്ന അറിയുന്നില്ലയൊ — യെശു ഉ
ത്തരം ചൊല്ലി ഉയരെ നിന്ന നിനക്കു തരപ്പെട്ടിട്ടില്ല എങ്കി
ൽ എന്റെ നെരെ നിനക്കു അധികാരവും ഇല്ല — ആകയാൽ എ
ന്നെ നിങ്കൽ എല്പിച്ചവന്ന അധികം പാപം ഉണ്ടു — അന്നു മു
തൽ കൊണ്ടു പിലാത്തൻ അവനെ വിടുവിപ്പാൻ അന്വെഷിച്ചു —
യഹൂദരൊ നീ ഇവനെ വിട്ടയച്ചാൽ കൈസറുടെ സഖിയല്ല — ത
ന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരൊടു മറുക്കുന്നവ
ല്ലൊ എന്ന ആർത്തു പറഞ്ഞു — ആ വചനം പിലാത്തൻ കെട്ടു യെശുവെ
പുറത്തു വരുത്തി എബ്രായ ഭാഷയിൽ ഗബ്ബതാ എന്നു ചൊല്ലുന്ന കല്ലു
മാടന സ്ഥലത്തു ന്യായാസനത്തിൽ ഇരുന്നുകൊണ്ടെ — പെസഹായുടെ
വെള്ളിയാഴ്ച ഏകദെശം ആറുമണിക്കു യഹൂദരൊടു ഇതാ നിങ്ങ
ളുടെ രാജാവെന്ന പറയുന്നു — നീക്കിക്കള — അവനെ നീക്കിക്കള — ക്രൂ
ശിക്ക എന്ന അവർ ആർത്തു ക്രൂശിക്കപ്പൊൾ നിങ്ങളുടെ രാജാവിനെ
ഞാൻ ക്രൂശിക്കയൊ എന്ന പിലാത്തൻ അവരൊടു പറയുന്നു —
മഹാപുരൊഹിതന്മാർ ഞങ്ങൾക്കു കൈസർ ഒഴികെ രാജാവി
ല്ല എന്നു ഉത്തരം പറഞ്ഞപ്പൊൾ അവനെ ക്രൂശിക്കെണ്ടുന്നതിന്ന അവ
ർക്കേല്പിച്ചു — (യൊ)

പിലാത്തൻ താൻ ഒന്നും സാധിക്കുന്നില്ല എന്നും ആകലാപം
അധികം ആകുന്നു എന്നും കണ്ടു വെള്ളം വാങ്ങി പുരുഷാരത്തിന്റെ
മുമ്പാകെ കൈകളെ കഴുകി — ഈ നീതിമാന്റെ രക്തത്തിൽ എ
നിക്കു കുറ്റം ഇല്ല നിങ്ങൾ തന്നെ നൊക്കിൻ എന്ന പറഞ്ഞു — ജനം
ഒക്കെയും ഉത്തരം പറഞ്ഞിതു — അവന്റെ രക്തം ഞങ്ങളുടെ മെലും

ങ്ങളെ മക്കളുടെ മെലും വരിക — എന്നാറെ പിലാത്തൻ പുരുഷാരത്തി
ന്ന അലമ്പതിവരുത്തുവാൻ ഭാവിച്ചു അവരുടെ ചൊദ്യംപൊലെ ബറ
ബ്ബാ എന്നവനെ വിടുവിച്ചു — കലഹവും കുലയും ചെയ്തവാക്കി തടവിലായവ
നനവൻ അവനെ ചൊദിക്കയാൽ വിട്ടുകൊടുത്തു യെശുവെ ക്രൂശിപ്പാ
ൻ അവരുടെ ഇഷ്ടത്തിൽ ഏല്പിച്ചുവിടുകയും ചെയ്തു — (മ.മ.ലൂ.)

## ൬൭. ക്രൂശാരൊഹണവും മരണവും

അവനെ പരിഹസിച്ചു കൂത്തുകൾ ശെഷം രക്താംബരത്തെ നീക്കി സ്വന്ത വസ്ത്രങ്ങളെ ഉടുപ്പിച്ചു അവനെ ക്രൂശിപ്പാൻ കൊണ്ടുപൊകയൊൽ അവൻ തന്റെ ക്രൂശിനെ ചുമന്നു കൊണ്ടു — എബ്രയർ ഗൊല്ഗൊഥാ എന്നു ചൊല്ലുന്ന തലയൊടിടത്തെക്കു പുറത്തുപൊകി — പിന്നെ നാട്ടിൽനിന്നു വന്നു കടന്നു പൊരുന്ന കുറെനയിലെ ശിമൊൻ എന്ന അലക്ഷന്ത്രൻ റൂഫൻ എന്നവരുടെ അപ്പനെ അവന്റെ ക്രൂശിനെ ചുമപ്പാൻ രാജനാമം ചൊല്ലി നിർബന്ധിച്ചു ക്രൂശു ചുമത്തിവെച്ചു അവനെ യെശുവിൻ വഴിയെ നടക്കുമാറാക്കി (മ.മ.ലൂ.യൊ.)

അത്രകൂടാതെ വലിയ ജനസമൂഹവും അവനെ ചൊല്ലി തൊഴിച്ചു മുറയിടുന്ന സ്ത്രീകളും അവന്റെ പിന്നാലെ നടന്നു — അവരുടെ നെരെ യെശു തിരിഞ്ഞു യരുശലെം പുത്രിമാരെ എന്നെ അല്ല നിങ്ങളെയും നിങ്ങളുടെ മക്കളെയും ചൊല്ലി കരവിൻ — എന്തിന്നെന്നാൽ മച്ചിമാരും പെറാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും ധന്യമാർ തന്നെ എന്നു ചൊല്ലുന്ന നാളുകൾ ഇതാ വരുന്നു — അന്നു മലകളൊടു ഞങ്ങളുടെ മെൽ വീഴുവിൻ എന്നും കുന്നുകളൊടു ഞങ്ങളെ മറെപ്പിൻ എന്നും പറഞ്ഞു തുടങ്ങും — കാരണം പച്ചമരത്തിൽ ഇവ ചെയ്യുമ്പൊൾ ഉണങ്ങിയതിൽ എന്തുണ്ടാകും എന്നു പറഞ്ഞു — മറ്റു രണ്ടു ദുഷ്പ്രവൃത്തിക്കാരും അവനൊട

കൂടെ അന്തരിപ്പാൻ കൊണ്ടുപൊകപ്പെട്ടു - (ലൂ)

ഗൊല്ഗൊഥായിൽ എത്തിയപ്പൊൾ കണ്ടിവെണ്ണ കലൎത്തിയ വീഞ്ഞ് അവന്നു കുടിപ്പാൻ കൊടുത്തു ആയത് രുചി നൊക്കിയാറെ കുടിപ്പാൻ മനസ്സില്ലാഞ്ഞു വാങ്ങീട്ടില്ല — അവനെ ക്രൂശിക്കയാൽ മൂന്നാം മണിനെരമായി — അവനോട് കൂടെ രണ്ടു കള്ളരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും ക്രൂശിക്കുന്നു — ദ്രൊഹികളൊട്ടും എണ്ണപ്പെട്ടു എന്നുള്ള വെദവാക്യം നിവൃത്തിയാകയും ചെയ്തു - (മ.മ)

യെശു പറഞ്ഞു പിതാവെ ഇവർ ചെയ്യുന്നത് ഇന്നത് എന്നറിയായ്കകൊണ്ടു അവൎക്കു ക്ഷമിച്ചു വിടെണമെ (ലൂ)

അവന്റെ തലെക്കു മീതെ അവന്റെ കുറ്റത്തിന്റെ സംഗതി എഴുതിവെച്ചിരുന്നു — പിലാതൻ ഒരു മെൽവിലാസം എഴുതി ക്രൂശിന്മെൽ പതിപ്പിച്ചു അതിൽ നസറായനായ യെശു യഹൂദന്മാരുടെ രാജാവ് എന്നു വരെച്ചിട്ടുണ്ടു — യെശുവെ ക്രൂശിച്ച സ്ഥലം നഗരത്തിന്നു സമീപമാകയാൽ എബ്രെയ — യവന — റൊമ — ഈ മൂന്നുവക അക്ഷരങ്ങൾകൊണ്ടും എഴുതീട്ടുള്ള ശാസനത്തെ അനെക യഹൂദന്മാർ വായിച്ചു — പിന്നെ യഹൂദന്മാരുടെ മഹാപുരൊഹിതന്മാർ പിലാതനൊടു പറഞ്ഞു — യഹൂദരാജാവ് എന്നല്ല ഞാൻ യഹൂദരാജാവ് എന്ന് അവൻ പറഞ്ഞത് എന്നത്രെ എഴുതെണ്ടത് — എന്നാറെ പിലാതൻ ഞാൻ എഴുതിയത് എഴുതീട്ടുണ്ടു എന്ന് ഉത്തരം പറഞ്ഞു — (മ.മാ.ലൂ.യൊ)

സെവകർ യെശുവെ ക്രൂശിച്ചശെഷം അവന്റെ വസ്ത്രങ്ങളെ എടുത്തു ഒരൊരൊ സെവകന്നു ഒരൊ പങ്കായിട്ടു നാലംശമാക്കി — ഉള്ളങ്കിയെ എടുത്തു മീത്തലൊട്ട് അടിയൊളം കൂട്ടാതെ മുറ്റും നെയ്യപ്പെട്ടതാകകൊണ്ടു ഇത് നാം കീറല്ല ആൎക്കു വരും എന്നു ചീട്ടിടുക എന്നു തമ്മിൽ പറഞ്ഞു — തങ്ങളിൽ എന്റെ വസ്ത്രങ്ങളെ പകുത്തു എന്റെ ഉടുപ്പിന്മെൽ ചീട്ടും ഇട്ടു എന്നുള്ള തിരുവെഴുത്തിന്നു

പൂർത്തിവരുവാൻ സെവകർ ഇവ ചെയ്തു — പിന്നെ അവിടെ ഇരുന്നുകൊണ്ട് അവനെ കാത്തു — (യൊ. മ. മ. ലൂ)

ജനം നൊക്കി നില്ക്കയല്ലാതെ കടന്നുപൊകുന്നവർ തലകളെ കുലുക്കി അവനെ ദുഷിച്ചു പറഞ്ഞിതു — ഹൊ മന്ദിരത്തെ മൂന്നുനാളുകൊണ്ടു പണിയുന്നവനെ നിന്നെ തന്നെ രക്ഷിക്ക നീ ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്ന് ഇറങ്ങിവാ — എന്നതിന്നു ഒത്തവണ്ണം മഹാപുരൊഹിതരും ശാസ്ത്രികൾ മൂപ്പന്മാരുമായി പരിഹസിച്ചു പറഞ്ഞിതു ഇവൻ മറ്റവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല — അവൻ ദൈവം തെരിഞ്ഞെടുത്ത ഇസ്രയെൽ രാജാവെങ്കിൽ ഇപ്പൊൾ ക്രൂശിൽ നിന്ന് ഇറങ്ങിവരട്ടെ — എന്നാൽ നാം അവനിൽ വിശ്വസിക്കും — ഞാൻ ദൈവപുത്രൻ എന്നു ചൊല്ലിക്കൊണ്ട അവൻ ദൈവത്തിൽ ആശ്രയിച്ചുവല്ലൊ ആയവൻ ഇവനെ ഇഷ്ടിക്കുന്നു എങ്കിൽ ഇപ്പൊൾ ഉദ്ധരിക്കട്ടെ എന്നു പഴിച്ചു പറഞ്ഞു — പടജ്ജനങ്ങളും അടുത്തു വന്നു കാടിയെ കാണിച്ചു നീ യഹൂദന്മാരുടെ രാജാവായാൽ നിന്നെ തന്നെ രക്ഷിക്ക എന്ന് അവനെ പരിഹസിച്ചു (മ. മ. ലൂ)

തൂക്കിയിട്ട ദുഷ്ക്രിയക്കാരിൽ ഒരുത്തൻ നീ മശീഹ എങ്കിൽ നിന്നെയും ഞങ്ങളെയും രക്ഷിക്ക എന്ന് അവനെ ദുഷിച്ചപ്പൊൾ — മറ്റവൻ അവനെ ശാസിച്ചു — നീ ഇങ്ങിനെ ശിക്ഷാവിധിയിൽ തന്നെ ആകിലും ദൈവത്തെ ഭയപ്പെടാതിരിക്കുന്നുവൊ — നാമൊ ന്യായപ്രകാരം സത്യം — നാം വ്യാപരിച്ചതിന്നു യൊഗ്യമായതു കിട്ടിപൊയല്ലൊ — ഇവനൊ പറ്റാത്തത് ഒന്നും വ്യാപരിച്ചില്ല എന്ന് ഉത്തരം ചൊല്ലി — കർത്താവെ നിന്റെ രാജ്യത്തിൽ നീ വരുമ്പൊൾ എന്നെ ഓർക്കെണമെ എന്നു യെശുവൊടു പറഞ്ഞു — യെശു അവനൊടു — ആമെൻ ഞാൻ നിന്നൊടു ചൊല്ലുന്നിതു ഇന്നു നീ എന്നൊടു കൂടെ പരദീസയിൽ ഇരിക്കും എന്നു പറകയും ചെയ്തു — (ലൂ)

യെശുവിന്റെ ക്രൂശിന്നരികെ അവന്റെ അമ്മയും അമ്മയുടെ സഹൊദരിയും ഹല്പായുടെ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നുകൊണ്ടിരിക്കെ— യെശു അമ്മയും താൻ സ്നെഹിക്കുന്ന ശിഷ്യനും നില്ക്കുന്നതു കണ്ടു സ്ത്രീയെ കണ്ടാലും നിന്റെ മകൻ എന്നു തന്റെ അമ്മയൊടു പറഞ്ഞു— അനന്തരം ശിഷ്യനൊടു കണ്ടാലും നിന്റെ അമ്മ എന്നു പറയുന്നു— ആ നാഴിക മുതൽ ശിഷ്യൻ അവളെ തന്റെ കുടിയിൽ ചെൎത്തുകൊണ്ടു-(യൊ.)

ഏകദെശം ആറാം മണിനെരമായപ്പൊൾ ഒമ്പതാം മണി വരെയും ഭൂദെശത്തിൽ ഒക്കയും അന്ധകാരം ഉണ്ടായി ക്രൂശിൽ ഇരുന്ന ഏകദെശം ഒമ്പതാം മണിക്ക യെശു എലീ എലീ ലമാ ശബക്താനി എന്നു മഹാശബ്ദത്തൊടെ വിളിച്ചു— അത എൻ ദൈവമെ എൻ ദൈവമെ നീ എന്നെ കൈവിട്ടത എന്തു എന്നാകുന്നു— അവിടെ നില്ക്കുന്നവരിൽ ചിലർ കെട്ടിട്ടു ഇവൻ എലിയാവെ വിളിക്കുന്നു എന്നു പറഞ്ഞു— (മ.മ.ക്ര)

അതിൻ പിന്നെ സകലവും തികഞ്ഞുവന്നു എന്നു യെശു അറിഞ്ഞിട്ടു തിരുവെഴുത്തിന്നു നിവൃത്തിയാവാൻ എനിക്ക ദാഹിക്കുന്നു എന്നു പറയുന്നു— അവിടെ കാടി നിറഞ്ഞ പാത്രം ഉണ്ടു— ഉടനെ അവരിൽ ഒരുത്തൻ ഒരു സ്പൊഞ്ച എടുത്തു കാടി കൊണ്ടു നിറെച്ചു ഒടമെലാക്കി അവനെ കുടിപ്പിച്ചു— ശെഷിച്ചവർ വിടു ഏലിയാ അവനെ രക്ഷിപ്പാൻ വരുന്നുവൊ നൊക്കട്ടെ എന്നു പറഞ്ഞു— യെശു കാടി സെവിച്ചിട്ടു നിവൃത്തിയായി എന്നു ചൊല്ലി— പിതാവെ നിന്റെ കൈകളിൽ എൻ ആത്മാവെ ഏല്പിക്കുന്നു എന്നു മഹാശബ്ദത്തൊടെ വിളിച്ചു പറഞ്ഞു ഉടനെ തല ചായിച്ചു പ്രാണനെ വിട്ടു-(യൊ.ലൂ.മ.മ.)

അപ്പൊൾ മന്ദിരത്തിലെ തിരശ്ശീല മെലൊട്ടടിയൊളവും ചീന്തിപ്പൊയി ഭൂമി കുലുങ്ങി പാറകൾ പിളൎന്നു— കല്ലറകളും തുറന്നു നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ഉടലുകൾ പലതും ഉണൎന്നു വരികയും— അ

വന്റെ ഉയിൎപ്പിൽ പിന്നെ അറകളെ വിട്ടു വിശുദ്ധനഗരത്തിൽ പ്രവെ
ശിച്ചു വലവൎക്കും കാണാകയും ചെയ്തു (മ.മ.ലൂ)

ശതാധിപനും അവനൊടു കൂടെ യെശുവെ കാത്തിരുന്നവ
രും ഭൂകമ്പവും ഇവൻ ഇങ്ങനെ നിലവിളിച്ചും കൊണ്ടു കഴിഞ്ഞതും
കണ്ടിട്ടു ഇവൻ ഉള്ളവണ്ണം നീതിമാനും ദൈവപുത്രനായതു സത്യം
എന്നു ചൊല്ലി എറ്റം ഭയപ്പെട്ടു ദൈവത്തെ തെജസ്കരിച്ചു — ആ കാഴ്ചെ
ക്കു കൂടിയ പുരുഷാരങ്ങളും എല്ലാം സംഭവിച്ചവനൊക്കെ കണ്ടു മാ
റത്തടിച്ചു മടങ്ങിപൊയി — (മ.മ.ലൂ)

അവന്റെ പരിചയക്കാരും എല്ലാം ഗലീലയിൽ നിന്നു യെ
ശുവെ ശുശ്രൂഷിച്ചും കൊണ്ടു പിഞ്ചെന്ന പല സ്ത്രീകളും ഇവ കണ്ടു കൊ
ണ്ടു ദൂരത്തു നിന്നു — അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാ
ക്കൊബ് യൊസെ എന്നവരുടെ അമ്മയായ മറിയയും ജബദി
പുത്രരുടെ അമ്മയും ഉണ്ടു — (മ.മ.ലൂ)

എന്നാറെ അന്നു ഒരുവാടാഴ്ചയും വരുന്ന ശബ്ബത്തു നാൾ വ
ലിയതും ആകകൊണ്ടു ആ ഉടലുകൾ ശബ്ബത്തിൽ ക്രൂശിന്മെൽ ഇ
രിക്കരുത എന്നു വെച്ചു അവരുടെ തുടകളെ ഒടിച്ചു ഉടലുകൾ എടു
പ്പിക്കെണം എന്നു യെഹൂദർ പിലാത്തനൊടു ചൊദിച്ചു — അതുകൊണ്ടു
സെവകർ വന്നു ഒന്നാമന്റെയും അവനൊടു കൂടെ ക്രൂശിക്കപ്പെട്ട മറെറ
വന്റെയും തുടകളെ ഒടിച്ചു പിന്നെ യെശുവിന്നടുക്കെ വന്നു അവൻ മ
രിച്ചുകളഞ്ഞപ്രകാരം കണ്ടു തുടകളെ ഒടിച്ചില്ല — സെവകരിൽ ഒരു
ത്തൻ കുന്തം കൊണ്ടു അവന്റെ വിലാപ്പുറത്തു കുത്തി ഉടനെ രക്തവും
വെള്ളവും പുറപ്പെട്ടു വരികയും ചെയ്തു — ഇതിനെ കണ്ടിട്ടുള്ളവൻ സാക്ഷ്യം
പറഞ്ഞിരിക്കുന്നു — അവന്റെ സാക്ഷ്യം സത്യമുള്ളതു തന്നെ — നി
ങ്ങളും വിശ്വസിക്കെണ്ടതിന്നു താൻ ഉള്ളവ തന്നെ പറയുന്നു എന്നു
അവൻ അറിഞ്ഞും ഇരിക്കുന്നു — കാരണം അവന്റെ അസ്ഥി ഒടി
ക്കയും ഇല്ല — എന്നുള്ള തിരുവെഴുത്തു പൂരിക്കെണ്ടതിന്നു ഇവ സം

ഭവിച്ചു — പിന്നെ അവർ കുത്തിയവങ്കലേക്കു നോക്കും എന്നു മറ്റൊരു വചനവും പറയുന്നു (യൊ.)

## ൩. ശവസംസ്കാരം

സന്ധ്യയായപ്പൊൾ അന്നു ശബ്ബത്തിൻ തലനാൾ ആകകൊണ്ടു വെള്ളിയാഴ്ച ആകകൊണ്ടു യഹൂദരുടെ ഉന്നതസഭയിൽ നിന്നു യോസേഫ് എന്നൊരു അരിമഥ്യക്കാരൻ കുലീനനായ മന്ത്രി വന്നു — ആയവൻ നീതിയുള്ള നല്ലോരു പുരുഷനായി കൊണ്ടു താനും ദൈവരാജ്യത്തെ കാത്തുകൊള്ളുന്നവനും അവർ മന്ത്രിച്ചതും പ്രവൃത്തിച്ചതും സമ്മതിക്കാതെ നിന്നവനും ആയതല്ലാതെ — യേശുവിൻ ശിഷ്യനും ആയി യഹൂദരെ ഭയം ഹേതുവായി മറഞ്ഞിരുന്നവൻ തന്നെ — ആയവൻ പിലാതൻ ഉള്ളത്തിൽ ധൈര്യപ്പെട്ടു കടന്നു യേശുവിന്റെ ഉടൽ ചോദിച്ചു — അവൻ അപ്പോഴെ മരിച്ചുവോ എന്നു പിലാതൻ ആശ്ചര്യപ്പെട്ടു ശതാധിപനെ വരുത്തി — അവൻ മരിച്ചിട്ട് അധികം നേരമായോ എന്നു ചോദിച്ചു — ശതാധിപൻ അറിയിച്ചതിന്റെ ശേഷം ഉടൽ യോസേഫിന്നു സമ്മതിച്ചു — ആയവൻ ക്രൂശിലുവയിൽനിന്നു ഉടൽ ഇറക്കി — ആദ്യം രാത്രിയിൽ യേശുവിന്നു വന്ന നിക്കൊദേമനും കൂടെ കണ്ടിവെണ്ണയും അകിലും പിരളിച്ചു നൂറു റാത്തലോളം കൊണ്ടുവന്നെത്തി — ആയവർ യേശുവിന്റെ ഉടൽ എടുത്തുകൊണ്ടു യഹൂദർ കുഴിച്ചിടുന്ന മര്യാദപ്രകാരം ആ സുഗന്ധദ്രവ്യങ്ങളോടെ ശീലകളിൽ ചുറ്റി കെട്ടി (മ. മ. ലൂ. യൊ.)

അവനെ ക്രൂശിച്ച സ്ഥലത്തു തന്നെ ഒരു തോട്ടവും തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത കല്ലറയും ഉണ്ടു — ആ യോസേഫ് താൻ മുമ്പെ തനിക്കു പാറയിൽ വെട്ടിച്ചൊരു പുതു കല്ലറ തന്നെ — ആ കല്ലറ സമീപം ആകകൊണ്ടു അവർ യഹൂദരുടെ ഒരുക്കനാൾ നിമിത്തം യേശുവിനെ അതിൽ വെച്ചു — ശിലാതലത്തിൽ നിന്നു

അവനൊടുകൂടെ വന്ന സ്ത്രീകളും പിഞ്ചെന്നു വന്നു കല്ലറയും അവന്റെ ഉടൽ വെച്ച പ്രകാരവും നൊക്കിയ ശെഷം — മടങ്ങി പൊയി സുഗന്ധവൎഗ്ഗങ്ങളും തൈലങ്ങളും ഒരുക്കി ശബ്ബത്തിൽ കല്പനപ്രകാരം സ്വസ്ഥമായി വാണു — അപ്പൊൾ ശബ്ബത്തന്തിക്കും നെരമായി — യൊസെഫ് അറയുടെ വാതില്ക്കൽ വലിയ കല്ല് ഉരുട്ടി വെച്ചിട്ടു പൊകയും ചെയ്തു - (യൊ. മ. മ. ലൂ)

വെള്ളിയാഴ്ചക്ക പിറെറ ദിവസം മഹാപുരൊഹിതരും പറിശരും പിലാത്തന്റെ അടുക്കെ വന്നു കൂടി പറഞ്ഞിതു — കൎത്താവെ ആ ചതിയൻ ജീവനൊടിരിക്കുമ്പൊൾ തന്നെ മൂന്നാളിലകം ഞാൻ ഉണൎന്നു വരും എന്നു പറഞ്ഞപ്രകാരം ഞങ്ങൾ ഒൎത്തിട്ടുണ്ടു — അതുകൊണ്ടു അവന്റെ ശിഷ്യന്മാർ വന്നു അവനെ മൊഷ്ടിച്ചു അവൻ മരിച്ചവരിൽ നിന്നു ഉണൎന്നു വന്നു എന്നു ജനങ്ങളൊടു പറഞ്ഞാൽ ഒടുക്കത്തെ ചതി മുമ്പിലെത്തതിനെക്കാൾ വിഷമമായിരിക്കും — എന്നു വരാതിരിക്കെണ്ടതിന്നു മൂന്നാൾ വരെ കുഴിയെ ഉറപ്പാക്കി വെപ്പാൻ കല്പിക്ക — അവരൊടു പിലാത്തൻ നിങ്ങൾക്കു കാവൽകൂട്ടം ഉണ്ടാകപൊയിൻ — അറിയുന്നെടത്തൊളം ഉറപ്പുവരുത്തുവിൻ എന്നു പറഞ്ഞു — അവരും ചെന്നു കല്ലിന്നു മുദ്രയിട്ടു കുഴിയെ കാവൽകൂട്ടം കൊണ്ടു ഉറപ്പാക്കുകയും ചെയ്തു — (മത്ഥ.)

# രണ്ടാംഅംശം

# സഭാക്രിയകൾ

## I. സ്നാനം

### ൧., സഭയിലുളള ശിശുസ്നാനം

നമ്മുടെ കർത്താവായ യേശു (സാമവന്ദനം ൧. ൨൨) കർത്താവിൽ സ്നേഹിക്കപ്പെട്ടവരെ നാം ഒക്കത്തക്ക പ്രാർത്ഥിച്ചു കൊണ്ടു ഈ ശിശുവിനെ ദൈവത്തിൻ ഭരമേല്പിപ്പാനും അതിന്നു കർത്താവായ യേശുക്രിസ്തന്റെ കല്പനപ്രകാരം സ്നാനം കൊടുപ്പാനും ഇവിടെ കൂടിയിരിക്കുന്നു.

അതുകൊണ്ടു നമ്മുടെ കർത്താവായ യേശുക്രിസ്തൻ സ്നാനത്തെ ചൊല്ലി തന്റെ അപൊസ്തലരൊടു ആജ്ഞാപിച്ചതും വാഗ്ദത്തം ചെയ്തതും വായിച്ചു കേൾ്ക്ക.

മത്താ. ൨൮ ആമതിൽ — അവൻ പറയുന്നിതു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു — (ആകയാൽ) നിങ്ങൾ പുറപ്പെട്ടു പിതാപുത്രൻ വിശുദ്ധാത്മാവ് എന്നീ നാമത്തിലേക്കു സ്നാനം ഏല്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചവ ഒക്കെയും പ്രമാണിപ്പാന്തക്കവണ്ണം ഉപദേശിച്ചും ഇങ്ങനെ സകല ജാതികളെയും ശിഷ്യരാക്കികൊൾ്വിൻ — ഞാനൊ ഇതാ യുഗസമാപ്തിയോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു —

പിന്നെ മാർക്ക. ൧൬ ആമതിൽ നാം വായിക്കുന്നിതു: ഭൂലോകത്തിൽ ഒക്കയും പോയി സകല സൃഷ്ടിക്കും സുവിശേഷത്തെ ഘോഷിപ്പിൻ — വിശ്വസിച്ചും സ്നാനപ്പെട്ടും ഉളളവൻ രക്ഷിക്കപ്പെടും

വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും—

പിന്നെയും ശിശുക്കളെയും ദൈവസാന്നിദ്ധ്യത്തിൽ കൊണ്ടുവന്നു അവൎക്കു ജ്ഞാനസ്നാനത്തിൽ കൃപാവരം അവൎക്കു കിട്ടുന്നതിന്റെ കാരണം വിശുദ്ധവചനത്താൽ തെളിയുന്നുണ്ടു ക്രിസ്തൻ ശിശുക്കളെ സ്നേഹിച്ചു ദൈവരാജ്യത്തിൽ അവൎക്കും അവകാശം ഉണ്ടെന്നു പറഞ്ഞു കൊടുത്ത സദ്വൎത്തമാനം നാം വായിക്കുന്നു— മാൎക്ക ൧൦ അദ്ധ്യായത്തിൽ— അപ്പോൾ അവൻ തൊടുവാനായി അവന്നു ശിശുക്കളെ കൊണ്ടുവന്നു— വാഴിക്കുന്നവരെ ശിഷ്യർ വിലക്കി— യെശുവും അതു കണ്ടാറെ മുഷിഞ്ഞു അവരൊടു പറഞ്ഞിതു— ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുതു— ദൈവരാജ്യം ഇപ്രകാരമുള്ളവൎക്കാകുന്നതു— ആമെൻ ഞാൻ നിങ്ങളൊടു പറയുന്നു ദൈവരാജ്യത്തെ ശിശുവെപ്പൊലെ കൈക്കൊള്ളാത്തവൻ ആരും അതിൽ ഒരുനാളും കടക്കയില്ല— എന്നിട്ടു അവരെ പുണൎന്നു അവരുടെ മെൽ കൈകളെ വെച്ചനുഗ്രഹിക്കയും ചെയ്തു—

ഈ വചനം അനുസരിച്ചു നാം ഇവിടെ ക്രമെണ ഈ ശിശുവിനെ കൎത്താവിൻ സന്നിധാനത്തിൽ കൊണ്ടുവന്നു അതിനെ തന്റെ കൃപാനിയമത്തിൽ യെശുക്രിസ്തൻ മുഖാന്തരമായി ചെൎത്തുകൊള്ളുവാൻ പ്രാൎത്ഥിക്കുന്നു— ആദാമിന്റെ എല്ലാമക്കളും ആകട്ടെ സ്വഭാവത്താൽ പാപത്തിനും അതിൽ നിന്നു വരുന്ന സകല അരിഷ്ടതെക്കും കീഴ്പെട്ടിരിക്കുന്നു— ഒരുത്തൻ ചൊല്ലിയപ്രകാരം ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പുക്കു ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരൊളവും പരന്നിരിക്കുന്നു— എങ്കിലും എല്ലാമനുഷ്യൎക്കും രക്ഷാകരമായ ദൈവകൃപ യെശുക്രിസ്തനിൽ ഉദിച്ചു അവമൂലം ജീവനും നിത്യഭാഗ്യവും വിളങ്ങിവന്നിരിക്കുന്നു— അവന്റെ തിരുമുമ്പിൽ പങ്കുള്ളതി

ന്റെ ആള്ക്കാരിലും വചനവുമായിട്ട അവൻ വിശുദ്ധസ്നാനത്തെ
ന്ന ചൊല്ലുന്നതിനെ സ്ഥാപിച്ചു— ആയതുകൊണ്ട കൊള്ളുന്നവർക്കെല്ലാം
ആത്മാവിലും നമ്മുടെ ദൈവത്തിൽ ശരണത്തിനാലും കഴുകി
ക്കൊണ്ടു വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്ന കാരണങ്ങളെപ്പറ്റി രക്ഷാപ്രാപിക്ക
കാനോം ചൊന്നവെച്ചത്രെ-

അത്രകൊണ്ട നമ്മുടെ രക്ഷിതാവെ മഹിമപ്പെടു
ത്തുക— നമ്മുടെ ആത്മാവ് ഈ രക്ഷിതാവായ ദൈവത്തിൽ സ
ന്തോഷിക്ക— അവൻ നമ്മിൽ വലിയവ ചെയ്തു ചെറുപ്പത്തിൽ ത
ന്നെ നമ്മെ കഴിഞ്ഞു ചെയ്തു കൈക്കൊണ്ടിരിക്കുന്നു— നമ്മുടെ മക്ക
ളെയും സന്തോഷത്തോടെ അവന്റെ സന്നിധാനത്തിൽ കൊണ്ടു
വരാം അവരും മെഷിൽ നിന്ന വെള്ളത്തിലും ആത്മാവിലും തന്നെ ജ
നിച്ചു ത്രിത്വത്തിവക്കലേക്ക കൂടെയുള്ള ഉൾപ്പുക്ക പ്രാപിക്കേണ്ടുന്ന
വർ ആകുന്നുവല്ലൊ— അത്രകൊണ്ടും ഈ കുട്ടിയെയും നമ്മുടെ വി
ണ്ടെടുപ്പുകാരന്റെ കരുണയിൽ ഭരമേല്പിക്ക— ഇവനും ഇവളും
കൂടെ അവൻ വീണ്ടെടുപ്പുകാരനായല്ലൊ— ഇവൻ(ൾ) ഇഹത്തിലും പ
രത്തിലും സ്ഥാനത്തിന്റെ അനുഗ്രഹങ്ങളെല്ലാം അനുഭവിച്ചു വിശു
ദ്ധാത്മാവിന്റെ ശക്തിയിൽ ഉന്നിപാവകം ശുദ്ധം ലോകത്തോടും
നല്ലവർ ചൊരുത്ത താൻ ഒട്ടം വിശ്വാസത്തിൽ നിലനില്ക്കുമെങ്കിൽ
നിത്യയുടെ കിരീടം പ്രാപിക്കേണ്ടതിന് ഈശോമിശിഹായാം പ്രാർത്ഥിച്ചു
കൊൾക-

സർവ്വശക്തിയുള്ള ദൈവമെ ഞങ്ങളുടെ കർത്താവായ യെ
ശുക്രിസ്തന്റെ പിതാവെ സ്വർഗ്ഗങ്ങളിലും ഭൂമിയിലും ഉള്ള കുടുംബ
ത്തിന് ഒക്കെയും പേർ വരുവാൻ ഹേതുവായുള്ളോവെ വിശുദ്ധസ്നാ
നത്തിനായി കൊണ്ടുവരുന്ന ഈ കുട്ടിക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥി
ക്കുന്നു— പിതാവായി അങ്ങിനെ കൈക്കൊള്ളുവാൻ— പിന്നെ
നിന്റെ പ്രിയപുത്രന്റെ വാക്കിൻ പ്രകാരം യാചിപ്പിൻ എന്നാൽ

നിങ്ങൾക്കു തരപ്പെടും അന്വെഷിപ്പിൻ എന്നാൽ കണ്ടെത്തും മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും എന്നു കല്പിച്ചിരിക്കയാൽ - നിത്യദൈവമെ ഈ കുട്ടിക്കു വെണ്ടി ഞങ്ങൾ യാചിക്കുന്നതു കെട്ടു ഞങ്ങൾ അപെക്ഷിക്കുന്ന നിന്റെ ദയയും കരുണയും കണ്ടെത്തിച്ചു ഞങ്ങൾ മുട്ടുന്ന വാതിൽ തുറന്നു കൊണ്ടു ഈ ദിവ്യകുളിയുടെ നിത്യ അനുഗ്രഹം സമ്മാനിച്ചു ഒടുവിൽ നിന്റെ ഭാഗ്യരാജ്യത്തിൽ വാഗ്ദത്ത പ്രകാരം പൂകിക്കെണമെ - ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യെശുക്രിസ്തുമൂലം തന്നെ - ആമെൻ -

## അല്ലെങ്കിൽ

സർവ്വശക്തിയുള്ള ദൈവമെ വാത്സല്യം എറയുള്ള സ്വർഗ്ഗീയപിതാവെ - നീ ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും ദൈവവും പിതാവും ആയിരിക്കും എന്നു വാഗ്ദത്തം ചെയ്തുവല്ലൊ - ദയയൊടെ ഇപ്രകാരം പറഞ്ഞതിനെ ഒക്കയും ഈ കുട്ടിയിലും നിവൃത്തിക്കെണമെ - നിൻ പുത്രന്റെ മരണത്തിലുള്ള സ്നാനത്താൽ ഇതിനെ അവന്റെ സഭയിൽ ചെർത്തുകൊൾക - അവന്റെ വീണ്ടെടുപ്പിന്റെ ഫലങ്ങളിൽ ഇതിന്നു പങ്കു കൊടുത്തു ജീവപര്യന്തം നിൻ ആത്മാവിനാൽ വിശുദ്ധീകരിച്ചു ഒടുക്കം നിന്റെ പുത്രനാൽ നിൻ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി തീർക്കെണമെ - ദൈവമെ നിന്റെ കൃപ ഇതിനൊടു കൂട ഇരിക്കയും എന്നും വസിക്കയും ആകെണമെ - ആമെൻ -

## അല്ലെങ്കിൽ

സ്വർഗ്ഗസ്ഥപിതാവെ ഈ കുട്ടിക്കു നീ ജീവനും കരുണയും നല്കി നിന്റെ വിചാരണ ഇതിന്റെ പ്രാണനെ പരിപാലിച്ചു വരുന്നുവല്ലൊ - ഇപ്പൊൾ ഇതിനെ ക്രിസ്തുയെശുവിൽ നിന്റെ കുട്ടിയാകുവാൻ ചെരി

ച്ചിരിക്കുന്നു — അതുകൊണ്ടു ഞങ്ങൾ ഇതിനെ നിന്റെ പിതൃസ്വരക്ഷ
യിൽ ഭരമെല്പിക്കുന്നു — നീതാൻ അതിന്നു നിഴലും സ്ഥിരയുമാക ദെഹ
ത്തിന്നും ദെഹിക്കും നെരിടുന്ന എല്ലാ ഭയവും അകറ്റുക എല്ലാവ
ഴികളിലും തിരുമുഖത്തെ അതിന്മെൽ പ്രകാശിപ്പിക്ക — യെശുക്രിസ്തു
ക്രിയാരക്ഷിതാവെ ഇതിനെ സ്നെഹിച്ചു നിന്റെ ഉടമയാവാൻ വി
ലകൊടുത്തുവാങ്ങിയല്ലൊ — എപ്പൊഴും ഇതിനെ നിന്റെ ശുശ്രൂഷയിൽ
ചെർത്തുകൊണ്ടു ഞങ്ങൾക്കായി ക്കുന്നതു ഇറക്കികൊടുക്കെണമെ —
സ്നാനത്തിന്റെ പൂർണ്ണ അനുഗ്രഹവും എത്തിച്ചുകൊണ്ടു സ്വർഗ്ഗത്തിൽ വാ
ടാത്ത അവകാശം പ്രാപിപ്പിക്കയും — പിതാവിന്നും പുത്രന്നും എകനാ
വാക്കുളെളാവെ ഇതിന്റെ ദെഹിയിൽ ഇറങ്ങിവന്നു നിത്യം വ
സിപ്പാൻ കൊള്ളിടെണമെ — നിന്റെ വരങ്ങളെ ഇതിൽ നിറെക്കുന്ന
തു വിശ്വാസത്തിൽ വിശുദ്ധീകരിച്ചു നടത്തുക വാഴ്ചയിലും കഷ്ടത്തിലും
മരണത്തിലും അതിനെ ഉറപ്പിക്ക സ്ഥിരീകരിക്ക നിറെച്ചുകൊൾക — ത്രി
യെക ദൈവമായുള്ളൊവെ ഇതിന്നു തുണയാക — ഞങ്ങൾക്കു എ
ല്ലാവർക്കും തുണയായി മരണപര്യന്തം വിശ്വസ്തതന്നെ ദെഹികളു
ടെ രക്ഷയാകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിപ്പിച്ചു ഞങ്ങ
ളുടെ സന്തൊഷം പൂർണ്ണമാക്കെണമെ — ആമെൻ

(പിന്നെ കർത്തൃപ്രാർത്ഥന — സ്വർഗ്ഗസ്ഥനായ — ആമെൻ)

യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇതുമുതൽ എ
ന്നെക്കും പരിപാലിക്ക — (സങ്കീ. ൧൨൧, ൮) ആമെൻ

(അമ്മയപ്പന്മാരോടും ജ്ഞാനസാക്ഷികളോടും)

കർത്താവിൽ പ്രിയരായുള്ളൊരെ — യെശുക്രിസ്തുൻ എത്രയും സ്നെഹിച്ചു
സ്വരക്തത്താൽ വീണ്ടെടുത്ത ശിശുക്കളുടെ നെരെ അവന്റെ നാമത്തി
ൽ സ്നാനം എറ്റിട്ടുള്ള നാം എല്ലാവരും എത്രയും പെട്ടിരിക്കുന്നു എ
ന്നു വിചാരിച്ചുകൊൾക — ഇന്നു ഈ ശിശുവിൽ ഒരുത്തന് ഉടമ്പടിവരുത്തു
ന്ന എവം ഓഹരി — കർത്താവ് ഭരമെല്പിച്ചു കൊടുത്ത ശിശുവി

ന്നു വരുത്തുന്നവരുടെ ദോഷത്താൽ രക്ഷ ഇല്ലാതെയായാൽ ആയത്
അവരുടെ ദേഹികളോടു താൻ ചോദിക്കും.— ശിക്ഷ അത്യുഗ്രമായ
സ്നേഹത്താലും വിശ്വസ്തതയാലും ഈ ചെറിയവരിൽ യാതൊന്നിനെ എ
കാക്കേണ്ടു രക്ഷിക്കിലൊ ആയത് ഉത്തമരിക്ക് ചെല്ലു പ്രകാരം ഫലിക്കൊ
ളും.— ആയതുകൊണ്ട് അമ്മയപ്പന്മാരെ ദൈവത്തിന്റെ സൎവ്വശക്തിയു
ള്ള ദയ ഈ ശിശുവെ തങ്ങൾക്കു ഏല്പിച്ചു സമ്മാനിക്കയാൽ തങ്ങ
ൾ അവന്റെ നന്ദി അറിഞ്ഞു കൎത്താവിന്റെ ബാലശിക്ഷയിലും വളൎത്തു
പദേശത്തിലും ഇങ്ങനെ വളൎത്തി ദേഹികളായിവരുന്നതു ഒക്ക
യും വരുത്തിച്ചു വിശുദ്ധാത്മാവിന്റെ വേലക്കു മുടക്കം വരാതവണ്ണം സൂ
ക്ഷിച്ചു നോക്കേണ്ടതു — അപ്രകാരം ശ്രീയപ്പന്മാരെ നിങ്ങൾ സഭയുടെ
പക്കൽ ഈ സ്നാനത്തിന്നു സാക്ഷികളും ഇപ്രകാരമുള്ള ശിശുവിനെ വി
ശ്വാസത്തിൽ കാക്കേണ്ടുവാൻ പ്രത്യേകം മുതിരേണ്ടുന്നവരും ആക
യാൽ — ഇങ്ങനെ ദൈവത്തിൽ മുഖ്യമായ പ്രാൎത്ഥനയിൽ കൂട കൂടെ ഒത്തും
ഉഹത്തിലും വരത്തിലും ഉള്ള സൌഖ്യത്തിന്നു മുട്ടുള്ളതെല്ലാം തീൎത്തുംകൊ
ണ്ടു നിങ്ങളാലാകുന്നേടത്തോളം ശ്രമിക്കയും വേണ്ടതു.

എന്നാൽ ഈ ശിശുസ്നാനം ഏല്ക്കുന്ന വിശ്വാസം ഇന്നതെ
ന്നു വരുത്തുമാറു നിങ്ങൾ ഈ ചോദ്യങ്ങൾക്കു ഉത്തരം ചൊല്ലുവിൻ

൧.) സ്വൎഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി സൎവ്വശക്തനായ പി
താവായിരിക്കുന്ന ദൈവത്തിങ്കൽ നിങ്ങൾ വിശ്വസിക്കുന്നുവൊ—

അവന്റെ ഏകപുത്രനായി നമ്മുടെ കൎത്താവായ യേശുക്രിസ്തു
വിലും ആയവൻ വിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉ
ല്പാദിതനായി ജനിച്ചു എന്നും പൊന്തിയ പിലാതന്റെ കീഴെ കഷ്ടമനു
ഭവിച്ചു ക്രൂശിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി എ
ന്നും — മൂന്നാം ദിവസം ഉയിൎത്തെഴുനീറ്റു സ്വൎഗ്ഗാരോഹണമായി സൎവ്വ
ശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു
എന്നും അവിടെ നിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്ത

ധിപ്പാൻവരും എന്നും വിശ്വസിക്കുന്നുവൊ-

വിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധസാധാരണസഭയിലും പാപമൊചനത്തിലും ശരീരത്തൊടെ ഉയിൎത്തെഴുനീല്ക്കുന്നതിലും നിത്യജീവനിലും വിശ്വസിക്കുന്നുവൊ-

എന്നാൽ ഉവ്വ ഞങ്ങൾ വിശ്വസിക്കുന്നു എന്നു ചൊല്ലുവിൻ-

൨.) നിങ്ങൾ പിശാചിനെയും അവന്റെ സകലക്രിയകളെയും ലൊകത്തിന്റെ ആഡംബരമായകളെയും ജഡത്തിന്റെ സകലമൊഹങ്ങളെയും മറുത്തുപറയുന്നുവൊ

എന്നാൽ ഉവ്വ ഞങ്ങൾ മറുത്തുപറയുന്നു എന്നു ചൊല്ലുവിൻ

൩.) വിശെഷാൽ പിതാപുത്രൻ സദാത്മാവായ വിശുദ്ധ ദൈവത്തിന് എന്നും വിശ്വസ്തരാവാനും അവന്റെ വചനപ്രകാരം നടന്നുകൊള്ളാനും നിങ്ങൾ നിശ്ചയിക്കുന്നുവൊ

എന്നാൽ ഉവ്വ ഞങ്ങൾ നിശ്ചയിക്കുന്നു എന്നു ചൊല്ലുവിൻ-

൪.) (ജാമ്യക്കാരൊട്) നിങ്ങളുടെ ശിശുവിന് ഈ വിശ്വാസത്തിൽ സ്നാനവും ക്രിസ്ത്യാനികൾക്ക യോഗ്യമായ ബാലശിക്ഷയും വരണം എന്നു മനസ്സൊ

എന്നാൽ മനസ്സുണ്ട് എന്നു ചൊല്ലുവിൻ

൫.) (ശ്രേഷ്ഠന്മാരൊട്) ഈ സ്ഥാനത്തിന്നു സാക്ഷികളായുള്ളവരെ ഈ ശിശുവിനെ കൎത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദെശത്തിലും പൊററിവളൎത്തുവാൻ നിങ്ങൾ സഭയുടെ നാമത്തിൽ സഹായം ചെയ്തുകൊടുക്കുവാനും എന്നു മനസ്സൊ

എന്നാൽ മനസ്സുണ്ട് എന്നു ചൊല്ലുവിൻ-

[അല്ലെങ്കിൽ

(എന്നാൽ ഈ ശിശുവിന്നു ഇഷ്ടമായിരിക്കുന്നപ്രകാരം

## ചൊല്ലിക്കൂട്ടുന്നതു

നമ്മുടെ വിശുദ്ധ വിശ്വാസത്തിന്റെ സ്വീകാരവും അതിനെ അം ഗീകരിക്കാത്തവർ ഒക്കെയെ തള്ളുന്ന നിഷേധവും നാം ചെയ്യുന്ന ന്നു —

൧. സ്വർഗ്ഗങ്ങൾക്കും — നാം വിശ്വസിക്കുന്നു

അവന്റെ രക്ഷ — നാം വിശ്വസിക്കുന്നു

വിശുദ്ധാത്മാവിലും — നാം വിശ്വസിക്കുന്നു

൨. പിശാചിനെയും — നാം മറുത്തു പറയുന്നു

൩. പിതാപുത്രൻ സദാത്മാ — നാം നിശ്ചയിക്കുന്നു- ]

(പിന്നെ ശിശുവിന്റെ തലമേൽ മൂന്നു കുറി വെള്ളം ഒഴി ച്ചു ചൊല്ലേണ്ടിയത്രെ)

(ഇന്നവനെ) ഞാൻ പിതാപുത്രൻ വിശുദ്ധാത്മാവാകുന്ന ദൈവ ത്തിൻ നാമത്തിൽ നിനക്കു സ്നാനം തരുന്നു-

(ശിശുവിന്മേൽ വലങ്കൈ വെച്ചിട്ടു)

(ഇന്നവനെ) നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സർവ്വശക്തനായ പിതാവ് നിനക്കു പുനർജ്ജന്മമരുളിയാൽ യേശുക്രിസ്തുമൂലം തന്റെ സകല കരുണകളും സമ്മാനിക്കയല്ലാതെ വിശുദ്ധാത്മമൂലം നിത്യ ജീവങ്കലേക്കു നിന്നെ ശക്തനാക്കുകയാവു- ആമെൻ

അല്ലെങ്കിൽ

(ഇന്നവനെ) സ്വപുത്രനായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിൽ വിശു ദ്ധസ്നാനത്താൽ നിന്നെ ചേർത്തുകൊണ്ട കൃപാലുവായ ദൈവവും പിതാ പുത്രാത്മാവായവൻ നിന്നെ അവസാനം വരെ തന്റെ കരുണയിൽ പരി പാലിച്ചു തന്റെ ആത്മാവിൻ മൂലം നിത്യജീവങ്കലേക്കു നിന്നെ വിശു ദ്ധീകരിക്കുമാറാക- ആമെൻ

അല്ലെങ്കിൽ

(ഇന്നവനെ) നമ്മുടെ കർത്താവായ യെശുക്രിസ്തുവിന്റെ പിതാവും ദൈ
വവും ആയവൻ നിനക്ക വിശുദ്ധാത്മാവിൽ കൃപയെ സമ്മാനിക്ക
നി വിശ്വാസത്തൊ കൂടെ ഈ ലൊകത്തെ ജയിച്ചു അവന്റെ ശക്തിയി
ൽ എന്നെന്നെക്കും ഉറെച്ചു നില്ക്കുമാറാക — ആമെൻ.

നാം പ്രാർത്ഥിക്ക

സർവ്വ ശക്തിയും മഹാ കനിവും ഉള്ള ദൈവമായ പിതാവെ നിന്റെ
സഭയെ നീ കരുണയാലെ പരിപാലിച്ചു വർദ്ധിപ്പിക്കുന്നവനെ ഈ
ശിശുവിനെ സ്നാനം മൂലം നിന്റെ പ്രിയ പുത്രനും ഞങ്ങളുടെ രക്ഷ
കനും ആയ യെശുക്രിസ്തുവിലും അവന്റെ സഭയിലും ചെർത്തു
കൊണ്ടു നിന്റെ മകനെ(ളെ)ം സ്വർഗ്ഗീയ വസ്തുവകകൾക്ക അവകാശിയും
ആക്കിയവൻ ആകയാൽ നിനക്ക സ്തൊത്രവും വന്ദനവും ആക — നി
ന്റെതായ ഈ ശിശുവിനെ നീ കനിഞ്ഞു ഉന്നതിയുടെ ആകാരത്തി
ൽ നില്പാറാക്കി നിന്റെ പ്രസാദത്തിന്ന ഏകാവകയും ദൈവഭക്തിയി
ലും വിശ്വാസത്തിലും വളർത്തപ്പെട്ടവനും ഈ ലൊകത്തിൽ പരിക്ഷക
ളിൽ നിന്ന അനുസരണമുള്ളവനാ(ളാ)യി നില്പാനും നിന്റെ
നാമത്തിൻ സ്തുതിക്കായി പിതാവിശുദ്ധാത്മാവൊടും ഒന്നിച്ചു വാഴുന്ന
ചെങ്കൊൽ പരമാവകാശത്തെ കൈക്കൊള്ളുവാനും യെശുക്രിസ്തു മൂലം തൊ
ന്നിരക്കിക്കെണമെ — ആമെൻ. W.

അല്ലെങ്കിൽ

കനിവുള്ള പിതാവെ — ഈ ശിശുവിനെ നീ കടാക്ഷിച്ചു സ്നാന
സ്നാന(ത്താ)ൽ ഇക്കണ്ട വിശുദ്ധ സഭയുടെ അവകാശമാക്കിയ
തുകൊണ്ടു ഞങ്ങൾ സ്തൊത്രം പറയുന്നു — ഇനി അവൻ(ൾ)
പാപത്തിന്ന മരിച്ചു നീതിക്കായി ജീവിക്കാ — ക്രിസ്തുവിന്റെ മരണ
ത്തിലെ സ്നാനത്താൽ അവനൊട്ടു കൂടെ കുഴിച്ചിടപ്പെട്ട പഴയ മനു

ത്തിന്നു തക്കവണ്ണം പഴയമനുഷ്യനെ നിത്യം ക്രൂശിപ്പാറാ
ക — തന്റെ മരണത്തിൻ സാദൃശ്യത്തൊടു ചെൎത്തി ഭവിച്ചതു കൊണ്ടും
നന്ദ്യാനത്തൊട്ടും ആക — ഈ പ്രകാരം എല്ലാം നിവൃത്തി തന്റെ
സകല വിശുദ്ധ സഭയൊട്ടും കൂടെ തന്റെ നിത്യ രാജ്യത്തിന്നു കൎത്താ
വായ യെശു ക്രിസ്തുമൂലം ഞെവ കാണിയാക്കി തീൎക്കണമെ — ആമെ
ൻ. C.P.

(ഒട്ടക്കം ആശീൎവ്വചനം)

യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കെ-
ട്ടെ യഹൊവ തിരുമുഖത്തെ നിങ്ങളിലെക്ക
പ്രകാശിപ്പിച്ചു കൃപ ചെയ്ക — യഹൊവ
തിരുമുഖത്തെ നിങ്ങളുടെ മെൽ ഉയൎത്തി നി
ങ്ങൾക്കു സമാധാനം ഇട്ടുമാറാക — ആമെൻ —

൨. പ്രായശ്ചിത്തവന്റെസ്നാനം

കൎത്താവിൽ പ്രിയമുള്ള സഹോദരന്മാരെ സകല മനുഷ്യരും പാ
പത്തിൽ ഗൎഭധാരണമായി പാപത്തിൽ പിറന്നവരും ജഡത്തിൽ
നിന്നു ജനിച്ചതു ജഡമാകുന്നു എന്നും ജഡത്തിൽ ഉള്ളവരെ ദൈ
വപ്രസാദം വരുത്തികൂടാതവണ്ണം പിഴകളിലും പാപങ്ങളിലും മരി
ച്ചവർ ആകുന്നു എന്നും നാം അറിയുന്നു — എന്നാൽ മെലിൽ നിന്നു ജ
നിച്ചില്ലെങ്കിൽ വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും ജനി
ച്ചില്ലെങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ കടപ്പാൻ കഴിക
യില്ല എന്നു നമ്മുടെ രക്ഷിതാവായ യെശു ക്രിസ്തൻ ചൊല്ലിയിട്ടു
ള്ളതു കൊണ്ടു പിതാവായ ദൈവം തന്റെ കനിവുകളിൻ പെ
രുമപ്രകാരം സ്വഭാവത്താൽ വരാത്തതിനെ ഇവനില്ലുന്നവന്ന്(വ
ൾക്കു — വൾക്കു) കൊടുക്കെണ്ടതിന്നും ഇവൻ (ൾ — ൾ) ജലത്തിലും വിശുദ്ധാ
ത്മാവിലും സ്നാനം ഏറ്റു ക്രിസ്തന്റെ വിശുദ്ധസഭയിൽ ചെൎന്നു അവ

ൽ ജീവനുള്ള അവയവമായിത്തീരുവാൻ കൃപ ചെയ്യേണ്ടതിന്നായി നാം ഒക്ക
അങ്ങോട്ട് പ്രാർത്ഥിക്കുക-

കൃപയും കനിവും ഉള്ള ദൈവമായ പിതാവെ മഹാദയയും അ
നാദ്യന്തമില്ലാത്ത ജ്ഞാനവും അളവില്ലാത്ത ശക്തിയും ഉള്ളവനെ — നിങ്ങ
ളിൽ ചെയ്തുവന്ന സകല കൃപകൾക്കും ഇന്നും ചെയ്തുകൊണ്ടിരിക്കു
ന്ന അതിശയങ്ങൾക്കും സ്തോത്രവും വന്ദനവും ചൊല്ലുന്നു — നിന്റെ സാ
ദൃശ്യത്തിൽ മനുഷ്യനെ മണ്ണിനാൽ സൃഷ്ടിച്ചു അവൻ പാപത്തി
ൽ വീണു നിന്നെ മറന്നുപോകെ ചമഞ്ഞ ശേഷവും നിന്റെ പ്രിയപുത്രനാ
യ യേശുവെ മിശിഹാ കർത്താവിനെ കൂടെ അനന്തജ്ഞാനത്തിൻ പ്രകാരം മനുഷ്യ
ർക്കു സമ്മാനിച്ചിരിക്കുന്നു — അവൻ മൂലം എല്ലാവർക്കും രക്ഷ പ്രാപിപ്പാനാ
യ സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും നിന്റെ വായിലെ ആ
ത്മാവ് സകല ജാതികളെയും സുവിശേഷം കൊണ്ടു ക്ഷണിച്ചുവരുന്നു —
പശ്ചാത്താപിപ്പാൻ കഴിയുന്ന ആരെയും നീ ഉപേക്ഷിക്കുന്നതും നിന്റെ അ
ടുക്കെ വരുന്ന ആരെയും തള്ളുന്നതും ഇല്ല —

ഇങ്ങനെ ഉള്ളവനൊട്ടും കൂടെ നിൻ ശുശ്രൂഷ ചൊല്ലുന്നിടങ്ങളെയും അങ്ങേ
ക്കൂടെ രക്ഷക്കായി ഉപയോഗങ്ങളാക്കി നിയമിച്ചിരിക്കുന്നു —
സഭയിലടിയങ്ങളിൽ നീ ചെയ്യുന്ന കൃപകൾക്കുള്ള സ്തോത്രത്താ
ലം ഏല്പിച്ചിരിക്കുന്നു — ഇവിടെ നില്ക്കുന്ന നിന്റെ ദാസൻ (ദാസി-
കൾ) വിഗ്രഹാരാധനക്കാരിൽ (വേദക്കാരിൽ —) ഉൾപ്പെട്ടവരെന്ന
ശേഷം അന്ധകാരത്തിൽ നിന്നു തെറ്റുവാൻ സംഗതിവന്നതു നി
ന്റെ അഗാധ കാരുണ്യത്താലും ചൊല്ലിക്കൂടാത്ത കനിവിനാലും അ
ത്രെ സംഭവിച്ചു — മുമ്പെ ഇവൻ (-ൾ-ർ) ക്രിസ്തനെ കൂടാതെ ഇസ്രായേ
ൽ പൌരത്വത്തോടു വേർപ്പെട്ടവനും (-) വാഗ്ദത്ത നിയമങ്ങളിൽ നി
ന്ന് അന്യനും (- -) ആയിരുന്നു — ഇപ്പോഴോ വന്ദ്യരായവർ (-)
ക്രിസ്തുയേശുവിൽ കാലെ വിശ്വാസത്താൽ അടുക്കെ ആകുന്നു — നി
ന്റെ വേദത്താൽ സുവിശേഷത്താൽ അവനെ (-) പ്രകാശിപ്പിച്ചു

പാപമൊചനത്തിൽ രക്ഷയുടെ അറിവു കൊടുത്തു സ്വശക്തിയിൽ
കണ്ടുകൂടാത്തതിനെ കാണിച്ചിരിക്കുന്നു — അവൻ സ്വരക്ഷിതാവാ
യ ദൈവത്തിലും അവന്റെ തെജസ്സിന്റെ പ്രകാശത്തിലും ദിവ്യാവസ്ഥ
വിശ്വാസംമൂലം ആനന്ദിച്ചു തിന്റെ ദയയെ സ്തുതിക്കുന്നു —

പിന്നെ വിശ്വസിച്ചും സ്നാനപ്പെട്ടുമുളളവൻ രക്ഷിക്കപ്പെടും
എന്നതിനവരകയാൽ ഞാനതിന്റെ ദാസനും (സി-ർ) ഞങ്ങൾക്ക
കും കൽപ്പിച്ചു പ്രാർത്ഥിക്കുന്നിതു — പിതാവെ ഈയവനിൽ (ഇവളിൽ) തന്റെ
നല്ല പ്രവൃത്തിയെ ആരംഭിച്ചതു സ്നാനമാകുന്ന തിരുമുദ്രയിട്ടുസ
മാപ്പിനാൽ തികെക്കുമാറാകേണമെ — ത്രിയൈകദൈവമെ അവനി
ൽ (—) വിശ്വാസത്തെ ഉറപ്പിച്ചു പ്രത്യാശയെ വർദ്ധിപ്പിച്ചു സ്നേഹ
ത്തെ പൂർണ്ണമാക്കി ആത്മാവിൻ വരങ്ങളെ ധാരാളമാക്കി അവൻ
(—) മെൽവകമും കൊണ്ടു ക്രിസ്തനിൽ ആയനാൾ മുതൽ മുളെച്ചുവ
രുന്ന പുതിയ സ്വഭാവത്തെ വെർപെടിച്ചു ജഡരക്തങ്ങളൊടും സാ
ത്താനൊടും ലൊകത്തൊടും പൊരുതുന്ന പൊരിൽ ജയിക്കുന്നതിന്ന
വനെ (—) അവസാനം വരെ തിന്റെ നല്ല പടയാളി (—) ആക്കി
ത്തീർക്കേണമെ — തിന്റെ നിയമത്തിൽ അവൻ (—) ഉറെച്ചുനില്ക്കുഎ
ല്ലാ ബുദ്ധിയെക്കും കടക്കുന്ന ദൈവസമാധാനം അവന്റെ (—) ഹൃദ
യത്തെയും നിനവുകളെയും ക്രിസ്തയെശുവിങ്കൽ കാക്കെ — ഫി
ലർ ചൊല്ലുന്നതുപൊലെ ഇവൻ (—) വിശ്വാസവും നല്ലമനൊബൊ
ധവും ഉള്ളിൽ കളഞ്ഞും വിശ്വാസകപ്പൽ തകർന്നു പൊകാതെയും അങ്ങനെ-
-തിന്റെ ശക്തിയാൽ അവനെ (—) വിശ്വാസംമൂലം രക്ഷെക്കാ
യി കാക്കെ —

എന്നത് കൊണ്ടും ഞങ്ങൾ അപെക്ഷിക്കുന്നതു തന്റെ
ത്രിയെകപുത്രൻ മുഖാന്തരം തന്നെ — യാചിപ്പിൻ എന്നാൽ നിങ്ങൾക്കു
തരപ്പെടും അന്വെഷിപ്പിൻ എന്നാൽ കണ്ടെത്തും മുട്ടുവിൻ എന്നാ
ൽ നിങ്ങൾക്കു തുറക്കപ്പെടും എന്നു അവൻ അല്ലൊ ചൊല്ലിയിരിക്കുന്നു —

ഞങ്ങളെക്കൊണ്ടു ഈ അടിയാൻ (ൾ– ർ) കൂടെ യാചിക്കുന്നപ്രകാരം പ്രാപി
ച്ചു അനുഭവിക്കുന്നതിന്നു കാരണമാക— യോഗ്യതകളെ നോക്കിയല്ല
മല്ല കനിഞ്ഞിട്ടത്രേ കൃപാരാജ്യത്തിൻ വാതിൽ അവന് (–) തുറന്ന
തിന്റെ ശേഷം അവനും (—) ഞങ്ങൾക്കു എല്ലാവർക്കും നിത്യമോക്ഷ
സ്ഥിതിയുള്ള വാതിൽ തുറന്നുകൊള്ളേണമെ— ആമെൻ.

(സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ)

കർത്താവിൽ പ്രിയമുള്ളവനെ (–) ഉയിർത്തെഴുനീറ്റ നമ്മുടെ കർത്താവ്
തന്റെ ശിഷ്യരോട് വിശ്വാസസ്നാനത്തെ ആജ്ഞാപിച്ചു ചൊല്ലിയ വചന
ങ്ങളെ കേൾക്ക—

സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്ക
പ്പെട്ടിരിക്കുന്നു— (ആകയാൽ) നിങ്ങൾ പുറപ്പെട്ടു പിതാ പുത്രൻ പരി
ശുദ്ധാത്മാവ് എന്നീ നാമത്തിലെക്കു സ്നാനം ഏല്പിച്ചു ഞാൻ നിങ്ങളോ
ടു കല്പിച്ചവകളെയും സൂക്ഷിപ്പാന്തക്കവണ്ണം ഉപദേശിച്ചും ഇങ്ങനെ സ
കല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ— ഞാനൊ ഇതാ യുഗസമാ
പ്തിയോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു— (മത്ത. ൨൮.) ഈ ദിവ്യ
വചനത്തിന്റെ വഴിയിൽ നീ ഉപദേശിക്കപ്പെട്ടു ശിഷ്യനാവാൻ മ
നസ്സുവെച്ചിരിക്കകൊണ്ടു ഈ സഭയുടെ മുമ്പിൽ നീ ഹൃദയം കൊണ്ടു വിശ്വ
സിച്ചതിനെ വാക്കുകൊണ്ടു സ്വീകരിപ്പാനും അവന്റെ കൃപാനിയമത്തിൽ
ജ്ഞാനസ്നാനം നിന്നോടപേക്ഷിക്കുന്നു—

൧.) സ്വർഗ്ഗങ്ങളിൽ— നീ വിശ്വസിക്കുന്നുവൊ
എന്നാൽ ഉവ്വ ഞാൻ വിശ്വസിക്കുന്നു എന്നു ചൊല്ലുക
൨.) പിശാചിനെയും— മറുത്തുപറയുന്നുവൊ
എന്നാൽ ഉവ്വ ഞാൻ മറുത്തുപറയുന്നു എന്നു ചൊല്ലുക.
൩.) വിശേഷാൽ പിതാ— നിൽക്കുന്നുവൊ
എന്നാൽ ഉവ്വ ഞാൻ നിൽക്കുന്നു എന്നു ചൊല്ലുക.
൪.) ഈ വിശ്വാസത്തിൽ സ്നാനം ഏല്ക്കേണം എന്നു മനസ്സൊ.

പ്രായമുള്ളവന്റെസ്നാനം

എന്നാൽ മനസ്സുണ്ടൊ എന്നു ചൊല്ലുക-

പിന്നെതല കഴിഞ്ഞു നില്ക്കെ സ്നാനം എല്ക്കുമ്പൊൾ പറയെ

ണ്ടതു

(ഇന്നവനെ) ഞാൻ പിതാപുത്രൻ വിശുദ്ധാത്മാവാകുന്ന ദൈവത്തിന്റെനാമത്തിൽ നിന്നെ സ്നാനം എല്പിക്കുന്നു

അനന്തരം മീത്തൽ പറഞ്ഞ ആശീർവ്വാദങ്ങളിൽ

ഒന്നു- ഒടുക്കം- നിന്നൊടു സമാധാനം ഉണ്ടായിരിക്ക-

അല്ലെങ്കിൽ

ഇനി പ്രിയസഹൊദരനെ ജീവിക്കുന്നതു നീയായിട്ടല്ല ക്രിസ്തൻ അത്രെ നിന്നിൽ ജീവിക്ക- ഇനി ജഡത്തിൽ ജീവിക്കുന്നതൊ നിന്നെ സ്നെഹിച്ചു നിനക്കു വെണ്ടി തന്നെത്താൻ എല്പിച്ചു തന്ന ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കെണമെ- ആമെൻ-

നാം പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവമെ സ്വൎഗ്ഗസ്ഥനായ പ്രിയപിതാവെ- നി ന്റെ ഭക്തരെ നിൻ കൃപയാലെ താങ്ങി വർദ്ധിപ്പിക്കുന്നതിനാലും ഇനി നിന്റെ ദാസനെയും (-നി-) അറിവൊടു ചെർത്തുകൊള്ളുകയാലും ഞ ങ്ങൾ സ്തൊത്രവും വന്ദനവും ചെയ്ക- ഇപ്പൊൾ വിശുദ്ധസ്നാനം മുഖാന്ത രമായി അവൻ (-) നിന്റെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷിതാവും ആയ കർത്താവിന്റെ അവയവവും (-) നിന്റെ മകനും (-) സക ല സൃഷ്ടിയുടെയും അവകാശിയും (-) ആകുമാറു- ഇതല്ലാതെ ഷ്ഠ രക്ഷയിൽ അവനെ (-) അല്പനാക്കി പരിപാലിച്ചു പൊറിസ ത്യവിശ്വാസത്തിലും ദൈവഭക്തിയുള്ള നടപ്പിലും വളർത്തിച്ചു തല യാകുന്ന ക്രിസ്തനൊളം എല്ലാം കൊണ്ടും വളരുമാറാക്കി സകലജ്ഞാ നത്തിലും വിശുദ്ധിനിറവിലും നികന്നു പുരുഷപ്രായം എത്തി

ച്ചരുളെണമെ - യാതൊരുമുരുവരെയും പ്രവൃത്തിയിച്ചാരം ജ്ഞാന മാരം മുതലായവയും ഇന്നു സ്വീകരിച്ചു നിൻ്റെ സത്യത്തിൽ നി ന്നു അവനെ തെറ്റിച്ചു കളയരുതെ - വാഗ്ദത്തം ചെയ്തവയെല്ലാ ത്തെ എല്ലാ വിശുദ്ധരൊടും ഒന്നിച്ചു ഇവനും (-) പ്രാപിക്കെണ്ട തിന്നു നിൻ്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യെശുമി ശിഹാ മൂലം അരുളിച്ചെയ്യെണമെ - ആമെൻ - S.t.d

അല്ലെങ്കിൽ

ഞങ്ങളുടെ പ്രിയ കർത്താവും ദൈവത്തിൻ പുത്രനും ആയ യെശുമിശി ഹാ - നീ പണ്ടെ പറഞ്ഞിട്ടു - ദുഷ്ടരാകുന്ന നിങ്ങൾ്ക്കു നല്ലദാന ങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാ വ് തന്നൊടു യാചിക്കുന്നവൎക്കു വിശുദ്ധാത്മാവിനെ എത്ര അധി കം കൊടുക്കും (ലൂക്ക. ൧൧) എന്നുള്ളതല്ലാതെ - ഭൂമിമെൽ നിങ്ങ ളിൽ ഇരുവർ യാചിക്കുന്ന എത്ര കാൎയ്യം കൊണ്ടും ഐകമത്യപ്പെ ട്ടു എങ്കിൽ അതു സ്വർഗ്ഗസ്ഥനായ എൻ്റെ പിതാവിൽ നിന്നു അവ ൎക്കു ഭവിക്കും (മത്ത. ൧൮) എന്നും ഉണ്ടല്ലൊ - എന്നാൽ ഇന്നു സ്ഥാ നം ഏറ്റ ഈ സഹോദരനെ (-) വിശുദ്ധാത്മാവിനെ കൊണ്ടു ബ ലപ്പെടുത്തി വിശുദ്ധസുവിശെഷത്തിൻ അനുസാരത്തിൽ ഉറപ്പി ച്ചു താങ്ങി പിശാചിനൊടും സ്വന്ത ബലഹീനതയൊടും പൊരു തു ജയിക്കുമാറാക്ക - അവൻ (-) വിശുദ്ധാത്മാവിനെ ദുഃഖിപ്പി ക്കയൊ തിരുസഭക്ക് അപകീർത്തി ഉണ്ടാക്കുകയൊ നഷ്ടം വരുത്തുകയൊ ചെയ്യാതെ നീ കല്പിച്ചു വാഗ്ദത്തം ചെയ്ത പ്രകാരം നിൻ്റെ സ്തുതി ക്കും തൻ്റെ ഭാഗ്യത്തിന്നും മററവരുടെ വിശ്വാസത്തിന്നും ആയിട്ടു ജീവിച്ചു നടപ്പാൻ കൃപ ചെയ്യെണമെ - ആമെൻ -

യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക - ഇത്യാ

൭ - oest.

## ൩.— അഞ്ചിവെഗത്തിലെസ്ഥാനം

കൎത്താവായ യെശുക്രിസ്തുനെ ഞാൻ അറിയുന്നതിനെ തടസ്സമായ്
കൊണ്ടു വന്ന സമസ്തത്തെയും — ചിലതു ഒക്കെയും ചെതമെന്നു എണ്ണുന്നു
വരുവാൻ ഫിട്ടയിൽ ദെവരാജ്യം ഈ പ്രകാരമുള്ളവൎക്കു കൊ
ള്ളത്രം എന്നതിന്നു അവരുടെ പ്രകാരം നിന്റെ മുതലായിട്ട്
ഇതിനെ നെടുകൊള്ളണമെ.

ഫിലിപ്പ്യസ്ഥാനാവസ്ഥാനം. b r.

# II. സ്ഥിരീകരണം

നമ്മുടെ ആരംഭം സ്വർഗ്ഗങ്ങളെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയുടെ നാമത്തിൽ ഉണ്ടാകെണമെ —

യേശുക്രിസ്തുവിൽ പ്രിയമുള്ളവരെ ഈ ബാലന്മാർ സ്നാനമൂലം ഞങ്ങളോടു ചേർന്നു ശൈശവകാലങ്ങളിൽ കൂട്ടാളികളായത്രെ കണ്ടു തങ്ങളുടെ കർത്താവും രക്ഷകനുമായവനാകുന്നവനിൽ നിന്നു കണ്ടു ഈ ക്രിസ്തീയസഭക്കാരെ സ്നാനവിഷയമായ വൃത്തക്കുവാൻ ഒരുങ്ങിയിരിക്കുന്നു — ഇവർ സത്യം താല്പര്യത്തോടെ പഠിപ്പിച്ചു കൊടുക്കുവാൻ രക്ഷകന്റെ അറിവിലേക്കു വെക്കുന്ന ആഗ്രഹം സാധിച്ചു — കർത്താവിൻ സഭക്ക സമ്മാനിക്കുന്ന സകല അനുഗ്രഹങ്ങളിലും കൂട്ടവകാശം ലഭിക്കുന്നതും അവരെന്റെ ദൃശ്യമാകുന്ന മായ അന്തർഭാഗത്തിൽ ചെന്നെത്തു രക്ഷിതാവിനോടുള്ള യോഗത്തെ മുറുക്കവും വേണം എന്നത് അവരുടെ ആഗ്രഹവും അപേക്ഷയും ആകുന്നു — എങ്കിലോ അവർ വെറുതെ ഭാവിച്ചതല്ലെന്നു തെളിയേണ്ടതിന്നു ദൈവത്തിന്നും ഈ ക്രിസ്തുസഭക്കും മുമ്പാകെ നമ്മുടെ വിശ്വാസത്തെ സ്വീകരിച്ചു ചൊല്ലുവാനും സ്നാനത്തിലെ ഒഴുക്കുകളെ തള്ളിക്കൊള്ളുവാനും മനസ്സുണ്ടു — അതുകൊണ്ടു ഞങ്ങൾ ദൈവനാമത്തിൽ നിങ്ങളെ പ്രബോധിപ്പിക്കുന്നു — ഈ ക്രിസ്തീയബാലന്മാരുടെ സ്വീകാരവും വാഗ്ദത്തവും ശിഷ്യത്വയോഗ്യമായ നൈഗങ്ങളോടെ കേട്ടും പ്രാർത്ഥനയിൽ അവരെ താല്പര്യത്തോടെ ഓർത്തുംകൊൾവിൻ — ദൈവം സർവ്വശക്തമൂലം ഇവരിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചതു ഉറപ്പിച്ചു തികെക്കേണ്ടതിന്നു ഏകമനസ്സോടെ ഐകമത്യപ്പെട്ടു പ്രാർത്ഥിപ്പിൻ —

സ്വർഗ്ഗസ്ഥനായ പിതാവെ — ഈ ബാലന്മാരെ നിന്റെ ശുദ്ധസ്നാനമൂലം നിന്റെ പുത്രന്മാരാക്കി സഭയിൽ ചേർത്തു ഇതുവരെ

യും കഴിഞ്ഞു പരിപാലിച്ചിരിക്കയാൽ ഞങ്ങൾ സ്തുതിക്കുന്നു — നി
ന്നെയും നിന്റെ പ്രിയപുത്രനെയും അറിവാൻ അവരെ പഠിപ്പി
ച്ചതു നിന്റെ വലിയ ഉപകാരം തന്നെ — പ്രിയപിതാവെ ഇന്നു
ഈ ബാലന്മാരെ ശ്രെഷ്ഠവിധിയിൽ കടാക്ഷിച്ചുകൊണ്ടു നി — ന്റെ
വരങ്ങളെ അറിവു കൊടുത്തു പ്രകാശമാക്കുക — വിശ്വാസത്തിൻ വ
രങ്ങളെ അവരിൽ വർദ്ധിപ്പിക്ക — ഗ്രഹിച്ച സത്യത്തിൽ അവരെ ഉ
റപ്പിച്ചു ഭക്തിയെ മുഴുപ്പിച്ചു യത്നമായ മരണംവരെയും വിശ്വസ്ത
രാക്കി തീർക്കണമെ — ആമെൻ

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങ
ളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയെശുവിങ്കൽ കാ
ക്കുക — ആമെൻ.

എന്നാൽ നിങ്ങളുടെ സ്വീകാരം തെളിക്കയാവു —

(സ്ഥിരീകരണത്തിനുള്ള ഉപദെശം എന്ന പുസ്തക
ത്തിലെ ചൊദ്യങ്ങളെ ചൊദിക്ക — പക്ഷെ ൧. ൪ — ൫. ൭ —
൮. ൧൨ — ൧൩. ൧൪ — ൧൫. ൧൦. ഈ നാലുമുള്ള ചൊ
ദ്യങ്ങളെ കൂടാതെ ചൊല്ലിക്കാം — അവരവർ ഒരൊന്നിന്നുത്തരം
പറഞ്ഞതിൽ പിന്നെ എല്ലാവരൊടും ചൊദിക്കെണ്ടുന്നിതു)

൧. ക്രിസ്തുബാലന്മാരെ നിങ്ങൾ ഇപ്പൊൾ സാരമാക്കുന്ന ഈ വി
ശ്വാസത്തെ നിങ്ങൾ വായാലും ഹൃദയത്താലും സ്വീകരിക്ക
യും പിന്തുടർകയും നടപ്പിന്നു മാതിരിയാക്കയും
ചെയ്വാൻ മനസ്സുണ്ടൊ

ഉ. മനസ്സുണ്ടു

൨. പിശാചിനൊടും അവന്റെ സകല ക്രിയകളൊടും ലൊ
കത്തിന്റെ ആഡംബരമായകളൊടും ജഡത്തിന്റെ
സകല മൊഹങ്ങളൊടും മറുത്തു പറയുന്നുവൊ

ഉ. ഞങ്ങൾ മറുത്തു പറയുന്നു

൩. — ഇങ്ങിനെ പിതാവു പുത്രൻ സദാത്മാവായവന് എന്നും സ്തോ
സ്ത്രമായി അവന്റെ ഇഷ്ടത്തിന്നും വചനത്തിന്നും ഒത്തവണ്ണം
വിശ്വസിച്ചു നടപ്പാനും കാക്കപ്പെട്ടിരിപ്പാനും പ്രസാദിച്ചു
കൊള്ളേണമേ —

ഇവ ഞങ്ങൾക്കു അപ്രകാരം പൂർണ്ണമനസ്സോടെ
കേൾക്കുന്ന ദൈവം തന്റെ ആത്മാവിൻ ദയകൊണ്ടും ശ
ക്തികൊണ്ടും നല്കിത്തരേണമേ — ആമേൻ.

പിന്നെ ഒരോ ബാലനും ബാലകയും മുട്ടുകുത്തുക — തല
മേൽ വലത്തെ കൈ വെച്ചു ചൊല്ലുന്നിത്

സ്വർഗ്ഗസ്ഥനായ പിതാവ് യേശുക്രിസ്തുൻ നിമിത്തം വിശുദ്ധാത്മാവിൻ
ദാനത്തെ നിന്നിൽ പുതുക്കി വർദ്ധിപ്പിക്ക — നീ വിശ്വാസത്തിൽ ഉറെ
പ്പാനും ഭക്തി മുഴുപ്പാനും കഷ്ടത്തിൽ പൊറുപ്പാനും നിത്യജീവന്റെ
പ്രത്യാശയിൽ ആനന്ദിപ്പാനും തന്നെ — ആമേൻ.

അല്ലെങ്കിൽ

നമ്മുടെ കർത്താവായ യേശുക്രിസ്തുന്റെ പിതാവായവൻ തന്റെ തേ
ജസ്സിൻ ധനപ്രകാരം നിനക്ക് അകത്തെ മനുഷ്യനിൽ സദാത്മാവി
നാൽ ശക്തിയോടെ ബലപ്പെട്ടുമാറും ക്രിസ്തുൻ വിശ്വാസത്താൽ നി
ന്റെ ഹൃദയത്തിൽ വസിച്ചുകൊള്ളുമാറും ദൈവത്തിന്റെ സക
ല പൂർണ്ണതയോളം നിറഞ്ഞുവരുമാറും നല്കുമാറാക — ആമേൻ
(എഫെ. ൩.)

അല്ലെങ്കിൽ

യേശുക്രിസ്തുനിൽ തന്റെ നിത്യതേജസ്സിലേക്ക് നിന്നെ വിളിച്ചു
വനായി സർവ്വകൃപാവരമുടയ ദൈവം താൻ നിന്നെ യഥാസ്ഥാനത്തി
ലാക്കി ഉറപ്പിച്ചു ശക്തീകരിച്ചു അടിസ്ഥാനപ്പെടുത്തുകയും നിത്യാനന്ദ

ത്തിനായി സ്വശക്തിയിൽ കാക്കുകയും ചെയ്യുമാറാക — ആമെ
ൻ ൧ പേത്ര. ൫

## അല്ലെങ്കിൽ

സമാധാനത്തിൻ ദൈവമായവൻ നിന്നെ അശേഷം ശുദ്ധീ കരിക്ക നിന്റെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുമാറാക — ആമെൻ ൧ തെസ്സ. ൫

## അല്ലെങ്കിൽ

സമാധാനത്തിന്റെ ദൈവം നിന്നെ അവന്റെ ഇഷ്ടം ചെയ്വാ നാകുവണ്ണം സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി തിരുമുമ്പി ൽ തനിക്കു പ്രസാദമുള്ളതിനെ യേശുക്രിസ്തുമൂലം നടത്തിക്കു മാറാക — ആമെൻ എബ്രാ. ൧൩

## നാം പ്രാർത്ഥിക്ക

സർവ്വശക്തിയുള്ള ദൈവവും സ്വർഗ്ഗപിതാവുമാകുന്നുള്ളോവെ എല്ലാ നന്മയും ഞങ്ങളിൽ വിതെച്ചുനട്ടു വളർത്തി തികെക്കുന്ന വനെ — ഇതാ പോലെ ഈ ദാസരെ ക്രിസ്തന്റെ ശരീരത്തിനുള്ള അവയവങ്ങളാക്കി സത്യവിശ്വാസത്തിലും തിരുസ്ഥിരീകരണത്തിൻ അനുസരണത്തിലും നീ തന്നെ നിത്യം കാക്കേണമെ — ഇന്നേരം നിന്റെ സത്യത്തിൽ നി ന്നുതെറ്റിപ്പോകാൻ അനേക ദുരുപദേശത്തിനും ലൗകികമായവ റ്റുകൾക്കും ഇടവരാതെ — അവർ തലയായ ക്രിസ്തുവോളം എല്ലാം കൊണ്ടും വളർന്നു പോരിക — സകല ജ്ഞാനത്തിലും വിവേ ചനത്തിലും യേശുവിന്റെ തികഞ്ഞ പുരുഷപ്രായത്തിന്നള വോടു അവർ എത്തുമാറാക — നിന്നെയും നിന്റെ ക്രിയകളെ

ക്കും വിശ്വാസാചാരങ്ങൾക്കും ഷഷ്ഠി സത്യവേദമെന്ന് അവർ മെല്ലെ
മൽ ദൈവിക്കുറവിടാഴിച്ചു ഒരെപ്പോഴും ഷഷ്ഠിക്കടസാദിക്കിൽ വാങ്ങിന
ലും നടപ്പിനാലും സ്ഥിരീകരിച്ചു കൊള്ളേണ്ട അധികാരങ്ങളെ കല്പിച്ചി
ന്റെ ശുദ്ധമായ മഹിമപ്പെട്ടതായ ദേവാലയങ്ങളുടെ മേൽ ശാസനയായ
ശുദ്ധിമുല്ലം ശുദ്ധമായ ഇടയന്മാരാകുന്നു എന്നത്രെ-

സമാധാനത്തിൽ വൊങ്ങി ഒത്തുപിന്ന - സഭ്യങ്ങളെയും ഭൂമിയെ
യും ഉണ്ടാക്കിയ ദൈവാവയാൽ ഒരുങ്ങി നിന്ന് ഗ്രഹിക്കപ്പെട്ടവർ
ആകുന്നു എന്നത്രെ-

## അമല്ലൂക്കാൽ

സ്വർഗ്ഗസ്ഥപിതാവായ ശ്രേഷ്ഠനായ ദൈവം - തന്റെ ചൊല്ലി മുഴിക്കാത്ത ജ്ഞാ
നത്താലും നീതിയാലും രാജ്യത്തിന്റെ രഹസ്യങ്ങളെ ജ്ഞാനികൾ
ക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്ക് വെളി
പ്പെടുത്തിയതു കൊണ്ടു ഞങ്ങൾ വാഴ്ത്തുന്നു - തന്റെ പുത്രനായ യേശു
ക്രിസ്തുവെയും അവന്റെ സുവിശേഷത്തിൻ പരമാർത്ഥത്തെയും
മനസ്സോടെ വിശ്വസിച്ചും വാക്കിനാലും നടപ്പിനാലും കൊള്ളുന്ന
അറിവിനെ ഞങ്ങൾക്കു തന്ന് കൂടെ കൊടുക്കുന്ന മഹാക
രുണെക്കായിട്ടു ഞങ്ങൾ എല്ലാവരാലും നിന്നെ സ്തോത്രം ചെയ്യു
ന്നു - തന്റെ വിശ്വാസത്തിനെ കൊണ്ട് അവരുടെ ഹൃദയങ്ങ
ളെയും ഭാവങ്ങളെയും പ്രകാശിപ്പിച്ചു ബലം കൊടുത്തു ജ്ഞ
വങ്ങളെ വിശ്വാസത്തിലും ഭക്തിയിലും സ്ഥിരതയിലും ഐശ്വര്യവസ്തു
ക്കളുടെ അനുഭവത്തിലും വർദ്ധിപ്പിച്ചു ദൈവികളുടെ രക്ഷയെ സംശ
യം ഇല്ലാതെ സാധിപ്പിക്കേണമെ - തിരുനാമത്തിന്റെ ബഹുമാ
നത്തിനായി അവർ വിശ്വാസത്തിനും സ്നേഹത്തിനും നിലവി
ലങ്ങളെ കാണിക്കയും കല്പനകളെ അനുസരിക്കയും ചെയ്യുന്ന ഉത്സാ
ഹിച്ചു നടക്കയും യത്നിച്ചു പൊരുതിയവരുടെ കൂട്ടത്തിൽ നിത്യ

ഷിപ്പിടം. പ്രാപിക്കയും ചെയ്യുമാറാകാ—ഇതെല്ലാംഞങ്ങൾ അപേക്ഷിക്കുന്നതൊ
ടെ ഞങ്ങളെ രക്ഷിക്കുന്നതിന്റെ പുത്രനായ യേശുക്രിസ്തുമൂലം തന്നെ—ആ
യവൻ നിന്നൊടുകൂടെ സദാത്മാവിന്റെ ഒരുമയിൽ തന്നെ സ
ത്യദൈവമായി എന്നും ജീവിച്ചും വാണും കൊണ്ടിരിക്കുന്നു—ആ
മെൻ—

യാതൊരുവൻ നിങ്ങളെ നന്നാ ഗ്രഹിപ്പിക്കാക്കണം—ഇത്യാദി. W.

# III. തിരുവത്താഴം

## ൧., തിരുവത്താഴത്തെ കൊണ്ടാടുന്നതു

മുമ്പിലെ അദ്ധ്യായഭാഗത്തിൽ അറിയിച്ചപ്രകാരമായിട്ടു

പ്രിയസഹോദരന്മാരെ കർത്താവിൻ ഇഷ്ടമുണ്ടെങ്കിൽ വരുന്ന കർത്താ
വിൻ വാരത്തിൽ ഈ സഭയിൽ തിരുവത്താഴം കൊണ്ടാടും—അതി
നായി യേശുക്രിസ്തുന്റെ നാമത്തിൽ എല്ലാ സഭക്കാരെയും ക്ഷണി
ക്കുന്നു—അതിൽ ചേരുവാൻ മനസ്സുള്ളവർ ദൈവസഹായത്താലെ
ഹൃദയങ്ങളെ നന്നെ ആരാഞ്ഞു ഒരുങ്ങിക്കൊള്ളാവു—ആയിലെ
യറിയുള്ള പാപസായനം അത്ഥംന്യായവിധിയായിട്ടല്ല എല്ലാവർക്കും തി
ന്നാനുഗ്രഹമായിത്തീരെണം എന്നു നൊക്കെണ്ടതല്ലൊ ആകുന്നു—
അതുകൊണ്ടു ദൈവവചനം മാതിരിയാക്കി നിങ്ങളുടെ നടപ്പിനെ ശൊ
ധനചെയ്തു വിചാരത്തിലും വാക്കിലും കൃത്യത്തിലും പിഴച്ചപ്രകാരം തെ
റ്റം തൊന്നും സത്യമായി അനുതാപപ്പെട്ടുകൊണ്ടും വിശുദ്ധ ദൈവത്തൊ
ട് ഏറ്റുപറകയും ഇനിയവന്റെ കരുണയാലെ ഗുണപ്പെട്ടുവാൻ നി
ശ്ചയിക്കയും ചെയ്യേണ്ടതു—പിന്നെ ദൈവത്തൊട് മാത്രമല്ല കൂട്ടുകാ
രരൊടും പിഴച്ചപ്രകാരം കണ്ടാൽ അവരൊട് ഇണക്കം വരുത്തി
അന്യായം ചെയ്തിരിക്കുന്നതൊക്കെയും പ്രതിശാന്തി കൊടുപ്പാനും ഒരു
ങ്ങെണ്ടതു—നിങ്ങളെ പകെച്ചവരെയും ദുഷിപ്പിച്ചവരെയും ഒ
ക്കത്തൊറ്റും ദൈവം നിങ്ങളുടെ സകല കുറ്റങ്ങളെയും ക്ഷമിച്ചുവി
ടണം എന്ന് ആഗ്രഹിക്കുന്നതു പൊലെ തന്നെ അവർക്കും ക്ഷമിച്ചുവി
ട്ടുവാൻ മനസ്സുണ്ടാകെണം—അല്ലാഞ്ഞാൽ തിരുവത്താഴത്തിൽ അനു
ഭവം ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നപ്രകാരമത്രെ—അതു
കൊണ്ടു തടങ്ങലാകുന്നതു എല്ലാം നീക്കി അനുതാപവും വിശ്വാസവും ഉ

ഉള്ളവരായിട്ടൊടെ കൎത്താവിൻ പന്തിയിൽ ചെരത്തക്കവണ്ണം കൎത്താവ് താൻ തന്നെ ഉണൎത്തുക — അവനവന്റെ ഹൃദയാവസ്ഥയെ ശൊധനക്കവണ്ണം ത്രിയെക ഷിതാവ് ഒരൊരുത്തനെ കനിഞ്ഞു തിരുകരുണയാലെ പിടിച്ചു വലിച്ചു കൊണ്ടു ക്രമത്താലെ നാം എല്ലാവരുടെയും രക്ഷയും തിരുമൊക്ഷ ഇഹത്തിലും പരത്തിലും തന്നൊടുള്ള കൂട്ടായ്മയെ പൂൎണ്ണമാക്കി തരികെയാവു — ആമെൻ. *W. C. P.*

## ൧൭. സ്വീകരണത്തിൻ ആചാരം

(തിരുവത്താഴത്തിന്റെ തലെദിവസത്തിൽ ഹൃദയങ്ങളെ ഒരുക്കി വാഴ്ത്താം സ്വീകരിക്കെണ്ടതിന്ന കൂട്ടമ്പൊൾ ചൊല്ലെണ്ടതു)

യെശുക്രിസ്തുവിൽ പ്രിയമുള്ളവരെ — കൎത്താവിന്റെ രാത്രിഭൊജനത്തിൽ ചെരുവാൻ ഭാവിക്കുന്നവർ എല്ലാം പൌൽ അപൊസ്തലന്റെ വചനങ്ങളെ ഒൎക്കെണ്ടതു — എവ എന്നാൽ മനുഷ്യൻ തന്നെത്താൻ ശൊധന ചെയ്തിട്ടു വെണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്രത്തിൽ കുടിച്ചും കൊള്ളാൻ — അപാത്രമായി ഭക്ഷിച്ചു കുടിക്കുന്നവൻ കൎത്താവിൻ ശരീരത്തെ വിസ്തരിക്കായ്കയാൽ തനിക്കു താൻ ന്യായവിസ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നു. (൧ കൊ. ൧൧) — എന്നു തന്നെയും വിധിക്കപ്പെടാതിരിപ്പാൻ വെണ്ടി നമ്മെ നാം തന്നെ വിസ്തരിച്ചു കൊള്ളുക — ഞങ്ങൾക്കു പാപം ഇല്ല എന്നു പറഞ്ഞാൽ നമ്മെ നാം തെറ്റിക്കുന്നു നമ്മിൽ സത്യവും ഇല്ലാതാകുന്നു (൧ യൊ. ൧) — മനുഷ്യന്റെ ഹൃദയത്തിലെ വിചാരം ബാല്യം മുതൽ എല്ലാ നാളും ദൊഷമുള്ളതാകുന്നു (൧ മൊ. ൮) — ജഡത്തിൽ നിന്നു ജനിച്ചത് ജഡമത്രെ (യൊ. ൩.) — വ്യത്യാസം ഒട്ടും ഇല്ലല്ലൊ എല്ലാവരും പാപം ചെയ്തു ദൈവതെജസ്സില്ലാതെ ചമഞ്ഞു (രൊമ. ൩.) കൎത്താവൊ ഹൃദയങ്ങളെയും മൂത്രകങ്ങളെയും ശൊധന ചെയ്യുന്നവനും അവന്റെ കണ്ണു

കാൎയ്യങ്ങളെയും വെളിപ്പെടുത്തുമാറാക്കിക്കുന്നു (എബ്ര. ൪) ദോഷം ചെയ്യു
ന്ന ദൈവനല്ലൻ — ദുഷ്ടനോടു കൂടെ വസിക്കയില്ല — (സങ്കീ. ൫) പാപത്തിൽ വ
സിച്ചുകൊണ്ടാൽ കാൎയ്യങ്ങളെല്ലാം അറിയുന്ന ഹൃദയങ്ങളെ ശോധന ചെയ്യുന്ന
ദൈവത്തിന്റെ ന്യായവിധി വെളിപ്പെടുന്ന കോപദിവസത്തിൽ നമു
ക്കു തന്നെ കോപത്തെ ചരതിക്കുന്നു (രോമ. ൨) ന്യായവൻ ഒരുത്ത
നും അവനവന്റെ ക്രിയകൾക്കു തക്ക പ്രതിഫലം ചെയ്യും. ദുഃഖം അവ
ൻ പക്കൽ ഇല്ല — അനുതാപത്തോടെ നിങ്ങളുടെ പാപങ്ങൾ മാച്ചുകളയേണ്ടു
തിന്നു മനസ്സുതിരിഞ്ഞു കൊൾവിൻ (അപ്പ. ൩) ദുഷ്ടൻ തന്റെ
വഴിയെയും അന്യായക്കാരൻ തന്റെ വിചാരങ്ങളെയും വിട്ടു യഹോ
വയുടെ നേരെ മടങ്ങിവരിക (യശ. ൫൫) — നിങ്ങളുടെ കാലങ്ങ
ളെ അറിഞ്ഞു കൊള്ളേണം ക്രമങ്ങളെ വിചാരിച്ചു കൊണ്ടു ദൈവത്തി
ങ്കലേക്കു തിരിഞ്ഞു ചേൎന്നു നിങ്ങളിൽ വല്ലവനും അവിശ്വാസത്തോടെ
വളഞ്ഞ ഹൃദയം ഉണ്ടാകാതിരിപ്പാൻ ജീവനുള്ള ദൈവത്തോടു ദ്രോഹിക്കാ
തെ ശ്രദ്ധിപ്പിൻ (എബ്രാ. ൩) — ഇന്നു അവന്റെ ശബ്ദം
കേട്ടാൽ ഹൃദയം കഠിനമാക്കരുതെ —

ഇപ്രകാരം എല്ലാം ദൈവവചനം നിങ്ങളുടെ അയോഗ്യതയെ
വെളിപ്പെടുത്തുന്നു എങ്കിലും കരുണയുള്ള കൎത്താവിന്റെ
മേശ അയോഗ്യനെയും വിളിക്കുന്നു — എങ്ങിനെ എന്നാ
ൽ — എൻ ജീവനാണ ദുഷ്ടന്റെ മരണത്തിൽ എനിക്കു ഇഷ്ടമി
ല്ല — ദുഷ്ടൻ തന്റെ വഴിയെ വിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അ
ത്രെ (യെഹെ. ൩൩) — അപ്പൻ മക്കളിൽ കനിയുമ്പോലെ യ
ഹോവെക്കു തന്നെ ഭയപ്പെടുന്നവരിൽ കനിയുന്നു (സങ്കീ. ൧൦൩) —
മനം തിരിയുന്ന ഒരു പാപിയെ ചൊല്ലി സ്വൎഗ്ഗത്തിൽ സന്തോഷം ഉ
ണ്ടു (ലൂക്ക്. ൧൫) — ദൈവം ലോകത്തെ സ്നേഹിച്ച വിധമാവിതു തന്റെ
ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ എല്ലാം നശിച്ചുപോകാ
തെ നിത്യജീവനുള്ളവൻ ആകേണ്ടതിന്നു അവനെ തന്നു എന്നത്രെ —

തന്നെ സ്നേഹിച്ചു (യോ. ൩) — പാപത്തെ അറിയാത്തവനെ നാം അവനിൽ ദൈവനീതി ആകേണ്ടതിന്നു അവൻ നമുക്കു വേണ്ടി പാപം ആക്കിയതുകൊണ്ടു ദൈവത്തോടു നിരന്നുവരുവിൻ — (൨ കൊ. ൫) നിങ്ങളുടെ സമാധാനത്തിന്നുള്ളവ വിചാരിച്ചുകൊള്ളുവിൻ നിങ്ങളുടെ ദേഹികളെ രക്ഷിപ്പാൻ ബദ്ധപ്പെടുവിൻ — സത്യവചനത്തിൽ നിന്നു ഈ പ്രബോധനവും വാഗ്ദത്തവും കേട്ടിട്ടു നാം ദൈവത്തിൻ മുമ്പാകെ നമ്മെ താഴ്ത്തി പാപങ്ങളെ ഏറ്റുപറഞ്ഞു ക്ഷമെക്കായി അപേക്ഷിച്ചുകൊണ്ടു ചൊല്ലേണ്ടതാക —

ഇപ്പോൾ പാപിയായ ഞാൻ സ്വർഗ്ഗസ്ഥപിതാവിൻ മുമ്പിൽ ഏറ്റുപറയുന്നിതു — ഞാൻ പല വിധത്തിലും ദോഷിയായി പാപം ചെയ്തുകൊണ്ടു — തിരുകല്പനകളെ പുറമെ ലംഘിച്ചതിനാൽ മാത്രമല്ല ഉള്ളിൽ ആത്മാവിനെ കെടുക്കുന്ന കാര്യങ്ങളാലും തന്നെ — പല മടിവും നന്മ ചെയ്യുന്നതിൽ ഉപേക്ഷയും അഹങ്കാരഗർവ്വവും അന്യായ [illegible] ഭാവങ്ങളും ക്രോധകോപങ്ങളും മായാസക്തി പ്രപഞ്ചരാഗവും ദേഹകാമമോഹങ്ങളും ലോഭലൌകികഭാവങ്ങളും മറ്റും ഹൃദയത്തിൽ അടങ്ങാത്ത [illegible]ങ്ങൾ പലതും ഉണ്ടാകയാൽ — ഞാൻ ദൈവകോപത്തിന്നു ഹേതുവായി ഈ ലോകത്തിലും പരത്തിലും നാശശിക്ഷകൾക്കും നരകത്തിലെ നിത്യശാപത്തിന്നും പാത്രമായ്പോയതു സത്യം — എന്റെ പാപങ്ങളെ എന്റെ കർത്താവായ ദൈവം അറിയുന്നപോലെ മുറ്റും അറിഞ്ഞു ചൊല്വാൻ കഴിയാത്തവൻ എങ്കിലും ഞാൻ വിചാരിച്ചു ദുഃഖിച്ചു സങ്കടപ്പെടുന്നു — ശ്രീയേശുക്രിസ്തൻ നിമിത്തം ഇതെല്ലാം ക്ഷമിച്ചുവിട്ടു എന്നെ കരുണയോടെ കടാക്ഷിക്കേണം എന്നു ഞാൻ കെഞ്ചി യാചിക്കുന്നു. W

നിങ്ങളുടെ പാപങ്ങളെ ഉള്ളവണ്ണം അറിഞ്ഞും ഏറ്റുപറഞ്ഞും വിശ്വാസത്തോടെ കർത്താവിൻ കരുണെക്കും ക്ഷമെക്കും യാ

ഷിച്ചും കൊണ്ടുള്ളാരെക്കാളും കെൾക്കിൽ — നമ്മുടെ കർത്താവായയെ
ശുക്രിസ്തുവിന്റെ പിതാവും ദൈവവുമായവൻ നിങ്ങളെക്കുറിച്ചു ക
രുണയൊടെ ചെയ്തുകൊൾവാൻ മനസ്സുള്ളവൻ തന്നെ — അവ
ന്റെ പ്രിയപുത്രനായ യെശുക്രിസ്തു കഷ്ടപ്പെട്ടു മരിച്ചുണ്ടാക്കിയ
പ്രായശ്ചിത്തം നിമിത്തം അവൻ നിങ്ങളുടെ സകലപാപങ്ങളെയും
ക്ഷമിച്ചിരിക്കുന്നു — അതുകൊണ്ടു നമ്മുടെ കർത്താവായയെശു — ആ
രെങ്കിലും നിങ്ങൾ പാപങ്ങളെ മൊചിച്ചാൽ അവർക്കു മൊചിക്കപ്പെ
ടുന്നു — ആരെങ്കിലും പിടിച്ചാൽ അവർക്കു പിടിക്കപ്പെട്ടിരി
ക്കുന്നു എന്നരുളിച്ചെയ്ത വചനത്തിൻ ശക്തിയെ ആശ്രയിച്ചു
ക്രിസ്തുസഭയുടെ വെലക്കാരനായി വിളിക്കപ്പെട്ട ഞാൻ ചൊല്ലുന്നതു —
മനന്തിരിഞ്ഞു വിശ്വസിച്ചുള്ള നിങ്ങൾ സകലപാപത്തിൽ നിന്നും ഒ
ഴിവുള്ളവരും നിർമ്മലരുമാകുന്നു — യെശുക്രിസ്തു തന്റെ കഷ്ട
മരണങ്ങളാൽ സമ്പാദിച്ചുണ്ടാക്കി സർവ്വലൊകത്തിലും അറിയി
പ്പാൻ കല്പിച്ചിട്ടുള്ള മൊചനം പൊലെ തന്നെ നിങ്ങളുടെ സകലപാപ
ങ്ങൾക്കും നിറഞ്ഞു വഴിഞ്ഞിരിക്കുന്ന മൊചനം ഉണ്ടാക — പുത്രപി
ന്റെ നാമത്തിൽ ഉറെച്ചു ഇരുന്നു ആശ്വാസവചനത്തെ നിങ്ങൾ ഒക്കെയൊ
ടെ ആശ്വസിച്ചു മനസ്സാക്ഷിയെ ശമിപ്പിക്കുന്ന ആധാരം ആകുന്ന
ഷ്ടന്റെ പാപത്തിന്നു മൊചനം ഉണ്ടെന്നുള്ളതൊ
ന്നു ഉറെച്ചു വിശ്വസിക്കെണ്ടുന്നതു — പിതാപുത്രൻ പരിശുദ്ധാത്മാവു
എന്ന ദൈവനാമത്തിൽ തന്നെ —

എന്നാൽ മനന്തിരിയാതെയും വിശ്വസിക്കാതെയും പാർ
വർ ഒക്കെയും പാപങ്ങൾ അവർക്കു പിടിക്കപ്പെട്ടു എന്നും അവർക്കു
മാനസാന്തരം ഇല്ലായ്കയാൽ ദൈവം ശിക്ഷയുമായിരിക്കും
ഉള്ളു എന്നും കർത്താവും രക്ഷിതാവുമായ യെശുക്രിസ്തുവിന്റെ നാമത്തി
ൽ കൂടെ ഞാൻ അറിയിച്ചു അവർ മനന്തിരിഞ്ഞു പിന്നെയും
വിശ്വസിച്ചു ദൈവത്തൊടു നിരന്നുവരെണ്ടതിന്നു ബുദ്ധി പൊധി

പ്പിക്കുന്നു- h S

അല്ലെങ്കിൽ (വിശേഷാൽ സ്വകാൎയ്യം സ്വീകരിക്ക
യൊൟ ഹസ്താൎപ്പണത്തൊടെ)

ലോകത്തിന്നു ന്യായം വിധിപ്പാനല്ല ലോകത്തിന്നു രക്ഷ ഉണ്ടാകെണ്ടു
തിന്നത്രെ ഞാൻ ലോകത്തിൽ വന്നവനാകി — അദ്ധ്വാനിച്ചും ഭാരംചുമ
ന്നും നടക്കുന്നവരെ ഒക്കയും തണുപ്പിപ്പാൻ തന്റെ അടുക്കലെക്കു വി
ളിച്ച സത്യവാനും വിശ്വസ്തനുമായവൻ — എന്നിൽ ഭരമെല്പിച്ചതിന്നു
ഷയാൽ നിന്നൊടു (നിങ്ങളൊടു) ചൊല്ലുന്നിതു ദൈവത്തിൽ (—) ആ
ക നിന്റെ (—) പാപങ്ങൾ നിണക്ക (—) മോചിക്കപ്പെട്ടിരിക്കുന്നു-
— S l.

നാം പ്രാൎത്ഥിക്ക.

സൎവ്വശക്തിയുള്ള സ്വൎഗ്ഗസ്ഥപിതാവെ - നിന്റെ കനിവിന്റെ ചെറി
മയാൽ ഏകജാതനായ യെശുക്രിസ്തനെ അയച്ചുതന്നു ക്രൂശിന്മെ
ൽ മരണത്താൽ ഞങ്ങളുടെ വീണ്ടെടുപ്പിന്നായി മരിപ്പാൻ ഏല്പി
ച്ചതിനാൽ നിണക്കു സ്തോത്രം ഉണ്ടാക — തന്നെത്താൻ ബലികഴി
ക്കയാൽ അവൻ സൎവ്വലോകത്തിൻ പാപങ്ങൾക്കും ഏകന്നുമതിയാ
യുള്ള സ്തോത്രപ്രായശ്ചിത്തം അന്നു ഒപ്പിച്ചു തിരുസ്സിനെമൊഷിക്ക
നാശ്രുൎക്കുഷാകാരെകൊള്ളെ ഞങ്ങൾക്കും പാപങ്ങളുടെ ശൊചനത്തെ
അറിയിച്ചുതകയാൽ ഞങ്ങൾ വാഴ്ത്തുന്നു — കനിവെറിയ പിതാവെ
ഞങ്ങൾ അവന്റെ തിരുമൊഴിപ്രകാരം അവൻ വരുവൊളം ആമരണം
പ്രസ്താവിപ്പാൻ തക്കവണ്ണം ആവനല്ലൊ — ഞങ്ങളുടെ സ്വാമിയെ
യെ ആശ്രയിച്ചിട്ടല്ല ഞങ്ങൾ നിന്റെ പന്തിയിൽ ചെരുവാൻ തുനി
യുന്നതു നിന്റെ മഹാകരുണയെ ആശ്രയിച്ചിട്ടത്രെ — നിന്റെ മെശ
യിൽ നിന്നു വീഴുന്ന നുറുക്കുകളെ പൊലും ചെൎത്തുകൊൾവാൻ ഞ
ങ്ങൾ പാത്രമല്ല — എങ്കിലും നിത്യകരുണാ ചെയ്വാൻ എല്ലായ്പൊഴും ആവ

ന്നൊക്കുന്ന ഇന്നും നിന്റെ കനിവു മുടിയാതെ രാവിലെ രാവിലെ
പുത്രന്മാർക്കും വിശ്വാസ്യതയുള്ളതായും ഇരിക്കേണമെ— ആകയാൽ ഞങ്ങ
ളും നിന്റെ പുത്രനായ യെശുക്രിസ്തുവിന്റെ മാംസം ഭക്ഷിച്ചു രക്തം
കുടിക്കുന്നതിനാൽ ദെഹവും ദെഹിയും സ്വാതന്ത്ര്യപ്പെട്ടു നിത്യജീ
വനാക്കി പുഷ്ടിപ്പെട്ടിരിക്കുന്ന ഞങ്ങൾ എന്നും അവനിലും അവൻ ഞങ്ങളി
ലും വസിപ്പാൻ കൃപ ചെയ്യേണമെ— ആമെൻ CP.

## അല്ലെങ്കിൽ

കനിവുള്ള ദൈവവും പിതാവും ആയവനെ— നിന്റെ ഞങ്ങളുടെ ഇത്രത്തോളം
യാതൊന്നും ഹിംസിച്ചു പുത്രനായ യെശുക്രിസ്തുവിനെ നൊക്കി സകല
പാപവും ക്ഷമിക്കയാൽ ഞങ്ങൾ സ്തുതിച്ചു വാഴ്ത്തുന്നു— വിശ്വസ്തനായ
ദൈവമെ നിന്റെ കൃപയിൽ ഞങ്ങളെ കാത്തു രക്ഷിക്കയും
ഇനിയാവതെ ചൊല്ലുമ്പോൾ പ്രാണനും സാത്താന്റെ സകല പരീക്ഷക
ളെട്ടും വിശ്വാസത്തിൽ ഉറച്ചു നില്ക്കും സത്യത്തിന്റെ നീതിയിലും
പവിത്രതയിലും നിന്നെ സെവിപ്പാനും ബലം നല്കുകയും ചെയ്തു— നി
ന്റെ പ്രസാദമുള്ളത ചെയ്യാൻ ഉപദേശിക്ക— നിന്റെ നല്ല ആത്മാ
വ് നിരന്തരമായി ഞങ്ങളെ നടത്തേണമെ— ആമെൻ. W.

എല്ലാ ബുദ്ധിയെയും കടക്കുന്ന ദൈവസമാധാനം നിങ്ങളുടെ
ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയെശുവിങ്കൽ നിത്യജീ
വനോളം കാക്കുമാറാക— ആമെൻ—

## ൩. തിരുവത്താഴത്തിൻ ആചാരം

ശിഷ്യന്മാരും ആളുകളും മരിയാദയൊളം ഇങ്ങാചാരങ്ങളിൽ
കൂടിവരുന്നതും നിത്യമുള്ള ബന്ധങ്ങളുള്ളവരെല്ലാം ക്രമാ
യിൽ ശെഷമെൽക്രമത്തിൽ വെച്ചുശെഷം കുമ്പിടുന്ന
സഭക്കാരോടു ചൊല്ലുന്നിതു

ക്രിസ്തുയെശുവിൽ ക്രിസ്തിയസഹൊദരരായുള്ളൊരെ നമ്മുടെ രക്ഷിതാവ തന്റെ ശരീരം മെയ്യായി ഭക്ഷ്യവും തിരുരക്തം മെയ്യായി പാനീയവും ആക്കി തിരുവത്താഴത്തിൽ നമുക്കു തന്നു വിശ്വാസത്തൊടെ കൈക്കൊള്ളുവാൻ ഭാവിക്കുന്നതിനാൽ — നാം കർത്താവിൻ ശരീരത്തിനും രക്തത്തിനും കുററമുള്ളവർ ആകാതെയും കർത്താവിൻ തിരുവത്താഴത്തിലെ മഹത്വം നാം ഗ്രഹിച്ചുവൊ എന്നു നമ്മെ തന്നെ ശൊധന ചെയ്യെണ്ടു — ഈ മഹത്വമായതൊ ദൈവപുത്രനായ യെശുക്രിസ്തൻ നമുക്കു വെണ്ടി ലൊകത്തിൽ വന്നു തിരുമരണത്താൽ നമ്മുടെ പാപങ്ങളെ എല്ലാം പരിഹരിച്ചു സ്വർഗ്ഗസ്ഥനായ പിതാവെ നമ്മൊട് ഇണക്കി ഈപ്രകാരം താനതന്നെ നമ്മുടെ ആഹാരവും നിത്യജീവകാലെക്കുള്ള പാനീയവും ആകുമത്രെ — എന്നുള്ളതത്രെ നാം ഈ അത്താഴത്തിൽ ഒക്കയും കർത്താവിൻ വിഞ്ഞും അപ്പവും വാങ്ങി കൈക്കൊണ്ട പ്രസ്താവിക്കയും ചെയ്യുന്നു —

ഈ ഭൊജനത്തിൽ ചെരുന്നവൻ കേവലം വിശെഷാൽ തന്റെ പാപങ്ങൾക്കു മൊചനം വന്നതു കർത്താവായ ക്രിസ്തുയെശുവിന്റെ ശരീരം പിളർന്നു രക്തം ചിന്തിയതിനാൽ അത്രെ സാധിച്ചതെന്നും ഉത്തമവിശ്വാസികൾക്കും അവൻ നിത്യജീവനെ സമ്പാദിച്ചു എന്നും കെവലം അറിയുന്നതു — ആയതിനെ നാം വിശ്വസിച്ചു ഹൃദയത്തിൽ നിത്യം ധ്യാനിച്ചു കൈക്കൊള്ളെണ്ടതല്ലൊ തന്നെ — ദൈവം തന്റെ എകജാതനെ നമുക്കു ധനമാക്കി തന്നു നിത്യജീവനെ സാധിപ്പിച്ചു പാപം വിശപ്പു മരണം നരകം ഇവയിൽ നിന്നു നമ്മെ വിടുവിച്ചതിലെ ദൈവസ്നെഹത്തിൽ ആശ്ചര്യവും അഗാധവും കണ്ടു എന്നും ദൃഢപ്പെട്ടവരാകി ചമയെണ്ടു — അതുകൊണ്ടു മരിച്ചിട്ടുള്ളതു ആട്ടുകൾക്കു വെണ്ടി നല്ല ഇടയൻ — പാപികൾക്കു വെണ്ടി നിർദ്ദൊഷൻ — അയൊഗ്യന്മാർക്കു വെണ്ടി തല — സഭയാകുന്ന മണവാട്ടിക്കു വെണ്ടി മണവാളൻ എന്നുള്ളതു നല്ലതു — മഹാപുരൊഹിതനായ ക്രിസ്തൻ പിതാവിനൊടു അനന്തരം അപെക്ഷിക്കും

അരിഷ്ടരായ നമ്മെ അത്യന്തം സ്നേഹിച്ചുകൊണ്ടതിനൊത്താൽ ദയ
നയെഷിയാതിഹൊമിച്ചു ദെവകാരുണ്യത്തിന്റെ നിയമത്തെ സ്ഥിരമാ
ക്കി മുദ്രയിട്ടിരിക്കുന്നു എന്നു വിചാരിച്ചും കൊണ്ടിൻ—

പിന്നെ കർത്താവായ യെശുക്രിസ്തുൻ തന്റെ മരണത്തിൽ പിതാ
വിനൊട് നമുക്കു വെണ്ടതെല്ലാം യാചിച്ചിരിക്കുന്നവൻ തന്നെ എന്നു വാഗ്ദത്തം ചെ
യ്കയാൽ— അവന്റെ സ്നെഹത്തെ നല്ലവണ്ണം വിചാരിച്ചു സന്തൊഷി
പ്പാനും ദൈവത്തെ തന്റെ വിശ്വാസത്തിന്മെൽ ആശ്രയിപ്പാനും ഇക
ഷിയാൽ നമ്മുടെ പാപങ്ങൾക്കു നിത്യ വിടെട്ടു സാധിപ്പിച്ചു വിശ്വസി
ക്കുന്ന വരെക്കെല്ലാം ഒരു കാഴ്ച കൊണ്ട് തന്നെ എന്നെക്കും തികെച്ചിരി
ക്കുന്നു എന്നു സംശയം കൂടാതെ ഉറപ്പിപ്പാനും നാം പ്രാർത്ഥിക്കെണ്ട
താകുന്നു— നാം നമ്മിലും എല്ലാ മനുഷ്യരൊടും വിശെഷാൽ നമ്മുടെ
ശത്രുക്കളൊടും സ്വാർത്ഥമില്ലാത്ത മമതയിൽ നില്പാനും— ചതി മൊഹ
ങ്ങളാൽ കെട്ടുപൊകുന്ന പഴയ മനുഷ്യനെ നാം താല്പര്യമാക്കി
വച്ചു കളഞ്ഞു കൊള്ളുവാനും— ദൈവത്തിന്റെ ആത്മാവിന്നും സൃഷ്ടനായ പു
തു മനുഷ്യനെ ധരിച്ചു കൊള്ളുവാനും— സകല കഷ്ടസങ്കടപരീക്ഷകളെ
യും ക്ഷമയൊടെ സഹിപ്പാനും— നാം തങ്ങളിൽ കൂടെ ഇരിക്കുന്ന കഷ്ട
തയിലും നമ്മുടെ തലയൊട് ചെർന്നിരുന്നു കൊണ്ടു പൊരുപ്പാനും എനി
യൊന്നു ആശിക്കെണ്ടതാകുന്നു— നാം പാപങ്ങളാൽ ദൈവത്തിൻ മക്ക
ളും ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന സ്നെഹമായിരിക്കുന്ന
വരാകയാൽ ആകുന്നെങ്കിൽ ദൈവം ഞങ്ങൾ്ക്കുള്ള വിശ്വാസം പ്രത്യാ
ശ സ്നെഹം ക്ഷാന്തി സുബൊധം ചാരിത്രം ഇവ ഒക്കെയും നമ്മിൽ ഉ
ണ്ടാക്കി വളൎത്തുക—

ഒടുവിൽ ആരാനും അപാത്രമായി ഈ അപ്പം ഭക്ഷിക്കയാ
ൽ കർത്താവിൻ പാനപാത്രം കുടിക്കയാൽ ചെയ്താൽ കർത്താവിൻ ശരീ
രത്തിന്നും രക്തത്തിന്നും കുററമുള്ളവനാകും എന്നു ചൊൽ അപൊസ്ത
ലൻ വചനത്തെ ബുദ്ധിപൂർവ്വം ഓൎക്കെണ്ടുന്നവൻ എല്ലാവരും ഉള്ളിൽ തന്നെ ആ

നനൊക്കൊണ്ടിരിക്കുന്നു— ക്രിസ്തന്റെ രക്ഷാകരമായ മരണത്താൽ എ
നിക്കു അനുഭവമായത് എന്തു— അതിനാൽ എന്റെ പാപങ്ങൾക്കു ഒ
ക്കായും മൊചനം വന്ന പ്രകാരം ഞാൻ പ്രമാണിച്ചിരിക്കുന്നുവൊ— എ
ല്ലാവരും എന്നെ സ്നെഹിക്കണം എന്ന് ആഗ്രഹിക്കും പൊലെ
കർത്താവിനെ വിചാരിച്ചു ഞാൻ എല്ലാ മനുഷ്യരെയും സ്നെഹിക്കു
ന്നുവൊ— ദൈവാത്മാവും ദൈവത്ര പക്ഷും ത്രണയാക്കിട്ടു പാപത്തി
ന് ഒക്കെക്കും മരിപ്പാൻ ഒരുമ്പെട്ടിരിക്കുന്നുവൊ— നമ്മുടെ കർത്താവാ
യ യെശുവുപദെശത്തിലും നടപ്പിലും മരണത്തിലും കാട്ടിയ മാതി
രിയെ നൊക്കിട്ടവന്റെ വഴിത്തരത്തിൽ നടപ്പാൻ മനൊരിച്ചു
യംഭവിക്കുന്നൊ— എന്നിങ്ങനെ ഉള്ളത് തങ്ങളുടെ ഉള്ളിൽ കാണാ
ത്തവർ പ്രയൊജനം കിട്ടിട്ടും ഉറപ്പ് ഏറുമെന്ന് വിചാരിപ്പാൻ തങ്ങളെ
എപ്പിക്കാതെയും ഭയവും സംശയവും എന്നിയെ പാപത്തിൽ സ്ഥി
തിപ്പാൻ മനസ്സുള്ളവർ എല്ലാവരും കർത്താവിൻ മെശയിൽ ചെര
രുന്നു— ആകയാൽ കർത്താവിൻ ശരീരമാകുന്ന ദൈവസഭക്കു മാത്രം
ഒരുക്കി കിടക്കുന്നുള്ളു വെഷം.

## നാം പ്രാൎത്ഥിക്ക

സൎവ്വസ്ഥനായ പിതാവെ ഞങ്ങൾ പല വിധത്തിലും പിഴച്ചു ദുഷ്ടവിചാ
രങ്ങളാലും ദുൎവ്വാക്കുകളാലും ദുഷ്ക്രിയകളാലും സ്നെഹമില്ലാത്ത നടപ്പിനാലും നി
ന്റെ കല്പനകളെ ഇടവിടാതെ ലംഘിച്ചും നിന്റെ മുമ്പിൽ കുറ്റപ്പെ
ട്ടിരുന്നു— ഞങ്ങൾക്കു താങ്ങുവാൻ കഴിയുന്നതിൽ അധികം ഹൃദയങ്ങ
ളെ ഞെരുക്കുന്ന ഈ ഭാരം ഞങ്ങളുടെ ദൊഷങ്ങളും കാണുന്നു— നി
ന്റെ പ്രിയപുത്രനായ യെശുക്രിസ്തുവിൽ ഞങ്ങളെ കടാക്ഷി
ക്കണമെ— സൎവ്വലൊകത്തിൻ പാപങ്ങൾക്കായിട്ടും അവൻ പ്രായശ്ചി
ത്തമായി ഞങ്ങളുടെ ദ്രൊഹങ്ങളെ തിരുരക്തത്താൽ മാച്ചുകളഞ്ഞാ
ൽ ഇണക്കപ്പെട്ടു— ഉന്നതിയും രക്ഷാകരമായ ബൊധനത്തിനായിട്ടു

ങ്ങളെ രക്ഷിക്കുന്നതിന നിന്നെ ഞങ്ങൾ സ്തുതി ചൊല്ലുന്നു — ഞങ്ങൾക്കു വെ
ണ്ടി മരണത്തിൽ ഏല്പിച്ച ക്രിസ്തുശരീരവും ഞങ്ങളുടെ പാപങ്ങൾക്കാ
യി ഒഴിച്ച തിരുരക്തവും ഞങ്ങൾ നല്ലവണ്ണം അനുഭവിച്ചു ജീവാഹാ
രവും ജീവനുമാകുന്ന യെശുക്രിസ്തുനെ സത്യവിശ്വാസത്തിൽ നി
ത്യജീവനായി കൈക്കൊള്ളുവാനും — ഞങ്ങളുടെ തലയായ ക്രിസ്തുവൊ
ട് ഏകീഭവിച്ചു നിന്നൊടു കൃതജ്ഞതയും അനുസരണവും ഏറിവ
നം ക്രൂശുകാരനെ ഉപേക്ഷിച്ചും കൊണ്ടു സകല ദൈവഭക്തിയിലും
നിത്യജീവനായി വളരുവാനും നിന്റെ വിശുദ്ധാത്മാവിനെ തന്നു
ബലപ്പെടുത്തിക്കൊള്ളെണമെ — ആമെൻ — *Sfh*

## അല്ലെങ്കിൽ

കർത്താവിൽ പ്രിയമുള്ളവരെ — നമ്മുടെ കർത്താവായ യെശുക്രിസ്തുന്റെ
നാമത്തിൽ അവന്റെ ബലിമരണത്തിൻ ഓർമ്മ കൊണ്ടാടുവാനും തിരു
വത്താഴത്തിൽ അവന്റെ മാംസരക്തങ്ങൾക്കു ഓഹരിയുള്ളവരാവാ
നും മനസ്സുള്ളവരെ — അപ്രകാരം ഭാവിക്കുന്നവരൊട് ഒക്കെയും മനുഷ്യ
ൻ തന്നെത്താൻ ശൊധന ചെയ്തിട്ടു വെണം ഈ അപ്പത്തിൽ ഭക്ഷിച്ചും
പാനപാത്രത്തിൽ കുടിച്ചും കൊള്ളെണ്ടത് എന്ന അപൊസ്തലൻ പ്രബൊ
ധിപ്പിച്ചതുതന്നെയാകുന്നു വിചാരിപ്പിൻ — കാരണം ഈ ചൊല്ലിയ പ്രത്യെ
കമുള്ള ആശ്വാസത്തിന്നായി നമ്മിൽ ഇടക്കുന്നു തങ്ങടെ പാപങ്ങളെല്ലാ
നെന്നു ബൊധിച്ചും ഏറ്റുപറഞ്ഞും ദൈവകൊപവും മരണവും ഭ
യപ്പെട്ടും നീതിയെ ദാഹിച്ചു വിശന്നും വലഞ്ഞുമുള്ള അരിഷ്ടമന
സ്സാക്ഷികൾക്കത്രെ — നാം നമ്മെ തന്നെ ശൊധന ചെയ്യുമാറാകൊ ശൊ
ധനെക്കു ആരാഞ്ഞു പുക്കുക ഒന്നിലെ പാപത്തിന്റെ അറെല്ലും ഖെദ
തവും അതിനാൽ വിളയുന്ന നിത്യമരണവും നമ്മിലും കാണുമല്ലൊ —
പാപത്തിൻ കൂലി മരണമത്രെ അതിൽ ഒന്നുവല്ലപ്രകാരത്തിലും ന
മുക്കു ത്രാണനം വരുത്തിക്കൂടാ —

അതുകൊണ്ടു നമ്മുടെ കൎത്താവായ യെശുക്രിസ്തുവിനെ നമ്മെ കൊണ്ടു നമ്മുടെ പാപങ്ങൾക്ക പരിഹാരിയാവാൻ മനുഷ്യനാക്കി ദൈവത്തിന്റെ സകലവിധമായും ധൎമ്മവും എല്ലാം നമുക്കവെണ്ടി പൂരിച്ചു നമ്മുടെ പാപങ്ങളാൽ വിളെക്കുന്ന മരണം മുതലായ അനുഭവങ്ങളെ ഒക്കയും താൻ പെട്ടുസഹിച്ചുകൊണ്ടു നമ്മെ വീണ്ടെടുത്തിരിക്കുന്നു — ആയതിനെ നാം ഓൎമ്മപ്പെടുവാനും അവന്റെ വിധത്തിൽ സന്തോഷിച്ചു കൂടിയിരിപ്പാനും വെണ്ടി അവൻ തിരുവത്താഴത്തിൽ അപ്പത്തെയും എടുത്തു സ്തോത്രം ചൊല്ലി നുറുക്കി പറഞ്ഞിതു — വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്ക വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകുന്നു —

അതിന്റെ അൎത്ഥമൊ ഞാൻ മനുഷ്യനായി അവതരിച്ചതും ഞാൻ ചെയ്തതും കഷ്ടപ്പെട്ടതും എല്ലാം നിങ്ങൾക്ക വെണ്ടിട്ടാകയാൽ അതൊക്കെയും നിങ്ങൾക്ക ഉള്ളതാകുന്നു — എന്നതിന്നു കുറിയായും മുദ്രയായും ഞാൻ എന്റെ ശരീരത്തെ നിങ്ങൾക്കു ഭക്ഷ്യമാക്കി തരുന്നു നിങ്ങൾ എന്നും എന്നിലും ഞാൻ നിങ്ങളിലും വസിപ്പാനായിതന്നെ — — അപ്രകാരം തന്നെ അവൻ പാനപാത്രത്തെയും എടുത്തു പറഞ്ഞിതു — നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ ഇതു പാത്രം എന്റെ രക്തത്തിൽ പുതിയനിയമമാകുന്നു — ഇതു പാപമൊചനത്തിന്നായി നിങ്ങൾക്കും അനെകൎക്കും വെണ്ടി ഒഴിച്ചും എന്റെ രക്തം — അതിന്റെ അൎത്ഥമൊ നിങ്ങളെ ഞാൻ മെമെ കൊണ്ടു നിങ്ങളുടെ സകല പാപങ്ങളെയും എന്റെ മെൽ ആക്കി ചുമക്കുന്നതുകൊണ്ടു ഞാൻ പാപത്തിന്നു വെണ്ടി എന്നതന്നെ അൎപ്പിച്ചു പ്രായശ്ചിത്തമാകെണ്ടതിന്നു എൻ രക്തം ഒഴിച്ചുകൊണ്ടു പാപമൊചനവും കരുണെയും നിങ്ങൾക്കായി സമ്പാദിക്കയും പാപം ക്ഷമിച്ചിട്ടു അതിൽ പിന്നെ ഒരിക്കലും എന്നെക്കും ഓൎക്കാതെ ഉള്ള പുതിയ നിയമത്തെ സ്ഥാപിക്കയും ചെയ്യും — എന്നതിന്നു നിശ്ചയമെ മുദ്രയും കുറിയും സാക്ഷ്യവും ആയിട്ടു എന്റെ രക്തം നിങ്ങൾക്കു കുടിപ്പാ

ൻ തരുന്നതു ഞങ്ങളിൽ എന്റെ ശിഷ്യൻ വരുമെങ്കിൽ അതിനെ— ന്നതു കൊണ്ടു മേൽ പറഞ്ഞ പ്രകാരം ഈ അപ്പത്തിൽ ഭക്ഷിച്ചും ഈ പാത്രത്തിൽ കുടിച്ചും ഈശൊമിശിഹാ വചനങ്ങളെ ഉറപ്പാക്കി പ്രമാണിച്ചും കൊള്ളുന്നവൻ എന്നേക്കിലും എന്നേക്കും ഇവി വനോടു കൂടെ വസിക്കുന്നു—

എന്നതു കൊണ്ടു നാം ഇന്നും അവന്റെ മരണം പ്രസംഗിച്ചു നമ്മുടെ പിഴകൾ നിമിത്തം അവൻ ഏല്പിക്കപ്പെട്ടും നമ്മുടെ നീതികരണത്തിനായി ഉയിർത്തെഴുന്നേറ്റും ഇരിക്കുന്നതു ഓർത്തു സദാകാലം സ്തോത്രവും വന്ദനവും കഴിപ്പൂതാക— പിന്നെ അവനവൻ തന്റെ സ്ഥിതിയെ ഒക്കെയും കൊണ്ടു അവനെ അനുസരിപ്പൂതാക— അവന്റെ കല്പനപ്രകാരം അവൻ നമ്മെ സ്നേഹിച്ചതു പോലെ നാം അന്യോന്യം സ്നേഹിക്കയും അവൻ നമുക്കു സമ്മാനിച്ചു ക്ഷമിച്ച പ്രകാരം നമ്മിലും സമ്മാനിച്ചു വിട്ടുകൊൾകയും ചെയ്ക— കാരണം നാം പലരായിരുന്നാലും ഒർ അപ്പത്തിൽ നാം പങ്കാളികളാകകൊണ്ടു ഒർ അപ്പം ഉള്ളതു പോലെ പലരായ നാം ഒരു ശരീരമാകുന്നു— പല കുരുക്കളാൽ ഒരു പിണ്ണും പല മണികളാൽ ഒർ അപ്പവും ഉണ്ടാകുന്നതു പോലെ നാം എല്ലാവരും വിശ്വാസത്താൽ ക്രിസ്തുനോടു ചേർന്നിരിക്കുന്ന അവന്റെ സ്നേഹം ആവേശിച്ചിട്ടു സഹോദരസ്നേഹത്താൽ ഒരു ശരീരവും ഒരു പാത്രവും ഒർ അപ്പവും ആകുന്നു— അതു വെറുതെ ഉള്ള വാക്കുകൊണ്ടല്ല ക്രിയയിലും സത്യത്തിലും തന്നെ അന്യോന്യം നിർവ്യാജ സ്നേഹം കാട്ടി നടക്കേണ്ടതാകുന്നു— നമ്മുടെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും ആയവൻ തന്റെ കനിവിനും സർവ്വശക്തിക്കും തക്കവണ്ണം അപ്രകാരം തന്റെ സദ്ഭാവം കൊണ്ടു നമ്മെ ചെയ്യിക്കുമാറാകേണമേ— ആമേൻ—

നാം പ്രാർത്ഥിക്ക

ഞങ്ങളുടെ കൎത്താവായ യെശുക്രിസ്തുന്റെ പിതാവും സൎവ്വശക്തി യുള്ള ദൈവവുമായി സകലത്തിന്റെ സ്രഷ്ടാവും എല്ലാമനുഷ്യൎക്കും ന്യായാധിപതിയുമായുള്ളൊവെ — ഞങ്ങൾ നിനവിലും വാക്കിലും ക്രിയയിലും നിന്റെ മാഹാത്മ്യത്തിന്നു വിരൊധമായി പലപ്രകാ രം ചെയ്ത ദ്രൊഹം ചെയ്തു നിന്റെ ന്യായമായ കൊപത്തിന്നും രൊഷത്തിന്നും സംഗതി വരുത്തിയൊന്നത്ര ഞങ്ങൾ ദുഃഖപ്പെട്ടും കൊണ്ട് ഏറ്റുപറയുന്നു — ഈ ദുഷ്ക്രമങ്ങൾനിമിത്തം ഞങ്ങൾ വി ഷാദിക്കുന്നു — ആയതിനാൽ അനുതാപവും ഓൎമ്മയാൽ വെദനയും ഉണ്ട അതിൻ ഭാരം ചുമന്നു കൂടാത്തത — കനിവുള്ള പിതാവെ യെ ശുവിനെ വിചാരിച്ചു കനിഞ്ഞുകൊണ്ടാലും — കനിഞ്ഞുകൊണ്ടു സ കലപാപങ്ങളെയും ക്ഷമിച്ചു ഞങ്ങളെ നിന്റെ പ്രസാദത്തിന്നാ യും തിരുനാമത്തിൻ സ്തുതിമാനത്തിന്നായും പുതിയ ജീവനിൽ നട ന്നു ഇടവിടാതെ നിന്നെ സെവിപ്പാറാക്കെണമെ — ദെഹിദെഹ ങ്ങളെ ശുദ്ധീകരിക്ക — നിന്റെ പുത്രനൊടു ഉള്ള കൂട്ടായ്മ ഈ തിരുവത്താ ഴത്താൽ ഞങ്ങളിൽ പുതുക്കി വിശ്വാസവും സ്നെഹവും വൎദ്ധി പ്പിച്ചു നിത്യാജ്ഞഭക്തിക്കും സല്ക്രിയകൾക്കുള്ള ഉത്സാഹവും വൎദ്ധിപ്പിച്ചു യെശുക്രിസ്തനാകുന്ന കൎത്താവിൻ മൂലം നിന്റെ സെവെക്ക് ഒരു ക്കിക്കൊള്ളെണമെ — ആമെൻ — W.

ക്രിയ മുഴുത്തവരെ തിരുവത്താഴത്തെ സ്വാദിച്ചുവച നങ്ങളെ വിശ്വാസത്തൊടെ കെട്ടിൻ (൧ കൊ. ൧൧, ൨൩-൨൬)

ഞാനാകട്ടെ കൎത്താവിൽ നിന്നു പരിഗ്രഹിച്ചതിനെ നിങ്ങൾക്കും ഏല്പി ച്ചത് എന്തെന്നാൽ കൎത്താവായ യെശു തന്നെ കാണിച്ചുകൊടുക്ക പ്പെട്ട രാത്രിയിൽ അപ്പത്തെ എടുത്തു സ്തൊത്രം ചൊല്ലി നുറുക്കി പ റഞ്ഞു (വാങ്ങി ഭക്ഷിപ്പിൻ) ഇതു നിങ്ങൾക്കു വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരമാകുന്നു എന്റെ ഓൎമ്മക്കായിട്ട ഇതിനെ ചെയ്വിൻ — അപ്രകാരം തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും

എടുത്തു പറഞ്ഞു — ഇതു പാന പാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു ഇതിനെ കുടിക്കുന്തൊറും എന്റെ ഒൎമ്മെക്കായിട്ടു ചെയ്യിൻ — എങ്ങിനെ എന്നാൽ നിങ്ങൾ ഇതു അപ്പം ഭക്ഷിക്കയും ഇതു പാനപാത്രം കുടിക്കയും ചെയ്യുന്തൊറും കൎത്താവ് വരുവൊളത്തിന്നു അവന്റെ മരണത്തെ പ്രസ്സാവിക്കുന്നു —

(അപ്പത്തെ എടുത്തു — പാനപാത്രത്തെ എടുത്തു — എന്നു ചൊല്ലുമ്പൊൾ ആ പാത്രങ്ങളെ അല്പം തൊടിക്കാം)

(പിന്നെ തിരുവത്താഴം കൊടുക്ക — മുമ്പെ മെത്രാനൊ ബൊധകന്മാരൊ കൈക്കൊള്ളു — പിന്നെ പിലസഭക്കാർ എല്ലാവരും കൂടി വാങ്ങുക — അല്ലം ചിലർ മാത്രം ഉണ്ടെങ്കിൽ ഒരൊരുത്തരൊടും അധികം ഉണ്ടെങ്കിൽ രണ്ടു മൂന്നു പെരൊടും ചൊല്ലിക്കൊ)

വാങ്ങി ഭക്ഷിപ്പിൻ ഇതു നിങ്ങൾക്കു വെണ്ടി നുറുക്കപ്പെട്ടൊന്ന എന്റെ ശരീരം ആകുന്നു എന്റെ ഒൎമ്മെക്കായി ഇതിനെ ചെയ്വിൻ
വാങ്ങി കുടിപ്പിൻ ഇതു പാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു — എന്റെ ഒൎമ്മെക്കായി ഇതിനെ ചെയ്വിൻ —

അല്ലെങ്കിൽ

വാങ്ങി ഭക്ഷിപ്പിൻ — ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വെണ്ടി മരണത്തിൽ ഏല്പിച്ചു യെശുക്രിസ്തന്റെ ശരീരം — അവന്റെ ഒൎമ്മെക്കായി ഇതിനെ ചെയ്വിൻ —
വാങ്ങി കുടിപ്പിൻ — ഇതു നിങ്ങൾക്കു (നിങ്ങളുടെ പാപങ്ങൾക്കു) വെണ്ടി ഒഴിച്ചു തന്ന യെശുക്രിസ്തന്റെ രക്തം — അവന്റെ ഒൎമ്മെക്കായി ഇതിനെ ചെയ്വിൻ —

അല്ലെങ്കിൽ

നാം മുറിക്കുന്ന അപ്പം ക്രിസ്തുശരീരത്തിന്റെ കൂട്ടായ്മയല്ലയൊ
നാം ആശീർവ്വദിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുരക്തത്തിന്റെ
കൂട്ടായ്മയല്ലയൊ —

(കൊടുത്തതിൻശെഷം)

കരുണയാലെ നമ്മെ പൊഷിപ്പിച്ച പ്രിയരക്ഷിതാവി ന്നു നാം കൃതജ്ഞരായി സ്തൊത്രം ചൊല്ലി പ്രാർത്ഥിക്ക —

എൻ ദെഹിയെ യഹൊവയെ അനുഗ്രഹിക്ക എന്റെ ഉള്ളിലെവ എല്ലാം അവന്റെ വിശുദ്ധനാമത്തെ തന്നെ — എൻ ദെഹിയെ യഹൊവയെ അനുഗ്രഹിക്ക അവന്റെ സകല ഉപകാരങ്ങളെ മറക്കുമരുതെ — നിന്റെ അകൃത്യങ്ങളെ ഒക്കയും ക്ഷമിച്ചു നിന്റെ എല്ലാ ഊനങ്ങൾക്കും ചികിത്സിച്ചു — നിന്റെ ജീവനെ കുഴിയിൽ നിന്നു വീണ്ടെടുത്തു ദയയും കനിവും ചൂടിച്ചും തരുന്നവനെ — കർത്താവായ യെശുവെ നീ ഞങ്ങളെ കടാക്ഷിച്ചു പാപമരണങ്ങളിൽ നിന്നു വീണ്ടെടുത്തു നിണക്കും ഞങ്ങൾക്കും പിതാവായവന്റെ പുത്രത്വത്തിലെക്കു ചെർത്തിരിക്ക കൊണ്ടു ഞങ്ങൾ വാഴ്ത്തുന്നു — വിശുദ്ധ രാത്രിഭൊജനത്തിൽ നിന്റെ സ്നെഹത്തിന്റെ സ്മരണം നിസ്ഥാപിച്ചു ഈ ദിവ്യ ഉപായസാധനം കൊണ്ടു ഞങ്ങൾക്കു വിശ്വാസവും പ്രത്യാശയും പുതുതാക്കി ഉറപ്പിച്ചു തരികയാൽ ഞങ്ങൾ സ്തൊത്രം ചൊല്ലുന്നു — ഇനി ഞങ്ങൾ നിന്നിലും നിൻ കൃപയിലും നിലനില്ക്കുമാറാക — തിരുനാമത്തെ ഞങ്ങൾ ഉളരാതെ സ്വീകരിച്ചു വിശുദ്ധിക്കായി ഉത്സാഹിച്ചു നടന്നു കൊണ്ടു ഒടുവിൽ നിൻ ഭക്തിമാന്മാരുടെ സംഘത്തിൽ ചെർന്നു പുക്ക സ്വർഗ്ഗീയ തെജസ്സിൽ നിന്നെ കാണുമാറാകണമെ — ആമെൻ —

അല്ലെങ്കിൽ

കർത്താവായ യെശുക്രിസ്തുവിന്റെ ശരീരവും രക്തവും ഞങ്ങളുടെ

സൌഖ്യത്തിന്നായിതന്നെ ഞങ്ങളുടെ ഞെരുക്കിച്ചതുകൊണ്ടു ഞങ്ങൾക്കുണ്ടു
തിരുന്നു- ഇനി നിന്റെ ദാനങ്ങൾ ഞങ്ങളിൽ ഫലിപ്പിക്കലെ വിശ്വാ
സം ഉറെക്കയും നിന്നോടും എല്ലാ മനുഷ്യരോടും സ്നെഹം വളരുകയും
ഭയം നീങ്ങി പ്രത്യാശ തികഞ്ഞുവരികയും ആവു- ഇപ്രകാരം പിതാവാ
യ ദൈവത്തോടു വിശുദ്ധാത്മാവിന്റെ ഒരുമയിൽ യുഗയുഗങ്ങളോ
ളവും വാണിരിക്കുന്ന കർത്താവെ ഞങ്ങളെ നടത്തിരക്ഷിക്കണ
മെ- ആമെൻ- bS.

ഒടുക്കം കർത്താവിന്റെ ആശീർവ്വാദം കൊടുക്കേണ്ടുന്നത്-

യഹോവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക- യഹോവ തിരു
മുഖത്തെ നിങ്ങളിലെക്കു പ്രകാശിപ്പിച്ചു കരുണ ചെയ്ക- യഹോവ
തിരുമുഖത്തെ നിങ്ങളുടെ മേൽ ഉയർത്തി നിങ്ങൾക്കു സമാധാനം ഉണ്ടു
മാറാക- ആമെൻ-

# IV. വിവാഹം

## ൧., പരസ്യം മൂന്നു ഞായറാഴ്ചകളിൽ

വിവാഹത്തിന്റെ അവസ്ഥയിൽ പ്രവെശിപ്പാൻ മനസ്സുള്ളവർ ഉണ്ടാകകൊണ്ടു അവർ ഭാവിക്കുന്നതു നന്നായി ആരംഭിപ്പാനും ശിഷ്യൎക്കു യൊഗ്യമാകും വണ്ണം നടപ്പാനും ഭാഗ്യമുള്ള സമാപ്തി ഉണ്ടാവാനും സഭക്കാർ എല്ലാവരും അവൎക്കു വെണ്ടി പ്രാൎത്ഥിക്കെണ്ടതാകുന്നു-

... ആം പ്രാവശ്യം പ്രസിദ്ധമാക്കുന്നവരുടെ പെരുകളാവിതു-

ഈ പ്രകാരം ചെയ്യിക്കപ്പെട്ടവർ വിവാഹം കഴിപ്പതിന്നു യാതൊരു മുടക്കം ഉള്ള പ്രകാരം ആൎക്കാനും തൊന്നിയാൽ ആയതു നാമറിയാതെ ബൊധിപ്പിക്കട്ടെ ഇല്ലായ്കിലും പിന്നെതിൽ മിണ്ടാതിരിക്കെണ്ടതു— വിവാഹകാരണനായ ദൈവം താൻ മെൽപ്രകാരം ചെയ്യിച്ചവൎക്കു ക്രിസ്തുവിൽ കരുണയും അനുഗ്രഹവും നല്കി അവരുടെ ആഗ്രഹത്തെ സാധിപ്പിക്കെണ്ടുവു- W.

## ൨., വിവാഹാചാരം

പ്രിയമുള്ളവരെ തമ്മിൽ വിവാഹം ചെയ്വാൻ ഇച്ഛിച്ചിട്ടുള്ള ഈവർ ഇവിടെ സഭമുമ്പാകെ വന്നിരിക്കുന്നതു ദൈവനാമത്തിൽ ശുദ്ധവിവാഹത്താൽ അന്യൊന്യം ചെരുവാനും ദെവവചനത്തിൽ അനുഗ്രഹം ലഭിപ്പാനും തന്നെ- എന്നാൽ തിരുവെഴുത്തുകളിൽ നിന്നു വരുന്ന സൌഖ്യാപദെശം കെട്ടുകൊണ്ടതാകയാൽ- ഒന്നാമതു- ദൈവം ആദിയിൽ വിവാഹത്തെ നിയമിച്ച പ്രകാരം വായിക്കുക-

(൧ മൊ. ൨, ൧൮. ൨൧-൨൪) യഹൊവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല ഞാൻ അവന്നു തക്കതുണ ഉണ്ടാക്കും എന്നു പറഞ്ഞു പിന്നെ യഹൊവയായ ദൈവം ആദാമിന്നു

സൃഷ്ടിച്ചിട്ട് അവൻ ഉറങ്ങി — അപ്പോൾ അവന്റെ വാരിയെല്ലു
കളിൽ നിന്ന് ഒന്നിനെ അവൻ എടുത്തു അതിൻ സ്ഥലത്തു മാംസം
അടെച്ചു വെച്ചു — യഹോവയായ ദൈവം മനുഷ്യനിൽ നിന്ന് എടു
ത്ത വാരിയെല്ലു കൊണ്ടു സ്ത്രീയെ തീർത്തു അവളെ മനുഷ്യന്നു വരുത്തി —
അപ്പോൾ മനുഷ്യൻ പറഞ്ഞു ഇതു സമയമാകട്ടെ ഇത് എന്റെ അസ്ഥി
കളിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകു
ന്നു — ഇവൾ നരനിൽ നിന്ന് എടുക്കപ്പെട്ടതു കൊണ്ടു നാരി എന്നു വി
ളിക്കപ്പെടും — അതു നിമിത്തം പുരുഷൻ തന്റെ പിതാവെയും മാ
താവെയും വിട്ടു സ്വഭാര്യയോടു പറ്റിനില്ക്കും അവരും ഒരു ദേഹ
മായിരിക്കും —

രണ്ടാമതു സ്ത്രീപുരുഷന്മാർക്കുള്ള കെട്ടും ചേർച്ചയും സൃഷ്ടിനേര
ത്തിൽ വർണ്ണിച്ച പ്രകാരം നാം കേൾക്ക —

(മത്താ. ൧൯, ൩—൬) പറീശന്മാർ അവനെ അടുത്തു ചെന്നു — ഒ
രു മനുഷ്യൻ ഏതു കാരണം ചൊല്ലിയും തന്റെ ഭാര്യയെ ഉപേക്ഷി
ക്കുന്നതു വിഹിതമോ എന്നവർ പറഞ്ഞു അവനെ പരീക്ഷിച്ചു — അവൻ
ഉത്തരം പറഞ്ഞിതു ആദിയിൽ പടെച്ചവൻ അവരെ ആണും പെണ്ണു
മാക്കി തീർത്തു എന്നുള്ളതു — അതു നിമിത്തം മനുഷ്യൻ പിതാവെയും
മാതാവെയും വിട്ടു സ്വഭാര്യയോടു പറ്റിനില്ക്കും ഇരുവരും ഒരു ദേ
ഹമായിരിക്കും എന്ന് അവൻ പറഞ്ഞ പ്രകാരവും നിങ്ങൾ വായിച്ചിട്ടി
ല്ലയൊ — എന്നതു കൊണ്ട് അവർ ഇനി രണ്ടല്ല ഒരു ദേഹമത്രെ ആ
കുന്നു — ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർ
തിരിക്കരുതു —

മൂന്നാമതു വിവാഹത്തിനാൽ ചേർന്നവർ ദൈവകല്പന
പ്രകാരം തങ്ങളിൽ ആചരിക്കേണ്ടുന്ന പ്രകാരം കേൾപിൻ —

(എഫെ. ൫, ൨൫—൩൩) പുരുഷന്മാരായുള്ളോരെ ക്രിസ്തനും സഭയെ
സ്നേഹിച്ച പ്രകാരം ഭാര്യമാരെ സ്നേഹിപ്പിൻ — അവനല്ലോ അവളെ ചൊൽ

ശുഭയതിൻകുളിയാൽ വെടിപ്പാക്കി ശുദ്ധീകരിക്കയും — കറ ഒട്ടൽ
മുതലായത് ഒന്നും ഇല്ലാതെ പവിത്രയും നിഷ്കളങ്കയും ആയൊരു സഭ
യെ തേജസ്സോടെ തനിക്കു താൻ മുന്നിറുത്തുകയും ചെയ്യേണ്ടതി
ന്നു സ്നേഹിച്ചു തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു —
അവ്വണ്ണം പുരുഷന്മാർ സ്വഭാര്യമാരെ തങ്ങളുടെ ശരീരങ്ങളെ പോ
ലെ സ്നേഹിക്കേണ്ടു — സ്വഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താ
നത്രെ സ്നേഹിക്കുന്നു — തന്റെ ജഡത്തോടല്ലൊ ഒരുവനും ഒരുനാളും
പകെച്ചില്ല ക്രിസ്തൻ സഭയെ ചെയ്യും പോലെ അതിനെ പോററി ലാ
ളിക്കുന്നത്രെ ചെയ്യുന്നു —

(എഫെ. ൫, ൨൨–൨൪) സ്ത്രീകളെ കർത്താവിന്ന് എന്ന പോ
ലെ സ്വഭർത്താക്കന്മാൎക്കു കീഴടങ്ങുവിൻ — കാരണം ശരീരത്തിന്റെ രക്ഷി
താവാകുന്ന ക്രിസ്തൻ സഭെക്കു തലയായുള്ള പ്രകാരം ഭർത്താവ് സ്ത്രീ
ക്കു തലയാകുന്നു — എന്നാൽ സഭ ക്രിസ്തന്നു കീഴടങ്ങും പോലെ ഭാര്യ
മാരും സ്വഭർത്താക്കന്മാൎക്കു സകലത്തിലും (കീഴടങ്ങുക)

(൧ പെ. ൩, ൩–൫) അവൎക്കു അലങ്കാരമൊ മുടിക്കുന്നതൽ സ്വ
ൎണ്ണാഭരണം വസ്ത്രധാരണം ഇത്യാദി പുറമെ ഉള്ളതല്ല — ദൈവത്തി
ന്നു വില ഏറിയതാകിയ സൌമ്യതയും സാവധാനവും ഉള്ള ഒർ ആ
ത്മാവിന്റെ കെടായ്മയിൽ ഹൃദയത്തിന്റെ ഗുപ്ത മനുഷ്യനത്രെ അ
ലങ്കാരമാവു — ഇപ്രകാരം അല്ലൊ പണ്ടു ദൈവത്തിൽ ആശ വെച്ചു സ്വ
ഭർത്താക്കന്മാൎക്കു അടങ്ങിയ വിശുദ്ധ സ്ത്രീകൾ തങ്ങളെ തന്നെ അല
ങ്കരിച്ചു —

നാലാമതു നമ്മുടെ കർത്താവായ ദൈവം വിവാഹാവസ്ഥയെ
അനുഗ്രഹിച്ച ആശീർവാദത്തെ കേൾക്ക —

(൧ മൊ. ൧, ൨൭. ൨൮.) ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യ
നെ സൃഷ്ടിച്ചു ദൈവസാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു ആണും പെ
ണ്ണുമാക്കീട്ട് അവരെ സൃഷ്ടിച്ചു — പിന്നെ ദൈവം അവരെ അനുഗ്രഹി

ച്ചു നിങ്ങൾ വൎദ്ധിച്ചു പെരുകി ഭൂമിയെ നിറഞ്ഞ് അടക്കികൊള്ളിൻ-

അനന്തരം ശലൊമൊ ചൊല്ലിയതു (സുഭ. ൧൮, ൨൨) ഭാൎയ്യക്കി ട്ടി നന്മ കിട്ടി യഹൊവയൊട് അവൻ പ്രസാദം പെറ്റിച്ചു-

അഞ്ചാമതു ദൈവം വിവാഹാവസ്ഥയിൽ ചുമത്തിയ കഷ്ടതയെയും കെൾക്ക-

(൧ മൊശ. ൩, ൧൬) സ്ത്രീയൊട് അവൻ പറഞ്ഞു ഞാൻ നിന്റെ കഷ്ടവും ഗൎഭധാരണവും ഏറ്റവും വൎദ്ധിപ്പിക്കും കഷ്ടത്തൊടെ നീ മക്കളെ പ്രസവിക്കയും നിന്റെ ഭൎത്താവിങ്കലെക്ക കാമം ഉണ്ടാകയും അവൻ നിന്റെ മെൽ വാഴുകയും ചെയ്യും- ആദാമിനൊടു പറഞ്ഞതൊ- നീ ഭാൎയ്യയുടെ ശബ്ദം കെട്ടുകൊണ്ടു ഭക്ഷിക്കരുത് എന്നു ഞാൻ നിന്നൊടു കല്പിച്ച മരത്തിൽ നിന്നു ഭക്ഷിച്ചതുകൊണ്ടു നിന്റെ നിമിത്തം ഭൂമി ശപിക്കപ്പെട്ടതു നിന്റെ ആയുസ്സുള്ള നാൾ എല്ലാം നീ കഷ്ടത്തൊടെ അതിന്റെ അനുഭവം ഭക്ഷിക്കും- അതു നിനക്കു മുള്ളും ഞെരിഞ്ഞിലും മുളെപ്പിക്കും വയലിലെ സസ്യത്തെ നീ ഭക്ഷിക്കും- നീ നിലത്തു നിന്ന് എടുക്കപ്പെട്ടുകയാൽ അതിൽ തിരികെ ചെരുവൊളം നിന്റെ മുഖത്തെ വിയൎപ്പൊടു കൂടെ നീ ആഹാരം ഭക്ഷിക്കും- കാരണം നീ പൊടിയാകുന്നു പൊടിയിൽ പിന്നെയും ചെരുകയും ചെയ്യും-

ആറാമതു- കഷ്ടതയൊടും കൂടെ കല്പിച്ചിട്ടുള്ള ആശ്വാസത്തെയും കുറിക്കൊള്ളെണ്ടതു- നമ്മുടെ കൎത്താവായ യെശുക്രിസ്തു നാം കെട്ട കഷ്ടകാരണമായ പാപത്തെ താൻ എടുത്തു വഹിച്ചു നീക്കിയതു മാത്രമല്ലാതെ തന്നിൽ വിശ്വസിക്കുന്നവൎക്ക എവൎക്കും കഷ്ടത്തെ ഒക്കെയും അനുഗ്രഹിച്ചു വിശുദ്ധീകരിച്ചിരിക്കുന്നു- അതുകൊണ്ടു പുരുഷനെ ചൊല്ലി സങ്കീൎത്തനത്തിൽ കെൾക്കുന്നതു- യഹൊവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്നവൻ എല്ലാം ധന്യൻ- നിന്റെ കരങ്ങളുടെ അദ്ധ്വാനത്തെ നീ ഭക്ഷിക്കും ആകയാൽ നീ ധന്യ

ൻ തിരുസഭക്കുള്ള (എഫെ. ൫. ൨൫ വരെ വാക്യങ്ങൾ) — ഭാര്യയെയൊ ചൊല്ലിയെന്നൽ പെണ്ണത്തിന്നു — വിശ്വാസസ്നേഹങ്ങളിലും സുബോധം ശുദ്ധിയാ വിശുദ്ധികാരണത്തിലും പാർക്കുന്നാകിൽ അവൾ തന്റെ പ്രസവത്താൽ രക്ഷിക്കപ്പെടും (൧ തിമൊ. ൨. ൧൫)

ഇങ്ങനെ വായിച്ച ദൈവവചനങ്ങളെ മുന്നിട്ടു വിവാഹനിയമത്തിൽ പ്രവേശിപ്പാൻ മനസ്സുണ്ടെങ്കിൽ അടുത്തുവരുവിൻ —

പിന്നെ പുരുഷനോടു ചോദിപ്പതു — (ഇന്നവനെ) ഈ നില്ക്കുന്ന (ഇന്നവളെ) വിവാഹഭാര്യയാക്കി കൈക്കൊൾവാനും വാഴുനാൾ ഒക്കയും സുഖത്തിലും ദുഃഖത്തിലും ഉപേക്ഷിയാതെ സ്നേഹിപ്പാനും മനസ്സുണ്ടോ —

ഉത്തരം — മനസ്സുണ്ടു.

അപ്രകാരം സ്ത്രീയോടു ചോദിപ്പതു

(ഇന്നവളെ) ഈ നില്ക്കുന്ന (ഇന്നവനെ) വിവാഹഭർത്താവാക്കി ഇത്യാദി *W.*

[അല്ലെങ്കിൽ

(ഇന്നവനെ) ഈ നില്ക്കുന്ന (ഇന്നവളെ) ഭാര്യയാക്കി കെട്ടുസത്യത്തിൽ സ്നേഹിച്ചു സുഖത്തിലും ദുഃഖത്തിലും കൈവിടാതെ മരണം നിങ്ങളെ വേർപിരിപ്പോളം വിവാഹനിഷ്ഠയും കുറവെന്നി പാലിച്ചു ഒന്നിച്ചു വാഴുവാൻ മനസ്സുണ്ടോ — എന്നാൽ ദൈവത്തിന്നും ഈ ക്രിസ്തീയസഭെക്കും മുമ്പാകെ മനസ്സുണ്ടെന്നു ചൊല്ലുക —

(ഇന്നവളെ) ഈ നില്ക്കുന്ന (ഇന്നവനെ) ഭർത്താവാക്കി കെട്ടുക ഇത്യാദി] *W. ae.*

അങ്ങനെ സമ്മതം ആകിൽ അന്യോന്യം വലങ്കൈ പിടിച്ചു കൊള്ളിൻ.

(ഇരുവരുടെ കൈകളിന്മേലും കൈവെച്ചു പറയേണ്ടതു)

നിങ്ങളിൽ വിവാഹസ്നെഹവും വിശ്വാസവും നെർന്നുകൊണ്ടതാൽ ക്രിസ്തീയസഭക്കുടെ ശുശ്രൂഷക്കാരനാകുന്ന ഞാൻ നിങ്ങളുടെ ബൊധവം ദൈവക്രമപ്രകാരം ഒരുനാളും ഇളകാത്തതാംവണ്ണം പിതാവു പുത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ ഉറപ്പിച്ചു ചൊല്ലുന്നു— ദൈവം യൊജിപ്പിച്ചതിനെ മനുഷ്യൻ വെർപിരിക്കരുതു *a w*

(ഇരുവരും മുട്ടുകുത്തിനില്ക്കെ പ്രാർത്ഥിക്കുന്നിതു)

യഹൊവയായ ദൈവമെ സ്വർഗ്ഗസ്ഥപിതാവെ നീ ആണും പെണ്ണും സൃഷ്ടിച്ചും പുലയാട്ടുകളെ ഒഴിപ്പാൻ വിവാഹത്തെ സ്ഥാപിച്ചും ഗർഭഫലം കൂടെ കല്പിച്ചനുഗ്രഹിച്ചും നിന്റെ പ്രിയപുത്രനായ യെശുക്രിസ്തുവു അവന്റെ കാന്തയായ വിശുദ്ധസഭക്കുമുള്ള രഹസ്യത്തെ ഇതിനാൽ സൂചിപ്പിച്ചും തന്നവനെ— ഇതിന്റെ ക്രിയയും ക്രമവും അനുഗ്രഹവും ഇവർ ഇരുവരിലും കെടാതെയും ഇളകാതെയും കാണ്മാറാക്കെ വെണ്ടു— നിന്റെ കരുണെക്കുടെ ധനം എല്ലാം അവരുടെ മെൽ പൊഴിഞ്ഞിട്ടു ഈ അവസ്ഥയിൽ അവർ ദൈവഭക്തിയെ തിരഞ്ഞു കണ്ടെത്തി മരണപര്യന്തം പൊറുത്തുപൊരും. നിന്റെ സ്തുതി ബഹുമാനത്തെയും കൂട്ടുകാരുടെ നന്മയെയും വളർത്തുവാനും ഉത്സാഹിപ്പിച്ചു നിന്റെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവും ആയ യെശുക്രിസ്തുമൂലം രക്ഷിച്ചരുളെണമെ— ആമെൻ *Lu.*

## അല്ലെങ്കിൽ

ഞങ്ങളുടെ ദൈവമായ യഹൊവെ എന്നെക്കും ഞങ്ങളുടെ സഹായവും ആദരവും ആയുള്ളൊവെ— നിന്റെ വിശുദ്ധനിയോഗപ്രകാരം വിവാഹനിയമത്തിൽ പ്രവെശിച്ചു അന്യൊന്യം സ്നെഹവും വിശ്വാസവും നെർന്നുകൊണ്ടു ഇന്ന് ഇണച്ചുകെട്ടിയവരെ കടാക്ഷിക്കെണമെ— അവരുടെ വരവും പൊക്കും അനുഗ്രഹിച്ചു വിശുദ്ധാത്മാവെ കൊടുത്തു നടത്തി നല്ലതും സുഗ്രാഹ്യവും തികവുള്ളതും ആയ നിന്റെ ഇഷ്ടത്തെ

അവരിൽ എല്ലാംകൊണ്ടും പൂരിക്കെണമെ—അവരുടെ ദെഹികളെ യെ
ശുക്രിസ്തുവിൽ ഒന്നിച്ചു ചെൎത്ത സ്നെഹം ആകുന്നതി കയറിൽ മാലയെന്ന
ഞ്ഞുകൊണ്ട് ഒരു മനപ്പെട്ടു മാറാക്കെണമെ—ക്രിസ്തന്റെ വചനം ഐ
ശ്വൎയ്യമാക്കി അവരിൽ വസിക്കയും അവർ പ്രാൎത്ഥനയിൽ ഉറ്റിരുന്നു
സ്തൊത്രത്തൊടെ അതിങ്കൽ ജാഗരിച്ചുകൊൾകയും സകലത്തിലും നി
ന്റെ നല്ല ആത്മാവിനാൽ വശമാക്കി ചമകയും ആവു—ശാന്തവും ഐ
ക്യമുറവും വരുത്തുന്ന ദുരാത്മാവിനെ തടുക്കെ അജ്ഞാനവും പൊരുത്ത
ക്കെടിക്കുന്ന ജ്ഞാനവും ശാന്തതയും ഉയരത്തിൽ നിന്നല്ലൊ—അവ
രുടെ ഒക്കെക്കും പ്രവൃത്തിയെ സാധിപ്പിക്കയിങ്ങുന്ന മഹാവിശ്വാ
സത്തയും ഉത്സാഹവും വൎദ്ധിപ്പിക്ക—അഹൊ വ്യക്തിയെ അനുഗ്രഹിക്ക—
അവൎക്ക കഷ്ടതയും ദുഃഖവും ഉണ്ടാകെണ്ടും അനുതാപവും വി
ശ്വാസവും ക്ഷാന്തിയും ദിവ്യസങ്കടങ്ങളെയും നിത്യാനുഗ്രഹമാ
ക്കി തീക്കെണമെ—അവരുടെ ഒന്നും വീട്ടും നിന്റെ ആലയമാ
ക്കി അവരവർ തമ്മിൽ സ്വൎഗ്ഗഗതിയെ പ്രാപിപ്പിക്കെണ്ടതിന്ന ഉ
ഗ്രത ഉണ്ടാക്കെണമെ—ആയുസ്സിന്റെ അവസാനത്തൊളം അവർ
വിശ്വാസത്തെ കാത്തുനില്ക്കയും ആവു—പിന്നെ ഇന്ന പരദെശയാ
ത്രയെ തികെച്ചു നിത്യസന്തൊഷത്തിന്നായി പിതാവിൻ ഭവനത്തി
ൽ പ്രവെശിപ്പിച്ചു യെശുക്രിസ്തുൻ നിമിത്തം എന്നും ഒക്കെ കാണെണ്ടുക
ണമെ—ആമെൻ—

സ്വൎഗ്ഗസ്ഥനായ സ്വാമി

യഹൊവ നിങ്ങളെ അനുഗ്രഹിച്ചു കാക്കുക—യഹൊവ
തിരുമുഖത്തെ നിങ്ങളിലെക്ക പ്രകാശിപ്പിച്ചു കരുണ ചെയ്ക—യഹൊ
വ തിരുമുഖത്തെ നിങ്ങളുടെമെൽ ഉയൎത്തി നിങ്ങൾക്ക സമാധാനം
ഉണ്ടുമാറാക—ആമെൻ— *W.*

# V. ശവസംസ്കാരം

## (ശവക്കുഴിയരികെ നില്ക്കുമ്പോൾ)

ആയിരുന്നോനും ഇരിക്കുന്നോനും കർത്താവും ആകുവാൻ തന്നെ ഉള്ളവനും ആയ നമ്മുടെ ദൈവത്തിന്നു ബഹുമാനവും മഹത്വവും എന്നെന്നേക്കും ഉണ്ടാവുമാറാക—ആമെൻ

അല്ലെങ്കിൽ

മരിച്ചവരായി ഇനി കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ ആകുന്നു; ആത്മാവ് എന്നും വാഴ്ത്തപ്പെട്ടവനാക—ആമെൻ—

(പിന്നെ സങ്കീർത്തനം. ൯൦ ആകട്ടെ. ൧൦൩ — ൧ കൊരി. ൧൫. ഉള്ള ലേഖനവും വായിക്കുക — അല്ലാഞ്ഞാൽ [illegible])

കർത്താവിൽ ജീവനുള്ളവരെ—സർവ്വശക്തിയും ഉള്ളവനായ ദൈവത്തിന്നു ഇന്നു നമ്മുടെ സഹോദരനെ (—) ഈ ലോകത്തിൽനിന്നു വിളിപ്പാൻ തോന്നുകകൊണ്ടു നാം അവന്റെ ശരീരം ഭൂമിയിൽ അടക്കിക്കൊണ്ടു മണ്ണായതിനെ മണ്ണിൽ ഏല്പിച്ചുവിടുന്നു— ആദാം വഴിയായിട്ടു സകല മനുഷ്യപുത്രന്മാരും അങ്ങിനെ ചാകുന്നതിന്നു വിധിക്കപ്പെട്ടവരാകുന്നു [illegible] ചെയ്യും. (റോമ. ൫)—കാരണം ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പ്രവേശിച്ചു എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (എബ്ര. ൯)—അതുകൊണ്ടു സകല ജഡവും [illegible] പോകുന്നു [illegible] ഇതിൽ ഒട്ടും ഇല്ലല്ലോ—ആകയാൽ [illegible] നമ്മുടെ പാപങ്ങളെ [illegible] ചൊല്ലിക്കൊണ്ടു

ഞങ്ങളുടെ വാഴുനാൾ പുകപൊലെ മങ്ങിപൊകുന്നു എന്നും മിന്നിച്ചു
കൊണ്ടു ദൈവത്തിന്റെ ശക്തിയുള്ള കൈക്കീഴ് നമ്മെ നാം തന്നെ
താഴ്ത്തി വെപ്പൂതാക — സ്ത്രീ പെറ്റുള്ള മനുഷ്യൻ അല്പായുസ്സുള്ളവനും
ആകുലത്തിലകാൽ തുല്യനാകുന്നു — പൂപൊലെ മുളെച്ചു വാടുന്നു നിഴൽ
ആണെ നില്ലാതെ മങ്ങിപൊകുന്നു (യൊബ്-൧൪) — യഹൊവെ ഞ്
താ ചാൺ നീളമായി ഞങ്ങൾക്കു നാളുകൾ തന്നതെ ഉള്ളു — ഞങ്ങളു
ടെ ആയുസ്സ നിന്റെ മുമ്പാകെ ഒന്നും ഇല്ല — വെറുമ്മയായി എ
ല്ലാ മനുഷ്യനും സ്ഥാപിക്കപ്പെട്ടതെ ഉള്ളു — അവനവൻ ബിംബമായ
ത്രെ നടക്കുന്നു മായയായി അലമ്പലാകുന്നതെ ഉള്ളു (സങ്കീ. ൩൯)

എങ്കിലും നമ്മെ രക്ഷിച്ചു നിത്യാശ്വാസവും കരുണയാലെ നല്ല
പ്രത്യാശയും തന്ന കൎത്താവായ യെശു ക്രിസ്തനും പിതാവായ ദൈവ
ത്തിന്നും സ്തോത്രം ഉണ്ടാകെ ആവു — അവൻ തന്റെ കനിവിന്റെ ആ
ധിക്യപ്രകാരം യെശു ക്രിസ്തൻ മരിച്ചവരിൽ നിന്ന് എഴുനീറ്റതിനാ
ൽ നമ്മെ പിന്നെയും ഉയിൎപ്പിച്ചു ജീവനുള്ള പ്രത്യാശെക്കു തന്നെ (൧
പെത. ൧) — ആദാമിൽ ആകട്ടെ എല്ലാവരും ചാകുന്നപ്രകാരം ത
ന്നെ ക്രിസ്തനിൽ എല്ലാവരും ഉയിൎപ്പിക്കപ്പെടും (൧ കൊ. ൧൫) — സ്വാമ
രണത്താലും പുനരുത്ഥാനത്താലും അവൻ നമ്മുടെ പാപങ്ങളെ പരി
ഹരിച്ചു മരണത്തെ നിഗ്രഹിച്ചു വിശേഷം കൊണ്ടു ജീവനെയും കെ
ടായ്മയെയും വിളങ്ങിച്ചു (൨ തിമ. ൧) — അവൻ മരിച്ചവരിൽ നി
ന്ന് ഉജ്ജാതനായി ചൊല്ലുന്നിതു — ഞാനെ പുനരുത്ഥാനവും ജീവ
നും ആകുന്നു — എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും — ജീ
വിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ എല്ലാം എന്നേക്കും മരിക്ക
യും ഇല്ല — (യൊ. ൧൧) — അതുകൊണ്ടു ജീവിച്ചാലും മരിച്ചാലും നാം
അവങ്കൽ തന്നെ ആശ്വസിക്കുന്നു — അവനാൽ മരണം ജയത്തി
ൽ വിഴുങ്ങപ്പെട്ടു — അവനെ വിശ്വസിക്കയാൽ ദൈവജനത്തിന്നു ഇനി വി
ശ്രമം ഉണ്ടു — ഈ കഷ്ടമുള്ളതു ആ കഷ്ടതയെയും ഈ ചാകുന്നതു

ചാകായ്മയെയും ധരിക്കും — ബലഹീനത്തിൽ വിതെക്കപ്പെടുന്നത ശക്തിയിൽ ഉണരുന്നു — അപമാനത്തിൽ വിതെക്കപ്പെടുന്നതെജസ്സിൽ ഉണരുന്നു — നാം മണ്ണായവന്റെ പ്രതിമ പൂണ്ടു നടന്നതു പോലെ സ്വർഗ്ഗീയന്റെ പ്രതിമയും പൂണ്ടു നടക്കും (൧ കൊ. ൧൫) — എന്നതൊ നമ്മുടെ കർത്താവായ യെശു ക്രിസ്തുവിന്റെ പ്രതിമ തന്നെ — അവൻ സകലവും കൂടെ തനിക്കു കീഴ്പെടുത്തുവാൻ കഴിയുന്ന സാദ്ധ്യശക്തിയെ കൊണ്ടു നമ്മുടെ താഴ്ചയുടെ ശരീരത്തെ തന്റെ തെജസ്സിൻ ശരീരത്തൊടു അനുരൂപമാകുവാൻ മറുവെഷമാക്കിക്കും (ഫിലി. ൩)

(മെല്പറഞ്ഞവാക്യങ്ങൾ കല്ലറയിങ്കലൊ ഈ പ്രബൊധനത്തിന്റെ ശെഷമൊ ചൊല്ലെണ്ടതു)

എന്നതു കൊണ്ടു നാം ഈ കല്ലറെക്കൽ നില്ക്കുമ്പൊൾ പ്രത്യാശ ഇല്ലാത്തവരെ പൊലെയും ദുഃഖിക്കാതെ തലകളെ ഉയർത്തി കൊള്ളുന്നു — നമ്മുടെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നവല്ലൊ — കർത്താവിൽ നിദ്ര കൊണ്ടവർ എല്ലാം ഒന്നും തെടാത്ത ദൈവ ഭക്തിയിൽ ആശ്വാസത്തെ പ്രാപിച്ചു എന്നും അറിയാമല്ലൊ — കർത്താവിൽ ചാകുന്ന മൃതന്മാർ ഇന്നുമുതൽ ധന്യർ — അതെ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു ഒഴിഞ്ഞു തണുക്കെണ്ടതു അവരുടെ ക്രിയകൾ അവർക്ക് പിഞ്ചെല്ലുകയും ചെയ്യുന്നു എന്ന് ആത്മാവ് പറയുന്നു — (വെളി. ൧൪)

എന്നാൽ ഈ പ്രത്യാശ ഉള്ളവർ എല്ലാം അവൻ നിർമ്മലനാകുന്നപൊലെ തന്നെയും നിർമ്മലീകരിച്ചു ശുദ്ധിമാന്മാരുടെ എഴുനീല്പിനൊടു എത്തുവാൻ ശ്രമിക്കുന്നു — കാരണം അവനവൻ ശരീരം കൊണ്ടു നല്ലതാകിലും തീയതാകിലും ചെയ്തതിന്നു തക്കവണ്ണം പ്രാപിക്കെണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷമാകെണ്ടതു (൨ കൊ. ൫) — അതു കൊണ്ടു ദുഷ്ടിയുള്ളവരെ പൊലെ കർത്താവിൽ മൊഹങ്ങളുള്ള കെട്ടിനൊക്ക് തെറ്റി ആവശ്യമുള്ളതു ഒന്നു ഇതി അവഹരിക്കപ്പെടാതെ കൂടെ വൊരുന്നതിനെ തന്നൊ അവെക്ഷി

ഷ്ഠാവാക - വിശ്വാസത്തിന്റെ നല്ല പൊർ പൊരുതു നിത്യജീവനെ പി
ടിച്ചു കൊൾക അതിന്നായി നീ വിളിക്കപ്പെട്ടുവല്ലൊ - നിങ്ങളുടെ
യജമാനൻ എപ്പൊൾ വരും എന്നു കാത്തു നില്ക്കുന്ന വിശ്വസ്തപണി
ക്കാരെ പൊലെ നാം എപ്പൊഴും ഒരുമ്പെട്ടു നിന്നു സത്യത്തെ അനു
സരിക്കയിൽ ദെഹികളെ ശുദ്ധീകരിച്ചു വെളിച്ചത്തിൽ നടന്നുകൊ
ള്ളുതാക - ഇപ്രകാരം ബുദ്ധിമാനായവനൊട് ഒക്കയും കൎത്താവ് വി
ളിച്ചു പറയുന്നിതു മരണപൎയ്യന്തം വിശ്വസ്തനാക എന്നാൽ ഞാൻ
ജീവകിരീടത്തെ നിണക്കു തരും - (വെളി. ൨). W.

[ അല്ലായ്കിൽ മെല്പറഞ്ഞ വെദവചനങ്ങളാൽ
ഒന്നിനെ സംബന്ധിച്ചു പ്രസംഗിക്ക ]

## പ്രാൎത്ഥന - ൧.,

പ്രിയ കൎത്താവായ യെശു ക്രിസ്തനെ - നീ മരണത്തെ നീക്കി സുവിശെ
ഷം കൊണ്ടു ജീവനെയും കെടായ്മയെയും വിളങ്ങിച്ചു തന്നു കൊണ്ടു ഞങ്ങ
ൾ വാഴ്ത്തുന്നു - മരണത്തെ ജയിച്ച വീരനെ നിന്നെ ഞങ്ങൾ സ്തുതിക്കു
ന്നു - നിന്നെ പുനരുത്ഥാനമെന്നും ജീവൻ എന്നും വിശ്വസിച്ചു ഞങ്ങൾ
ആരാധിക്കുന്നു - നിന്റെ കൂട്ടായ്മയിൽ അത്രെ ജീവനെയും ഭാഗ്യ
ത്തെയും ഞങ്ങൾ അന്വെഷിക്കുന്നു - നമ്മെ ചെൎത്തു കൊള്ളുന്ന സ്നെഹ
ത്തിനൊടു ഭയമെല്ലാം മുറ്റിയാതെ ൟ മരണവും നമ്മെ വെൎപ്പി
രിയാതാക്കിവെക്കണമെ - നിന്നിൽ മാത്രം ഞങ്ങൾ ജീവിക്കെണ്ടു-
വതിന്നു സമയം ആയാൽ നിന്നിൽ മാത്രം മരിപ്പാനും സംഗതി ഉണ്ടെ
ല്ലൊ - ഞങ്ങളുടെ മരണനെരത്തിൽ നിന്റെ മരണത്തിന്റെ ശുഭഫലങ്ങ
ളെല്ലാം ഞങ്ങൾ അനുഭവിച്ചു അനവധി ആശ്വസിക്കുമാറാക - മഹാദു
ഃഖരാശിയായ ൟ ഒടുക്കത്തെ പൊരാട്ടത്തിൽ ഞങ്ങൾക്കു തുണ

നില്ല—നിന്റെശെഷ്ഠം നമ്മൾ സകലശത്രുക്കളെയുംജയിപ്പാനുംക്രൂ
സ്തൊഷിന്റെ ആളായവരും ആയവനൊടകൂടവന്നു—ഇരിപ്പ്രാപ്പിപ്പാനും
കഴിയാതനെരത്തിൽ നിന്റെപിതൃഭൊതാവ്തന്നെഉച്ചരിപ്പാനാണെ
ലൊകങ്ങളെ തൊട്ടെങ്ങൾക്കുടെ പക്ഷംഎട്ടുക്കുമാറാക—മരണനിഴലി
ന്റെതാഴ്വരയിൽ സ്വൎഗ്ഗീയപ്രകാശവുംദിവ്യശക്തിയുംഅയച്ചുഞങ്ങ
ളെനടത്തി ആനന്ദത്തിലെയൊട് ചെൎത്തിക്കെണമെ—ഞങ്ങൾഭയ
പ്പെട്ടും മങ്ങിച്ചുറിയും അന്ധകാരവും ഉള്ളിൽ പീഡയും അതിക്രമിച്ചു
വരുന്നെരത്തും നിന്റെമരണത്താലെസമാധാനവുംനിന്റെജീ
വന്റെവെളിച്ചവും ആത്മശക്തിയും തിരുനാമത്തിന്റെ വാടാത്ത
പ്രകാശവും ഞങ്ങളിൽ നിറഞ്ഞുവഴിയുമാറാക്കിരക്ഷിക്കെണമെ—
ആമെൻ— *W. b. n.*

## അല്ലെങ്കിൽ

൨—

ചാകാത്തവും സൎവ്വശക്തിയുമുള്ളദൈവമെ സ്വൎഗ്ഗവാസികളാകുന്ന എ
ല്ലാവരും നിയ്യെവൻതന്നെ നിന്റെആജ്ഞകൾക്കനുസാരമായിരിക്കുന്ന
അലമുറഅലമുറയായിഉണ്ട—ഞങ്ങളുടെശുഷ്കിതരരൊ—സക
ലജ്ജയും പുല്ലുപൊലെയും അതിന്റെതെജസ്സ് എല്ലാം പുല്ലിൻപൂപൊ
ലെയുംആകുന്നു—പുല്ലുവാടിപ്പൂവുതിരുകയും ചെയ്യുന്നു—അതിനാൽമര
ണം തൊട്ടുവരാത്തവണ്ണം ഞങ്ങളുടെദിവസങ്ങളെഎണ്ണുവാ
ൻ ഗ്രഹിപ്പിക്കെണമെ—സത്യമാനസാന്തരത്താലെ ഞങ്ങൾമര
ണനെരത്തിന്ന ഒരുങ്ങിയിരിപ്പാനും ആകുന്നകാലത്തിൽ ഞെ
ട്ടിപ്പൊകാതെ ഭാഗ്യമുള്ളപുനരുത്ഥാനത്തിന്റെ വിശ്വാസത്തൊടെ കാത്തു
നില്പ്മാനു— കൎത്താവായ യെശുവെ ഞങ്ങളുടെ ആത്മാ
വിനെ കൈക്കൊള്ളെണമെ ദയചെയ്ത് ഞങ്ങളെ ഇഹലൊകത്തിൽനിന്ന
എടുത്തു നിന്റെസന്നിധാനത്തിൽ പ്രവെശിപ്പിക്കെണമെ—ഇതുതു

തിഷ്ഠതക്കിൽ നിന്നു യാത്രയാകുംവരെ സത്യവിശ്വാസത്തിലും ഭക്തി
ക്കൊത്ത നടപ്പിലും ഞങ്ങളെ പരിപാലിച്ചുകൊൾക—പുനരുത്ഥാനവും
ജീവനും ആകുന്ന—എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീ
വിക്കും—ജീവിച്ചിരുന്നെന്നിൽ വിശ്വസിക്കുന്നവൻ എല്ലാം ഒരുനാ
ളും മരിക്കയും ഇല്ല—നിന്റെ നാമത്തിൽ ഞങ്ങൾ ഉറങ്ങുന്നതുമ
ക്ഷമത്തോടെ ജീവകാലൊക്കം ഒഴുകിറ്റു സ്വർഗ്ഗയാത്രാനന്ദത്തിൽ ക
ടക്കമാറാകേണമെ എന്നു നിന്റെ സ്നേഹം നിമിത്തം യാചിക്കുന്നു
ആമെൻ— W.

൩.

സർവ്വശക്തിയും ഉത്ഥാനവും ഉള്ള ദൈവമെ—നിന്റെ പ്രിയമ
കന്റെ മരണത്താലെ പാപത്തെയും മരണത്തെയും നീ ഇല്ലാതാക്കി
യതല്ലാതെ അവന്റെ പുനരുത്ഥാനത്താലെ നിർദ്ദോഷത്തെയും
ഉത്ഥാനത്തെയും ഞങ്ങൾക്കു പിന്നെയും വരുത്തി പിശാചിന്റെ
അധികാരത്തിൽ നിന്നു ഞങ്ങൾ വീണ്ടുകൊണ്ടു നിന്റെ ഉയിർപ്പി
ൻ ശക്തിയാൽ ഈ മർത്യശരീരങ്ങളും കൂടെ മരിച്ചവരിൽ നി
ന്നെഴുനീല്പാൻ ഞങ്ങളെ കടാക്ഷിച്ചിരിക്കുന്നു സത്യം—എന്നിരി
ക്കെ ഞങ്ങൾ വിശ്വസിച്ചുറെച്ചു സർവ്വാത്മനാ തെളിഞ്ഞു ശരീ
രത്തിന്റെ സന്തോഷമുള്ള പുനരുത്ഥാനത്തിൽ നിന്റെ എല്ലാ
ഭക്തന്മാരോടും കൂടെ എത്തേണ്ടതിന്നു കാരുണ്യം ചെയ്തു നിന്റെ ഏ
കപുത്രനും ഞങ്ങളുടെ രക്ഷിതാവും ആയ യേശുക്രിസ്തുവിനെ കൊ
ണ്ടു പ്രസാദിച്ചരുളെണമെ—ആമെൻ— stb.

൪.

ഞങ്ങളുടെ ദൈവമായ യഹോവയെ നീ എന്നെന്നേക്കും ജീവിച്ചിരി
ക്കുന്നു—മനുഷ്യപുത്രന്മാരെ ഈ ഭൂമിയിൽ നല്ലം പാർപ്പിച്ചുടനെ
ചെടിയും ഭസ്മവും ആയവൻ തിരിപ്പിക്കുന്നു—ദേഹം എല്ലാം പുല്ലും

ജഡത്തെ ജന്തുക്കൾ എല്ലാം പുഴ്ക്കിൻ ശേഷവും അത്രെ — മായയാക്കി ഞെരിച്ചാക്കി
ച്ചുവൊന്ന ശെഷം അവൻ ജീവനൊടും നിഴലും ഉയിർത്തു മറഞ്ഞുവെ
ക്കുന്നു — എന്നിട്ട ജീവന്റെ ഉറവായനീ ത്രിയെകസ്വരൂപനായ ദൈവത്തി
ൽ തന്നെ അവർ ഇരിക്കിലും വിശുദ്ധാത്മാവിന്റെ പ്രകാശത്താ
ലും പുനരുത്ഥാനത്താലും ഞങ്ങളെ സന്തോഷിപ്പിക്കുന്നതിലും ജീവ
ജീവന്റെ ഉറവായ സത്യം — വിശ്വാസികളുടെ ഹൃദയങ്ങളിൽ നിവസി
ച്ചു പ്രവൃത്തിക്കുന്നതിനാൽ നിനക്കു സ്തോത്രം — ജീവവൃക്ഷമായ ക്രി
ശുവിൽ ശാഖയാക്കി ചേർത്തുകൊണ്ട അവനൊടു ഏകീഭവിപ്പി
ന്റെ സാക്ഷിയമാക്കി മക്കളായുള്ള ആത്മാവിന്റെ ഫലങ്ങളു
ണ്ടാക്കുവാനും നിത്യസന്തോഷത്തിൽ പ്രവെശിപ്പാനും
നിന്നാൽ കഴിവുണ്ടാകയാൽ നിനക്കു സ്തോത്രം —

വിശ്വാസത്തിന്റെ ദൈവവും പിതാവുമായുള്ളോവെ ഞങ്ങളുടെ നാ
ളുകളെ എണ്ണുവാൻ ഞങ്ങളെ പഠിപ്പിക്കേണമെ — വിശേഷി
ച്ചിക്കാൽ മരിക്കയും വിധിയുണ്ടാകയും മനുഷ്യർക്ക വെച്ചിരി
ക്കുന്നത എന്ന വിചാരിപ്പാൻ ഞങ്ങളെ ഉപദേശിക്കേണമെ —
ആകയാൽ ഞങ്ങളുടെ വാഴ്നാൾ കൊണ്ട ഞങ്ങൾ മരണത്തിന്
ഒരുങ്ങിവരുന്നതല്ലാതെ മായയുള്ള ചെയ്തികൾ കൂട്ടാതെ ക്രമമാ
യി നടന്ന ഈ ലോകത്തിൽ നിന്നു നീ വിളിക്കുമ്പോൾ ഒരുങ്ങി
യിരിക്കുന്നവരായി ഉണർന്നിരിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങ
ളിൽ വിശുദ്ധാത്മാവിനെ പകർന്നരുളേണമെ — ഞ
ങ്ങളുടെ അന്ത്യകാലം വരുമ്പൊഴും ആത്മജീവൻ സ്വർഗ്ഗരാജ്യ
ത്തിലെ നന്മകളും എല്ലാം നീക്കിയിട്ട സഫലമായ വിശ്വാസവും നി
ത്യസ്നേഹവും ആകുന്ന ഭദ്രപ്രകാശം തന്നു വിളങ്ങിവരുമാറാക
ണമെ കണ്ടുകൊള്ളുന്ന ഇരുളും ഭയവും എല്ലാം അകററി കളയുമാ
റാക — ആ പ്രകാശം ഉടവിടാതെ ഞങ്ങളിൽ തെളിഞ്ഞ ജീവനിലും മാ
വിലും ഉത്തമനിശ്ചയമാകുന്ന യേശുക്രിസ്തുവിൽ എന്നെന്നേക്കും ആമെനായ

ളനെ ഞങ്ങളുടെ വീണ്ടെടുപ്പും പുനരുത്ഥാനവും ജീവനും ആകുന്നവനെ
ചൊല്ലി മധുരമുള്ള ആശ്വാസങ്ങളിൽ നിറെക്കാകെണമെ
മ- ആമെൻ. Sfh.

(പിന്നെ ശവം കുഴിയിൽ ഇറക്കിയശെഷം)

പെട്ടിയിൽ മണ്ണിട്ടു അടച്ചു പെട്ടിയിൽ കിടക്കുന്നവരെ— ശ
രീരത്തെ കർത്താവായ യെശുക്രിസ്തൻ തന്റെ നാളിൽ എഴുനീല്പിക്കും
ആകയാൽ ഞങ്ങൾ ദൈവത്തിന്റെ കരുണയിൽ ഭരമെല്പിക്കു
ന്നു അവന്റെ പുത്രനും ഞങ്ങളുടെ ഏക രക്ഷിതാവും വക്കീ
ലും ആയവനെ ആശ്രയിച്ചിട്ടു തന്നെ— ആമെൻ. Ce

അല്ലെങ്കിൽ

ജീവന്റെ മദ്ധ്യെ നാം മരണത്തിൽ ഇരിക്കുന്നു— ഞങ്ങൾ ആരൊടു സ
ഹായം അപെക്ഷിക്കെണ്ടു കർത്താവെ ഞങ്ങളുടെ പാപങ്ങൾ നിമിത്തം ന്യായപ്ര
കാരം വ്യസനിച്ചിരിക്കുന്ന നിന്നൊടല്ലയൊ— എങ്കിലും വിശുദ്ധ
ദൈവമെ സർവ്വശക്തനായ കർത്താവെ വിശുദ്ധിയും കരുണയും
നിറഞ്ഞ രക്ഷിതാവെ നിത്യമരണത്തിന്റെ യാതനകളിൽ ഞ
ങ്ങളെ ഏല്പിക്കല്ലാ— കർത്താവെ ഞങ്ങളുടെ ഹൃദയങ്ങളുടെ രഹസ്യ
ങ്ങളെ നീ അറിയുന്നു ഞങ്ങളുടെ പ്രാർത്ഥനെക്കു നിന്റെ കനിവു
ള്ള ചെവികളെ അടെക്കരുതെ വിശുദ്ധകർത്താവെ സർവ്വശക്തനായ
ദൈവമെ കരുണാപൂർണ്ണ രക്ഷിതാവെ എന്നെക്കും പരമന്യായാ
ധിപതിയായുള്ളൊവെ ഞങ്ങൾ ഒടുക്കത്തെ നെരത്തിലും നിന്നെ വി
ട്ടു പിഴുകി പൊകാതെവണ്ണം ഞങ്ങളെ ആദരിച്ചു രക്ഷിക്കെണമെ
മ- ആമെൻ. CP

സാഷ്ടസ്ഥനായ ഞങ്ങളുടെ-

സമാധാനത്തിന്റെ ദൈവമായവൻ നിങ്ങളെ ആശീ-

വിശ്വസിക്കുന്നവരുടെ ആത്മാവും ദേഹിയും ദേഹവും നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുമാറാക — ആമെൻ W.

## ൨. ശിശുമരണത്തിങ്കൽ

മെല്പറഞ്ഞതു ചുരുക്കി ചൊല്ലിയാകുന്നു പ്രത്യേകം പ്രയോഗിപ്പാനുള്ള പ്രാർത്ഥനയാവിതു —

സ്വൎഗ്ഗസ്ഥനായ സ്നേഹപിതാവെ — ഈ ശിശുവിനെ നീ ഇഹലോകത്തിന്റെ നാനാസങ്കടങ്ങളിൽ അകപ്പെടുത്താതെ വേഗത്തിൽ എല്ലാ ഇടച്ചൽകളിൽനിന്നും എടുത്തു പ്രിയപുത്രനായ യേശുമൂലം അപ്പന്റെ ഭവനത്തിൽ ചേൎത്തുകൊൾകയാൽ ഞങ്ങൾ സ്തുതിക്കുന്നു — ഇപ്രകാരം അമ്മയപ്പന്മാൎക്കു നീ കൊടുത്ത ദുഃഖത്തെ വേഗം ചെറുത്തിനാൽ അവരുടെ ഹൃദയത്തോടു സംസാരിച്ചു നിന്റെ രക്ഷയാൽ ഉള്ള ആശ്വാസത്തെ പകൎന്നു വൎദ്ധിപ്പിച്ചു അവരെ മേലെവരുന്നതിനെ വിചാരിപ്പിക്കുമാറാക — നിസ്സാരമായി ജീവിക്കുന്ന മക്കൾ പെരുവല്ലതായി ഉരുവാവതു എന്ന സകല പിതാക്കന്മാരും ഓൎത്തു ധ്യാനം ചെയ്തു ഇങ്ങനെത്തെ സമ്മാനങ്ങളെ ചൊല്ലി ഇനി കണക്കു ചോദിക്കും എന്നു ഓൎത്തു അവരെ പ്രബോധിപ്പിക്കേണമെ — നിന്റെ പ്രിയപുത്രനായ യേശുക്രിസ്തനിൽ ഞങ്ങളുടെ ശിശുക്കളെയും നീ സ്വൎഗ്ഗരാജ്യത്തിലേക്കു വിളിച്ചതല്ലാതെ ശിശുസ്നാനം കൊണ്ടു നിന്റെ ഉടമ്പടിയമത്തിൽ ചേൎത്തിന്റെ മക്കൾ എന്നും സകലധൎമ്മിയവസ്ഥകൾക്കും വരാനിരിക്കുന്നു എന്നെ ഓൎക്കും ചെയ്യുന്നു — ആകയാൽ ഞങ്ങൾ അവരെ രക്ഷയോടെ വളൎത്തി കാത്തുവരേണം എന്നുള്ള ഭയഭക്തിയോടെ — അവരെ നിത്യരക്ഷക്കായി ദേഹിദേഹങ്ങളെയും പരിപാലിച്ചുകൊൾകേണ്ടും പ്രാൎത്ഥനയിൽ നിന്നെ ഭരമേല്പിച്ചു ചൊല്ലും മുതൽ നിന്റെ

യത്തിലും· സ്നേഹത്തിലും· വളൎത്തികൊള്ളാൻ ഞങ്ങളെ ഉത്സാഹിപ്പിച്ചു
യോഗ കാംക്ഷന്റിയെ— എല്ലാൽ എത്തിലും· ഞങ്ങളുടെ കൈകളി
ൽനിന്നു അവരെ ചൊദിച്ചെടുത്താൽ ഞങ്ങളുടെ ഹൃദയം· അവ
ൎക്കു തന്നെ ശിക്ഷ വിധിക്കാതവണ്ണം വരുത്തേണമെ— ഞങ്ങൾക്കും·
മക്കൾക്കും· സമാധാനത്തിന്നുള്ളവ ഇന്നു ഞങ്ങളുടെ സമയത്തി
ൽ തന്നെ അറിഞ്ഞും ചിന്തിച്ചും കൊള്ളാൻ പ്രിയ കൎത്താവെ എല്ലാ
അപ്പനെയും അമ്മയെയും പരിഷ്ഷിച്ചു നടത്തുന്നൊനായു— ഞങ്ങൾ
എല്ലാവരും· ശുദ്ധ്യമായരാക്കി ഉമഞ്ഞസാക്ഷിയമായ ജന്മഭൂമി
യെന്നെനൊക്കിച്ചുനടന്ന ദൈവമെന്നിതാൻ നിൎമ്മതാവും· ഭക്തി
യുമായിട്ടു അധിസ്ഥാനങ്ങൾ ഉള്ളൊരു പട്ടണത്തിൽ സന്തൊഷ
ത്തൊടുംകൂടെ എത്തി എന്നും· നിന്നെസ്തുതിപ്പാറാക്കേണമെ— ഇ
തെല്ലാം· ഞങ്ങൾ യാചിക്കുന്നതു നിന്റെ പ്രിയപുത്രനും· ഞങ്ങ
ളുടെ രക്ഷിതാവും ന്യായ യെശുക്രിസ്തുന്റെ നാമത്തിൽ തന്നെ—
ആമെൻ. W.

# VI. സഭാശുശ്രൂഷക്കാരുടെ

## ൧., ഉപബോധകന്മാരെ ബഹുമാനിക്ക

(ഉപദെശിവെലെക്ക യൊഗ്യത ഉണ്ടെന്നു കാണിച്ചു
വിളിക്കപ്പെട്ടവർ സഭക്കൂട്ടങ്ങളിൽ മുമ്പില്ക്കൊ
ള്ളെണ്ടതു)

കൎത്താവ് നിങ്ങളൊടു കൂടെ ഇരിക്കുമാറാക—നാം പ്രാൎത്ഥിക്ക-
സൎവ്വശക്തിയും അനന്തകൃപയും ഉള്ള ദൈവവും യെശുക്രിസ്തനിൽ ഞ
ങ്ങൾ രക്ഷിതാവായിന പിതാവുമായുള്ളൊവെ—നിന്റെ കൊയ്ത്തിന്നായി
വെലക്കാരെ അയപ്പാൻ ഞങ്ങൾ പ്രാൎത്ഥിക്കെണ്ടുന്നതല്ലൊ—നിന്റെ
കല്പനപ്രകാരം ഞങ്ങൾ നിന്നൊടു യാചിക്കുന്നതിന്നു ഉപദെഷ്ടാ
ക്കളും വചനത്തിൻ ശുശ്രൂഷക്കാരും ആയവരെ അയച്ചു നിന്റെ സു
ഖവചനത്തെ അവരുടെ ഹൃദയത്തിലും വായിലും ആക്കി നിന്റെ നി
യൊഗപ്രകാരം അവർ വിശ്വസ്തരായി പ്രവൃത്തിപ്പാറാക്കെണമെ—
അവർ നിന്റെ മൊഴിക്ക വിരൊധമായ്ക്കൊന്നും ചെയ്യാതെയും പറയാ
തെയും സഭയിൽ സ്വൎഗ്ഗീയ വചനങ്ങൾ പ്രബൊധനം ഉപദെശം ആ
ശ്വാസം മുതലായ ആത്മഫലങ്ങളെ തന്നു നിന്റെ പ്രസാദമായ്ത്തന
ടന്നു വാഴുവാനൊക്കെണ്ണം കടാക്ഷിക്കെണമെ നിന്റെ ശ്രീപുത്രനും ഞ
ങ്ങളുടെ കൎത്താവും ആയ യെശുക്രിസ്തുമൂലം തന്നെ—ആയവൻ നി
ന്നൊടും വിശുദ്ധാത്മാവൊടും ഒന്നിച്ചു സത്യദൈവമായി എന്നും അനു
ഗ്രഹിക്കപ്പെട്ടവനായി ജീവിച്ചും വാണും കൊണ്ടിരിക്കുന്നു—ആമെൻ

സഭയിലുള്ള വരങ്ങളെയും വെലകളെയും ചൊല്ലി
വിശുദ്ധാത്മാവ് ബൊധിപ്പിക്കുന്നതു കെട്ടിൻ-

കൃപാവരങ്ങൾക്ക വകപ്പുകൾ ഉണ്ടു പരമാത്മാവൊ ഒന്നു—ശുശ്രൂഷക
ൾക്കും വകപ്പുകൾ ഉണ്ടു കൎത്താവ് ഒരുവൻ—വ്യാപാരങ്ങൾക്കും വകപ്പുക

പ്പ് ഉണ്ടു എല്ലാവരിലും എല്ലാം വ്യാപരിക്കുന്ന ദൈവം ഒരുവൻ തന്നെ-
എന്നാൽ ആത്മാവ് ഓരോരുത്തനിൽ വിളങ്ങുന്ന വിധം സഭയുടെ
ഉപകാരത്തിനായത്രെ നല്കപ്പെടുന്നു (൧ കൊ. ൧൨)

പിന്നെ എഫെസ്യൎക്കെഴുതിയത്-

അവൻ ചിലരെ അപോസ്തലരായും ചിലരെ പ്രവാചകരായും
ചിലരെ സുവിശേഷകരായും ചിലരെ ഇടയർ ഉപദേഷ്ടാക്ക
ളായും തന്നത് വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിന്നും— ഇവ്വണ്ണം
ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുശരീരത്തിന്റെ വീട്ടുവൎദ്ധനക്കും
വരുവാനത്രെ കിട്ടിയത്രെ— (എഫെ. ൪)

അത്ര കൂടാതെ കൎത്താവായ യേശു മുമ്പെ വന്നിരുവരെ
യും പിന്നെ എഴുപതു ശിഷ്യന്മാരെയും തെരിഞ്ഞെടുത്തു സ്വൎഗ്ഗരാ
ജ്യം സമീപിച്ചിരിക്കുന്നു എന്ന ഘോഷിപ്പാൻ അയച്ച പ്രകാ
രം തിരുവെഴുത്തിൽ ഉണ്ടല്ലൊ-

അന്നു കൎത്താവ് ബലഹീനരും എളിയവരും ലോകത്തി
ങ്കൽ നീചരുമായവരെ തന്റെ വലിയ കാൎയ്യത്തിൽ അയച്ചു— അ
പ്രകാരം ഇന്നും അവൻ ചെറ്റു കൊണ്ടു സുവിശേഷത്തിന്റെ ശു
ശ്രൂഷക്കായി വേലക്കാരെ വേൎത്തിരിപ്പാൻ അനേകൎക്കു കരുണ
കൊടുത്തു കടാക്ഷിച്ചിരിക്കുന്നു

എന്നാൽ ക്രിസ്തുസഭയുടെ ശുശ്രൂഷക്കാൎക്കു കല്പിച്ചി
രിക്കുന്നത്രെ വാക്കിച്ചുകെട്ടിൽ-

അവ്വണ്ണം ശുശ്രൂഷക്കാർ ഘനമുള്ളവർ ആകേണം ഇരു
വാക്കുകാരും മദ്യസക്തരും ദുൎല്ലാഭികളും അരുത്— വിശ്വാസ
ത്തിന്റെ മൎമ്മം ശുദ്ധമനസ്സാക്ഷിയിൽ പാലിക്കുന്നവരെ വേണ്ടു-
-ഇവർ മുമ്പെ പരീക്ഷിക്കപ്പെടാവൂ പിന്നെ അനിന്ദ്യരായി കണ്ടാ
ൽ ശുശ്രൂഷിക്കട്ടെ-

അവ്വണ്ണം സ്ത്രീകളും ഘനമുള്ളവരായി ഏഷണിവറ

യാതൊന്നിന്റെ ദാസന്മാരും എല്ലാറ്റിലും വിശ്വസ്തന്മാരും ആക — ശുശ്രൂഷക്കാ
ർ ഏകഭാൎയ്യാവാന്മാരും മക്കളെയും ഭവനങ്ങളെയും നന്നാ
യി ഭരിക്കുന്നവരും ആയിരിക്കേണം — നന്നായി ശുശ്രൂഷിച്ചിട്ടുള്ളവർത
ങ്ങൾക്കു നല്ല നിലയും ക്രിസ്തുയേശുവിങ്കലെ വിശ്വാസത്തിൽ വളരെ
പ്രാഗത്ഭ്യവും സമ്പാദിക്കുന്നു (൧ തിമൊ. ൩)

(പിന്നെ ഉപബൊധകന്മാരെക്കൊണ്ടു ചൊല്ലുന്നതു)

കൎത്താവിൽ പ്രിയമുള്ളവരെ സഭയെ മെച്ചു നടത്തുന്നവരായ നിങ്ങൾ
സഹായികളും പുറജാതികളിൽ നിന്നു വിശേഷമാകും ആക്കിവെപ്പാൻ വി
ളിക്കപ്പെട്ടിരിക്കുന്നു — ദൈവം സ്വരക്തത്താൽ സമ്പാദിച്ച സഭയെ
നിങ്ങൾ മെയിക്കയും സകലസൃഷ്ടിയൊടും സുവിശെഷത്തെ
ഘൊഷിക്കയും ചെയ്യെണ്ടതു — നിങ്ങൾക്കുള്ളതിനൊടഹം ഷിക്രവതിയ
ത്തും വിശുദ്ധവും എന്നതനാക്കി വിധിച്ചു കൊള്ളിൻ — അപ്പൊസ്ത
ലൻ ചൊല്ലുന്നപ്രകാരം കറവറ്റായ്വാൻ ഞങ്ങൾ ഒന്നിലും ഒരുത
ൎക്കും ഇടൎച്ച കൊടുക്കാതെ സകലത്തിലും ഞങ്ങളെ തന്നെ ദൈവശു
ശ്രൂഷക്കാരെന്നു ഉറപ്പിക്കുന്നു — ബഹുക്ഷാന്തിയിലും ഉപദ്രവങ്ങ
ളിലും ഞെരുക്കങ്ങളിലും ഇടുക്കങ്ങളിലും അടികളിലും തടവുകളിലും കലഹങ്ങളിലും അദ്ധ്വാ
നങ്ങളിലും ഉറക്കിളപ്പുകളിലും പട്ടിണികളിലും — നിൎമ്മലതയിലും ജ്ഞാനത്തിലും ദീൎഘക്ഷമ
വാത്സല്യത്തിലും വിശുദ്ധാത്മാവിലും നിൎവ്യാജസ്നെഹം സത്യവചനം
ദൈവശക്തിയിലും — ഇടവലത്തും ഉള്ള നീതിയുടെ ആയുധങ്ങളാലും മാ
നാപമാനങ്ങളാലും സല്കീൎത്തി ദുഷ്കീൎത്തികളാലും — ചതിയർ എന്നിട്ടും
സത്യവാന്മാർ — അറിയപ്പെടാത്തവർ എന്നിട്ടും അറിയപ്പെട്ടിരിക്കുന്നവർ — ചാ
കുന്നവർ എന്നിട്ടും ഇതാ ഞങ്ങൾ ജീവിക്കുന്നു — ശിക്ഷിക്കപ്പെട്ടവർ എ
ന്നിട്ടും മരിപ്പിക്കപ്പെടാത്തവർ — ദുഃഖിതർ എന്നിട്ടും എപ്പൊഴും സന്തൊ
ഷിപ്പവർ — ദരിദ്രർ എന്നിട്ടും പലരെ സമ്പന്നരാക്കുന്നവർ — ഒന്നും
ഇല്ലാത്തവർ എന്നിട്ടും എല്ലാം അടക്കുന്നവർ ആകിലും ആകുന്നു — (൨ കൊ.
൬) എന്നതു നിങ്ങൾക്കും പറയുന്നു — ഇതു വെലയുടെ വലുതാകുന്നതിനെ

യും കൂട വിചാരിപ്പിൻ — നിങ്ങൾക്കു ആട്ടിൻകൂട്ടത്തിന്നു മാതൃകാരൂപങ്ങളാ
ൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാ
ത്തൊരുകിരീടം പ്രാപിക്കും സത്യം — എന്നതുകൊണ്ടു ഞാൻ ചോദിക്കു
ന്നതിന്നു ഉത്തരം ചൊല്ലുവിൻ — നിങ്ങളൊട്ടു കഴിക്കുന്നതു ശുശ്രൂഷയി
ൽ യേശുക്രിസ്തുവിന്റെ നല്ലഭടരായി കൂടെ കഷ്ടപ്പെടുവാൻ ഒരുങ്ങപ്പെ
ട്ടിരിക്കുന്നുവൊ —

എന്നാൽ ഉവ്വ എന്നു പറവിൻ —

൮ — നിങ്ങൾ കേട്ട സൌഖ്യവചനങ്ങളുടെ മാതിരിയെ ക്രിസ്തു
യേശുവിങ്കലുള്ള വിശ്വാസസ്നേഹങ്ങളിലും ധരിച്ചു സത്യത്തെ
വിരുദ്ധങ്ങളിൽ നിന്നും നമ്മുടെ സുവിശേഷസഭയെ
കാത്തുകൊള്ളുവാനും അതിന്റെ പ്രകാരം തന്നെ പഠിപ്പിപ്പാൻ
മനസ്സുണ്ടൊ —

എന്നാൽ ഉവ്വ എന്നു പറവിൻ —

൯ — നിങ്ങളെ നടത്തുന്നവരെ അനുസരിക്കയും
അവർ ശാസിച്ചു പഠിപ്പിക്കുന്ന വാക്കിൽ കീഴ്പെട്ടിരിക്കയും സത്യ
വേദത്തിൽ ആരാഞ്ഞുകൊണ്ടു പഠിച്ചുപോരുകയും ചെ
യ്തു ദൈവസഭക്കെല്ലാമെൽ ഉപയോഗമുള്ളവരായിരു
പ്പാൻ ഉത്സാഹിക്കുമൊ

എന്നാൽ ദൈവകൃപയാൽ ഉവ്വ എന്നു പറവിൻ

ഈ പ്രകാരം നിങ്ങൾ നിശ്ചയിച്ചതിന്നു ഉറപ്പുകൂട്ടുവാൻ സഭയോടു
ചേൎക്കവണ്ണം പ്രാൎത്ഥിപ്പിൻ —

(അവൻ നിങ്ങളിൽ തുടങ്ങിവെച്ച നല്ലവേലയെ കൎത്താവിന്റെ
ദിവസത്തോളം പൂൎണ്ണമാക്കുമാറാകുവാൻ പ്രാൎത്ഥിക്ക
തീൎക്ക)

സുവിശേഷസഭയുടെ ശുശ്രൂഷക്കാരനായവൻ നമ്മുടെ പിതാവായ
ദൈവത്തിന്റെ തേജസ്സിൽ അനുഗ്രഹം നിങ്ങൾക്കു ഉണ്ടാകട്ടെ — ആ

ക്കും നിന്നടുക്കലെക്കു കൊടുത്തതെത്ര ഉത്സാഹത്തോടും വിശ്വാസമനസ്സൊ-
ടും ഈ വേല ചെയ്തു കൊണ്ടു നമ്മുടെ കർത്താവിന്റെ ആഗമനത്തിന്റെ
മുമ്പിൽ ഭയമില്ലാതെ നിങ്ങളെ ബോധിപ്പിപ്പാൻ ശക്തന്മാരാക്കട്ടെ
ക— പിതാവുത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ തന്നെ അനുഗ്ര-
ഹങ്ങളെയെല്ലാം തരുവാൻ കർത്താവ് നിന്നെ അനുഗ്രഹിക്കുമാറാക— ആ-
മേൻ—

പിന്നെ പ്രാർത്ഥന.

സർവ്വശക്തിയുള്ള ദൈവവും സ്വർഗ്ഗസ്ഥപിതാവുമായുള്ളോവെ— നിന്റെ
പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ വാക്കുപ്രകാരം നി-
ങ്ങൾ പറഞ്ഞിട്ടു— കൊയ്ത്തു വലുതാകുന്നു സത്യം പ്രവൃത്തിക്കാരൊ ചുരുക്കം—
കൊയ്ത്തിന്റെ യജമാനനൊടു തന്റെ കൊയ്ത്തിന്നായി പ്രവൃത്തിക്കാ-
രെ അയക്കെണ്ടതിന്നു യാചിപ്പിൻ— എന്നതുകൊണ്ടു ഈ നിന്റെ
ശുശ്രൂഷക്കാരെയും നിന്റെ വിശുദ്ധവേലെക്കു വിളിക്കപ്പെട്ടവ-
രെയും കനിഞ്ഞുകൊണ്ടു വിശുദ്ധാത്മാവിന്റെ വരങ്ങളെ ധാരാ-
ളമായി തന്നു നിന്റെ സുവിശേഷകാർയ്യത്തിൽ നിന്നെ സേവിപ്പാ-
ൻ വിശ്വാസലോകം ഒക്കയും ഈ ശത്രുക്കളൊടു പൊരുതു ജയിത്തു
രാത്രിയെ കടന്നിരിപ്പാൻ അനുഗ്രഹിക്കയും ഇപ്രകാരം നിന്റെ
നാമം വിശുദ്ധീകരിക്കപ്പെട്ടു— നിന്റെ രാജ്യം വർദ്ധിച്ചു— നിന്റെ
ഇഷ്ടം നടന്നും വരുവാൻ സംഗതി വരുത്തുകയും ചെയ്തു— ഇനിയും എ-
ല്ലാടത്തും നടക്കുന്ന വിഗ്രഹാരാധനക്കും മുഹമ്മത് വാദ്യ ഉപദേശ-
ശാസ്ത്രവും ദൈവനാമത്തെ ദുഷിക്കും— നിന്റെ രാജ്യത്തെ തടുത്തും നി-
ന്റെ ഇഷ്ടത്തോടു മറുത്തും കൊള്ളുന്ന സകല ദുഷ്ടതയും നീക്കി
ങ്ങളുടെ തള്ളി ഒടുങ്ങി വരുത്തി നിന്റെ സഭയെ വർദ്ധിപ്പിക്കേണമേ—
ഈ പ്രാർത്ഥനങ്ങളെ നീ കേട്ടു ഞങ്ങൾക്കു നിന്റെ പ്രിയപുത്ര-
നും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ ത

ഒന്ന- ആമെൻ S t b.

പ്രൊമിയോൻ പ്രാർത്ഥനയും ആശീർവ്വചനവും ചൊല്ലു

൧- ബോധകന്മാർക്ക ഹസ്സാപ്പണം-

തിരുവത്താഴത്തിന്നു മുമ്പിലെ ചൊല്ലുന്നതു

നമ്മുടെ കർത്താവാകുന്ന യെശുക്രിസ്തുവിന്റെ കരുണയും ദൈവത്തിന്റെ സ്നേഹവും വിശുദ്ധാത്മാവിൻ കൂട്ടായ്മയും നിങ്ങളെല്ലാവരൊടുംകൂട ഇരിക്കുമാറാക- ആമെൻ-

കർത്താവ് തന്റെ കരുണാപ്രകാരം ഇവിടെ നില്ക്കുന്ന നമ്മുടെ സഹോദരനെ (രിയെ)— തിരുസഭയുടെ വേലക്കാരൻ (രി) എന്നു വിളിച്ചിരിക്കകൊണ്ടു നാം ക്രിസ്തീയ മര്യാദെക്കു തക്കവണ്ണം ഹസ്സാപ്പണത്താലും പ്രാർത്ഥനയാലും അവനെ (ളെ) വെർതിരിച്ചു ആ വേലക്കു ഒരുക്കുവാൻ ഇവിടെ കൂടി വന്നിരിക്കുന്നു— ഇപ്രകാരം നാം ഭാവിക്കുന്നതു ദൈവം അനുഗ്രഹിക്കേണ്ടതിന്നു നാം അവനൊടു വിളിച്ചു ഒരുമനപ്പെട്ടു പ്രാർത്ഥിച്ചുകൊൾക-

കർത്താവുള്ള ദൈവവും സ്വർഗ്ഗസ്ഥനായ പിതാവുമായുള്ളൊവെ— നിന്റെ ഏകപുത്രനും ഞങ്ങളുടെ രക്ഷിതാവുമായ യെശുക്രിസ്തുവിൻ അഭിഷേകം ഇട്ടുപണിചെയ്ത തിരുസഭയെ നീ ഇന്നൊളവും ശക്തിയൊടെ പരിപാലിച്ചു കരുണയാലെ നടത്തിയതാകയാൽ ഞങ്ങൾ സ്തൊത്രം ചെയ്യുന്നു— നിന്റെ ആത്മാവ് നിന്നെ വിട്ടു പൊയിട്ടില്ല— സത്യത്തിന്റെ വിശ്വാസവചനത്തെ ഘോഷിച്ചുകൊണ്ടു സമാധാന സുവിശേഷത്തിന്റെ മുന്നിൽ ഒരു കാലുകൾക്കു ചെരിപ്പായിരിക്കുന്ന ഇടയന്മാരെയും ഉപദേഷ്ടാക്കളെയും നിന്റെ ശിഷ്യന്മാർക്കു ഇന്നൊളം ഉണർത്തിവിടുന്നു തിരുരക്തത്താൽ സമ്പാദിച്ച സഭയെ ഇനിമേലാൽ കരുണയാലെ യൊഗ്യതിന്റെ സത്യത്തിൽ പരിപാലിച്ചു ശത്രുക്കൾ [illegible]

ളെ രക്ഷിപ്പാൻ ശക്തമായ വചനത്തെ വിശ്വസ്തരായുപദെഷ്ടാക്ക
ളുടെ ശുശ്രൂഷയാൽ സമൃദ്ധിയായി തരെണമെ - വിശെഷിച്ച് ഇവി
ടെ തിരുമുമ്പിൽ നില്ക്കുന്ന ഈ നിന്റെ ശുശ്രൂഷക്കാരരെ(ക്ക്) വെണ്ടുന്ന
ങ്ങൾ പ്രാപിക്കുന്നു - അവൻ(ർ) നിന്നെ സെവിപ്പാൻ മനസ്സായി വിശു
ദ്ധശുശ്രൂഷയിൽ പ്രവെശിപ്പാൻ ഒരുങ്ങിയിരിക്കുന്നു - നിന്റെ വിശു
ദ്ധാത്മാവിന്റെ വരങ്ങളെ അവന്(ക്ക്) മെല്ക്കുമെൽ സമൃദ്ധിയായി ഉയ
രത്തിൽ നിന്നു ശക്തിയുള്ളിക്ക കർത്താവായ യെശുക്രിസ്തന്റെ സൌ
ഖ്യവചനങ്ങളിലും ഭക്തിക്കൊത്ത ഉപദെശത്തിലും നിലനില്പാറാക്കി അ
വൻ(ർ) ഘൊഷിക്കുന്ന സുവിശെഷത്തിന്നു യൊഗ്യമായി ജീവിച്ചു വ
ണം ചെയ്യുമാറുവാൻ കൃപ നല്കെണമെ - ശ്രീ കർത്താവെ നിന്റെ നി
ത്യസ്നെഹത്താലെ ഞങ്ങളിൽ വ്യാപരിച്ചുകൊണ്ടു ഇവന്റെ(രുടെ)
സാക്ഷ്യത്താലെ അനെകർ ജീവന്റെ വഴിയെ കണ്ടെത്തി യെശുക്രി
സ്തന്റെ കൃപയിലും അറിവിലും വളർന്നു വിശുദ്ധന്മാരുടെ പ്രകാശത്തിലു
ള്ള അവകാശത്തിന്നായി പ്രാപ്തരായിരിക്കെണ്ടതിന്നു സംഗതി വരു
ത്തി രക്ഷിക്കെണമെ - ആമെൻ -

കർത്താവിൽ സ്നെഹിക്കപ്പെട്ട സഹൊദരന്മാരെ ഒരുവൻ
അദ്ധ്യക്ഷനെന്നുള്ള സ്ഥാനത്തിന്റെ ശുശ്രൂഷയെ വാഞ്ഛിക്കുന്നു എങ്കിൽ
നല്ലവെലയെ ആഗ്രഹിക്കുന്നു എന്നതിനെ(ങ്ങൾ) ദെവവചനത്തിൽ നി
ന്നു അറിയുന്നു - ഇപ്രകാരമുള്ളവൻ ദെവമർമ്മങ്ങളെ ഉപദെശിക്കുന്ന
വിചാരകനും ദൈവത്തൊടു നിരന്നുവരുവിൻ എന്നു കർത്താവിന്നായി
പ്രബൊധിപ്പിക്കും പൊലെ ലൊകരൊടു യാചിക്കുന്ന ക്രിസ്തുമന്ത്രിയു
മായിരിക്കെണ്ടതല്ലൊ - ദെവപുത്രൻ സ്വരക്തത്താലെ സമ്പാദി
ച്ച സഭയെ മെയ്ക്കുന്നതിന്നാവാനും നിത്യജീവനുണ്ടാകുന്ന പിതാവി
ൻ അരികിലെ വിശുദ്ധാത്മാവിന്റെ പ്രകാശനത്താൽ ഉണ്ടാ
കുവാനും അവൻ ഭരമെല്ക്കുന്നവൻ - അതുകൊണ്ടു നിങ്ങളെ
അതിന്നായുള്ള വിളിയുടെ ഘനത്തെയും അതിന്നൊട്ടു ചെർന്നുള്ള വി

ഷാസുറകളെയും നന്നെ നിരാകരിച്ചു കളയെണ്ടിയിരിക്കുന്നു-

വിശെഷാൽ ദൈവത്തിന്റെ ശുദ്ധവചനത്തിൽ പ്രസി-
ദ്ധമാക്കിയതും നമ്മുടെ സുവിശെഷസഭയുടെ സ്വീകാരത്തൊടുചെ-
രുന്നതും ആയുള്ളതു ഒഴികെ വെറൊരു ഉപദെശവും നി(ങ്ങൾ)ക-
ല്പിക്കരുതു- നി(ങ്ങൾ) സെവിക്കുന്ന സഭയാകട്ടെ ക്രിസ്തൻതാൻമൂ-
ലക്കല്ലായിരിക്കെ അപൊസ്തലരും പ്രവാചകരും ആകുന്ന അടി-
സ്ഥാനത്തിന്മെൽ പണിചെയ്യപ്പെട്ടതാകുന്നു- ആ അടിസ്ഥാനം
ഇട്ടിരിക്കുന്നതല്ലാതെ മറ്റൊന്നു വെപ്പാൻ ആൎക്കും കഴിക-
യില്ല സത്യം- ഈ വരമാൎഗ്ഗത്തെ നി(ങ്ങൾ) ആബാലവൃദ്ധം സ-
കലജനങ്ങളൊടും പഠിപ്പിച്ചുകൊണ്ടു താന്തൊന്നിത്വവും പ്രതി-
കൂലതയും ഉള്ള ഉപദെശങ്ങളെ ഒക്കയും ഒഴിക്കെണ്ടു- പ്രത്യെകം
സുവിശെഷസത്യത്തിന്റെ ശക്തിയെ വിളിച്ചുനില്ക്കെണ്ടതു- അ-
താവിതു പാപമൊചനവും ദൈവത്തിങ്കലും നമ്മുടെ ക്രിയയാലും പുണ്യ-
ങ്ങളാലും അല്ല ക്രിസ്തുമൂലം വെറും കൃപയാലെ വിശ്വാസം കൊണ്ടത്രെ
ലഭിക്കുന്നതു- എന്നതിനാലെ വ്യാകുലപ്പെട്ടുന്ന മനസ്സാക്ഷി-
ക്കു സമാധാനവും ആശ്വാസവും നിറഞ്ഞുവരു- മാനസാന്തരത്തിന്നു
യൊഗ്യവും ദൈവത്തിന്നു ഹിതവുമായ ഫലങ്ങളെ ഉണ്ടാക്കുവാൻ
പ്രാപ്തിയെകൊടുക്കുന്നതും ഈ ഉപദെശത്താലത്രെ- ഇങ്ങനെ ഉപ-
ദെശിക്ക ഒഴികെ നമ്മുടെ കൎത്താവായ യെശുക്രിസ്തൻ നിങ്ങളെയെല്പിച്ചിരിക്കെ
നാടൊത്തവണ്ണം വിലയെറിയ ചൊല്ലുകളെയും ഉപയൊഗിച്ചു ന-
ടക്കെണ്ടതു അവന്റെ സഭെക്കു വിശ്വസ്തനുള്ളൊവാസമായിരുന്നിട്ടു
അവന്റെ നിറവിൽനിന്നു തുവെക്കവെണ്ടി കൃപയും ലഭിപ്പാനും
തന്നെ-

പിന്നെയും ക്രിസ്തീയപാഠശാലകളെ ഉത്സാഹത്തൊടെ വിചാ-
രിക്കയും ശിഷ്യന്മാരെ നൊക്കികാക്കയും സുവിശെഷകൎത്താക്ക-
ളെയും ദുഃഖിതരെയും രൊഗികളെയും മരണമടുത്തവരെ വിശ്വസ്തത

യൊടെ പ്രബൊധിപ്പിക്കയും ആശ്വാസം ചൊല്ലുകയും വെണം-

നീ സെവിക്കുന്ന സഭയിൽ യൌവ്വനമായതിനാൽ ആരാലും അപവാ
ദത്തിൽ കാണിച്ച പ്രകാരം ക്രമത്തിന് ഉചിതമാകുംവണ്ണം നടക്കുകയും
ആത്മ- സഭയൊടും ദീനരൊടും സത്യദെവഭക്തിയെയും സ്നെഹസമാ
ധാനങ്ങളിലും സുബൊധസ്പഷ്ടതകളിലും കുറവില്ലാത്ത ഗുരുത്വമാന
നടപ്പിനെയും വർണ്ണിച്ചു പ്രബൊധിപ്പിക്കയും- രാജാക്കന്മാരെയും സകല
അധികാരസ്ഥരെയും അനുസരിപ്പാനും അവർക്കു വെണ്ടി പ്രാർത്ഥിപ്പാ
നും സഭയുടെ അവയവങ്ങൾക്കു ഒക്കെയും ഉണർത്തുകയും വെണ്ടതു- പ്രവൃത്തി
കാംവാക്കിലും നടപ്പിലും സ്നെഹവിശ്വാസങ്ങളിലും നിർമ്മലതയിലും വി
ശ്വാസികൾക്കു മാതൃകയാകുക- അദ്ധ്യയനത്തിലും ദൈവവചനത്തെ
ആചരിക്കുന്നതിലും ഉത്സാഹിച്ചു നിന്റെ മുഴുപ്പ് എല്ലാവർക്കും പ്രസി
ദ്ധമാക്കി തെരെണ്ടതിന്നു ആവക എല്ലാം കരുതുക- വചനത്താൽ തെ
റ്റല്ലാത്ത പ്രകാരമെ നടപ്പിനാലും സുവിശെഷത്തെ അനുസരിക്ക-
ഞാൻ ക്രിസ്തുവെ എന്ന പൊലെ നിങ്ങൾ എനിക്കു അനുകാരികൾ ആ
കുവിൻ എന്നു പറവാൻ തക്ക പ്രാപ്തിയെ സമ്പാദിച്ചു കൊൾക- വചനത്തി
ൽ ശുശ്രൂഷിക്കുന്നവൻ കെവലം നിരപവാദ്യനും ഒന്നിലും ഒരു ദൊഷങ്ങളും
ചൊട്ടാത്തവനും നിന്ദയിലും പിശാചിന്റെ കണിയിലും വീഴായ്വാൻ
പുറത്തുള്ളവരിലും നല്ലശ്രുതിയുള്ളവനും ആകെണ്ടു-

കർത്താവിൽ ക്രിസ്തസഹൊദരന്മാ(രാ)യുള്ളവരെ വെറുതെ വ
ക്കൽ നിന്നു തന്നെ പ്രാപിക്കല്ലു എന്നതിനെക്കുറിച്ചും- ഒരൊ
നുവകളിൽ നിന്നിലല്ലാതെ താനെ തന്നെ കാപ്പാൻ കഴിയാത്ത
പ്രകാരം ഒന്നിൽ വസിച്ചിട്ടില്ലാതെ നിങ്ങളുംതന്നെ- ഞാൻ കൂടാതെ
നിങ്ങൾക്കു ഒന്നും ചെയ്യാൻ കഴികയില്ല എന്നു ക്രിസ്തൻ പറഞ്ഞിരിക്കു
ന്നവല്ലൊ- ഞെരുക്കാതെ അവന്റെ സർവ്വശക്തിയുള്ള കൃപയിൽ ആ
ശ്രയിച്ചു സർവ്വത്തിനും മതിയാകുന്നുള്ള അവന്റെ സഹായത്തിൽ
സന്തൊഷിപ്പാൻ ഞങ്ങൾക്കു നിന്നെ പ്രബൊധിപ്പിപ്പാൻ വെണ്ടിയിരിക്ക

നു — തനിക്കുള്ളവരൊട് കൂടെ യുഗസമാപ്തിയൊളം എല്ലാ നാളും ഇരിപ്പാൻ വാഗ്ദത്തം ചെയ്തവൻ നിന്റെ ഭാഗത്തിരിക്കുന്നതിനെ അയച്ചു കാൎയ്യത്തെ സാധിപ്പിക്കയും ചെയ്യും — ആകയാൽ ഉറപ്പുള്ളവനും ബലമുള്ളവനും നിന്റെ പ്രയത്നം കൎത്താവിൽ വ്യൎത്ഥമല്ലായെന്നറികയാൽ കൎത്താവിന്റെ വെലയിൽ എപ്പൊഴും വഴിയുന്നവനും ആക — എന്നാൽ നിന്റെ വിളിയുടെ എല്ലാ പൊരാട്ടങ്ങളിലും വെദനാഖിന്നതകളിലും അവന്റെ വിലയെറിയ സമാധാനം നിന്റെ ശക്തിയും ആശ്വാസവും എന്നു കാണ്കയും അവന്റെ വായിൽ നിന്നു ഒരു നാൾ ഈ വചനത്തെ കെൾക്കയും ചെയ്യും — നന്നു നല്ലവനും വിശ്വസ്തനുമായ ദാസനെ നീ അല്പത്തിങ്കൽ വിശ്വസ്തനായിരുന്നതിനാൽ വലതിന്മെല്ലാം ആക്കിവെക്കും നിന്റെ കൎത്താവിന്റെ സന്തൊഷത്തിൽ അകത്തു കടക്ക —

എന്നതിന്നു തക്കവണ്ണം ഞാൻ ദൈവത്തിന്നും നമ്മുടെ കൎത്താവായ യെശുക്രിസ്തന്നും മുമ്പാകെ ഈ ക്രിസ്തസഭ കെൾക്കെ നിന്നൊട്ടു ചൊദിക്കുന്നിതു —

ഈ വചനങ്ങളെ പ്രമാണിച്ചു വിശുദ്ധ ദൈവശുശ്രൂഷയുടെ ഭാരം എല്പാൻ മനസ്സുണ്ടൊ —

ഈ വെലയിൽ നിന്റെ കാലവും ബലവും ഉദാരതയൊടെ ചെലവഴിപ്പാനും ദൈവവചനപ്രകാരം യെശുക്രിസ്തനെ ക്രൂശിക്കപ്പെട്ടു മരിച്ചെഴുനീറ്റവനെ തന്നെ ഘൊഷിപ്പാനും ആയവൻ നമുക്കു ദൈവത്തിൽ നിന്നു ജ്ഞാനവും നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും ആക്കപ്പെട്ടപ്രകാരം പ്രസംഗിപ്പാനും മനസ്സുണ്ടൊ —

ശെഷമുള്ളവൎക്കു ഭാവത്തിലും നടപ്പിലും ദൈവഭക്തന്മാരാലൊ മാതിരിയാവാൻ കൎത്താവിൽ തന്നെ നിന്നെ ശിക്ഷിക്കുന്നുവൊ —

എന്നാൽ സർവ്വസാക്ഷിയായ ദൈവവും ജീവിക്കുന്നവരും മരി
ച്ചവരും ന്യായാധിപതിയായ യെശുക്രിസ്തനും അറികെ സത്യം ചെ
യ്ത് ഉത്തരം ചൊല്ലു—

ഉത്തരം— കർത്താവ് തന്റെ ആത്മാവിൻ ശക്തിയാലും കൃ
പയാലും എനിക്കു തന്നിരിക്കുന്നതിൻ പ്രകാരം ചെ
യ്യും—

(പിന്നെ മുട്ടുകുത്തിയശെഷം ബോധകൻ തന്നെയൊ
മൂപ്പന്മാരും ബോധകന്മാരൊട് ഒന്നിച്ചൊ ത
ലമെൽ കൈ വെച്ചു ചൊല്ലുന്നിതു)

ഞാൻ നിന്നെ സുവിശെഷ സഭയുടെ ന്യായപ്രകാരം ബോധകൻ എ
ന്ന് അവരിച്ചു കല്പിച്ചു നമ്മുടെ കർത്താവായ യെശുക്രിസ്തൻ സ്വാമിയു
ശുദ്ധ സഭയിൽ നിന്നിൽ ഭരമെല്പിക്കുന്നു പിതാവു പുത്രൻ പരിശു
ദ്ധാത്മാവ് എന്ന ദൈവനാമത്തിൽ തന്നെ—

കർത്താവ് നിന്നെ ഉയരത്തിൽ നിന്നു ശക്തി ധരിപ്പിച്ചു
അനെക അനുഗ്രഹമാക്കി തീർക്ക— നീ പൊക്കി ഫലം തരെ
ണ്ടതിന്നും നിന്റെ ഫലം നിത്യജീവനൊളം വസിക്കെണ്ടതിന്നും
അവൻ താൻ നിന്നെ ആക്കിവെക്ക— ആമെൻ—

(പിന്നെ സാക്ഷികളുടെ അനുഗ്രഹങ്ങൾ എന്നാര
ണ്ടെ)

യഹോവ നിന്റെ വെളിച്ചവും നിന്റെ രക്ഷയും ആക— യഹോവ
നിന്റെ ജീവന്റെ ബലമാക— ധൈര്യം കൊണ്ടു യഹോവയിൽ
ആശ്രയിച്ചു ക്ഷമയൊടെ അവനെ ആശിച്ചു വാഴ്ക— ആമെൻ—

കർത്താവായ യെശുക്രിസ്തൻ നിന്റെ ആത്മാവൊടു കൂടെ ഇ
രിക്കെണമെ ആമെൻ—

മരണപര്യന്തം വിശ്വസ്തനാക— എന്നാൽ ഞാൻ ജീവകി
രീടത്തെ നിണക്കു തരും— ആമെൻ—

## ൩ാം പ്രാൎത്ഥന

ക്ഷമയുള്ള ദൈവവും സ്വൎഗ്ഗസ്ഥപിതാവുമായുള്ളോ
വെ— കൊയ്ത്തിന്റെ യജമാനനായ നിന്നോടു കൊയ്ത്തിന്നു പ്രവൃ
ത്തിക്കാരെ അയക്കേണ്ടതിന്നു യാചിപ്പാനായി നിന്തിരുപുത്രനു
ടെ ഞങ്ങളെ ഉപദേശിച്ചുവല്ലൊ— അതുകൊണ്ടു ഞങ്ങൾ മക്കളു
ള്ള ശ്രദ്ധയോടെ അപേക്ഷിക്കുന്നിതു— ഈ നിന്റെ ദാസന്മാ
രിന്റെ വിശുദ്ധാത്മാവിന്റെ നിറവുകളെ ഒക്കെയും നല്കേണമെ—
അവരെ ഭരമേല്പിച്ച വേലയിൽ വിശ്വസ്തന്മാരാക— കാണാതെ
പോയതിനെ അന്വേഷിപ്പാനും ബലക്ഷയമുള്ളതിനെ ഉറപ്പി
പ്പാനും ചഞ്ചലഭാവമുള്ളവൎക്കു നിശ്ചയം കൊടുപ്പാനും ദുഃഖിതന്മാ
രെ തേറ്റിപ്പാനും യേശുക്രിസ്തുവിന്റെ അറിവിലും കൃപയിലും വിശ്വാ
സികളെ സ്ഥിരീകരിപ്പാനും അവൎക്കു ജ്ഞാനവും പ്രാപ്തിയും നല്കേണ
മെ— അവന്റെ സാക്ഷ്യത്തിന്മേൽ നിത്യാനുഗ്രഹത്തെ അയച്ചിട്ടു അവ
ന്റെ ശുശ്രൂഷയാൽ തിരുനാമം വിശുദ്ധീകരിക്കപ്പെടുവാനും നി
ന്റെ രാജ്യം വരുവാനും നല്ലതും സുഗ്രാഹ്യവും തികവുള്ളതും ആയ നി
ന്റെ ഇഷ്ടം എല്ലാറ്റിലും നടപ്പാനും വരം തരേണമെ— സത്യാ
ത്മാവിൻ ശക്തിയാൽ നിന്റെ മാനത്തിന്നും ആത്മാക്കളുടെ ര
ക്ഷെക്കും ആയിട്ടു അവന്റെ വേലയെ സാധിപ്പിച്ചു സഫലമാക്കേ
ണമെ— ആമെൻ—

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ

നിങ്ങളിൽ ദൈവത്തിൻ കൂട്ടത്തെ മേച്ചുകൊണ്ടു അദ്ധ്യക്ഷത ചെയ്യ—
ന്നതു ആലസ്യത്താലല്ല സ്വയമനസ്സാലെ ദുൎല്ലാഭത്താലല്ല മനഃപൂ
ൎവ്വമായിത്തന്നെ— സമ്പാദിതരിൽ കൎത്തൃത്വം നടത്തുന്നവരായുമല്ല കൂ
ട്ടത്തിന്നു മാതൃകയായിതീൎന്നത്രെ— എന്നാൽ ഇടയശ്രേഷ്ഠൻ പ്ര
ത്യക്ഷനാകുമ്പോൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാ

ഷിക്കം — ആമെൻ

യഹൊയ നിന്നെ അനുഗ്രഹിച്ചു കാക്കുക
യഹൊവ തിരുമുഖത്തെ നിങ്കലെക്കു പ്രകാ
ശിപ്പിച്ചു കരുണ ചെയ്ക — യഹൊവ തിരുമുഖ
ത്തെ നിന്റെമെൽ ഉയൎത്തി നിണക്കു സമാധാ
നം ഇട്ടുമാറാക — ആമെൻ. W.

# സ്ഥിരീകരണത്തിനുള്ള

## പദേശം

൧ . മനുഷ്യന് ഇഹത്തിൽ മുഖ്യവിചാരം ആകെണ്ടതു എന്തു-

ഉ-ം നിത്യജീവന്റെ പ്രത്യാശ തനിക്കു ഉറെച്ചുവരെണം എന്നു അത്രെ- മത്ത. ൬, ൩൩ മുമ്പെ ദൈവത്തിന്റെ രാജ്യത്തെയും അവന്റെ നീതിയെയും അന്വേഷിപ്പിൻ എന്നാൽ ഇവ എല്ലാം നിങ്ങൾക്കു കൂടെ കിട്ടും എന്നു ക്രിസ്തൻ പറഞ്ഞുവല്ലൊ-

൨ . ഈ പ്രത്യാശ എല്ലാ മനുഷ്യനും വരികയില്ലയൊ

ഉ-ം സത്യക്രിസ്തഭക്തന്മാർക്കല്ലാതെ ആർക്കും വരാ- മത്ത. ൭, ൨൧ എന്നൊടു കർത്താവെ കർത്താവെ എന്നു പറയുന്നവർ എല്ലാം സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ ഇഷ്ടത്തെ ചെയ്യുന്നവനത്രെ എന്നുണ്ടല്ലൊ -

൩ . നീ ആർ ആകുന്നു-

ഉ-ം ഞാൻ ക്രിസ്ത്യാനൻ തന്നെ-

൪ . ക്രിസ്ത്യാനൻ ആകുന്നത് എങ്ങിനെ

ഉ-ം ക്രിസ്ത്യാനരിൽ ജനിക്കുന്നതിനാൽ അല്ല ക്രിസ്ത്യാനരൊടു സംസർഗ്ഗം ഉള്ളതിനാലും അല്ല- ക്രിസ്തനിലെ വിശ്വാസം, ക്രിസ്തനിലെ സ്നാനം ഇവ രണ്ടിനാൽ അത്രെ-

൫ . നിണക്കു ചെറുപ്പത്തിൽ സ്നാനം ഉണ്ടായ്വന്നുവൊ-

ഉ-ം അതെ പിതാപുത്രൻ വിശുദ്ധാത്മാവ് എന്ന ദൈവനാമത്തിൽ എനിക്കു സ്നാനം ഉണ്ടായ്വന്നിരിക്കുന്നു- ഈ പറഞ്ഞതുകൊണ്ടു ഉപകാരത്തിന്നായി ത്രിയെകദൈവത്തിന്നു എന്നും സ്തോത്രവും വന്ദനവും ഉണ്ടാകെണമെ-

൬ . സ്നാനം എന്നത് എന്തു-

ഉ—ം സ്നാനം എന്നത വിശുദ്ധജലമത്രെ ദിവ്യമായ ചൊല്ലുകളുമാ
കുന്നു— അതിനാൽ ദൈവമായ പിതാവു പുത്രനൊടും വിശു
ദ്ധാത്മാവൊടും കൂടിച്ചു ഈ സ്നാനം ഏല്ക്കുന്നവൻ ഞാൻ ത
ങ്ങൾക്കുള്ള ദൈവമാകും എന്നും അവനു സകലപാപങ്ങളെ
ക്ഷമയും യെശുക്രിസ്തൻ നിമിത്തം സൌജന്യമായി കൊടുക്കു
മെന്നും അവനെ മകന്റെ സ്ഥാനത്തിൽ ആക്കി
സകലസ്വർഗ്ഗവസ്തുവിന്നും അവകാശിയാക്കി അംഗീകരി
ച്ചു കൊള്ളുന്നതും ഉണ്ടു എന്നും സാക്ഷിപറയുന്നു—

൧. സ്നാനം ഏറ്റതിനാൽ ഉണ്ടാകുന്ന

ഉ.ം വെള്ളത്താലും ആത്മാവിനാലും ജനനം അത്രെ— (യൊഹ. ൩, ൫)
വെള്ളത്തിലും ആത്മാവിലും നിന്നു ജനിച്ചില്ലാതെ ഒരുത്ത
നും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല എന്നുള്ള ചൊ
ല്ലിൻപ്രകാരം തന്നെ—

൨. സ്നാനത്താലുള്ള പ്രയൊജനം എന്ത—

ഉ—ം അത ദൈവകൃപയെയും പാപമൊചനത്തെയും ദൈവപു
ത്രത്വത്തെയും നിത്യജീവന്റെ അവകാശത്തെയും നമുക്കു
ഉറപ്പിച്ചു കൊടുക്കുന്നു— തീത. ൩, ൫-൭. നാം അവന്റെ കൃപ
യാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവ
ന്റെ അവകാശികളായി തീരെണ്ടതിന്നു ദൈവം തന്റെ
കനിവാലത്രെ നമ്മെ രക്ഷിച്ചിരിക്കുന്നത— നമ്മുടെ രക്ഷി
താവായ യെശുക്രിസ്തുമൂലം നമ്മുടെ മെൽ ധാരാളമായി പക
ൎന്ന വിശുദ്ധാത്മാവിന്റെ പുനൎജ്ജനനവും നവീകരണവും ആ
കുന്ന കുളികൊണ്ടു തന്നെ— ഈ വചനം പ്രമാണം

൩. ദൈവവചനം സ്നാനത്തെ എങ്ങിനെ വൎണ്ണിക്കുന്നു—

ഉ—ം അത നല്ല മനൊബൊധത്തിന്നായി ദൈവത്തൊടു ചൊദിച്ചി
രിക്കുന്നത എന്നത്രെ— ൧ പെത. ൩, ൨൧

൧൦. ആകയാൽ പിതൃസ്ഥാനത്താൽ ദൈവം നിന്നൊടിണങ്ങി
ട്ട് ഒരു ക്രിയാസമുണ്ടാകയൊ

ഉ—൦ അതെ മഹാ ദൈവമായവൻ തിരിക്കുകാരണരുള്ള ദൈ
വവും പിതാവും ആവാൻ വാഗ്ദത്തം ചെയ്തിരിക്കുന്നു— ഞാനൊ
പിശാചിനൊടും അവന്റെ സകലക്രിയാഭാവങ്ങളൊടും ദു
ഷ്ടലൊകത്തിൽ ആഡംബരമായയൊടും ജഡത്തിന്റെ
സകലപാപമൊഹങ്ങളൊടും വെറുത്തും ദൈവത്തെയും
തന്റെ കർത്താവായ യെശുവെയും സ്നെഹിച്ചും സെ
വിച്ചുംകൊള്ളാൻ കൈയെറ്റിരിക്കുന്നു—

൧൧. ആകയാൽ സ്നാനനിയമത്താൽ നിനക്കു കടമായുള്ളത്
എന്തു—

ഉ—൦ ദൈവം ഒരു കൈയെറ്റുകൊണ്ട പ്രകാരം എനിക്ക് എന്നും
വിശ്വസ്തനായിരിപ്പാനും സകല വാഗ്ദത്തങ്ങളെയും ഭേദം വ
രാതെ നിവൃത്തിപ്പാനും മനസ്സായിരിക്കുന്നതു പൊലെ പുത്ര
ഭാവത്തൊടും നിത്യവിശ്വസ്തതയൊടും എന്റെ കടം ആകുന്നു.
അതുകൊണ്ടു ആ നിയമത്തെ നാൾതൊറും വിശേഷാൽ
നിരൂപിച്ചു ആയതിന്നു എല്ലായ്പൊഴും സകലഭക്തിയൊടെ പു
ത്രൻ എന്റെ നടപ്പിനെ അതിനൊത്തവണ്ണം ശൊധന
ചെയ്തും ശ്രമത്തിൽ ആക്കിക്കൊണ്ടും എനിക്കു എറെ
അറ്റുള്ള പാപങ്ങളൊട്ടു കേവലം പൊരുതും പൊരെണ്ടതു

൧൨. എന്തുകൊണ്ടു സ്നാനത്തൊടും കൂട വിശ്വാസത്തെ മുറ്റുകയിട്ടി
രിക്കുന്നവർ മാത്രം സത്യക്രിസ്ത്യാനർ ആകയാൽ ദൈവത്തി
ൽ വിശ്വസിക്കേണ്ടതു എന്തു—

ഉ—൦ ദൈവത്തെ അറിയുകയും അവന്റെ വചനത്തെ കൈക്കൊ
ള്ളുകയും അവനിൽ മുറ്റും ആശ്രയിക്കയും ചെയ്യുന്നതത്രെ—

൧൩— നാം വിശ്വസിക്കുന്നതെന്തൊക്കെ എന്നു ചൊൽ—

ഉ — ദൈവം സൃഷ്ടിക്കപ്പെടാതെ ഉള്ള ആത്മാവ് - നിത്യൻ, സർവ്വശക്ത
ൻ, ഏകകാരണൻ, സർവ്വസാക്ഷിയൻ, സർവ്വജ്ഞൻ, നീതിമാൻ,
വിശുദ്ധിമാൻ, സത്യവാൻ, ദയയും കനിവും നിറഞ്ഞവനത്രെ-

ചൊ ൪. ഏക ദൈവം ഒഴികെ വെറെ ഉണ്ടൊ

ഉ — ഒരുത്തനെ ഉള്ളു - ൧ കൊ. ൮, ൪. അല്ലയൊ ഇസ്രയെലെ കേൾക്ക
നമ്മുടെ ദൈവമാകുന്നതു യഹൊവ തന്നെ ഏക യഹൊവ അത്രെ

ചൊ ൫. ഈ ഏക ദൈവത്തിൽ വിശെഷങ്ങൾ ഉണ്ടൊ-

ഉ — അതെ പിതാ പുത്രൻ വിശുദ്ധാത്മാവ് ഈ മൂവർ ഉണ്ടു - സ്വർഗ്ഗത്തി
ൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ടല്ലൊ പിതാവ് വചനം വിശു
ദ്ധാത്മാവ് എന്നിവർ മൂവരും ഒന്നു തന്നെ ൧ യൊ. ൫, ൭

ചൊ ൬. ദൈവത്തിൽ ഒന്നാം പുരുഷനാകുന്ന പിതാവായ ദൈവത്തെ
കൊണ്ടു വിശ്വാസപ്രമാണത്തിൽ എന്തു ചൊല്ലിക്കൊള്ളുന്നു-

ഉ — സ്വർഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി സർവ്വശക്തനായി പി
താവായിരിക്കുന്ന ദൈവത്തിങ്കൽ ഞാൻ വിശ്വസിക്കുന്നു-

ചൊ ൭. മനുഷ്യരെയും ദൈവം പടെച്ചിരിക്കുന്നുവൊ-

ഉ — അതെ ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു
൧ മൊ. ൧, ൨൭

ചൊ ൮. ആ ദൈവസാദൃശ്യം ഇന്നും ഉണ്ടൊ-

ഉ — ഇല്ല കഷ്ടം - ഒന്നാമത്തെ പാപം ഹേതുവായി നഷ്ടമായിപ്പൊ
യിരിക്കുന്നു ൧ മൊ. ൩

ചൊ ൯. ആദ്യപിതാക്കന്മാരുടെ പാപത്താൽ നാം എന്തിൽ അകപ്പെട്ടു
പൊയി

ഉ — പാപത്തിലും അതിനാൽ ദൈവകോപത്തിലും വിശെഷാൽ മരണം
നരകം മുതലായ ശത്രുക്കളുടെ വശത്തിലും അകപ്പെട്ടു - രൊമ. ൫,
൧൨. ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലൊ
കത്തിൽ പുക്കു ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മര

ണം സകലമനുഷ്യരെല്ലാവരും പരന്നു-

൧൦. പാപം എന്നതു എന്തു-

ഉ. പാപം അധൎമ്മം തന്നെ - ൧ യോ. ൩, ൪. പാപം ധൎമ്മത്തിന്റെ ലംഘനം എന്നത്രെ-

൧൧. പാപം എത്രവിധമായിരിക്കുന്നു-

ഉ. ജന്മപാപം ക്രിയാപാപം ഇങ്ങിനെ രണ്ടുവിധമായിരിക്കുന്നു-

൧൨. ജന്മപാപം എന്നതു എന്തു-

ഉ. മനുഷ്യസ്വഭാവത്തിന്റെ ജനനം മുതലുള്ള കേടും ദോഷത്തിലെക്കു ചായുന്ന ഇഷ്ടവും തന്നെ - യോഹ. ൩, ൬. ജഡത്തിൽനിന്നു ജനിച്ചതു ജഡം ആകുന്നു-

൧൩. ക്രിയാപാപം എന്നതു എന്തു-

ഉ. ജന്മപാപത്തിൽനിന്നു ജനിക്കുന്ന ഓരോരൊ വിചാരമോഹങ്ങളും പുറമെയുള്ള ഭാവങ്ങൾ വാക്കുകൾ കൎമ്മങ്ങൾ മുതലായവയും എല്ലാം തന്നെ - മത. ൧൫, ൧൯. ദുശ്ചിന്തകൾ കുലകൾ വ്യഭിചാരങ്ങൾ പുലയാട്ടുകൾ മോഷണങ്ങൾ കള്ളസാക്ഷികൾ ദൂഷണങ്ങൾ ഇവ ഹൃദയത്തിൽനിന്നു പുറപ്പെടുന്നു-

൧൪. ഗുണം ചെയ്യാതിരിക്കുന്നതും ദോഷം തന്നെയൊ-

ഉ. അതെ ദോഷത്തെ വെടിയേണം എന്നു തന്നെ അല്ല ഗുണത്തെ ചെയ്യേണം എന്നും കൂടെ ദൈവകല്പനയാകുന്നുവല്ലൊ - യാക്കൊ. ൪, ൧൭. നല്ലതു ചെയ്വാൻ അറിഞ്ഞിട്ടും ചെയ്യാതവന്നു അതു പാപം ആകുന്നു-

൧൫. ക്രിയാപാപങ്ങൾ എത്രവിധമാകുന്നു.

ഉ. ബലഹീനതയാലെ പാപം - മനഃപൂൎവ്വത്താലെ പാപം ഇങ്ങിനെ രണ്ടുവിധമാകുന്നു-

൧൬. ബലഹീനതയാലെ പാപം എതു പ്രകാരമുള്ളതു-

ഉ- വിശ്വാസി മനസ്സോടെ പാപം ചെയ്യാതെ അറിയായ്കയാലും
മറതികൊണ്ടായാലും ഒരു തെറ്റിൽ അകപ്പെടുകയും അതിനാ
ൽ ഇടയിടെ അനുതപിക്കയും അതിനെ വെറുത്തു വിടുകയും
ചെയ്യുന്നതത്രെ-

൨൩. മനഃപൂർവ്വത്താലെ പാപം എത്ര പ്രകാരമുള്ളതു-
ഉ- മനുഷ്യൻ ഇന്നതു അരുതു എന്നറിഞ്ഞിട്ടും മനസ്സോടെ ചെ
യ്തുകൊള്ളുന്നതു തന്നെ-

൨൪. ഈ വക പാപങ്ങളാൽ നമുക്ക് എന്തു വരുവാറാകും-
ഉ- ദൈവത്തിൻ കോപവും ശാപം കൂടും അല്ലാതെ ഐഹികശി
ക്ഷകൾ പലവും നരകത്തിൽ നിത്യദണ്ഡവും തന്നെ- രോ
മ. ൬, ൨൩- പാപത്തിന്റെ ശമ്പളം മരണമത്രെ

൨൫. ഈ അരിഷ്ടതയിൽനിന്നു നമ്മെ ഉദ്ധരിച്ചതാർ-
ഉ- എല്ലാവർക്കും വേണ്ടി വീണ്ടെടുപ്പിൻ വിലയായി തന്നെത്താൻ
കൊടുത്ത ക്രിസ്തുയേശുവത്രെ (൧ തിമ. ൨, ൬)

൨൬. യേശുക്രിസ്തുവൻ ആർ ആകുന്നു-
ഉ- ദൈവപുത്രനും മനുഷ്യപുത്രനും ആകകൊണ്ടു ദിവ്യമാനുഷസ്വ
ഭാവങ്ങൾ പിരിയാതെ ചേർന്നുള്ളോരു പുരുഷൻ തന്നെ-

൨൭. യേശുക്രിസ്തുവിനെ ചൊല്ലി നിന്റെ വിശ്വാസപ്രമാണം എങ്ങി
നെ-

ഉ- ദൈവത്തിന്റെ ഏകജാതനായി നമ്മുടെ കർത്താവായ യേ
ശുക്രിസ്തുവിൽ ഞാൻ വിശ്വസിക്കുന്നു- ആയവൻ വിശുദ്ധാ
ത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉല്പാദിതനായി ജ
നിച്ചു പൊന്ത്യപിലാതന്റെ കീഴിൽ കഷ്ടമനുഭവിച്ചു ക്രൂശിക്ക
പ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിൽ ഇറങ്ങി മൂന്നാം ദിവ
സം ഉയിർത്തെഴുനീറ്റു സ്വർഗ്ഗാരോഹണമായി സർവ്വശക്തനായി പിതാ
വായ ദൈവത്തിന്റെ വലഭാഗത്തിരിക്കുന്നു- അവിടെനിന്നു

ജീവികൾക്കും മരിച്ചവർക്കും ന്യായം വിസ്തരിപ്പാൻ വരികയും ചെയ്യും

൧൧. യെശുക്രിസ്തൻ പിതാവിൽനിന്ന യുഗാദികൾക്കുമുമ്പെ ജനിച്ച സത്യദൈവമാകുന്നു എന്നുള്ളതിനെ പ്രമാണിപ്പിക്കുന്നത എങ്ങിനെ-

ഉ-ാ വിശുദ്ധവെദത്തിന്റെ പല സ്ഥാനങ്ങളെ കൊണ്ട തന്നെ. അതിനാൽ അവൻ ദൈവത്തിന്റെ ഏകജാതനും (യൊഹ. ൩, ൧൬) സ്വപുത്രനും എന്നും (രൊമ. ൮, ൩൨) സർവ്വത്തിന്നു മെലും ദൈവമായി യുഗാദികളൊളം വാഴ്ത്തപ്പെട്ടവൻ എന്നും (രൊമ. ൯, ൫) സത്യദൈവവും നിത്യജീവനും എന്നും (൧ യൊ. ൫, ൨൦) ഉള്ള പെരുകൾ കൊണ്ടു വിളങ്ങുന്നു-

൧൨. ഈ യെശുക്രിസ്തനെ വീണ്ടെടുപ്പുകാരൻ എന്ന പറവാൻ കാരണം വല്ലതും അവൻ നിണക്കായിട്ട എന്തു ചെയ്തു എന്ന് അനുഭവിച്ചു-

ഉ-ാ ഒന്നാമത അവൻ എനിക്ക വെണ്ടി സകല വെദധർമ്മത്തെയും നിവൃത്തിച്ചു പിന്നെ എനിക്ക വെണ്ടി ക്രൂശിന്റെ കഷ്ടമരണങ്ങളെയും അനുഭവിച്ചു (രൊമ. ൪, ൨൫) നമ്മുടെ പിഴകൾ നിമിത്തം ഏല്പിക്കപ്പെട്ടും നമ്മുടെ നീതീകരണത്തിന്നായി ഉണർത്തപ്പെട്ടും ഇരിക്കുന്നു-

൧൩. ഈ അനുസരണത്താലും കഷ്ടത്താലും ക്രിസ്തൻ നിണക്ക എന്തെല്ലാം സമ്പാദിച്ചു-

ഉ-ാ ദൈവം കരുണയാലെ സ്വപുത്രനെ വിചാരിച്ച എന്റെ സകല പാപങ്ങളെയും ക്ഷമിച്ചുവിടുന്നതും എന്നെ നല്ലവൻ എന്നും നീതിമാൻ എന്നും പ്രിയമകൻ എന്നും കൈക്കൊള്ളുന്നതും എന്നെക്കുമുള്ള സുഖം വരുത്തുവാൻ നിശ്ചയിക്കുന്നതും തന്നെ അവൻ എനിക്ക സമ്പാദിച്ചിട്ടുള്ളതാകുന്നു-

൧൪. ഈ സമ്പാദിച്ചതിനെ എല്ലാം അനുഭവിപ്പാൻ നിണക്ക യൊഗ്യത എങ്ങിനെ വരുന്നു-

ഉ— സത്യവും ജീവനും ഉള്ള വിശ്വാസത്താൽ അത്രെ-

൩൩. സത്യവിശ്വാസം എന്തു പൊൽ

ഉ— ദൈവം യെശുവിന്റെ പുണ്യമാഹാത്മ്യം വിചാരിച്ചു എന്നെ കനിഞ്ഞു മകന്റെ സ്ഥാനത്തിൽ ആക്കുകയും എന്നെ രക്ഷിക്കയും ചെയ്യും എന്നു തന്നെ അവനെ ഉള്ളു കൊണ്ടു ആശ്രയിക്കുന്നതത്രെ - യൊ. ൩,൧൬. ദൈവം ലോകത്തെ സ്നേഹിച്ച വിധമാവിതു തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവൻ ആരും നശിച്ചു പൊകാതെ നിത്യജീവനുള്ളവൻ ആകെണ്ടതിന്നു അവനെ തരുവൊളം തന്നെ സ്നേഹിച്ചതു

൩൪. യെശു ക്രിസ്തനെ വിശ്വസിപ്പാൻ നിന്നാൽ തന്നെ കഴിവുണ്ടൊ

ഉ— അതിന്നു ഒരു മനുഷ്യനും ശക്തിയൊരാ— ൧ കൊ. ൧൨, ൩. വിശുദ്ധാത്മാവിലല്ലാതെ യെശു കൎത്താവെന്നു പറവാൻ ആരും കഴികയില്ല—

൩൫. വിശുദ്ധാത്മാവെ കൊണ്ടുള്ള നിന്റെ വിശ്വാസ പ്രമാണം ഏതെന്ന.

ഉ— വിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയുള്ള ശുദ്ധസാധാരണ സഭയിലും പാപമൊചനത്തിലും ജഡത്തിന്റെ പുനരുത്ഥാനത്തിലും നിത്യജീവങ്കലും ഞാൻ വിശ്വസിക്കുന്നു-

൩൬. വിശുദ്ധാത്മാവും കൂടെ നീ വിശ്വസിക്കുന്ന സത്യദൈവം തന്നെയൊ—

ഉ— അതെ- വെദത്തിൽ അവന്നു ദൈവനാമങ്ങളും ദൈവഗുണങ്ങളും ദെവക്രിയകളും ദെവമാനം ഇവ എല്ലാം കൊള്ളുന്ന പ്രകാരം കാണ്മാൻ ഉണ്ടു (അപ. ൫, ൩.൪. ൧ കൊ. ൩,൧൬- ൧൨, ൪-൧൧. മത. ൨൮, ൧൯.)

൩൭. ഇങ്ങിനെ നീ വാക്കിനെ കൊണ്ടു ഏറ്റു പറയുന്നതെല്ലാം ഹൃദയം

കൊണ്ടും വിശ്വസിച്ചാൽ ഈ വിശ്വാസത്തിന്റെ ഫലം എ
ന്താകുന്നു—

ഉ. ഈ വിശ്വാസത്തെ ദൈവം കണ്ടു യേശുക്രിസ്തൻ നിമിത്തം എ
ന്നെ നല്ലവനും വിശുദ്ധനും എന്നെണ്ണി കൊള്ളുന്നതല്ലാതെ
പ്രാർത്ഥിപ്പാനും ദൈവത്തെ അബ്ബാ എന്നു വിളിപ്പാനും അവ
ന്റെ കല്പനകളിൻ പ്രകാരം നടപ്പാനും വിശുദ്ധാത്മാവ് എനി
ക്ക് നല്കപ്പെടുന്നതു തന്നെ ഫലം ആകുന്നതു—

൫൧. വിശ്വാസത്തിലെ ഒന്നാം ഫലം എന്തു—

ഉ. എന്റെ നീതീകരണമത്രെ— ദൈവം എന്റെ പാപങ്ങ
ളെ ക്ഷമിച്ചു വിട്ടു ക്രിസ്തന്റെ നീതിയെ എനിക്ക് കണക്കി
ട്ടതു ഹേതുവായി സകല നന്മകളെയും പറഞ്ഞുത
രുന്നതു തന്നെ—

൫൨. വിശുദ്ധീകരണം എന്നും പുതുക്കം എന്നും ഉള്ള രണ്ടാമത്
ഒരു ഫലം വിശ്വാസത്തിൽ ജനിക്കുന്നില്ലയോ—

ഉ. ജനിക്കുന്നു— ഞാൻ കുട്ടിയായി പ്രാർത്ഥിപ്പാനും ദൈവത്തോടു
മാറി നടപ്പാനും തക്കവണ്ണം വിശ്വാസത്താൽ മെല്ലമെല്ലവി
ശുദ്ധാത്മാവ് തന്നെ എനിക്ക് കിട്ടുന്നു—

൫൩. പ്രാർത്ഥന എന്നത് എന്തു—

ഉ. പ്രാർത്ഥന എന്നത് ലൌകികത്തിലും ആത്മികത്തിലും നന്മയെ
ലഭിപ്പാനോ തിന്മയെ ഒഴിപ്പാനോ ദൈവത്തോടപേ
ക്ഷിക്കുന്നതത്രെ ആകുന്നു—

൫൪. പ്രാർത്ഥനകളിൽ വെച്ചു സാരവും ശീലവും ഭംഗിയും ഏറിയത്
എന്തൊന്നാകുന്നു—

ഉ. ക്രിസ്തൻ താൻ നമുക്കു പഠിപ്പിച്ചതു തന്നെയത്രെ— അതാവിതു—
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ നിന്റെ നാമം വിശു
ദ്ധീകരിക്കപ്പെടേണമെ— നിന്റെ രാജ്യം വരേണമെ—

നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പൊലെ ഭൂമിയിലും നടക്കണ
മെ- ഞങ്ങൾക്കു വെണ്ടുന്ന അപ്പം ഇന്നു തരെണമെ- ഞങ്ങളുടെ
കടക്കാരൊടു ഞങ്ങൾ വിട്ടുന്നതു പൊലെ ഞങ്ങളുടെ കടങ്ങളെ
വിട്ടുതരെണമെ- ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദൊ
ഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കെണമെ- രാജ്യവും ശക്തി
യും തെജസ്സും യുഗാദികളിലും നിനക്കല്ലൊ ആകുന്നു- ആമെൻ-

൪൫. എങ്ങിനെ പ്രാർത്ഥിക്കണം-

ഉ- ദൈവത്തിൻ തിരുമുമ്പിൽ എന്നെ വെച്ചു ഏകാഗ്രതയും അനു
താപവും ശുദ്ധഹൃദയത്തിലും പുറമെ ഭാവത്തിലും താഴ്മയുള്ളവ
നായി സത്യവിശ്വാസത്തൊടും യെശുക്രിസ്തുവിന്റെ നാമത്തിലും
പ്രാർത്ഥിക്കണം-

൪൬. ഇപ്രകാരമുള്ള പ്രാർത്ഥനെക്ക് എന്തു വാഗ്ദത്തം ഉണ്ടു-

ഉ- ആമെൻ- ആമെൻ ഞാൻ നിങ്ങളൊടു പറയുന്നു നിങ്ങൾ എ
ന്റെ നാമത്തിൽ പിതാവിനൊടു എന്തെല്ലാം ചൊദിച്ചാലും അവ
ൻ നിങ്ങൾക്ക് തരും എന്നു നമ്മുടെ പ്രിയ രക്ഷിതാവ് അരുളിചെ
യ്തു- (യൊ. ൧൬, ൨൩)

൪൭. എന്നാൽ വിശ്വാസിക്ക് ദൈവഭക്തിയൊടുള്ള നടപ്പു വെണ്ടും എ
ങ്കിൽ എന്തൊന്നിനെ പ്രമാണമാക്കണം-

ഉ- തന്റെ ഇഷ്ടവും തൊന്നലും അല്ല ലൊകത്തിന്റെ പാപമര്യാ
ദകളും അല്ല ദൈവത്തിന്റെ ഇഷ്ടവും കല്പനകളും അത്രെ പ്ര
മാണമാക്കെണ്ടിയതു-

൪൮. ദൈവത്തിന്റെ ഇഷ്ടവും കല്പനകളും എങ്ങിനെ അറിയാകും-

ഉ- പഴയനിയമം പുതിയനിയമം എന്നുള്ള വെദപുസ്തകങ്ങളി
ൽ അടങ്ങിയ ദൈവവചനത്താൽ അത്രെ-

൪൯. പഴയനിയമത്തിലെ ദൈവകല്പനകൾ ഏവ

ഉ- ൧- യഹൊവയായ ഞാൻ നിന്റെ ദൈവമാകുന്നു ഞാനല്ലാ

൧൩൪ സ്ഥിരീകരണത്തിനുള്ള ഉപദേശം

ഞാനല്ലാതെ ദൈവങ്ങൾ നിനക്കുണ്ടാകരുത്

൨. നിനക്ക് ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുത്- അവയെ വന്ദിക്കയും സേവിക്കയും അരുത്.

൩. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്

൪. സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക

൫. നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക.

൬. നീ കുല ചെയ്യരുത്

൭. നീ വ്യഭിചരിക്കരുത്

൮. നീ മോഷ്ടിക്കരുത്

൯. കൂട്ടുകാരന്റെ നേരെ കള്ളസാക്ഷി പറയരുത്

൰. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത് കൂട്ടുകാരന്റെ ഭാര്യയെയും ദാസീദാസന്മാരെയും കാളകഴുതകളെയും കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത് (പുറ.൨൦.)

൧൩൫. ഈ കല്പനകളുടെ സാരാംശം എന്താകുന്നു-

ഉ.- ദൈവത്തെയും കൂട്ടുകാരനെയും സ്നേഹിക്കേണമെന്നത്രെ (മത്ത. ൨൨, ൩൭-൪൦)

൧൩൬. ദൈവത്തെ സ്നേഹിക്കേണ്ടുന്നതെന്ത്-

ഉ.- ദൈവത്തെ സ്നേഹിക്കേണമെന്നതൊ ദൈവത്തെ പരമധനം എന്നു വെച്ചു ഹൃദയത്താൽ പറ്റിക്കൊണ്ടും ഭയം ഭക്തിം സർവ്വത്തിനു മീതെ കാംക്ഷിച്ചും ഞാൻ അവങ്കൽ ആനന്ദിച്ചും മുറ്റും തന്നെത്താൻ സമർപ്പിച്ചും കൊണ്ട് അവന്റെ ബഹുമാനത്തിനായി ശ്രമിക്കുന്നവനും ആക-

൧൩൭. കൂട്ടുകാരനെ സ്നേഹിക്കേണ്ടുന്നതെന്ത്-

ഉ.- കൂട്ടുകാരനെ സ്നേഹിക്കേണമെന്നതൊ അവനായി ഇങ്ങുള്ളതു എല്ലാം അനുഗ്രഹിക്കയും പക്ഷ മനസ്സാലെ വിചാരിക്കയും വാക്കിനാലും ഭാവത്താലും ക്രിയം കാട്ടികയും ക്രിയയാൽ ഉതവുന്നൊക്കയും

ല്ലാതെ അവന്റെ ബലഹീനതയെയും വിരൊധത്തെയും ക്ഷാ
ന്തിയൊടെ പൊറുത്തും സ്നെഹിതയാലെ അവനെ യഥാസ്ഥാ
നപ്പെടുത്തും കൊള്ളുന്നതത്രെ-

൭൩. ഇപ്രകാരം എല്ലാം നിന്നെ തന്നെ ശൊധന ചെയ്താൽ നിനക്ക
എന്തു തൊന്നുന്നു-

ഉ—. ഞാൻ സംശയം കൂടാതെ വലിയ പാപി ആകുന്നു എന്നും ദൈ
ദവം ഇഹത്തിലും പരത്തിലും ശിക്ഷിക്കുന്നതിന്നു ഞാൻ പാത്ര
മെന്നും തെളിയുന്നു-

൭൪. പാപങ്ങളെ ഒൎത്തു നിനക്ക സങ്കടം തൊന്നുന്നുവൊ-

ഉ—. അതെ ഞാൻ ദൈവത്തൊടു പാപം ചെയ്തു വിശ്വസ്തനായ ക്രിസ്തു
വും രക്ഷിതാവും കാൎയ്യസ്ഥനും ആയവനെ പലവിധത്തിലും കൂ
ടക്കൂടെ മനഃപൂൎവ്വമായും ദുഃഖിപ്പിച്ചും കൊപിപ്പിച്ചും കൊ
ണ്ടിരുന്നതാൽ എനിക്കു ഉള്ളിൽ വല്ലാത്ത സങ്കടം തൊന്നുന്നു-

൭൫. ദൈവത്തിന്റെ കൊപം മാറിക്കിട്ടുവാൻ ഒരു
വഴി ഉണ്ടൊ-

ഉ—. സത്യമായുള്ള മാനസാന്തരവും ദൈവത്തിങ്കലെക്ക തിരി
യുന്നതും വഴിയാകുന്നതു-

൭൬. മാനസാന്തരം എന്നതു എന്തു-

ഉ—. മാനസാന്തരം എന്നതൊ പാപങ്ങളെ ഹൃദയം കൊണ്ട അ
റിഞ്ഞു കൊള്ളുകയും ദൈവമുമ്പിലും ചിലപ്പൊൾ മനുഷ്യരുടെ മു
മ്പിലും ഏറ്റു പറകയും അനുതപിച്ചു വെറുക്കയും ക്രിസ്തു
ങ്കൽ വിശ്വസിക്കയും നടപ്പിനെ ക്രമത്തിൽ ആക്കുവാ
ൻ ഉത്സാഹിക്കയും ചെയ്യുന്നതത്രെ-

൭൭. ഇതിങ്കൽ വിശ്വാസത്തിന്നു ദൈവത്തിൽനിന്നു ഒരു തുണ
വരുന്നതു കൂടെ ആവശ്യം അല്ലയൊ-

ഉ—. ആവശ്യം തന്നെ- വിശ്വാസമാകട്ടെ ഇന്ന് ആശ്രയവും പ്രാ

ശുദ്ധ്യവും എറിട്ടു വല്ലതും പിന്നെ ഒരൊ സംശയ ഭയങ്ങളും പൈ
ശാചുകളും കാലത്തിട്ടു ചെറുത്തും എളിയതും ആകുന്നു -

൩൮. വിശ്വാസത്തിന് ഉറപ്പും സങ്കടത്തിൽ ആശ്വാസവും വരുത്തു
ന്ന സാധനം എന്ത -

ഉ. നമ്മുടെ കൎത്താവായ യെശുക്രിസ്തുന്റെ അത്താഴം തന്നെ -

൩൯. നമ്മുടെ കൎത്താവിന്റെ തിരുവത്താഴം എന്നത എന്ത -

ഉ. തിരുവത്താഴം എന്നത് വിശുദ്ധ സമ്മൎയ്യം ദിവ്യമായ ചൊല്ലുറിപ്പും
ആകുന്നു - അതിൽ ക്രിസ്തുൻ നമ്മുക്ക അപ്പത്തൊടും വീഞ്ഞിനൊ
ടും കൂട തന്റെ ശരീരത്തെയും രക്തത്തെയും ഉള്ള വണ്ണം
സമ്മാനിച്ചു തരുന്നു എന്നു പാപമൊചനവും നിത്യജീവനും
ഉണ്ടെന്ന നിശ്ചയം വരുത്തുന്നു -

൪൦. തിരുവത്താഴത്തിന്റെ ഉപദെശം എല്ലാം അടങ്ങിയ സ്ഥാപ
ന വചനങ്ങൾ ഏവ -

ഉ. കൎത്താവായ യെശു തന്നെ കാണിച്ചു കൊടുക്കപ്പെട്ട രാത്രിയി
ൽ പന്തിരുവരൊടു കൂട അത്താഴത്തിനിരുന്ന അപ്പത്തെ
എടുത്തു സ്തൊത്രം ചെയ്തു നുറുക്കി പറഞ്ഞു - വാങ്ങി ഭക്ഷിപ്പിൻ
ഇതു നിങ്ങൾക്ക വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ആകു
ന്നു എന്നെ ഒൎമ്മയാക്കിട്ടു ഇതിനെ ചെയ്വിൻ - അപ്രകാരം ത
ന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തെയും എടുത്തു സ്തൊ
ത്രം ചെയ്തു അവൎക്ക കൊടുത്തു പറഞ്ഞിതു - നിങ്ങൾ എല്ലാവ
രും ഇതിൽ നിന്നു കുടിപ്പിൻ ഇതു പാനപാത്രം എന്റെ രക്തത്തി
ൽ പുതിയ നിയമം ആകുന്നു ഇതു പാപമൊചനത്തിനായി നി
ങ്ങൾക്കും അനെകൎക്കും വെണ്ടി ഒഴിച്ച എന്റെ രക്തം ഇതിനെ
ന കുടിക്കുന്തൊറും എന്റെ ഒൎമ്മയാക്കിട്ടു ചെയ്വിൻ -

൪൧. തിരുവത്താഴത്തിൽ നിന്നു നമുക്ക എന്ത അനുഭവിപ്പാൻ കിട്ടുന്നു -

ഉ. അപ്പരസങ്ങളൊടും കൂട യെശുക്രിസ്തുന്റെ സത്യമായുള്ള ശ

ശരീരത്തെയും സത്യമായുള്ള രക്തത്തെയും ഞാൻ ഭക്ഷിച്ചു കുടി
ക്കുന്നു — ൧ കൊ. ൧൦, ൧൬ — നാം ആശീർവ്വദിക്കുന്ന അനുഗ്രഹ
പാത്രം ക്രിസ്തുരക്തത്തിന്റെ കൂട്ടായ്മയല്ലയൊ നാം നുറുക്കു
ന്ന അപ്പം ക്രിസ്തുശരീരത്തിന്റെ കൂട്ടായ്മയല്ലയൊ —

൩൮. തിരുവത്താഴം ആർക്കാ കിട്ടുകയിച്ചുകൂടുന്നു —

ഉ—ം തങ്ങളെ ശോധന ചെയ്വാൻ കഴിയുന്ന ക്രിസ്ത്യാനികൾക്കും കി
ട്ടിച്ചുകൂടു — ൧ കൊ. ൧൧, ൨൮ — മനുഷ്യൻ തന്നെത്താൻ
ശോധന ചെയ്തിട്ടുവേണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാ
ത്രത്തിൽ കുടിച്ചും കൊള്ളുവാൻ.

൩൯. തന്നെത്താൻ ശോധന ചെയ്ക എന്നത് എന്തു —

ഉ—ം താൻ തന്റെ ഹൃദയത്തിലും മനോബോധത്തിലും പ്രവേശി
ച്ചുകൊണ്ടു തന്റെ മാനസാന്തരത്തെയും വിശ്വാസത്തെ
യും പുതിയ അനുസരണത്തെയും ആരാഞ്ഞു കൊള്ളുന്നത് അത്രെ.

൪൦. നമ്മുടെ മാനസാന്തരത്തെ ശോധന ചെയ്യുന്നത് എങ്ങിനെ

ഉ—ം നമ്മുടെ പാപങ്ങളെ നാം ഉള്ളറിഞ്ഞു അറികയും ദൈവത്തി
ന്റെ മുമ്പാകെ ഏറ്റുപറകയും മനസ്സോടെ വെറുക്കയും അനു
തപിക്കയും ചെയ്യുന്നുവൊ എന്ന് ആരാഞ്ഞു നോക്കുമ്പൊ
ഴെ അത്രെ —

൪൧. നമ്മുടെ വിശ്വാസത്തെ ശോധന ചെയ്യുന്നത് എങ്ങിനെ —

ഉ—ം നാം യേശുക്രിസ്തുവിനെ ഉള്ളറിഞ്ഞു അറികയും അവന്റെ
പുണ്യത്തിലും കരുണയിലും മാത്രം ആശ്രയിക്കയും തി
രുവത്താഴത്തിന്റെ സത്യബോധം ഉണ്ടാകയും ചെയ്യുന്നു
വൊ എന്നു നല്ലവണ്ണം ആരാഞ്ഞു നോക്കുമ്പോഴെ അത്രെ —

൪൨. നമ്മുടെ പുതിയ അനുസരണത്തെ ശോധന ചെയ്യുന്നത് എ
ങ്ങിനെ —

ഉ—ം ഇനിമേൽ പാപത്തെ വെറുത്തു വിട്ടുംകൊണ്ടു ദൈവപ്ര

സാദം വരുത്തി നടപ്പാനും അവന്റെ കരുണയാലെ ദൈ
വസ്നേഹത്തിലും കൂട്ടുകാരന്റെ സ്നേഹത്തിലും ഉറച്ചുനില്പാ
നും നാം താല്പൎയ്യത്തോടെ നിൎണ്ണയിച്ചുവൊ എന്നു സൂക്ഷ്മ
മായി ആരാഞ്ഞു നൊക്കെണമത്രെ-

൩൭. ശൊധന കഴിക്കാതെ അപാത്രമായി തിരുവത്താഴത്തി
ൽ ചെരുന്നവൎക്കെന്തു ശിക്ഷ കല്പിക്കപ്പെട്ടു-

ഉ- ദൈവത്തിന്റെ ദണ്ഡവിധിയത്രെ- ൧ കൊ ൧൧, ൨൯-
അയോഗ്യമായി ഭക്ഷിച്ചു കുടിക്കുന്നവൻ കൎത്താവിന്റെ ശരീ
രത്തെ വിവേചിക്കായ്കയാൽ തനിക്കു താൻ ന്യായവിധിയെ
ഭക്ഷിച്ചു കുടിക്കുന്നു-

൩൮. അനുതപിച്ചു നുറുങ്ങിയ ഹൃദയത്തോടെ അനുഭവിച്ചാ
ൽ തിരുവത്താഴത്തിലെ ഫലം എന്ത്-

ഉ- എന്റെ വിശ്വാസം ഉറെക്കയും മനസ്സാക്ഷിക്ക് ആശ്വാസം
ലഭിക്കയും പാപങ്ങളുടെ മൊചനത്തിന്നു നിശ്ചയം കൂടുകയും
നടപ്പിന്നു പുതുക്കം വരികയും തന്നെ ഫലം ആകുന്നത്-

൩൯. തിരുവത്താഴത്തിൽ ചെരുവാൻ നമുക്ക എങ്ങിനെ വഴി
തുറന്നുവരും-

ഉ- അദ്ധ്യക്ഷവെലയാലത്രെ- അനുതപിക്കാത്തവൎക്ക പാപ
ങ്ങളെ പിടിപ്പിപ്പാനും അനുതപിക്കുന്നവൎക്ക മൊചിപ്പാ
നും അതിന്ന് അധികാരം ഉണ്ടു-

൪൦. ഈ ആത്മികമായ അധികാരം അദ്ധ്യക്ഷൎക്ക ആരാ
ൽ വന്നു-

ഉ- കൎത്താവായ യെശുക്രിസ്തനാലത്രെ- അവൻ തന്റെ ശിഷ്യ
ന്മാരൊടു പറഞ്ഞിതു (മത്ത- ൧൮, ൧൮) നിങ്ങൾ ഭൂമിയിൽ
എന്തെല്ലാം കെട്ടിയാലും ആകാശത്തിലും കെട്ടപ്പെട്ടിരി
ക്കും- നിങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടഴിച്ചാലും ആ

സ്വൎഗ്ഗത്തിലും അഴിഞ്ഞിരിക്കും — എന്നെല്ലാതെ (യൊ. ൨൦,
൨൩) നിങ്ങൾ ആരുടെ എങ്കിലും പാപങ്ങളെ മൊചിച്ചാൽ അ
വൎക്ക മൊചിക്കപ്പെട്ടിരിക്കും ആരുടെ എങ്കിലും പിടിച്ചിരുന്നാ
ൽ പിടിക്കപ്പെട്ടിരിക്കും എന്നുംതന്നെ —

൧൭. തിരുവത്താഴത്തിൽ ചെരുന്ന വിശ്വാസികളും എന്തൊക്കെ ഓർ
ക്കുന്നു —

ഉ— നാം കൎത്താവായ ക്രിസ്തുവിനെയും അവന്റെ മരണത്തെയും ഓ
ൎക്കയും അവന്റെ നാമത്തെ സ്തുതിക്കയും ഹൃദയത്താലും ക്രി
യകളാലും അവന്റെ ഉപകാരങ്ങൾക്കു കൃതജ്ഞതകാട്ടു
കയും വെണ്ടുന്നു (൧ കൊ. ൧൧, ൨൬) —

൧൮. ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കെണ്ടുന്ന പ്രകാരം സ്പഷ്ടമായി
പറകയാമൊ —

ഉ— ഞാൻ തിരുവത്താഴത്തിൽ ചെരുമ്പൊഴും ചെൎന്നശെഷവും
ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെ താല്പൎയ്യത്തൊടും വിശ്വാ
സത്തൊടും കൂടെ ധ്യാനിക്കകിൽ ക്രിയരക്ഷിതാവ് ശരീര
ത്തെ ബലികഴിച്ചും രക്തത്തെ ഒഴിച്ചും കൊണ്ട് എനിക്കും സ
ൎവ്വലൊകത്തിന്നും പാപങ്ങളില്ലാതാക്കി നിത്യരക്ഷയെ
സമ്പാദിച്ചുകൊള്ളുമ്പൊൾ എത്രയെല്ലാം കഷ്ടിച്ചും അദ്ധ്യാ
നിച്ചും ഇരിക്കുന്നു എന്നുംതന്നെ വിചാരിച്ചുകൊള്ളുന്നു —

൧൯. ഈ ബലിമരണത്തെ ധ്യാനിച്ചു പ്രസ്താവിക്കുന്നതിന്റെ ഫ
ലം എന്ത —

ഉ— കൎത്താവായ യെശു എന്റെ പാപങ്ങളാൽ അതിക്രൂ
രവെദനകളും ക്രൂശിലുള്ള മരണവും സംഭവിച്ചതുകൊണ്ടു
ഞാൻ പാപത്തിൽ രസിക്കാതെ അതിനെ അശെഷം ഒഴി
ച്ചുമതിയാകയും എന്നെ ഉദ്ധരിച്ച രക്ഷിതാവിന്റെ ഗു
ണം കിട്ടുകെ ഫലം അവന്റെ ബഹുമാനത്തിന്നായി ജീവിക്ക

ഷ്യം കഷ്ടപ്പെട്ടുകയും മരിക്കയും ചെയ്യെണ്ടതു- എന്നാൽ
എന്റെ അന്ത്യനെരത്തിൽ ഭയം കൂടാതെ തെളിഞ്ഞു കൊണ്ടു
കർത്താവായ യെശുവെ നിനക്കായി ഞാൻ ജീവിക്കുന്നി
നക്കായി കഷ്ടപ്പെടുന്നു- നിനക്കായി മരിക്കുന്നു ചത്താലും ഉയിർത്താലും നി
ന്നക്കുള്ളവനാകുന്നു- യെശുവെ എന്നെന്നെക്കും എന്നെ രക്ഷി
ക്കെണമെ എന്നു പറയുമാറാവു- ആമെൻ-

1922 G 9992 ✓

കൎണ്ണാടകതുളുമലയാള

ദെശങ്ങളിലും ഗൎമ്മാന്യബൊധകരാൽ

ഉണ്ടായ സുവിശെഷസഭകളിൽ

വായിച്ചുനടക്കുന്ന

# പ്രാൎത്ഥനാസംഗ്രഹം

Prārtthanāsamgraha


Tellicherry

തലശ്ശെരിയിലെ ഛാപിതം

൧൮൫൭

1857


1.